ആദിശങ്കരവിരചിത

# സൗന്ദര്യലഹരി

അർത്ഥസഹിതം



सौन्दर्यलहरी

ആദിശങ്കരകൃത

# സൗന്ദര്യലഹരി

## പരിഭാഷാ

**Published by**
http://hinduebooks.blogspot.com

# ആമുഖം

സൗന്ദര്യത്തിന്റെ അലകൾ എന്നാണ് സൗന്ദര്യലഹരി എന്ന സ്തോത്രത്തിന്റെ പേര് അർഥമാക്കുന്നത്. ഇതിലെ ആദ്യത്തെ 41 ശ്ലോകങ്ങൾ ആനന്ദലഹരി എന്നും പിന്നീടുള്ള 59 ശ്ലോകങ്ങൾ സൗന്ദര്യലഹരി എന്നും അറിയപ്പെടുന്നു. ഒരിക്കൽ ആദിശങ്കരാചാര്യർ കൈലാസം സന്ദർശിച്ചപ്പോൾ അവിടെ ഒരു ചുമരിൽ കൊത്തിവെച്ചതായി അദ്ദേഹം കണ്ടവയാണ് ആദ്യത്തെ ഭാഗമെന്നും ബാക്കിയുള്ള ശ്ലോകങ്ങൾ കൂട്ടിച്ചേർത്ത് അദ്ദേഹം സ്തോത്രം പൂർത്തിയാക്കിയെന്നു ഐതിഹ്യമുണ്ട്.

ദേവിഭക്തരുടെയിൽ സഹസ്രാബ്ദങ്ങളായി പ്രചാരത്തിലിരിക്കുന്ന ഈ സ്തോത്രത്തിന് സംസ്കൃതത്തിൽ തന്നെ മുപ്പത്തിയാറിലധികം വ്യാഖ്യാനങ്ങളുണ്ട്. അവയിൽ ലക്ഷ്മീധരന്റെ വ്യാഖ്യാനമാണ് ഏറ്റവും പ്രശസ്തം. മലയാളത്തിലും ഈ സ്തോത്രത്തിന് അനവധി ഗദ്യ, പദ്യപരിഭാഷകളും, വ്യാഖ്യാനങ്ങളും നിലവിലുണ്ടെങ്കിലും അവയ്ക്കെല്ലാം പകർപ്പവകാശമുള്ളതിനാൽ ഇന്റർനെറ്റിൽ സൗജന്യമായി ലഭ്യമാക്കാൻ അസാദ്ധ്യമായതുകൊണ്ടാണ് വിവർത്തകൻ ലളിതമായ ഈ ഗദ്യ പരിഭാഷയ്ക്ക് മുതിർന്നത്.

# സൗന്ദര്യലഹരി പരിഭാഷാ

മഹാകവി കുമാരനാശാൻ സൗന്ദര്യലഹരിയ്ക്ക് രചിച്ച പദ്യപരിഭാഷ സുപ്രസിദ്ധമാണ്. വായനക്കാരുടെ സൗകര്യത്തിനായി അതും ഈ ഇ-ബുക്കിന്റെ അവസാനം ചേർത്തിട്ടുണ്ട്.

ഇതു വായിക്കുന്നവരുടെ മനസ്സുകളെ ഈ സ്തോത്രം ആനന്ദലഹരിയിലാറാടിക്കട്ടെയെന്ന് പ്രാർത്ഥിച്ചു കൊണ്ട് മലയാളികളായ ദേവീഭക്തന്മാർക്കായി സമർപ്പിക്കുന്നു. പരിഭാഷയിലുള്ള തെറ്റുകുറ്റങ്ങൾ ഇ-മെയിൽ വഴി എന്നെ അറിയിക്കുവാൻ വായനക്കാരോട് അപേക്ഷിക്കുന്നു.

**- വിവർത്തകൻ**

# ആനന്ദലഹരി

**ശിവഃ ശക്ത്യാ യുക്തോ യദി ഭവതി ശക്തഃ പ്രഭവിതും**
**ന ചേദേവം ദേവോ ന ഖലു കുശലഃ സ്പന്ദിതുമപി,**
**അതസ്ത്വാമാരാധ്യാം ഹരിഹര വിരിഞ്ചാദിഭിരപി**
**പ്രണന്തും സ്തോതും വാ കഥമകൃത പുണ്യഃ പ്രഭവതി 1**

ശക്തിയോടു് ചേർന്നിരിക്കുമ്പോൾ മാത്രമാണ് ശിവൻ സൃഷ്ടി മുതലായ കൃത്യങ്ങൾ ചെയ്യുവാൻ പ്രാപ്തനാകുന്നുള്ളൂ. അല്ലെങ്കിൽ ശിവന് അനങ്ങുവാൻ പോലും കെല്പുണ്ടാകുകയില്ല. അപ്പോൾ എങ്ങനെയാണ് പുണ്യശാലിയല്ലാത്ത ഒരാൾക്ക് ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരാൽ പൂജിതയായ അവിടുത്തെ (ശക്തിയെ) പ്രണമിക്കുവാനും സ്തുതിക്കുവാനും സാധിക്കുക?

**തനീയാംസം പാംസും തവ ചരണ പംകേരുഹഭവം**
**വിരിഞ്ചിഃ സഞ്ചിന്വൻ വിരചയതി ലോകാനവികലം,**
**വഹത്യേനം ശൌരിഃ കഥമപി സഹസ്രേണ ശിരസാം**
**ഹരഃ സംക്ഷുദ്യൈനം ഭജതി ഭസിതോദ്ധൂലന വിധിം 2**

അവിടുത്തെ പാദപത്മങ്ങളിൽ നിന്നുള്ള ശകലം ധൂളികൊണ്ട് ബ്രഹ്മാവ് ലോകങ്ങളെയെല്ലാം യാതൊരു കുറവും കൂടാതെ സൃഷ്ടിക്കുന്നു. അതിനെ വിഷ്ണു തന്റെ ആയിരം ശിരസ്സുകളാൽ വളരെ പണിപ്പെട്ട് ചുമക്കുന്നു. ഹരനാകട്ടെ അതിനെ ഒന്നു കൂടി ധൂളീകരിച്ച് ഭസ്മമെന്ന

പോലെ അതിനെ സ്വശരീരത്തിൽ ധരിക്കുകയും ചെയ്യുന്നു.

**അവിദ്യാനാമന്തസ്തിമിര മിഹിര ദ്വീപനഗരീ**
**ജഡാനാം ചൈതന്യ സ്തബക മകരന്ദ സ്രുതിഝരീ,**
**ദരിദ്രാണാം ചിന്താമണി ഗുണനികാ ജന്മജലധൌ**
**നിമഗ്നാനാം ദംഷ്ട്രാ മുരരിപു വരാഹസ്യ ഭവതി 3**

അവിടുന്ന് (അഥവാ അവിടുത്തെ പാദപാംസുക്കൾ) അജ്ഞാനികളുടെ ഹൃദയത്തിലെ അന്ധകാരത്തിന് ജ്ഞാനസൂര്യനുദിച്ചുനിൽക്കുന്ന ദ്വീപനഗരി പോലെയും, മൂഢന്മാർക്ക് ശുദ്ധബുദ്ധിയാകുന്ന പൂങ്കുലയിൽ നിന്നൊഴുകുന്ന തേനരുവി പോലെയും, ദരിദ്രന്മാർക്ക് ചിന്താമണി (സകലകാമങ്ങളെയും നല്കുന്ന സ്വർഗ്ഗീയമായ രത്നം) രത്നഹാരം പോലെയും, സംസാരസാഗരത്തിൽ മുങ്ങിത്താഴുന്നവർക്ക് വരാഹാവതാരം പൂണ്ട വിഷ്ണുവിന്റെ തേറ്റ പോലെയുമാകുന്നു.

**ത്വദന്യഃ പാണിഭ്യാമഭയവരദോ ദൈവതഗണഃ**
**ത്വമേകാ നൈവാസി പ്രകടിത വരാഭീത്യഭിനയാ,**
**ഭയാത് ത്രാതും ദാതും ഫലമപി ച വാഞ്ഛാസമധികം**
**ശരണ്യേ ലോകാനാം തവ ഹി ചരണാവേവ നിപുണൌ 4**

സകലലോകങ്ങൾക്കും ശരണ്യയായ ദേവി, മറ്റെല്ലാ ദേവീദേവന്മാരും സ്വഹസ്തങ്ങളാൽ അഭയവരദമുദ്രകൾ

പ്രദർശിപ്പിക്കുന്നു. അവിടുന്നു മാത്രമാണ് ഇത്തരം ചേഷ്ടകളൊന്നും കാണിക്കാതിരിക്കുന്നത്. അവിടുത്തെ തൃച്ചേവടികൾ തന്നെ സകലരുടെയും ഭീതികളെ അകറ്റാനും ആഗ്രഹിച്ചതിലുമധികം വരം നല്കവാനും സാമർഥ്യമുള്ളവയാണ്.

**ഹരിസ്ത്വാമാരാധ്യ പ്രണത ജന സൌഭാഗ്യ ജനനീം**
**പുരാ നാരീ ഭൂത്വാ പുരരിപുമപി ക്ഷോഭമനയത്,**
**സ്മരോഽപി ത്വാം നത്വാ രതി നയന ലേഹ്യേന വപുഷാ**
**മുനീനാമപ്യന്തഃ പ്രഭവതി ഹി മോഹായ മഹതാം 5**

തന്നെ നമിക്കുന്നവർക്കു സൗഭാഗ്യമരുളുന്ന അവിടുത്തെ ആരാധിച്ചതിന്റെ ഫലമായി വിഷ്ണു നാരീരൂപമെടുത്ത് ത്രിപുരാരിയായ ശിവന്റെ മനസ്സിനെയിളക്കി. അവിടുത്തെ പ്രണമിച്ചതിന്റെ ഫലമായി, രതീദേവിയുടെ കണ്ണുകൾക്ക് ലേഹ്യമായ ഉടലിനുടമയായ കാമദേവന് മുനിമാരുടെ പോലും മനസ്സിൽ ശക്തമായ മോഹം ജനിപ്പിക്കുവാൻ സാധിക്കുന്നു.

**ധനുഃ പൌഷ്പം മൌർവ്വീ മധുകരമയീ പഞ്ചവിശിഖാഃ**
**വസന്തഃ സാമന്തോ മലയമരദായോധന രഥഃ,**
**തഥാപ്യേകഃ സർവ്വം ഹിമഗിരിസുതേ കാമപികൃപാം**
**അപാംഗാത്തേ ലബ്ധ്വാ ജഗദിദമനംഗോ വിജയതേ 6**

അല്ലയോ ഹിമഗിരിതനയേ! പുഷ്പനിർമ്മിതമായ വില്ലും, തേനീച്ചകളെക്കൊണ്ടുള്ള ഞാണും, വെറും അഞ്ചുശരങ്ങളും വസന്ത ഋതുവാകുന്ന മിത്രവും, മലയമാരുതനാകുന്ന (തെക്കൻ കാറ്റ്) യുദ്ധരഥവും മാത്രം കൈമുതലായുള്ള കാമദേവൻ അവിടുത്തെ കൃപാകടാക്ഷം തെല്ലൊന്നു സമ്പാദിച്ചതിന്റെ ഫലമായി ഈയുലകത്തെയാകമാനം ജയിക്കുന്നു (കീഴടക്കുന്നു).

**ക്വണത്കാഞ്ചീ ദാമാ കരികലഭ കുംഭസ്തന നതാ**
**പരിക്ഷീണാ മദ്ധ്യേ പരിണത ശരച്ചന്ദ്രവദനാ,**
**ധനുർബാണാൻ പാശം സൃണിമപി ദധനാ കരതലൈഃ**
**പുരസ്താദാസ്താം നഃ പുരമഥിതുരാഹോ പുരുഷികാ 7**

കാഞ്ചീ (അരഞ്ഞാൺ) നാദം പൊഴിച്ചും, ഗജമസ്തകം പോലെയുള്ള സ്തനങ്ങളുടെ ഭാരം കൊണ്ടു കുനിഞ്ഞും, മെലിഞ്ഞുള്ള അരക്കെട്ടോടെയും, ശരത്കാലത്തെ പൂർണ്ണചന്ദ്രനെപ്പോലെ പ്രകാശിക്കുന്ന മുഖത്തോടെയും, വില്ലും, ശരവും, പാശവും അങ്കുശവും തൃക്കൈകളി ലേന്തിയും ത്രിപുരഭഞ്ജകനായ ശിവന്റെ അഭിമാന ഭാജനമായ ദേവി എന്റെ മുൻപിൽ എന്നും വിളങ്ങട്ടെ.

**സുധാ സിന്ധോർമദ്ധ്യേ സുരവിടപി വാടീ പരിവൃതേ**
**മണിദ്വീപേ നീപോപവനവതീ ചിന്താമണിഗൃഹേ,**
**ശിവാകാരേ മഞ്ചേ പരമശിവപര്യങ്കനിലയാം**
**ഭജന്തി ത്വാം ധന്യാഃ കതിചന ചിദാനന്ദലഹരീം 8**

സുധാസാഗരമധ്യത്തിൽ കല്പവൃക്ഷത്തോപ്പുകളാൽ ചുറ്റപ്പെട്ട രത്നദ്വീപിൽ കദംബവൃക്ഷങ്ങൾക്കിടയിലുള്ള ചിന്താമണിനിർമ്മിതമായ ഹർമ്യത്തിൽ ശിവാകാരമായ (ശ്രീചക്രത്തിലെ ശക്തിത്രികോണത്തിന്റെ ആകൃതി യിലുള്ള) മഞ്ചത്തിൽ പരമശിവനാകുന്ന മെത്തയി ലിരിക്കുന്ന ചിദാനന്ദലഹരിയാകുന്ന അവിടുത്തെ ധ്യാനിക്കുന്ന വിരളം ചില ധന്യാത്മാക്കൾ മാത്രമാണ്.

**മഹീം മൂലാധാരേ കമപി മണിപൂരേ ഹുതവഹം**
**സ്ഥിതം സ്വാധിഷ്ഠാനേ ഹൃദിമരുതമാകാശമുപരി,**
**മനോഽപി ഭ്രൂമധ്യേ സകലമപി ഭിത്വാ കുലപഥം**
**സഹസ്രാരേ പദ്മേ സഹ രഹസി പത്യാ വിഹരസേ 9**

മൂലാധാരത്തിലെ ഭൂ (ഭൂമി) തത്വത്തിനെയും, മണിപൂര ത്തിലെ ജലതത്വത്തിനെയും, സ്വാധിഷ്ഠാനത്തിലെ അഗ്നി തത്വത്തിനെയും, ഹൃദയപത്മത്തിലെ (അനാഹത ചക്ര ത്തിലെ) വായുതത്വത്തിനെയും, അതിനുമുകളിലെ (വിശുദ്ധിചക്രത്തിലെ) ആകാശതത്വത്തിനെയും, ഭ്രൂമദ്ധ്യ ത്തിലെ (ആജ്ഞാചക്രത്തിലെ) മനസ്തത്വത്തിനെയും മറികടന്ന് അവിടുന്ന് സഹസ്രാരപത്മത്തിൽ അവിടുത്തെ പതിയായ ശിവനുമായി രഹസ്യമായി വിഹരി ക്കുകയാണ്.

**സുധാധാരാസാരൈശ്ചരണയുഗലാന്തർവിഗലിതൈഃ**
**പ്രപഞ്ചം സിഞ്ചന്തീ പുനരപി രസാമ്നായമഹസഃ,**

**അവാപ്യ സ്വാം ഭ്രമിം ഭുജഗനിഭമധ്യുഷ്ടവലയം**
**സ്വമാത്മാനം കൃത്വാ സ്വപിഷി കുലകുണ്ഡേ കുഹരിണി 10**

സഹസ്രാരപത്മത്തിലിരിക്കുന്ന അവിടുത്തെ തൃപ്പാദങ്ങളിൽ നിന്ന് ശക്തമായി ഒഴുകുന്ന അമൃതധാരയാൽ (സാധകന്റെ) ശരീരത്തെയാകമാനം നനച്ച്, വീണ്ടും തന്റെ വാസസ്ഥാനമായ മൂലാധാരചക്രത്തിൽ ചെന്ന് ഒരു സർപ്പത്തെപ്പോലെ മൂന്നരചുറ്റായി കുണ്ഡലിനിയായി, ഒരു സൂക്ഷ്മദ്വാരമുള്ള കുലകുണ്ഡത്തിൽ (താമരക്കിഴങ്ങിന്റെ ആകൃതിയുള്ള) അവിടുന്ന് നിദ്ര ചെയ്യുന്നു.

**ചതുർഭിഃ ശ്രീകണ്ഠൈഃ ശിവയുവതിഭിഃ പഞ്ചഭിരപി**
**പ്രഭിന്നാഭിഃ ശംഭോർനവഭിരപി മൂലപ്രകൃതിഭിഃ,**
**ചതുശ്ചത്വാരിംശദ് വസുദല കലാശ്രത്രിവലയ**
**ത്രിരേഖാഭിഃ സാർധം തവ ശരണകോണാഃ പരിണതാഃ 11**

അല്ലയോ മഹാത്രിപുരസുന്ദരി! നാലു ശ്രീഖണ്ഡങ്ങളും (ശിവാത്മകങ്ങളായ ചക്രങ്ങളും), അവയിൽ നിന്നു ഭിന്നങ്ങളായ അഞ്ചു ശിവയുവതികളും (ശക്ത്യാത്മകങ്ങളായ ചക്രങ്ങളും) ചേർന്ന് പ്രകൃതിയുടെ മൂലകാരണമായ ഒമ്പതു ചക്രങ്ങളിൽ അഷ്ടദളപത്മവും, ഷോഡശദളപത്മവും, മൂന്നു വൃത്തങ്ങളും, ഭൂപുരത്രയവും (മൂന്നു രേഖകളും) ചേർന്ന് നാല്പത്തിനാലു കോണങ്ങളുള്ളതാകുന്നു നിന്തിരുവടിയുടെ നിവാസസ്ഥാനം.

**ത്വദീയം സൌന്ദര്യം തുഹിനഗിരികന്യേ തുലയിതും**
**കവീന്ദ്രാഃ കല്പന്തേ കഥമപി വിരിഞ്ചിപ്രഭൃതയഃ,**
**യദാലോകൌത്സുക്യാദമരലലനാ യാന്തി മനസാ**
**തപോഭിര്ദുഷ്പ്രാപാമപി ഗിരിശസായുജ്യപദവീം 12**

അല്ലയോ ഹിമഗിരികന്യേ, ബ്രഹ്മാവ് തുടങ്ങിയ കവിശ്രേഷ്ഠന്മാർ പോലും അവിടുത്തെ സൗന്ദര്യത്തെ ഉപമിക്കുവാൻ വേറൊരു വസ്തുവിനെയും സങ്കല്പിക്കുവാൻ പോലും ശക്തരാകുന്നില്ല. അവിടുത്തെ സൗന്ദര്യം ദർശിക്കുവാൻ ഇച്ഛിക്കുന്ന അപ്സരസ്ത്രീകൾ തപസ്സു കൊണ്ടുപോലും നേടുവാൻ കഴിയാത്തതായ ശിവ സായൂജ്യപദവി (ശിവനുമായുള്ള താദാത്മ്യം) മനസ്സു കൊണ്ട് നേടുന്നു (ദേവിയുടെ സൗന്ദര്യം ശിവനു മാത്രം അറിയുവാൻ കഴിയുന്നതാകയാൽ ആ സൗന്ദര്യത്തെ അറിയുവാൻ അപ്സരസ്ത്രീകൾക്ക് ശിവനുമായി മനസാ താദാത്മ്യം പ്രാപിക്കേണ്ടിവരുന്നു).

**നരം വർഷീയാംസം നയനവിരസം നർമസു ജഡം**
**തവാപാംഗാലോകേ പതിതമനുധാവന്തി ശതശഃ**
**ഗലദ്വേണീബന്ധാഃ കുചകലശ-വിസ്രസ്ത-സിചയാ**
**ഹഠാത് ത്രുട്യത്കാഞ്ച്യോ വിഗലിത-ദുകൂലാ യുവതയഃ 13**

അല്ലയോ ദേവി! അത്യന്തം വൃദ്ധനും, സൗന്ദര്യമില്ലാത്തവനും, രതിക്രീഡാദികളിലറിവില്ലാത്തവനുമാണെങ്കിലും അവിടുത്തെ കടാക്ഷത്തിനു പാത്രമായ

പുരുഷനെ നൂറുകണക്കിനു യൗവ്വനയുക്തകളായ സ്ത്രീകൾ അഴിഞ്ഞുവീഴുന്ന തലമുടിയോടും, ഉയർന്ന മാറിൽ നിന്നു വഴുതിവീഴുന്ന മേൽവസ്ത്രത്തോടും, പെട്ടെന്നു പൊട്ടി ത്തെറിക്കുന്ന അരപ്പട്ടയോടും, അഴിഞ്ഞുവീഴുന്ന പട്ടുവസ്ത്ര ത്തോടും കൂടി (അവനിൽ ആകൃഷ്ടരായി സ്വയം മറന്ന്) പിന്തുടരുന്നു.

**ക്ഷിതൌ ഷട്പഞ്ചാശദ് ദ്വിസമധിക പഞ്ചാശദുദകേ**
**ഹുതാശേ ദ്വാഷഷ്ടിശ്ചതുരധിക പഞ്ചാശദനിലേ,**
**ദിവി ദ്വിഃഷട്ത്രിംശന്മനസി ച ചതുഃഷഷ്ടിരിതി യേ**
**മയൂഖാസ്തേഷാമപ്യുപരി തവപദാംബുജയുഗം 14**

ഭൂതത്വത്തോടുകൂടിയ മൂലാധാരത്തിൽ അൻപത്തിയാറും, ജലതത്വത്തോടുകൂടിയ മണിപൂരത്തിൽ അൻപത്തിരണ്ടും, അഗ്നിതത്വത്തോടുകൂടിയ സ്വാധിഷ്ഠാനത്തിൽ അറുപത്തി രണ്ടും, വായു തത്വത്തോടുകൂടിയ അനാഹതചക്രത്തിൽ അൻപത്തിനാലും, ആകാശതത്വത്തോടുകൂടിയ വിശുദ്ധി ചക്രത്തിൽ എഴുപത്തിരണ്ടും, മനസ്തത്വത്തോടുകൂടിയ ആജ്ഞാചക്രത്തിൽ അറുപത്തിനാലും വീതമുള്ള കിരണ ങ്ങൾക്കുമുപരിയായി (അതായത് സഹസ്രദളപത്മമാകുന്ന ബിന്ദുസ്ഥാനത്ത്) അവിടുത്തെ പദാബ്ജങ്ങൾ പരിലസി ക്കുന്നു.

**ശരജ്ജ്യോത്സ്നാശുദ്ധാം ശശിയുത-ജടാജൂടമകുടാം**
**വരത്രാസ-ത്രാണ സ്ഫടിക-ഘുടികാ-പുസ്തകകരാം,**

**സകൃന്ന ത്വാ നത്വാ കഥമിവ സതാം സന്നിദധതേ**
**മധു-ക്ഷീര-ദ്രാക്ഷാ മധുരിമധുരിണാഃ ഫണിതയഃ 15**

ശരത്ക്കാലത്തെ വെണ്ണിലാവിനൊത്ത ശുഭ്രവർണ്ണത്തോടു കൂടിയവളും, ജടാമകുടത്തിൽ ചന്ദ്രബിംബത്തെച്ചൂടിയവളും, വരാഭയമുദ്രകളും, സ്ഫടികമാലയും, പുസ്തകവും കൈകളിൽ ധരിച്ചവളുമായ നിന്തിരുവടിയെ ഒരിക്കലെങ്കിലും പ്രണമിച്ചവരായ സത്പുരുഷന്മാർക്ക് തേൻ, പാൽ, മുന്തിരി എന്നിവയുടെ മാധുര്യത്തിനൊക്കുന്ന മധുരമായ വാക്കുകൾ സ്വാധീനമാകാതിരിക്കുന്നതെങ്ങനെ? (ദേവിയെ ഒരിക്കലെങ്കിലും പ്രണമിച്ചയാൾ മഹാകവി യായിത്തീരുന്നു എന്നർത്ഥം).

**കവീന്ദ്രാണാം ചേതഃകമലവന-ബാലാതപ-രുചിം**
**ഭജന്തേ യേ സന്തഃ കതിചിദരുണാമേവ ഭവതീം,**
**വിരിഞ്ചി-പ്രേയസ്യാസ്തരുണതര-ശൃംഗാരലഹരീ**
**ഗഭീരാഭിർവാഗ്ഭിർവിദധതി സതാം രഞ്ജനമമീ 16**

അല്ലയോ ദേവി! കവിശ്രേഷ്ഠന്മാരുടെ മനസ്സുകളാകുന്ന താമരക്കൂട്ടത്തിന് ഉദയസൂര്യന്റെ പ്രഭ പോലെയായവളും അരുണയെന്നറിയപ്പെടുന്നവളുമായ നിന്തിരുവടിയെ ഭജി ക്കുന്ന ഭക്തന്മാർ സരസ്വതീ ദേവിയുടെ താരുണ്യ ത്തോടുകൂടിയ ശൃംഗാരപ്രവാഹം പോലെയുള്ള ഗംഭീരങ്ങളായ വചസ്സുകളാൽ സഹൃദയഹൃദയങ്ങളെ ആഹ്ലാദിപ്പിക്കുന്നു.

**സവിത്രീഭിർവാചാം ശശിമണി-ശിലാഭംഗ-രുചിഭിഃ**
**വശിന്യാദ്യാഭിസ്ത്വാം സഹ ജനനി സഞ്ചിന്തയതി യഃ,**
**സ കര്ത്താ കാവ്യാനാം ഭവതി മഹതാം ഭംഗിരുചിഭിഃ**
**വചോഭിർവാഗ്ദേവീ-വദനകമലാമോദ-മധുരൈഃ 17**

അല്ലയോ ദേവി! ചന്ദ്രകാന്തമണി പോലെ ധവള വർണ്ണത്തോടുകൂടിയവരും, വാക്കുകളെ ജനിപ്പിക്കുന്ന വരുമായ വശിന്യാദി ദേവതകളോടൊത്തുള്ള നിന്തിരുവടിയെ ധ്യാനിക്കുന്നവൻ മഹാകവികളുടെ വാഗ്വിലാസം പോലെ ആകർഷണീയങ്ങളും വാഗ്ദേവിയുടെ മുഖകമല പരിമളം കൊണ്ട് അതിരുചികരങ്ങളുമായ വാക്കുകളെക്കൊണ്ട് കാവ്യങ്ങൾ രചിക്കുന്നവനായിത്തീരുന്നു.

**തനുച്ഛായാഭിസ്തേ തരുണതരണിശ്രീസരണിഭിർ**
**ദിവം സർവ്വാമുർവ്വീമരുണിമനിമഗ്നാം സ്മരതി യഃ,**
**ഭവന്ത്യസ്യ ത്രസ്യദ്വനഹരിണശാലീനനയനാഃ**
**സഹോർവ്വശ്യാ വശ്യാഃ കതി കതി ന ഗീർവ്വാണഗണികാഃ 18**

അല്ലയോ ദേവി! ഉദയസൂര്യന്റെ ശോഭ പൂണ്ട അവിടുത്തെ ദേഹകാന്തിയാകുന്ന അരുണിമയിൽ (ചുവന്ന കാന്തിയിൽ) മണ്ണും വിണ്ണും (ഭൂമിയും ആകാശവും) പൂർണ്ണമായി മുങ്ങിയതായി യാതൊരുവൻ ഭാവന ചെയ്യുന്നുവോ അവന് ഭീതിപൂണ്ട വനമാനുകളുടേതുപോലെ ശാലീനമായ നയനങ്ങളുള്ള ഉർവ്വശി തുടങ്ങിയ അസംഖ്യം ദേവസ്ത്രീകൾ വശ്യകളായിത്തീരുന്നു.

**മുഖം ബിന്ദും കൃത്വാ കുചയുഗമധസ്തസ്യ തദധോ**
**ഹരാര്ധം ധ്യായേദ്യോ ഹരമഹിഷി തേ മന്മഥകലാം,**
**സ സദ്യഃ സംക്ഷോഭം നയതി വനിതാ ഇത്യതി ലഘു**
**ത്രിലോകീമപ്യാശു ഭ്രമയതി രവീന്ദുസ്തനയുഗാം 19**

അല്ലയോ ദേവി! ശ്രീചക്രത്തിന്റെ ബിന്ദുസ്ഥാനത്ത് (കേന്ദ്രത്തിൽ) മുഖവും (താനാഗ്രഹിക്കുന്ന ഏതെങ്കിലും സ്ത്രീയുടേത്) അതിന്നടിയിൽ അവളുടെ സ്തനങ്ങളെയും, അതിനും താഴെ ഹരാർദ്ധത്തെയും (അവളുടെ യോനിയെയും), ഈ സ്ഥാനങ്ങളിൽ അവിടുത്തെ മന്മഥകലയെയും യാതൊരുവനാണോ ഭാവന ചെയ്യുന്നത് (തദ്വാരാ ആ കാമിനിയുമായി താദാത്മ്യം നേടുന്നത്) അവൻ ഉടനടി തന്നെ ആ സ്ത്രീയെ ഭ്രമിപ്പിക്കുന്നുവെന്നത് അത്യന്തം നിസ്സാരമാണ്. അയാൾ സൂര്യചന്ദ്രന്മാരാകുന്ന സ്തനങ്ങളോട്ടുകൂടിയ ത്രിലോകി (മൂന്നു ലോകങ്ങൾ) എന്ന സ്ത്രീയെയും കൂടി വളരെ വേഗം തന്നെ ഭ്രമിപ്പിക്കുന്നു.

**കിരന്തീമംഗേഭ്യഃ കിരണ-നികുരുംബാമൃതരസം**
**ഹൃദി ത്വാമാധത്തേ ഹിമകരശിലാമൂര്ത്തിമിവ യഃ,**
**സ സർപാണാം ദർപം ശമയതി ശകുന്താധിപ ഇവ**
**ജ്വരപ്ലുഷ്ടാൻ ദൃഷ്ട്യാ സുഖയതി സുധാധാരസിരയാ 20**

അല്ലയോ ദേവി, തന്റെ കാന്തിസമൂഹത്തിൽ നിന്നുണ്ടായ അമൃതരസത്തെ ഓരോ അവയവങ്ങളിലൂടെയും വർഷിക്കു ന്നവളും, ചന്ദ്രകന്തമണി കൊണ്ട് നിർമ്മിക്കപ്പെട്ട വിഗ്രഹം

പോലിരിക്കുന്നവളുമായ നിന്തിരുവടിയെ യാതൊരുവൻ തന്റെ ഹൃദയത്തിൽ ധ്യാനിക്കുന്നുവോ, അവൻ ഗരുഡനെ പ്പോലെ സർപ്പങ്ങളുടെ ഗർവ്വ് ശമിപ്പിക്കുകയും (സർപ്പ വിഷബാധയെ നീക്കുകയും), ജ്വരപീഢിതരെ അമൃതം വർഷിക്കുന്ന സിരയോടു കൂടിയ നോട്ടം കൊണ്ട് മാത്രം സുഖിപ്പിക്കുകയും ചെയ്യുന്നു.

**തടില്ലേഖാതന്വീം തപനശശിവൈശ്വാനരമയീം**
**നിഷണ്ണാം ഷണ്ണാമപ്യുപരി കമലാനാം തവ കലാം,**
**മഹാപദ്മാടവ്യാം മൃദിതമലമായേന മനസാ**
**മഹാന്തഃ പശ്യന്തോ ദധതി പരമാഹ്ലാദലഹരീം 21**

അല്ലയോ ദേവി! മിന്നൽക്കൊടി പോലെ കൃശഗാത്രി യായും, സൂര്യചന്ദ്രാഗ്നിരൂപിണിയുമായി മൂലാധാരാദി ആറു പത്മങ്ങൾക്കും മേലെയുള്ള മഹപത്മവനത്തിൽ (സഹസ്രാരപത്മത്തിൽ) സ്ഥിതിചെയ്യുന്ന അവിടുത്തെ "സാദാഖ്യ" എന്ന കലയെ, കാമക്രോധങ്ങളും അജ്ഞാന വുമകന്ന മനസ്സു കൊണ്ട് സാക്ഷാത്ക്കരിക്കുന്ന മഹത്തു ക്കൾ നിസ്സീമമായ ആഹ്ലാദലഹരിയിലാമഗ്നരാകുന്നു.

**ഭവാനി ത്വം ദാസേ മയി വിതര ദൃഷ്ടിം സകരുണാം**
**ഇതി സ്തോതും വാഞ്ഛൻ കഥയതി ഭവാനി ത്വമിതി യഃ,**
**തദൈവ ത്വം തസ്മൈ ദിശസി നിജസായുജ്യപദവീം**
**മുകുന്ദബ്രഹ്മേന്ദ്രസ്ഫുടമകുടനീരാജിതപദാം 22**

"അല്ലയോ ഭവാനി! ഈ ദാസനിൽ അവിടുത്തെ കരുണാകടാക്ഷമുണ്ടാകണേ" എന്ന പറയുവാനദ്ദേശിച്ച് ഒരുവൻ "ഭവാനി ത്വം" എന്ന പറയുമ്പോഴേക്കും അവിടുന്ന് അവന് ബ്രഹ്മാവ്, വിഷ്ണു, ഇന്ദ്രൻ എന്നിവർ സ്വന്തം കിരീടങ്ങൾ കൊണ്ട് (അവയുടെ ഉജ്വലപ്രഭ കൊണ്ട്) ആരതിയുഴിഞ്ഞിട്ടുള്ള അവിടുത്തെ തൃപ്പാദങ്ങളുമായി താദാത്മ്യത്തെ (ആത്മസായൂജ്യ പദവിയെ) കൊടുക്കുന്നു.

(ആ ഭക്തൻ ദേവിയുമായി ഐക്യം പ്രാപിക്കുന്നു വെന്നർത്ഥം. "ഭവാനി ത്വം" എന്നതിന് "അല്ലയോ ഭവാനി! അവിടുന്ന്" എന്നും "ഞാൻ അവിടുന്നായി ത്തീരട്ടെ" എന്നിങ്ങനെ രണ്ടർത്ഥങ്ങളുണ്ട്.)

**ത്വയാ ഹൃത്വാ വാമം വപുരപരിതൃപ്തേന മനസാ**
**ശരീരാർധം ശംഭോരപരമപി ശങ്കേ ഹൃതമഭൂത്,**
**യദേതത് ത്വദ്രൂപം സകലമരുണാഭം ത്രിണയനം**
**കുചാഭ്യാമാനമ്രം കുടില ശശി ചൂഡാല മകുടം 23**

അല്ലയോ ദേവി! ശംഭുവിന്റെ (ശിവന്റെ) ശരീരത്തിന്റെ വാമാർദ്ധം അപഹരിച്ചിട്ടും അവിടുത്തെ മനസ്സിന് തൃപ്തി വരാത്തതിനാൽ വലത്തേ പകുതി കൂടി അവിടുന്ന് അപഹരിച്ചുവോ എന്ന് ഞാൻ ശങ്കിക്കുന്നു. എന്തെന്നാൽ എന്റെ ഹൃദയകമലത്തിൽ ഇരിക്കുന്ന നിന്തിരുവടിയുടെ ഈ രൂപം പൂർണ്ണമായും അരുണവർണ്ണമായിട്ടും, മൂന്നു

കണ്ണുകളുള്ളതായിട്ടും, സ്തനഭാരത്താൽ കുനിഞ്ഞിരിക്കുന്ന തായിട്ടും, ചന്ദ്രക്കല ചൂടിയ കിരീടത്തോടു കൂടിയ തായിട്ടുമാണ് കാണപ്പെടുന്നത്. (മേൽ പറഞ്ഞ വിശേഷതകൾ ദേവിയുടെ രൂപത്തിൽ കാണപ്പെടു ന്നവയാണ്. അവ താൻ ദര്ശിക്കുന്ന അർദ്ധനാരീശ്വര രൂപത്തിലും കാണുന്നതിനാലാണ് ശിവന്റെ വലത്തേ പകുതിയും ദേവി കൈയ്യടക്കിയോ എന്നു കവി സംശയിച്ചത്).

**ജഗത്സൂതേ ധാതാ ഹരിരവതി രുദ്രഃ ക്ഷപയതേ**
**തിരസ്കുർവ്വന്നേതത് സ്വമപി വപുരീശസ്തിരയതി,**
**സദാ പൂർവ്വഃ സർവ്വം തദിദമനുഗൃഹ്ണാതി ച ശിവ**
**സ്തവാജ്ഞാമാലംബ്യ ക്ഷണചലിതയോഃ ഭ്രൂലതികയോഃ 24**

ബ്രഹ്മാവ് ജഗത്തിനെ സൃഷ്ടിക്കുകയും, വിഷ്ണു അതിനെ സംരക്ഷിക്കുകയും, രുദ്രൻ അതിനെ സംഹരിക്കുകയും, ഈശൻ സകലതിനെയും തന്നിൽ ലയിപ്പിച്ചിട്ട് തന്നെയും മറയ്ക്കുകയും ചെയ്യുന്നു. ശിവനാകട്ടെ അവിടുത്തെ പുരികക്കൊടി തെല്ലൊന്നനങ്ങിയതിനെ ആജ്ഞയായി കരുതി ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, ഈശൻ എന്നിവരെയെല്ലാം പഴയതുപോലെ വീണ്ടും സൃഷ്ടിക്കുകയും ചെയ്യുന്നു.

**ത്രയാണാം ദേവാനാം ത്രിഗുണ ജനിതാനാം തവ ശിവേ**
**ഭവേത് പൂജാ പൂജാ തവ ചരണയോര്യാ വിരചിതാ,**

**തഥാ ഹി ത്വത്പാദോദ്വഹന മണിപീഠസ്യ നികടേ**
**സ്ഥിതാ ഹ്യേതേ ശശ്വന്മുകുളിത കരോത്തംസ മകുടാഃ 25**

അല്ലയോ ദേവി! അവിടുത്തെ ചരണങ്ങളിൽ ചെയ്യപ്പെട്ട പൂജ, അവിടുത്തെ സത്വം, രജസ്സ്, തമസ്സ് എന്നീ ഗുണങ്ങളിൽ നിന്ന് ഉദ്ഭവിച്ച ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ എന്നീ മൂന്നു ദേവന്മാർക്കുമുള്ള പൂജ തന്നെയായിത്തീരുന്നു. ഇത് ഉചിതം തന്നെയാണ് എന്തെന്നാൽ ഈ ഈ മൂന്നു ദേവന്മാരും കൂപ്പിയ കൈകൾ കിരീടത്തിനോട് ചേർത്തു പിടിച്ച് അവിടുത്തെ ചരണങ്ങൾ വിശ്രമിക്കുന്ന രത്നപീഠത്തിനരികിൽ തന്നെ എന്നും നിൽക്കുന്നവരാണ്.

**വിരിഞ്ചിഃ പഞ്ചത്വം വ്രജതി ഹരിരാപ്നോതി വിരതിം**
**വിനാശം കീനാശോ ഭജതി ധനദോ യാതി നിധനം,**
**വിതന്ദ്രീ മാഹേന്ദ്രീ വിതതിരപി സമ്മീലിതദൃശാ**
**മഹാസംഹാരേ/സ്മിൻ വിഹരതി സതി ത്വത്പതിരസൌ 26**

അല്ലയോ ദേവി! മഹാപ്രളയകാലത്ത് ബ്രഹ്മാവ് മരണമടയുന്നു. വിഷ്ണുവും, യമനും, കുബേരനും നാശമടയുന്നു. ജാഡ്യരഹിതരായ പതിനാലുമനുക്കളുടെ കൂട്ടവും അന്നേരം കണ്ണുചിമ്മുന്നു. എന്നാൽ അല്ലയോ സതീദേവി! അവിടുത്തെ പാതിവ്രത്യമഹിമകൊണ്ട് അവിടുത്തെ പതിയായ ശിവൻ മാത്രം മഹാപ്രളയകാലത്തും സ്വച്ഛന്ദം വിഹരിക്കുന്നു.

**ജപോ ജല്പഃ ശില്പം സകലമപി മുദ്രാവിരചനാ**
**ഗതിഃ പ്രാദക്ഷിണ്യക്രമണമശനാദ്യാഹുതി വിധിഃ,**
**പ്രണാമഃ സംവേശഃ സുഖമഖിലമാത്മാർപണദൃശാ**
**സപര്യാ പര്യായസ്തവ ഭവതു യന്മേ വിലസിതം 27**

അല്ലയോ ദേവി! ഞാൻ ആത്മാർപ്പണബുദ്ധ്യാ ചെയ്യുന്ന ജല്പനങ്ങൾ മന്ത്രജപമായും, പ്രവൃത്തികളെല്ലാം മുദ്രാകരണമായും, സഞ്ചാരം നിന്തിരുവടിയുടെ പ്രദക്ഷിണമായും, ആഹാരാദി ക്രിയകൾ ആഹുതിയായിട്ടും, കിടപ്പ് നമസ്കാരമായിട്ടും തീരട്ടെ. ഇപ്രകാരം എന്റെ എല്ലാ സുഖാനുഭവങ്ങളും, സകലചേഷ്ടകളും അവിടുത്തേയ്ക്കുള്ള പൂജയായിത്തീരട്ടെ.

**സുധാമപ്യാസ്വാദ്യ പ്രതിഭയ ജരാ മൃത്യു ഹരിണീം**
**വിപദ്യന്തേ വിശ്വേ വിധിശതമഖാദ്യാ ദിവിഷദഃ,**
**കരാലം യത് ക്ഷ്വേലം കബലിതവതഃ കാലകലനാ**
**ന ശംഭോസ്തന്മൂലം തവ ജനനി താടങ്കമഹിമാ 28**

അല്ലയോ ദേവി! ജരാ, മരണം എന്നീ മഹാഭയത്തെയകറ്റുന്ന അമൃത് ഭക്ഷിച്ചിട്ടും ബ്രഹ്മാവ്, ഇന്ദ്രൻ തുടങ്ങിയ ദേവന്മാർ മരിക്കുക തന്നെ ചെയ്യുന്നു. എന്നാൽ കാളകൂടവിഷം ഭുജിച്ചിട്ടും ശിവൻ കാലത്തിനധീനനാകാത്തത് അവിടുത്തെ കർണ്ണഭരണങ്ങളുടെ മഹത്ത്വം കൊണ്ടാണ്.

(ഭർതൃവിഹീനയായ നാരിക്ക് തന്റെ കർണ്ണാഭരണങ്ങൾ അഴിച്ചുവെയ്ക്കേണ്ടതായി വരും. കാലം ദേവിയുടെ കർണ്ണാഭരണങ്ങളായ സൂര്യചന്ദ്രന്മാരുടെ അധീനത യിലാകയാൽ, ദേവിയുടെ മാംഗല്യത്തെ ഹരിക്കാൻ അതിന് സാമർത്ഥ്യമില്ലെന്നർത്ഥം).

**കിരീടം വൈരിഞ്ചം പരിഹര പുരഃ കൈടഭഭിദഃ**
**കഠോരേ കോടീരേ സ്ഖലസി ജഹി ജംഭാരി മകുടം,**
**പ്രണമ്രേഷ്വേതേഷു പ്രസഭമുപയാതസ്യ ഭവനം**
**ഭവസ്യാഭ്യുത്ഥാനേ തവ പരിജനോക്തിർവിജയതേ 29**

അല്ലയോ ദേവി! നിന്തിരുവടിയെ ബ്രഹ്മാവ്, വിഷ്ണു, ഇന്ദ്രൻ എന്നിവർ പ്രണമിച്ചുകൊണ്ടിരിക്കുന്ന സമയത്ത് അവിടുത്തെ ഭവനത്തിൽ വന്നെത്തിയ ശ്രീ പരമേശ്വരനെ കണ്ട് അവിടുന്ന് പെട്ടെന്ന് എഴുന്നേൽക്കുമ്പോൾ അവിടുത്തെ സേവകർ പറയുന്നതായ "അവിടുത്തെ മുന്നിൽ തന്നെയുള്ള ബ്രഹ്മാവിന്റെ കിരീടത്തെ ഒഴിവാക്കിയാലും", "വിഷ്ണുവിന്റെ കഠിനമായ കിരീടത്തിൽ അവിടുത്തെ കാൽ തട്ടിവീഴുന്നു" എന്നും "ഇന്ദ്രന്റെ കിരീടത്തെയും ഒഴിവാക്കണേ" എന്നുമുള്ള വാക്കുകൾ വിജയിക്കട്ടെ. (അഖിലലോകനായികയായ ദേവിയെ സകല ദേവന്മാരും സദാ പ്രണമിച്ചുകൊണ്ടിരിക്കുന്നു എന്നു താത്പര്യം).

**സ്വദേഹോദ്ഭൂതാഭിർ ഘൃണിഭിരണിമാദ്യാഭിരഭിതോ**
**നിഷേവ്യേ നിത്യേ ത്വാമഹമിതി സദാ ഭാവയതി യഃ,**
**കിമാശ്ചര്യം തസ്യ ത്രിനയന സമൃദ്ധിം തൃണയതോ**
**മഹാസംവര്ത്താഗ്നിർവിരചയതി നീരാജനവിധിം 30**

അല്ലയോ ദേവി! അവിടുത്തെ ശരീരത്തിൽ നിന്നുദ്ഭവിച്ച കിരണങ്ങളായ അണിമാദി ദേവതകളാൽ പരിവൃതയായ നിത്യയായ നിന്തിരുവടിയെ യാതൊരുവൻ "ഞാൻ അവിടുന്നു തന്നെ" എന്നു സദാ ഭാവന ചെയ്യുന്നുവോ, ഐശ്വര്യത്തിൽ പരമശിവനെയും തൃണവത്കരിക്കുന്ന അവന് പ്രളയകാലാഗ്നി നീരാജനം ചെയ്യുന്നുവെങ്കിൽ അതിൽ എന്താണാശ്ചര്യം?

(മേൽപറഞ്ഞ രീതിയിൽ ഭാവനചെയ്യുന്നവൻ ദേവി യുമായി താദാത്മ്യം പ്രാപിക്കുന്നുവെന്നും, സർവ്വ ജഗത്തിനെയും ഭസ്മീകരിക്കുന്ന പ്രളയകാലാഗ്നി അവന് നീരാജനക്രിയയായിത്തീരുന്നുവെന്നും താത്പര്യം)

**ചതുഃഷഷ്ട്യാ തന്ത്രൈഃ സകലമതിസന്ധായ ഭുവനം**
**സ്ഥിതസ്തത്തത്സിദ്ധിപ്രസവപരതന്ത്രൈഃ പശുപതിഃ,**
**പുനസ്ത്വന്നിർബന്ധാദഖിലപുരുഷാർത്ഥൈകഘടനാ**
**സ്വതന്ത്രം തേ തന്ത്രം ക്ഷിതിതലമവാതീതരദിദം 31**

അല്ലയോ ദേവി! പരമശിവൻ പരിമിതങ്ങളായ വിവിധ സിദ്ധികളെ മാത്രം നൽകുവാൻ കഴിവുള്ള അറുപത്തിനാലു

തന്ത്രങ്ങളെ നല്കി ലോകത്തിനെ മോഹിപ്പിച്ചിട്ട് തൃപ്തിയടഞ്ഞെങ്കിലും പിന്നീട് നിന്തിരുവടിയുടെ നിർബന്ധത്തിന് വഴങ്ങി അഖിലപുരുഷാർഥങ്ങളെയും കൊടുക്കുവാൻ സ്വതന്ത്രമായ അവിടുത്തെ ഈ തന്ത്രത്തെ (ശ്രീവിദ്യോപാസനാരൂപമായ ദേവീതന്ത്രത്തെ) ലോകത്തിലവതരിപ്പിച്ചു.

**ശിവഃ ശക്തിഃ കാമഃ ക്ഷിതിരഥ രവിഃ ശീതകിരണഃ**
**സ്മരോ ഹംസഃ ശക്രസ്തദനു ച പരാ മാരഹരയഃ,**
**അമീ ഹൃല്ലേഖാഭിസ്തിസൃഭിരവസാനേഷു ഘടിതാ**
**ഭജന്തേ വര്ണാസ്തേ തവ ജനനി നാമാവയവതാം 32**

അല്ലയോ ദേവി! ശിവൻ, ശക്തി, കാമൻ, ക്ഷിതി (ഭൂമി) എന്നിവയാൽ നിർദ്ദിഷ്ടമായ ക, ഏ, ഈ, ള എന്നീ വർണ്ണങ്ങളുടെയും, സൂര്യൻ, ചന്ദ്രൻ, സ്മരൻ (കാമൻ), ഹംസം, ശക്രൻ (ഇന്ദ്രൻ) എന്നിവയാൽ നിർദ്ദിഷ്ടമായ ഹ, സ, ക, ഹ, ള എന്നീ വർണ്ണങ്ങളുടെയും, പരാ, മാരൻ, ഹരി എന്നിവയാൽ നിർദ്ദിഷ്ടമായ സ, ക, ള എന്നീ വർണ്ണങ്ങളുടെയും അന്ത്യത്തിൽ ഹ്രീങ്കാരം യോജിപ്പിക്കുകയാണെങ്കിൽ, അല്ലയോ മാതാവേ, നിന്തിരുവടിയുടെ നാമമന്ത്രത്തിന്റെ (പഞ്ചദശാക്ഷരീ മന്ത്രത്തിന്റെ) അവയവങ്ങളായിത്തീരുന്നു.

**സ്മരം യോനിം ലക്ഷ്മീം ത്രിതയമിദമാദൌ തവ മനോര്**
**നിധായൈകേ നിത്യേ നിരവധി മഹാഭോഗരസികാഃ,**

**ഭജന്തി ത്വാം ചിന്താമണിഗുണനിബദ്ധാക്ഷവലയാഃ**
**ശിവാഗ്നൗ ജൂഹ്വന്തഃ സുരഭിഘൃതധാരാഹുതിശതൈഃ 33**

അല്ലയോ ആദ്യന്തരഹിതയായ ദേവി! മഹത്തായ ആനന്ദത്തെ അനുഭവിച്ചു രസിച്ചുകൊണ്ടിരിക്കുന്നവരും, ചിന്താമണി കൊണ്ടുണ്ടാക്കപ്പെട്ട ജപമാല ധരിച്ചിരിക്കുന്നവരുമായ ചില മഹാന്മാർ നിന്തിരുവടിയുടെ മന്ത്രത്തിന്റെ തുടക്കത്തിൽ സ്മരൻ, യോനി, ലക്ഷ്മി എന്നിവയാൽ സൂചിപ്പിക്കപ്പെട്ടതായ ഐം, ഹ്രീം, ശ്രീം എന്നീ ബീജാക്ഷരങ്ങളെ ചേർത്തുകൊണ്ട് കാമധേനുവിന്റെ നെയ്യ് കൊണ്ട് ശിവാഗ്നിയിൽ (ശക്തിരൂപമായ ത്രികോണത്തിൽ സംസ്കരിക്കപ്പെട്ട അഗ്നിയിൽ) നൂറുകണക്കിന് ആഹുതി ചെയ്തുകൊണ്ട് നിന്തിരുവടിയെ ഭജിക്കുന്നു.

**ശരീരം ത്വം ശംഭോഃ ശശിമിഹിരവക്ഷോരുഹയുഗം**
**തവാത്മാനം മന്യേ ഭഗവതി നവാത്മാനമനഘം,**
**അതഃ ശേഷഃ ശേഷീത്യയമുഭയസാധാരണതയാ**
**സ്ഥിതഃ സംബന്ധോ വാം സമരസപരാനന്ദപരയോഃ 34**

അല്ലയോ ദേവി! സൂര്യചന്ദ്രന്മാർ സ്തനങ്ങളായുള്ള ശംഭുവിന്റെ ശരീരം അവിടുന്നും, അവിടുത്തെ അനവദ്യമായ ശരീരം ശിവന്റെയുമാണെന്നു ഞാനറിയുന്നു. അതുകൊണ്ട് ശിവശക്തിസ്വരൂപികളായ നിങ്ങൾക്കു രണ്ടുപേർക്കും ശേഷ-ശേഷീ സംബന്ധം (പ്രധാനവും അപ്രധാനവും

തമ്മിലുള്ള ബന്ധം) ഒരു പോലെ ബാധകമായതിനാൽ സമരസതയെ പ്രാപിക്കുന്നു.

(പൂർവ്വകൗളമതമനുസരിച്ച് സൃഷ്ടികർമ്മത്തിൽ ശക്തി പ്രധാനവും, ശിവൻ അപ്രധാനവും, സംഹാരകർമ്മത്തിൽ നേരെ മറിച്ചുമാണ് എന്നാണ്. ഈ സംബന്ധം പരിഗണിച്ചാൽ രണ്ടു പേരും സമന്മാരാണെന്നു താത്പര്യം).

**മനസ്ത്വം വ്യോമ ത്വം മരുദസി മരുത്സാരഥിരസി**
**ത്വമാപസ്ത്വം ഭൂമിസ്ത്വയി പരിണതായാം ന ഹി പരം,**
**ത്വമേവ സ്വാത്മാനം പരിണമയിതും വിശ്വവപുഷാ**
**ചിദാനന്ദാകാരം ശിവയുവതിഭാവേന ബിഭൃഷേ 35**

അല്ലയോ ദേവി! മനസ്സും, ആകാശവും, വായുവും, അഗ്നിയും, ജലവും, പൃഥിവിയും എല്ലാം അവിടുന്നു തന്നെ. നിന്നിൽ നിന്നന്യമായി യാതൊന്നും തന്നെയില്ല. തന്നെ സ്വയം ഈ പ്രപഞ്ചാകാരമായി പരിണമിപ്പിക്കുന്നതിനു വേണ്ടിയാണല്ലോ അവിടുന്നു ശിവപത്നീഭാവേന ചിദാനന്ദരൂപത്തെ ധരിക്കുന്നത്.

**തവാജ്ഞാചക്രസ്ഥം തപനശശികോടിദ്യുതിധരം**
**പരം ശംഭും വന്ദേ പരിമിലിതപാര്ശ്വം പരചിതാ,**
**യമാരാധ്യൻ ഭക്ത്യാ രവിശശിശുചീനാമവിഷയേ**
**നിരാലോകേ/ലോകേ നിവസതി ഹി ഭാലോക ഭുവനേ 36**

അല്ലയോ ദേവി! അവിടുത്തെ ആജ്ഞാചക്രത്തിലിരിക്കുന്നവനും, കോടി സൂര്യചന്ദ്രന്മാരുടെ പ്രഭയുള്ളവനും, പരയായ ചിച്ഛക്തിയോടു കൂടിയവനുമായ പരമശിവനെ ഞാൻ വന്ദിക്കുന്നു. ആ പരമശിവനെ ഭക്തിയോടെ ആരാധിക്കുന്നവൻ സൂര്യൻ, ചന്ദ്രൻ, അഗ്നി എന്നിവർക്ക് വിഷയമല്ലാത്തതും മറ്റൊന്നിനാലും പ്രകാശിക്കപ്പെടാത്തതും (സ്വയം പ്രകാശിക്കുന്നതും), ചന്ദ്രികാമയവുമായ ലോകത്തിൽ (സഹസ്രാരത്തിൽ) നിവസിക്കുന്നു.

**വിശുദ്ധൌ തേ ശുദ്ധസ്ഫടികവിശദം വ്യോമജനകം**
**ശിവം സേവേ ദേവീമപി ശിവസമാനവ്യവസിതാം,**
**യയോഃ കാന്ത്യാ യാന്ത്യാഃ ശശികിരണസാരൂപ്യസരണേഃ**
**വിധൂതാന്തർധ്വാന്താ വിലസതി ചകോരീവ ജഗതീ 37**

അല്ലയോ ദേവി! അവിടുത്തെ വിശുദ്ധിചക്രത്തിൽ ശുദ്ധസ്ഫടികം പോലെ നിർമ്മലനായും, ആകാശതത്വത്തിന്റെ ജനയിതാവായുമിരിക്കുന്ന ശിവനെയും, സർവ്വഥാ ശിവനു സമയായ ദേവിയേയും ഞാൻ ഭജിക്കുന്നു. ഈ രണ്ടുപേരിൽ നിന്നുദ്ഗമിക്കുന്ന ചന്ദ്രന്റെ കിരണങ്ങൾ പോലെയുള്ള കാന്തിയാൽ, ചന്ദ്രകിരണങ്ങളാൽ സന്തുഷ്ടയാകുന്ന ഒരു ചകോരിയെപ്പോലെ ഈ ജഗത്തു മുഴുവൻ, അജ്ഞാനാന്ധകാരത്തിൽ നിന്ന് മുക്തമായി സന്തോഷിച്ച് ഉല്ലസിക്കുന്നു.

(കുണ്ഡലിനീ ശക്തി വിശുദ്ധിചക്രത്തിലെത്തിയാൽ സാധകൻ അജ്ഞാനത്തിൽ നിന്ന് മുക്തനായി, ആനന്ദ മനുഭവിക്കുന്നുവെന്നു താത്പര്യം)

**സമുന്മീലത്സംവിത്കമലമകരന്ദൈകരസികം**
**ഭജേ ഹംസദ്വന്ദ്വം കിമപി മഹതാം മാനസചരം,**
**യദാലാപാദഷ്ടാദശഗുണിതവിദ്യാപരിണതിഃ**
**യദാദത്തേ ദോഷാദ് ഗുണമഖിലമദ്ഭ്യഃ പയ ഇവ 38**

അല്ലയോ ദേവി! വിടർന്ന ജ്ഞാനകമലത്തിലെ പൂന്തേൻ മാത്രം നുകരുകയും, അസംഖ്യം മഹത്തുക്കളുടെ മാനസ സരസ്സിൽ വിഹരിക്കുകയും, വെള്ളത്തിൽ നിന്നു പാലിനെ യെന്ന പോലെ ദോഷങ്ങളിൽ നിന്നും ഗുണങ്ങളെയെല്ലാം വേർതിരിച്ചെടുക്കുകയും ചെയ്യുന്ന ആരുടെ പരസ്പര സംവാദമാണോ പതിനെട്ടു വിദ്യകളായി പരിണമി ച്ചിരിക്കുന്നത്, ആ ഹംസമിഥുനത്തിനെ (ശിവനെയും ശക്തിയെയും) ഞാൻ വന്ദിക്കുന്നു.

(കുണ്ഡലിനീ ശക്തി അനാഹതചക്രത്തിൽ പ്രവേശിക്കു മ്പോൾ സാധകന് സകലവിദ്യകളും, ഗുണങ്ങളും സ്വായത്തമാകുന്നുവെന്നു താത്പര്യം)

**തവ സ്വാധിഷ്ഠാനേ ഹുതവഹമധിഷ്ഠായ നിരതം**
**തമീഡേ സംവർതം ജനനി മഹതീം താം ച സമയാം,**
**യദാലോകേ ലോകാൻ ദഹതി മഹതി ക്രോധ കലിതേ**

**ദയാർദ്രാ യാ ദൃഷ്ടിഃ ശിശിരമുപചാരം രചയതി 39**

അല്ലയോ ജഗജ്ജനനി! അവിടുത്തെ (ശ്രീലളിതാ ത്രിപുരസുന്ദരിയുടെ) സ്വാധിഷ്ഠാനചക്രത്തിൽ അഗ്നിതത്വ ത്തിന് അധിഷ്ഠാനമായിരിക്കുന്നവനും തന്റെ അത്യുഗ്ര മായ ക്രോധത്തോടെയുള്ള നോട്ടം കൊണ്ട് ലോകങ്ങ ളെയെല്ലാം ചുട്ടെരിക്കുന്നവനുമായ കാലാഗ്നിരുദ്രനെയും, തന്റെ ദയാർദ്രദൃഷ്ടി കൊണ്ട് മാത്രം ആ ലോകങ്ങ ൾക്കെല്ലാം ശീതോപചാരം ചെയ്യുന്ന മഹതിയായ സമയയെയും ഞാൻ സദാ ആരാധിക്കുന്നു.

(സംഹാരരുദ്രനാൽ ദഹിപ്പിക്കപ്പെടുന്ന ബ്രഹ്മാണ്ഡത്തിന്റെ പുനരുത്പത്തിയ്ക്ക് കാരണം ദേവിയാകുന്നുവെന്നു താത്പര്യം)

**തടിത്വന്തം ശക്ത്യാ തിമിരപരിപന്ഥിസ്ഫുരണയാ**
**സ്ഫുരന്നാനാരത്നാഭരണപരിണദ്ധേന്ദ്രധനുഷം,**
**തവ ശ്യാമം മേഘം കമപി മണിപൂരൈകശരണം**
**നിഷേവേ വര്ഷന്തം ഹരമിഹിരതപ്തം ത്രിഭുവനം 40**

അല്ലയോ ദേവി! അന്ധകാരത്തെയകറ്റുന്ന മിന്നൽക്കൊടി യുടെ രൂപത്തിലുള്ള ശക്തിയോടു കൂടിയതും, നാനാവിധത്തിലുള്ള രത്നാഭരണങ്ങളാൽ നിർമ്മിതമായ മഴവില്ലോടു കൂടിയതും, അവിടുത്തെ മണിപൂരചക്രത്തിൽ സദാ നിവസിക്കുന്നതും, സംഹാരരുദ്രനാകുന്ന സൂര്യനാൽ

തപിപ്പിക്കപ്പെട്ട മൂന്നു ലോകങ്ങളെയും മഴയാൽ തണുപ്പിക്കുന്നവനുമായ കാർമേഘത്തിനെ (ശിവശക്തി സ്വരൂപത്തിനെ) ഞാൻ ഭജിക്കുന്നു.

(ദേവി തന്റെ ദയാർദ്രദൃഷ്ടിയാൽ ഭുവനത്രയത്തെയും ശീതോപചാരം ചെയ്യുന്നുവെന്നു മുൻശ്ലോകത്തിൽ പറഞ്ഞ തിനെ ഈ ശ്ലോകത്തിൽ വർണ്ണിച്ചിരിക്കുകയാണ്)

**തവാധാരേ മൂലേ സഹ സമയയാ ലാസ്യപരയാ**
**നവാത്മാനം മന്യേ നവരസമഹാതാണ്ഡവനടം,**
**ഉഭാഭ്യാമേതാഭ്യാമുദയവിധിമുദ്ദിശ്യ ദയയാ**
**സനാഥാഭ്യാം ജജ്ഞേ ജനകജനനീമത് ജഗദിദം 41**

അല്ലയോ ദേവി! അവിടുത്തെ മൂലാധാരചക്രത്തിൽ ലാസ്യപ്രിയയായ (ലാസ്യം ഒരു നൃത്തരൂപമാണ്) സമയയെന്ന ദേവിയോടൊത്ത് നവരസപൂർണ്ണമായ മഹാതാണ്ഡവനൃത്തമാടുന്ന ആനന്ദഭൈരവനെ ഞാൻ ധ്യാനിക്കുന്നു. മഹാപ്രളയത്തിൽ നശിച്ചുപോയ ഈ ജഗത്തിനെ ഉത്പത്തിയെക്കുറിച്ചുള്ള ദയയോടെ ഇവർ ഇരുവരും ഒരുമിച്ചപ്പോൾ ഈ ജഗത്ത് മാതാപിതാക്ക ളോടുകൂടിയതായി ഭവിച്ചു.

**ഇതി ശ്രീസൌന്ദര്യലഹര്യാം ആനന്ദലഹര്യാഖ്യഃ പ്രഥമോഭാഗഃ സമാപ്തഃ**

**ശ്രീസൗന്ദര്യലഹരിയിലെ ആദ്യഭാഗമായ ആനന്ദലഹരി ഇതോടെ സമാപിച്ചു.**

# സൗന്ദര്യലഹരി

**ഗതൈർമാണിക്യത്വം ഗഗനമണിഭിഃ സാന്ദ്രഘടിതം**
**കിരീടം തേ ഹൈമം ഹിമഗിരിസുതേ കീർതയതി യഃ,**
**സ നീഡേയച്ഛായാച്ഛുരണശബലം ചന്ദ്രശകലം**
**ധനുഃ ശൌനാസീരം കിമിതി ന നിബധ്നാതി ധിഷണാം 42**

അല്ലയോ ഹിമഗിരിപുത്രി! പന്ത്രണ്ട് ആദിത്യന്മാരാകുന്ന മാണിക്യങ്ങളെ ചേർത്ത് നിർമ്മിച്ച അവിടുത്തെ സ്വർണ്ണകിരീടത്തെ യാതൊരുവൻ വർണ്ണിക്കുന്നുവോ, ആ രത്നങ്ങളുടെ നാനാവിധത്തിലുള്ള പ്രഭയേറ്റ് വിലസുന്ന ചന്ദ്രക്കലയെ ഇന്ദ്രചാപമാണെന്ന (മഴവില്ലാണെന്ന്) ആ കവിവരൻ വർണ്ണിക്കുകയാണെങ്കിൽ തന്നെ അതിൽ എന്താണ് അതിശയം?

**ധുനോതു ധ്വാന്തം നസ്തുലിതദലിതേന്ദീവരവനം**
**ഘനസ്നിഗ്ധശ്ലക്ഷ്ണം ചികുരനികുരുംബം തവ ശിവേ,**
**യദീയം സൌരഭ്യം സഹജമുപലബ്ധും സുമനസോ**
**വസന്ത്യസ്മിന്മന്യേ വലമഥനവാടീവിടപിനാം 43**

അല്ലയോ ശിവേ, വിടർന്നുനിൽക്കുന്ന കരിങ്കുവളപ്പൂക്കൂട്ടത്തിനെപ്പോലെയുള്ളതും, ഇടതിങ്ങിയതും, മിനുസമുള്ളതും, മൃദുവുമായ അവിടുത്തെ കാർകുന്തളം (തലമുടി) ഞങ്ങളുടെ അന്ധകാരത്തെ (അജ്ഞാനത്തെ) അകറ്റട്ടെ. അതിന്റെ സഹജമായ സൗരഭ്യത്തെ പ്രാപിക്കുന്നതിനായി

ഇന്ദ്രോദ്യാനത്തിലുള്ള വൃക്ഷങ്ങളുടെ പുഷ്പങ്ങൾ പോലും ഈ കാർകുന്തലിൽ വസിക്കുന്നുവെന്ന് ഞാൻ കരുതുന്നു.

**തനോതു ക്ഷേമം നസ്തവ വദനസൌന്ദര്യലഹരീ-**
**പരീവാഹസ്രോതഃസരണിരിവ സീമന്തസരണിഃ,**
**വഹന്തീ സിന്ദൂരം പ്രബലകബരീഭാരതിമിര-**
**ദ്വിഷാം വൃന്ദൈർബന്ദീകൃതമിവ നവീനാർക്കകിരണം 44**

അല്ലയോ ദേവി! അവിടുത്തെ മുഖസൗന്ദര്യമാകുന്ന നദീപ്രവാഹം കരകവിഞ്ഞൊഴുകുന്ന മാർഗ്ഗത്തിനോട് സാദൃശ്യമുള്ളതും, ഇടതിങ്ങിനിൽക്കുന്ന കേശപാശങ്ങളുടെ രൂപത്തിലുള്ള അന്ധകാരമാകുന്ന ശത്രുസമൂഹത്തിനാൽ ബദ്ധനായ ബാലാദിത്യകാന്തിയെപ്പോലെയുള്ള സിന്ദൂരത്തെ വഹിക്കുന്നതുമായ സീമന്തരേഖ ഞങ്ങൾക്കു ക്ഷേമം വരുത്തട്ടെ.

**അരാലൈഃ സ്വാഭാവ്യാദലികലഭ-സശ്രീഭിരലകൈഃ**
**പരീതം തേ വക്ത്രം പരിഹസതി പങ്കേരുഹരുചിം,**
**ദരസ്മേരേ യസ്മിൻ ദശനരുചി കിഞ്ജല്കരുചിരേ**
**സുഗന്ധൗ മാദ്യന്തി സ്മരദഹനചക്ഷുർമധുലിഹഃ 45**

അല്ലയോ ദേവി! സ്വാഭാവികമായി ചുരുണ്ടിരിക്കുന്നതും, വണ്ടിൻ കുഞ്ഞുങ്ങളെപ്പോലിരിക്കുന്നതുമായ കുറുനിരകളാൽ ചുറ്റപ്പെട്ട അവിടുത്തെ മുഖം താമരപ്പൂവിന്റെ സൗന്ദര്യത്തെ പരിഹസിക്കുന്നു. മന്ദഹാസത്താൽ ചെറുതായി

വിടർന്നിരിക്കുന്നതും, ദന്തകാന്തിയാകുന്ന കേസരങ്ങളാൽ ഭംഗിയാർന്നതും, സൗരഭ്യമുള്ളതുമായ അവിടുത്തെ മുഖമാകുന്ന താമരപ്പൂവിൽ പരമശിവന്റെ നയനങ്ങളാകുന്ന വണ്ടുകൾ ആനന്ദം നുകരുന്നു.

**ലലാടം ലാവണ്യദ്യുതിവിമലമാഭാതി തവ യത്**
**ദ്വിതീയം തന്മന്യേ മകുടഘടിതം ചന്ദ്രശകലം,**
**വിപര്യാസന്യാസാദുഭയമപി സംഭൂയ ച മിഥഃ**
**സുധാലേപസ്യൂതിഃ പരിണമതി രാകാ ഹിമകരഃ 46**

അല്ലയോ ദേവി! സൗന്ദര്യകാന്തിയുടെ വിശുദ്ധിപൂണ്ടു ശോഭിക്കുന്ന അവിടുത്തെ നെറ്റിത്തടം അവിടുന്ന് കിരീടത്തിലണിഞ്ഞ രണ്ടാമത്തെ ചന്ദ്രക്കലയാണെന്ന് എനിക്ക് തോന്നുന്നു. ഈ രണ്ടിനെയും (ദേവിയുടെ നെറ്റിത്തടത്തെയും കിരീടത്തിലണിഞ്ഞ ചന്ദ്രക്കലെ യെയും) തിരിച്ചുവെച്ചാൽ രണ്ടും കൂടിച്ചേർന്ന് സുധാരസം വഴിയുന്ന പൂർണ്ണചന്ദ്രനായി പരിണമിക്കും.

**ഭ്രുവൌ ഭുഗ്നേ കിഞ്ചിദ് ഭുവനഭയഭംഗവ്യസനിനി**
**ത്വദീയേ നേത്രാഭ്യാം മധുകരരുചിഭ്യാം ധൃതഗുണം,**
**ധനുര്മന്യേ സവ്യേതരകരഗൃഹീതം രതിപതേഃ**
**പ്രകോഷ്ഠേ മുഷ്ടൌ ച സ്ഥഗയതി നിഗൂഢാന്തരമുമേ 47**

ഈ ലോകത്തിലെ എല്ലാ ജീവികളുടെയും ഭയത്തെ നീക്കുന്നതിൽ വ്യഗ്രയായ അല്ലയോ ഉമേ!

നിന്തിരുവടിയുടെ തെല്ല വളഞ്ഞ് ചേർന്നിരിക്കുന്ന പുരികക്കൊടികൾ കരിവണ്ടുകളെപ്പോലെ കാന്തിയുറ്റ കണ്ണുകളാകുന്ന ഞാണോടുകൂടിയതും, കാമദേവൻ തന്റെ വലതുകൈയ്യിൽ ധരിച്ചിരിക്കുന്നതും, അവിടുത്തെ നാസാദണ്ഡമാകുന്ന മുഷ്ടിയാൽ മധ്യഭാഗം മറയ്ക്കപ്പെട്ടതുമായ കാമന്റെ വില്ലാണെന്ന് എനിക്ക് തോന്നുന്നു.

(കാമന്റെ വില്ലിലെ ഞാൺ കരിവണ്ടുകളെക്കൊണ്ട് നിർമ്മിതമാണെന്ന് പുരാണപ്രസിദ്ധമാണ്.)

**അഹഃ സൂതേ/സവ്യം തവ നയനമർകാത്മകതയാ**
**ത്രിയാമം വാമം തേ സൃജതി രജനീനായകതയാ,**
**തൃതീയാ തേ ദൃഷ്ടിർദരദലിതഹേമാംബുജരുചിഃ**
**സമാധത്തേ സന്ധ്യാം ദിവസ നിശയോരന്തരചരീം 48**

അല്ലയോ ദേവി! അവിടുത്തെ വലതു കണ്ണ് സൂര്യാത്മകനായി പകലും, ഇടതു കണ്ണ് ചന്ദ്രാത്മനായി രാത്രിയും സൃഷ്ടിക്കുന്നു. തെല്ല വിടർന്നിരിക്കുന്ന സ്വർണ്ണത്താമരപ്പൂപോലെയുള്ള മൂന്നാം കണ്ണാകട്ടെ പകലിനും രാത്രിയ്ക്കുമിടയ്ക്കുള്ള സന്ധ്യയെ സൃഷ്ടിക്കുകയും ചെയ്യുന്നു.

**വിശാലാ കല്യാണീ സ്ഫുടരുചിരയോധ്യാ കുവലയൈഃ**
**കൃപാധാരാധാരാ കിമപി മധുരാഭോഗവതികാ,**
**അവന്തീ ദൃഷ്ടിസ്തേ ബഹുനഗര വിസ്താര വിജയാ**
**ധ്രുവം തത്തന്നാമവ്യവഹരണയോഗ്യാ വിജയതേ 49**

അല്ലയോ ദേവി! അവിടുത്തെ ദൃഷ്ടി വിസ്താരമുള്ളതും (വിശാലാ), സ്ഫുടകാന്തിയാൽ മംഗളകരവും (കല്യാണീ), കരിങ്കുവളപ്പൂക്കൾക്കു പോലും വെല്ലുവാനാകാത്തതും (അയോദ്ധ്യാ), കാരുണ്യപ്രവാഹത്തിനാധാരവും (ധാരാ), അത്യന്തം മധുരപൂർണ്ണവും (മധുരാ), നീണ്ടതും (ഭോഗവതീ), രക്ഷിക്കുന്നതും (അവന്തീ), ഈ പേരുകളുള്ള നഗരങ്ങളെയെല്ലാം വെല്ലുന്നതും (വിജയാ) ആകയാൽ ഈ നാമങ്ങളെല്ലാം കൊണ്ട് അറിയപ്പെടാൻ നിശ്ചയ മായും യോഗ്യയുമാണ്. അങ്ങനെയുള്ള അവിടുത്തെ ദൃഷ്ടി സദാ വിജയിക്കട്ടെ.

(ദേവിയുടെ ദൃഷ്ടി വിശാലാ, കല്യാണീ, എന്നിങ്ങനെ എട്ടു പ്രകാരത്തിലുണ്ടെന്നു പറയപ്പെടുന്നു. പുരാണപ്രസിദ്ധ ങ്ങളായ എട്ടു നഗരങ്ങൾക്കും ഈ പേരുകളുണ്ട്. ദേവിയുടെ വിവിധ ദൃഷ്ടികളുമായി ബന്ധപ്പെട്ടാണ് ഈ നഗരങ്ങൾക്ക് ഈ പേരുകൾ ലഭിച്ചതെന്നും വിശ്വസിക്ക പ്പെടുന്നുണ്ട്).

**കവീനാം സന്ദർഭസ്തബകമകരന്ദൈകരസികം**
**കടാക്ഷവ്യാക്ഷേപഭ്രമരകലഭൌ കർണയുഗലം,**
**അമുഞ്ചന്തൗ ദൃഷ്ട്വാ തവ നവരസാസ്വാദതരലൌ**
**അസൂയാ സംസർഗാദലികനയനം കിഞ്ചിദരുണം 50**

അല്ലയോ ദേവി! കടാക്ഷിക്കുവാനെന്ന വ്യാജേന, കവികളുടെ കാവ്യരചനകളാകുന്ന പൂങ്കുലകളിലെ തേനുണ്ണു

ന്നതിൽ മാത്രം രസിച്ചിരിക്കുന്ന അവിടുത്തെ കാതുകളെ വിട്ടുപിരിയാതെ, അവയോട് ചേർന്നിരുന്ന് നവരസങ്ങളാസ്വദിക്കുന്നതിൽ തല്പരരായ അവിടുത്തെ കണ്ണുകളാകുന്ന ചെറുവണ്ടുകളെ കണ്ടിട്ട് അസൂയ ബാധിച്ച് അവിടുത്തെ നെറ്റിത്തടത്തിലുള്ള മൂന്നാം കണ്ണ് തെല്ല് അരുണവർണ്ണമായിത്തീർന്നിരിക്കുന്നു.

(ദേവിയുടെ കണ്ണുകൾ വളരെ നീളമുള്ളവയും ചെവിയുടെ അടുത്തുവരെ എത്തുന്നവയുമാണെന്നു താത്പര്യം).

**ശിവേ ശൃംഗാരാർദ്രാ തദിതരജനേ കുത്സപരാ**
**സരോഷാ ഗംഗായാം ഗിരിശചരിതേ വിസ്മയവതീ,**
**ഹരാഹിഭ്യോ ഭീതാ സരസിരുഹസൌഭാഗ്യജനനീ**
**സഖീഷു സ്മേരാ തേ മയി ജനനി ദൃഷ്ടിഃ സകരുണാ 51**

അല്ലയോ ജഗന്മാതാവേ! അവിടുത്തെ ദൃഷ്ടി ശിവനിൽ കാരുണ്യരസം നിറഞ്ഞതും, ശിവനൊഴികെയുള്ള അന്യപുരുഷന്മാരിൽ ജുഗുപ്സയോടു കൂടിയതും, സപത്നിയായ ഗംഗാദേവിയിൽ രോഷപൂർണ്ണവും, ശ്രീപരമേശ്വരന്റെ ലീലകളിൽ വിസ്മയം നിറഞ്ഞതും, ശിവകണ്ഠത്തിലുള്ള സർപ്പങ്ങളിൽ ഭീതിയുള്ളതും, താമരപ്പൂവിനു തന്നെ സൗന്ദര്യമേകുന്നതും, സ്വസഖികളിൽ ഹാസപൂർണ്ണവും, എന്നിൽ കാരുണ്യപൂർണ്ണവുമാകുന്നു.

(വിവിധ സാഹചര്യങ്ങളിൽ ദേവിയുടെ ദൃഷ്ടിയിൽ നവരസങ്ങളിൽ ശാന്തം ഒഴികെയുള്ള മറ്റ് അഷ്ടരസങ്ങളും പ്രകടമാകുന്നുവെന്നു താത്പര്യം)

**ഗതേ കർണാഭ്യർണം ഗരുത ഇവ പക്ഷ്മാണി ദധതീ**
**പുരാം ഭേത്തുശ്ചിത്തപ്രശമരസവിദ്രാവണഫലേ,**
**ഇമേ നേത്രേ ഗോത്രാധരപതികുലോത്തംസകലികേ**
**തവാകർണാകൃഷ്ടസ്മരശരവിലാസം കലയതഃ 52**

അല്ലയോ ഹിമഗിരിതനയേ! കാതുകൾ വരെ നീണ്ടിരിക്കുന്നതും, ബാണത്തിനു പിന്നിൽ ചേർക്കുന്ന പരുന്തിൻ തൂവലുകൾ പോലെയുള്ള നേത്രരോമങ്ങളോടുകൂടിയതും, ശിവന്റെ ശാന്തമായ മനസ്സിൽ ശൃംഗാരവികാരങ്ങളുൽപാദിപ്പിച്ച് വിക്ഷേപം ജനിപ്പിക്കുന്നതുമായ അവിടുത്തെ നയനങ്ങൾ കർണ്ണപര്യന്തം വലിച്ചുപിടിക്കപ്പെട്ട മന്മഥബാണം പോലെ കാണപ്പെടുന്നു.

**വിഭക്തത്രൈവർണ്യം വ്യതികരിതലീലാഞ്ജനതയാ**
**വിഭാതി ത്വന്നേത്രത്രിതയമിദമീശാനദയിതേ,**
**പുനഃ സ്രഷ്ടും ദേവാൻ ദ്രുഹിണഹരിരുദ്രാനുപരതാൻ**
**രജഃ സത്വം ബിഭ്രത്തമ ഇതി ഗുണാനാം ത്രയമിവ 53**

അല്ലയോ ശിവപ്രിയേ! വിവിധനിറങ്ങളിലുള്ള അഞ്ജനത്താൽ അലങ്കരിക്കപ്പെട്ട നിന്തിരുവടിയുടെ മൂന്നു കണ്ണുകൾ, മഹാപ്രളയത്തിൽ വിലീനരായ ബ്രഹ്മാവ്, വിഷ്ണു,

മഹേശ്വരൻ എന്നീ ദേവന്മാരെ വീണ്ടും സൃഷ്ടിക്കുവാനായി സത്വം, രജസ്സ്, തമസ്സ് എന്നീ ഗുണത്രയങ്ങളെ ധരിക്കുന്നുവോ എന്നു തോന്നുമാറ് വെളുപ്പ്, ചുവപ്പ്, കറുപ്പ് എന്നീ വ്യത്യസ്തനിറങ്ങളോടെ ശോഭിക്കുന്നു.

**പവിത്രീകർത്തും നഃ പശുപതിപരാധീനഹൃദയേ**
**ദയാ മിത്രൈർനേത്രൈരരുണധവലശ്യാമരുചിഭിഃ,**
**നദഃ ശോണോ ഗംഗാ തപനതനയേതി ധ്രുവമമും**
**ത്രയാണാം തീർഥാനാമുപനയസി സംഭേദമനഘം** 54

അല്ലയോ ശിവനു സമർപ്പിക്കപ്പെട്ട ഹൃദയത്തോടുകൂടിയ ദേവി! ഞങ്ങളെ ശുദ്ധീകരിക്കുവാനായി, കാരുണ്യപൂർണ്ണങ്ങളും, ചുവപ്പ്, വെളുപ്പ്, കറുപ്പ് എന്നീ നിറങ്ങളോടുകൂടിയതുമായ അവിടുത്തെ നേത്രത്രയങ്ങളിലൂടെ ശോണാ, ഗംഗാ, യമുനാ എന്നീ തീർഥങ്ങളുടെ പവിത്രമായ സംഗമത്തെ സൃഷ്ടിക്കുന്നു.

(ശോണാ, ഗംഗാ, യമുനാ എന്നീ നദികൾ യഥാക്രമം ചുവപ്പ്, വെളുപ്പ്, കറുപ്പ് എന്നീ നിറത്തോടുകൂടിയവയാണ്).

**നിമേഷോന്മേഷാഭ്യാം പ്രലയമുദയം യാതി ജഗതീ**
**തവേത്യാഹുഃ സംതോ ധരണിധരരാജന്യതനയേ,**
**ത്വദുന്മേഷാജ്ജാതം ജഗദിദമശേഷം പ്രലയതഃ**
**പരിത്രാതും ശംകേ പരിഹൃത നിമേഷാസ്തവ ദൃശഃ** 55

അല്ലയോ പർവ്വതരാജകുമാരി, അവിടുത്തെ കണ്ണുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്യുമ്പോൾ ജഗത്ത് വിലയിക്കുകയും, ഉദിക്കുകയും ചെയ്യുന്നുവെന്ന് സജ്ജനങ്ങൾ പറയുന്നു. അവിടുന്ന് കണ്ണു തുറക്കുമ്പോൾ ഉദയംകൊള്ളുന്ന ഈ ജഗത്ത് പൂർണ്ണമായി വിലയിച്ചു പോകാതെ അതിനെ രക്ഷിക്കാനായിട്ടാണ് അവിടുത്തെ കണ്ണുകൾ സദാ തുറന്നു തന്നെയിരിക്കുന്നത് എന്നു ഞാൻ സംശയിക്കുന്നു.

**തവാപർണേ കർണേജപനയനപൈശുന്യചകിതാ**
**നിലീയന്തേ തോയേ നിയതമനിമേഷാഃ ശഫരികാഃ,**
**ഇയം ച ശ്രീർബദ്ധച്ഛദപുടകവാടം കുവലയം**
**ജഹാതി പ്രത്യൂഷേ നിശി ച വിഘടയ്യ പ്രവിശതി 56**

അല്ലയോ പാർവ്വതി! കർണ്ണങ്ങൾ വരെ നീണ്ടിരിക്കുന്ന അവിടുത്തെ നയനങ്ങൾ (തങ്ങളെക്കുറിച്ച്) ഏഷണി പറയുമെന്ന് പേടിച്ച് പെൺമീനുകൾ കൺചിമ്മാതെ വെള്ളത്തിൽ ഒളിച്ചുകിടക്കുന്നു. ഈ ലക്ഷ്മീദേവിയും പ്രഭാതത്തിൽ അടയുന്ന കവാടം പോലെയുള്ള, കൂമ്പുന്ന ഇതളുകളോടുകൂടിയ കരിങ്കുവളപ്പൂവിനെ ഉപേക്ഷിക്കുകയും, രാത്രി അതു വിടരുമ്പോൾ വീണ്ടും അതിൽ പ്രവേശിക്കുകയും ചെയ്യുന്നു.

(കരിങ്കുവളപ്പൂവ് രാത്രി വിടരുന്നതും, മത്സ്യം വെള്ളത്തിൽ കഴിയുന്നതും സ്വാഭാവികമാണ്. എന്നാൽ ഇവ രണ്ടിനും ദേവിയുടെ കണ്ണുകളുമായുള്ള സാദൃശ്യം കണക്കിലെടുത്ത്

കവി ഈ രണ്ടു പ്രതിഭാസങ്ങളെയും ദേവിയുമായി ബന്ധപ്പെടുത്തി ഉത്പ്രേക്ഷിക്കുന്നു. ദേവി ഉറങ്ങുകയും അവിടുത്തെ നേത്രങ്ങൾ അടയുകയും ചെയ്യുമ്പോൾ മാത്രമാണ് ലക്ഷ്മീദേവി ആ നയനോത്പലങ്ങളെ വിട്ട് രാത്രിയിൽ കരിങ്കുവളപ്പൂവിനെ ആശ്രയിക്കുന്നത് എന്നാണ് കവി കരുതുന്നത്).

**ദൃശാ ദ്രാഘീയസ്യാ ദരദലിതനീലോത്പലരുചാ**
**ദവീയാംസം ദീനം സ്നപയ കൃപയാ മാമപി ശിവേ,**
**അനേനായം ധന്യോ ഭവതി ന ച തേ ഹാനിരിയതാ**
**വനേ വാ ഹർമ്യേ വാ സമകരനിപാതോ ഹിമകരഃ 57**

അല്ലയോ ശിവേ! തെല്ലുവിടർന്ന നീലോത്പലം പോലെ കാന്തിയുള്ള അവിടുത്തെ കണ്ണുകളുടെ അതിദീർഘമായ കടാക്ഷദൃഷ്ടിയാൽ വളരെ ദൂരെയിരിക്കുന്ന ഈ ദീനനായ എന്നെ ദയവായി സ്നാനം ചെയ്താലും. ഇതുകൊണ്ട് ഞാൻ ധന്യനായിത്തീരുന്നു. അവിടുത്തേയ്ക്ക് യാതൊരു ചേതവു മില്ല. ചന്ദ്രൻ തന്റെ ശീതരശ്മികൾ വനത്തിലും, കൊട്ടാര ത്തിലും ഒരു പോലെ പരത്തുന്നുണ്ടല്ലോ.

**അരാലം തേ പാലീയുഗലമഗരാജന്യതനയേ**
**ന കേഷാമാധത്തേ കുസുമശരകോദണ്ഡകുതുകം,**
**തിരശ്ചീനോ യത്ര ശ്രവണപഥമുല്ലംഘ്യ വിലസൻ**
**അപാംഗവ്യാസംഗോ ദിശതി ശരസന്ധാനധിഷണാം 58**

അല്ലയോ പർവ്വതരാജപുത്രി! അവിടുത്തെ ചെവികൾക്കും കണ്ണുകൾക്കുമിടയിലുള്ള വക്രാകാരമായിരിക്കുന്ന ഭാഗം കണ്ടാൽ അത് കാമദേവന്റെ വില്ലാണെന്ന് ആർക്കാണ് തോന്നാത്തത്. എന്തെന്നാൽ അവിടുത്തെ കാതുകളെ അതിക്രമിച്ച് വിലങ്ങനെ വിലസിക്കുന്ന അവിടുത്തെ കടാക്ഷദൃഷ്ടി (മേൽപറഞ്ഞ) ഈ വില്ലിൽ തൊടുത്ത ശരമാണെന്ന തോന്നലുളവാക്കുകയും ചെയ്യും.

**സ്ഫുരദ്ഗണ്ഡാഭോഗപ്രതിഫലിതതാടങ്കയുഗലം**
**ചതുശ്ചക്രം മന്യേ തവ മുഖമിദം മന്മഥരഥം,**
**യമാരുഹ്യ ദ്രുഹ്യത്യവനിരഥമർകേന്ദുചരണം**
**മഹാവീരോ മാരഃ പ്രമഥപതയേ സജ്ജിതവതേ 59**

അല്ലയോ ദേവി! അവിടുത്തെ അത്യന്തം മിന്നുന്ന കവിൾത്തടങ്ങളിൽ പ്രതിഫലിക്കുന്ന കർണ്ണാഭരണങ്ങളോടുകൂടിയ അവിടുത്തെ മുഖം കാമദേവന്റെ നാലു ചക്രങ്ങളോടുകൂടിയ രഥമാണെന്നു ഞാൻ കരുതുന്നു. മഹാവീരനായ കാമദേവൻ അവിടുത്തെ മുഖമാകുന്ന ഈ രഥത്തലേറി, സൂര്യചന്ദ്രന്മാരാകുന്ന രണ്ടു ചക്രങ്ങൾ മാത്രമുള്ള ഭൂമിയാകുന്ന രഥത്തിലിരിക്കുന്ന പരമശിവനെ ആക്രമിക്കുന്നു.

**സരസ്വത്യാഃ സൂക്തിരമൃതലഹരീ കൌശലഹരീഃ**
**പിബന്ത്യാഃ ശർവാണി ശ്രുവണചുലുകാഭ്യാമവിരലം,**
**ചമത്കാരശ്ലാഘാചലിതശിരസഃ കുണ്ഡലഗണോ**
**ഝണത്കാരൈസ്താരൈഃ പ്രതിവചനമാചഷ്ട ഇവ തേ 60**

അല്ലയോ ശർവാണി! അമൃതപ്രവാഹത്തിന്റെ മാധുര്യത്തെ അപഹരിക്കുന്നതായ സരസ്വതീ ദേവിയുടെ മധുരവചസ്സുകളെ കാതുകളാകുന്ന പാനപാത്രങ്ങളാൽ അവിരതം പാനം ചെയ്യുന്ന അവിടുന്ന് ആ വാക്ശ്വരിയെ അനുമോദിച്ചുകൊണ്ട് തലകുലുക്കുമ്പോൾ അതിനു മറുപടി പറയുന്നുവോ എന്നു തോന്നുമാറ് അവിടുത്തെ കുണ്ഡലങ്ങളും കിലുങ്ങി ത്സണത്ക്കാരം പുറപ്പെടുവിക്കുന്നു.

**അസൌ നാസാവംശസ്തുഹിനഗിരിവംശധ്വജപടി**
**ത്വദീയോ നേദീയഃ ഫലതു ഫലമസ്മാകമുചിതം,**
**വഹത്യന്തർമുക്താഃ ശിശിരകരനിശ്വാസഗലിതം**
**സമൃദ്ധ്യാ യത്താസാം ബഹിരപി ച മുക്താമണിധരഃ 61**

അല്ലയോ ഹിമവാന്റെ വംശത്തിന്റെ പതാകയായവളെ! അവിടുത്തെ ഈ നാസാദണ്ഡമാകുന്ന മുളന്തണ്ട് ഞങ്ങൾക്ക് ഉടനടി തന്നെ ഇഷ്ടഫലത്തെ നല്കട്ടെ. അവിടുത്തെ നാസികയാകുന്ന മുളന്തണ്ടിനുള്ളിൽ സമൃദ്ധമായുള്ള മുത്തുകളിൽ ശീതനിശ്വാസമേറ്റ്, അതിലൊരു മുത്ത് പുറത്തേയ്ക്ക് വഴുതിവന്ന് അവിടുത്തെ നാസാഭരണമായിത്തീർന്നിരിക്കുന്നു.

(ഇടതു നാസാദ്വാരത്തിലൂടെയുള്ള ശ്വാസോച്ഛ്വാസം ചന്ദ്രനാഡിയുടെ (ഇഡാനാഡി) നിയന്ത്രണത്തിലായതു കൊണ്ട് അത് ശീതമായിരിക്കും. ഈ ശീതനിശ്വാസത്തിനെയാണ് കവി ശിശിരകരനിശ്വാസം എന്നതു

കൊണ്ടുദ്ദേശിച്ചത്. ഒൻപതു തരം മുത്തുകളുണ്ടെന്ന് പുരാണങ്ങൾ പറയുന്നു. മുളന്തണ്ടിനകത്തു കാണപ്പെടുന്ന മുത്ത് അതിലൊന്നാണ്).

**പ്രകൃത്യാ//രക്തായാസ്തവ സുദതി ദന്തച്ഛദരുചേഃ**
**പ്രവക്ഷ്യേ സാദൃശ്യം ജനയതു ഫലം വിദ്രുമലതാ,**
**ന ബിംബം തദ്ബിംബപ്രതിഫലനരാഗാദരുണിതം**
**തുലാമധ്യാരോഢും കഥമിവ വിലജ്ജേത കലയാ 62**

അല്ലയോ സുന്ദരിയായ ദേവി! സ്വാഭാവികമായും ചുവന്നിരിക്കുന്ന അവിടുത്തെ ചുണ്ടുകളുടെ കാന്തിയ്ക്ക് ഏതിനോടാണ് സാദൃശ്യമെന്ന് ഞാൻ പറയട്ടെ. പവിഴക്കൊടിയിൽ ഒരു പഴമുണ്ടാവട്ടെ (എന്നാൽ അതിനെ അവിടുത്തെ ചുണ്ടുകളോടുപമിക്കാം). തൊണ്ടിപ്പഴത്തിന് എന്തായാലും അവിടുത്തെ ചുണ്ടുകളോട് സാദൃശ്യമില്ല. അവിടുത്തെ ചുണ്ടുകളുടെ പ്രതിഫലനത്താലുണ്ടായ ചുവപ്പുനിറത്തോടുകൂടിയ തൊണ്ടിപ്പഴം, അവിടുത്തെ ചുണ്ടുകളോടൊപ്പം അല്പം പോലും താരതമ്യം ചെയ്യപ്പെടുന്നതിന് എങ്ങനെ ലജ്ജിക്കാതിരിക്കും.

**സ്മിതജ്യോത്സ്നാജാലം തവ വദനചന്ദ്രസ്യ പിബതാം**
**ചകോരാണാമാസീദതിരസതയാ ചഞ്ചുജഡിമാ,**
**അതസ്തേ ശീതാംശോരമൃതലഹരീമാമ്ലരുചയഃ**
**പിബംതി സ്വച്ഛന്ദം നിശി നിശി ഭൃശം കാഞ്ജികധിയാ 63**

അല്ലയോ ദേവി! അവിടുത്തെ മുഖചന്ദ്രന്റെ മന്ദഹാസമാകുന്ന വെണ്ണിലാവുണ്ടിട്ട് ചകോരങ്ങളുടെ ചുണ്ടുകൾക്ക് രുചി നഷ്ടപ്പെട്ടുപോയി. അതുകൊണ്ട് അവ പുളിരസമുള്ളതെന്തെങ്കിലും ഭക്ഷിക്കുവാനാഗ്രഹിച്ച് രാത്രി തോറും ചന്ദ്രന്റെ അമൃതപ്രവാഹത്തെ കാടിയാണെന്നു കരുതി യഥേഷ്ടം പാനം ചെയ്യുന്നു.

**അവിശ്രാന്തം പത്യുര്ഗുണഗണകഥാമ്രേഡനജപാ**
**ജപാപുഷ്പച്ഛായാ തവ ജനനി ജിഹ്വാ ജയതി സാ,**
**യദഗ്രാസീനായാഃ സ്ഫടികദൃഷദച്ഛച്ഛവിമയീ**
**സരസ്വത്യാ മൂർതിഃ പരിണമതി മാണിക്യവപുഷാ 64**

അല്ലയോ ജനനി! അവിടുത്തെ പതിയുടെ ഗുണഗണങ്ങളെ സദാ പുകഴ്ത്തിക്കൊണ്ടിരിക്കുന്നതും, ചെമ്പരത്തിപ്പൂ പോലെ ചുവന്നിരിക്കുന്നതുമായ അവിടുത്തെ നാവ് എന്നും ജയിക്കട്ടെ. അവിടുത്തെ ആ നാവിന്റെ അഗ്രത്തിലിരിക്കുന്ന സരസ്വതീദേവിയുടെ സ്ഫടികം പോലെ അതിനിർമ്മലമായ ശരീരം മാണിക്യവർണ്ണമുള്ളതായിത്തീരുന്നു.

**രണേ ജിത്വാ ദൈത്യാനപഹൃതശിരസ്ത്രൈഃ കവചിഭിഃ**
**നിവൃത്തൈശ്ചണ്ഡാംശത്രിപുരഹരനിർമാല്യവിമുഖൈഃ,**
**വിശാഖേന്ദ്രോപേന്ദ്രൈഃ ശശിവിശദകർപൂരശകലാ**
**വിലീയന്തേ മാതസ്തവ വദനതാംബൂലകബലാഃ 65**

അല്ലയോ ജഗജ്ജനനി! യുദ്ധത്തിൽ അസുരന്മാരെ ജയിച്ചിട്ട് അവിടുത്തെ മുന്നിൽ വന്ന് ശിരോവസ്ത്രം അഴിച്ചുവെച്ച് കവചം മാത്രം ധരിച്ചിരിക്കുന്നവരും, ചണ്ഡൻ എന്ന ശിവപാർഷദന് അവകാശപ്പെട്ട ശിവ നിർമ്മാല്യത്തിൽ താല്പര്യമില്ലാത്തവരുമായ സുബ്രഹ്മ ണ്യൻ, ഇന്ദ്രൻ, വിഷ്ണു എന്നിവർ അവിടുന്ന് പ്രസാദിച്ചു കൊടുത്തതും അവിടുത്തെ ഉച്ഛിഷ്ടവുമായ കർപ്പൂര ശകലങ്ങളോടുകൂടിയ താംബൂലത്തെ അലിഞ്ഞുതീരുന്നതു വരെ ചവച്ചു ഭക്ഷിക്കുന്നു.

**വിപഞ്ച്യാ ഗായന്തീ വിവിധമപദാനം പശുപതേ-**
**സ്ത്വയാരബ്ധേ വക്തും ചലിതശിരസാ സാധുവചനേ,**
**തദീയൈർമാധുര്യൈരപലപിതതന്ത്രീകലരവാം**
**നിജാം വീണാം വാണീ നിചുലയതി ചോലേന നിഭൃതം 66**

അല്ലയോ ദേവി! പരമശിവന്റെ വിവിധങ്ങളായ അപദാനങ്ങളെ സരസ്വതീദേവി വീണവായിച്ചു പാടിപ്പുകഴ്ത്തുന്നതുകേട്ട് തലകുലുക്കിക്കൊണ്ട് അവിടുന്ന് അനുമോദിച്ച് പ്രശംസിക്കുമ്പോൾ അവിടുത്തെ വാങ്മാധുര്യത്താൽ പരിഹസിക്കപ്പെട്ട തന്ത്രീരവത്തോടു കൂടിയ തന്റെ വീണയെ സരസ്വതീദേവി മൂടുപടം കൊണ്ട് മൂടുന്നു.

**കരാഗ്രേണ സ്പൃഷ്ടം തുഹിനഗിരിണാ വത്സലതയാ**
**ഗിരിശേനോദസ്തം മുഹുരധരപാനാകുലതയാ,**

**കരഗ്രാഹ്യം ശംഭോർമുഖമുകുരവൃന്തം ഗിരിസുതേ**
**കഥംകാരം ബ്രൂമസ്തവ ചുബുകമൌപമ്യരഹിതം 67**

അല്ലയോ ഗിരിസുതേ! ഹിമവാൻ വാത്സല്യപൂർവ്വം കൈ കൊണ്ടു സ്പർശിച്ചിട്ടുള്ളതും, പരമശിവൻ അധരപാനം ചെയ്യുവാനാഗ്രഹിച്ചുകൊണ്ട് വീണ്ടും വീണ്ടും പിടിച്ചു യർത്തിയിട്ടുള്ളതും, അവിടുത്തെ മുഖമാകുന്ന കണ്ണാടിയുടെ പിടിയെന്ന പോലെ ശിവന് കൈകൾ കൊണ്ട് പിടിക്കു വാൻ കഴിയുന്നതും, അനുപമവുമായ അവിടുത്തെ ചിബുക ത്തെ ഞങ്ങൾ എങ്ങനെയാണ് വർണ്ണിക്കുന്നത്?
**ഭുജാശ്ലേഷാന്നിത്യം പുരദമയിതുഃ കണ്ടകവതീ**
**തവ ഗ്രീവാ ധത്തേ മുഖകമലനാലശ്രിയമിയം,**
**സ്വതഃ ശ്വേതാ കാലാഗരുബഹുലജംബാലമലിനാ**
**മൃണാലീലാലിത്യം വഹതി യദധോ ഹാരലതികാ 68**

അല്ലയോ ദേവി! പരമശിവന്റെ കരാശ്ലേഷത്തിനാൽ എന്നും രോമാഞ്ചമണിഞ്ഞിരിക്കുന്ന അവിടുത്തെ കണ്ഠം അവിടുത്തെ മുഖമാകുന്ന താമരയുടെ തണ്ടു പോലെ ശോഭിക്കുന്നു (രോമഹർഷം കാരണം എഴുന്നിരിക്കുന്ന കണ്ഠത്തിലെ രോമങ്ങളെ കവി താമരത്തണ്ടിലെ മുള്ളു കളോട് ഉപമിക്കുന്നു). എന്തെന്നാൽ അതിനു താഴെയുള്ള സ്വതവേ വെളുത്തിരിക്കുന്നതും മാറിൽ പുരട്ടിയ കാരകിൽ ചാറ് പുരണ്ടതുകാരണം കറുത്തിരിക്കുന്നതുമായ മുത്തുമാല താമരവലയം പോലെയും കാണപ്പെടുന്നു.

**ഗലേ രേഖാസ്തിസ്രോ ഗതിഗമകഗീതൈകനിപുണേ**
**വിവാഹവ്യാനദ്ധപ്രഗുണഗുണസംഖ്യാപ്രതിഭുവഃ,**
**വിരാജന്തേ നാനാവിധമധുരരാഗാകരഭുവാം**
**ത്രയാണാം ഗ്രാമാണാം സ്ഥിതിനിയമസീമാന ഇവ തേ 69**

ഗതി, ഗമകം, ഗീതം എന്നിവയിൽ നിപുണയായ അല്ലയോ ദേവി! പണ്ട് വിവാഹവേളയിൽ പരമശിവൻ അവിടുത്തെ കഴുത്തിൽ കെട്ടിയ ചരടുകളുടെ എണ്ണം സൂചിപ്പിക്കുവാനെന്ന പോലെ അവിടുത്തെ കഴുത്തിൽ കാണപ്പെടുന്ന മൂന്നു വരകൾ (ത്രിവലി), വിവിധങ്ങളായ മധുരരാഗങ്ങൾക്കു ജന്മമേകുന്ന സംഗീതഗ്രാമങ്ങളെ വേർതിരിക്കുന്ന മൂന്നു അതിർവരമ്പുകളെ പോലെ വിരാജിക്കുന്നു.

(ഉത്തരഭാരതത്തിൽ ചിലയിടത്ത് വിവാഹവേളയിൽ വരൻ വധുവിന്റെ കഴുത്തിൽ മൂന്നു ചരടുകൾ കെട്ടുന്ന പതിവുണ്ട്).

**മൃണാലീമൃദ്വീനാം തവ ഭുജലതാനാം ചതസൃണാം**
**ചതുർഭിഃ സൌന്ദര്യം സരസിജഭവഃ സ്തൌതി വദനൈഃ,**
**നഖേഭ്യഃ സംത്രസ്യൻ പ്രഥമമഥനാദന്ധകരിപോഃ**
**ചതുർണാം ശീർഷാണാം സമമഭയഹസ്താർപണധിയാ 70**

അല്ലയോ ദേവി! പണ്ട് പരമശിവൻ ബ്രഹ്മാവിന്റെ ഒരു ശിരസ്സ് പിച്ചിയെടുത്തതുകാരണം ശിവന്റെ നഖങ്ങ

ളോടുള്ള ഭയത്താൽ, തന്റെ നാലു ശിരസ്സുകളെയും അവിടുന്ന് (ദേവി) ഒരേ സമയം തന്നെ അഭയ ഹസ്തങ്ങളാൽ അനുഗ്രഹിക്കുമെന്ന് ആഗ്രഹിച്ചുകൊണ്ട്, താമരവളയം പോലെ അതിമൃദുവായിരിക്കുന്ന അവിടുത്തെ (ദേവിയുടെ) നാലു കൈകളുടെയും സൗന്ദര്യത്തെ, ബ്രഹ്മാവ് നാലുവക്ത്രങ്ങൾ കൊണ്ടും വാഴ്ത്തുന്നു.

**നഖാനാമുദ്യോതൈർനവനലിനരാഗം വിഹസതാം**
**കരാണാം തേ കാന്തിം കഥയ കഥയാമഃ കഥമുമേ,**
**കയാചിദ്വാ സാമ്യം ഭജതു കലയാ ഹന്ത കമലം**
**യദി ക്രീഡല്ലക്ഷ്മീചരണതലലാക്ഷാരസചണം** 71

അല്ലയോ ഉമേ! നഖങ്ങളുടെ കാന്തിയാൽ പ്രശോഭി ക്കുന്നതും, പുതുതായി വിടർന്ന താമരപ്പൂവിന്റെ ചുവപ്പു നിറത്തെ വെല്ലുന്ന നിറമുള്ളതുമായ അവിടുത്തെ കൈക ളുടെ സൗന്ദര്യത്തെ ഞങ്ങൾക്ക് എങ്ങനെ വർണ്ണിക്കുവാൻ കഴിയും? താമരപ്പൂവിൽ ക്രീഡിക്കുന്ന ലക്ഷ്മീദേവിയുടെ ചരണതലങ്ങളിൽ പുരട്ടിയിട്ടുള്ള ചെമ്പഞ്ഞിച്ചാറ് പൂവിൽ പറ്റുകയാണെങ്കിൽ, ഒരു പക്ഷേ താമരപ്പൂവിന് (അവിടു ത്തെ കരങ്ങളോട്) ചെറുതായ സാദൃശ്യം വന്നെന്നി രിക്കാം.

**സമം ദേവി സ്കന്ദദ്വിപവദനപീതം സ്തനയുഗം**
**തദേവം നഃ ഖേദം ഹരതു സതതം പ്രസ്നുതമുഖം,**

**യദാലോക്യാശങ്കാകുലിതഹൃദയോ ഹാസജനകഃ**
**സ്വകുംഭൌ ഹേരംബഃ പരിമൃശതി ഹസ്തേന ഝടിതി 72**

അല്ലയോ ദേവി! സുബ്രഹ്മണ്യനും ഗണപതിയും ഒരുമിച്ച് പാനം ചെയ്തിട്ടുള്ളതും, സദാ സ്തന്യം സ്രവിക്കുന്നതുമായ അവിടുത്തെ സ്തനയുഗം ഞങ്ങളുടെ ദുഃഖത്തെ ഇല്ലാതാക്കട്ടെ. ഈ സ്തനങ്ങളെ കണ്ടിട്ട് ഗജമുഖൻ (തന്റെ മസ്തകങ്ങളെ ദേവി അപഹരിച്ചുവോ എന്ന്) സംശയം പൂണ്ട് വ്യാകുലഹൃദയനായി പെട്ടെന്ന് തന്റെ മസ്തകങ്ങളെ കൈ കൊണ്ട് തൊട്ടുനോക്കി (തന്റെ മാതപിതാക്കളിലും മറ്റും) ഹാസം ഉളവാക്കുന്നു.

**അമൃ തേ വക്ഷോജാവമൃതരസമാണിക്യകുതുപൌ**
**ന സന്ദേഹസ്പന്ദോ നഗപതിപതാകേ മനസി,**
**പിബന്തൌ തൌ യസ്മാദവിദിതവധൂസംഗരസികൌ**
**കുമാരാവദ്യാപി ദ്വിരദവദനക്രൌഞ്ചദലനൌ 73**

അല്ലയോ ഹിമഗിരിയുടെ പതാകയായവളെ! അവിടുത്തെ ഈ സ്തനങ്ങൾ അമൃതത്തെ വഹിക്കുന്ന മാണിക്യ ത്തോൽക്കുടങ്ങളാണ് എന്നുള്ളതിൽ എന്റെ മനസ്സിൽ യാതൊരു സന്ദേഹവുമില്ല. എന്തെന്നാൽ അവയെ പാനം ചെയ്യുന്ന സുബ്രഹ്മണ്യനും ഗണേശനും ഇന്നും സ്ത്രീസംഗ രസമറിയാത്ത കുമാരന്മാരായിത്തന്നെ വർത്തിക്കുന്നു.

**വഹത്യംബ സ്തംബേരമദനുജകുംഭപ്രകൃതിഭിഃ**
**സമാരബ്ധാം മുക്താമണിഭിരമലാം ഹാരലതികാം,**

**കുചാഭോഗോ ബിംബാധരരുചിഭിരന്തഃ ശബലിതാം**
**പ്രതാപവ്യാമിശ്രാം പുരദമയിതുഃ കീര്ത്തിമിവ തേ  74**

അല്ലയോ ജനജ്ജനനി! (പരമശിവനാൽ വധിക്കപ്പെട്ട) ഗജാസുരന്റെ മസ്തകത്തിൽ നിന്നു ലഭിച്ച മുത്തുമണികളാൽ ഉണ്ടാക്കപ്പെട്ടതും, അവിടുത്തെ അധരബിംബങ്ങളുടെ കാന്തിയാലുണ്ടാകുന്ന വർണ്ണവൈവിധ്യത്തോടു കൂടിയതും, അവിടുത്തെ മാറിലിണിഞ്ഞിരിക്കുന്നതുമായ നിർമ്മലമായ മുത്തുമാല ത്രിപുരാന്തകന്റെ പ്രതാപത്തോട് (ശൗര്യത്തോട്) കലർന്ന അവിടുത്തെ കീർത്തിയോ എന്നു തോന്നിപ്പിക്കുന്നതാണ്.
(ഉത്തമഗജങ്ങളുടെ മസ്തകങ്ങളിൽ മുത്തുണ്ടെന്ന് ഒരു വിശ്വാസമുണ്ട്. ശൗര്യത്തിന് ചുവപ്പും, കീർത്തിയ്ക്ക് വെളുപ്പും പ്രതീകങ്ങളായി കവികൾ പ്രയോഗിക്കാറുണ്ട്. ദേവിയുടെ ചുവന്ന അധരകാന്തിയും മുത്തുമണികളുടെ ശുഭ്രവർണ്ണവും ചേർന്നുള്ള ഹാരത്തെ കവി പരമശിവന്റെ ശൗര്യവും കലർന്ന കീർത്തിയായി ഉത്പ്രേക്ഷിക്കുന്നു).

**തവ സ്തന്യം മന്യേ ധരണിധരകന്യേ ഹൃദയതഃ**
**പയഃ പാരാവാരഃ പരിവഹതി സാരസ്വതമിവ,**
**ദയാവത്യാ ദത്തം ദ്രവിഡശിശുരാസ്വാദ്യ തവ യത്**
**കവീനാം പ്രൌഢാനാമജനി കമനീയഃ കവയിതാ  75**

അല്ലയോ ഗിരിതനയേ! അവിടുത്തെ ഹൃദയത്തിൽ നിന്നും ഒഴുകുന്ന മുലപ്പാൽ സരസ്വതീമയമായ പാൽക്കടൽ

തന്നെയാണെന്ന് ഞാൻ കരുതുന്നു. എന്തെന്നാൽ ദയാമയിയായ അവിടുന്ന് നല്കിയ മുലപ്പാൽ ആസ്വദിച്ച ദ്രവിഡശിശു പ്രശസ്തരായ കവികളുടെയിടയിൽ ശ്രേഷ്ഠനായ കവിയായിത്തീർന്നു.

(ഇതിൽ പറഞ്ഞിരിക്കുന്ന ദ്രവിഡശിശു ആദിശങ്കരൻ തന്നെയാണെന്നും, അതല്ല തിരുജ്ഞാനസംബന്ധരാണെന്നു മറ്റും വ്യാഖ്യാതാക്കളുടെയിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്).

**ഹരക്രോധജ്വാലാവലിഭിരവലീഢേന വപുഷാ**
**ഗഭീരേ തേ നാഭീസരസി കൃതസംഗോ മനസിജഃ,**
**സമുത്തസ്ഥൌ തസ്മാദചലതനയേ ധൂമലതികാ**
**ജനസ്താം ജാനീതേ തവ ജനനി രോമാവലിരിതി** 76

അല്ലയോ ഹിമഗിരിസുതേ! പരമശിവന്റെ ക്രോധാഗ്നി ജ്വാലയിൽ വെന്ത ശരീരത്തോടെ കാമദേവൻ അവിടുത്തെ ആഴമേറിയ നാഭിയാകുന്ന സരസ്സിൽ വന്നു മുങ്ങിയപ്പോൾ, അതിൽ നിന്നുയർന്ന ചെറുവള്ളി പോലെയുള്ള പുകക്കൂട്ടത്തിനെ ലോകർ അവിടുത്തെ രോമാവലി എന്നു ഭാവിക്കുന്നു.

**യദേതത്കാലിന്ദീതനുതരതരംഗാകൃതി ശിവേ**
**കൃശേ മധ്യേ കിഞ്ചിജ്ജനനി തവ യദ്ഭാതി സുധിയാം,**
**വിമർദാന്യോന്യം കുചകലശയോരന്തരഗതം**

**തന്വൃഭ്രതം വ്യോമ പ്രവിശദിവ നാഭിം കുഹരിണീം 77**

അല്ലയോ ശിവേ! കാളിന്ദീനദിയുടെ കല്ലോലകം (ചെറുതിരമാല) പോലെയുള്ള യാതൊന്ന് (രോമാവലി) അവിടുത്തെ കൃശതരമായ ഉദരഭാഗത്ത് സജ്ജനങ്ങൾക്ക് കാണപ്പെടുന്നുവോ, അത് അവിടുത്തെ കുചകലശങ്ങളുടെ പരസ്പരമുള്ള ഞെരുക്കം കൊണ്ട് അവയ്ക്കിടയിലുള്ള ആകാശം നേർമ്മയുള്ളതായിത്തീർന്ന് നാഭീഗുഹയിൽ പ്രവേശിക്കുന്നതാണെന്നു തോന്നുന്നു.

**സ്ഥിരോ ഗംഗാവ ർതഃ സ്തനമുകുലരോമാവലിലതാ**
**കലാവാലം കുണ്ഡം കുസുമശരതേജോഹുതഭുജഃ,**
**രതേർലീലാഗാരം കിമപി തവ നാഭിർഗിരിസുതേ**
**ബിലദ്വാരം സിദ്ധേര്ഗിരിശ നയനാനാം വിജയതേ 78**

അല്ലയോ ഹിമഗിരിതനയേ! അവിടുത്തെ നാഭി ഗംഗാനദിയിലെ സ്ഥിരമായ ചുഴിയായും, സ്തനങ്ങളാകുന്ന രണ്ടുമൊട്ടുകളുള്ള വള്ളിയാകുന്ന അവിടുത്തെ രോമാവലി യ്ക്കുള്ള തടമായും, കാമദേവന്റെ തേജസ്സാകുന്ന അഗ്നിയ്ക്ക് കുണ്ഡമായും, രതീദേവിയുടെ കേളീഗൃഹമായും, പരമശിവ ന്റെ മിഴികൾക്ക് തപസ്സിദ്ധിയ്ക്കുള്ള ഗുഹാദ്വാരം പോലെയും വിജയിക്കുന്നു.

**നിസർഗക്ഷീണസ്യ സ്തനതടഭരേണ ക്ലമജുഷോ**
**നമന്മൂർതേർനാരീതിലക ശനകൈസ്ത്രുട്യത ഇവ,**

**ചിരം തേ മധ്യസ്യ ത്രുടിതതടിനീതീരതരുണാ**
**സമാവസ്ഥാസ്ഥേമ്നോ ഭവതു കുശലം ശൈലതനയേ 79**

അല്ലയോ നാരീരത്നമായ ശൈലതനയേ! സ്വതവേ മെലിഞ്ഞിരിക്കുന്നതും, സ്തനഭാരം കൊണ്ട് ക്ഷീണിച്ചതും, മുൻപോട്ടു കുനിഞ്ഞതും, പതുക്കെ ഒടിഞ്ഞുപോകുമോ എന്നു തോന്നിപ്പിക്കുന്നതും, കരയിടിഞ്ഞ നദിക്കരയിൽ നിൽക്കുന്ന വൃക്ഷത്തോളം സ്ഥിരതയുള്ളതുമായ അവിടു ത്തെ മദ്ധ്യഭാഗത്തിന് മേന്മേൽ കുശലം ഭവിക്കട്ടെ.

**കുചൌ സദ്യഃസ്വിദ്യത്തടഘടിതകൂർപാസഭിദുരൌ**
**കഷന്തൗ ദോർമൂലേ കനകകലശാഭൌ കലയതാ,**
**തവ ത്രാതും ഭംഗാദലമിതി വലഗ്നം തനുഭുവാ**
**ത്രിധാ നദ്ധം ദേവി ത്രിവലി ലവലീവല്ലിഭിരിവ 80**

അല്ലയോ ദേവി! അപ്പപ്പോൾ വിയർക്കുന്ന മാർത്തടത്തിൽ കെട്ടപ്പെട്ട സ്തനവസ്ത്രത്തെ പിളർക്കുന്നവയും, കക്ഷം വരെ യെത്തുന്നവയും, സ്വർണ്ണകലശങ്ങൾ പോലെ ശോഭിക്കുന്ന വയുമായ അവിടുത്തെ സ്തനങ്ങളെ കല്പിച്ച കാമദേവൻ, (സ്തനഭാരത്താൽ) അവിടുത്തെ കൃശമായ മദ്ധ്യദേശം ഒടിഞ്ഞുപോകാതെ രക്ഷിക്കുന്നതിനായി ത്രിവലിക ളാകുന്ന ലവലീവല്ലികൊണ്ട് മൂന്നു വട്ടം ചുറ്റിക്കെട്ടിയിരി ക്കുന്നുവോ എന്നു തോന്നുന്നു.

**ഗുരുത്വം വിസ്താരം ക്ഷിതിധരപതിഃ പാർവ്വതി നിജാത്**
**നിതംബാദാച്ഛിദ്യ ത്വയി ഹരണരൂപേണ നിദധേ,**
**അതസ്തേ വിസ്തീർണോ ഗുരുരയമശേഷാം വസുമതീം**
**നിതംബ പ്രാഗ്ഭാരഃ സ്ഥഗയതി ലഘുത്വം നയതി ച 81**

അല്ലയോ പാർവ്വതീ ദേവി! (അവിടുത്തെ വിവാഹവേളയിൽ) പിതാവായ ഹിമവാൻ സ്വന്തം നിതംബത്തിൽ നിന്ന് ഗുരുത്വവും, വിസ്താരവുമുള്ള ഒരു ഭാഗം അവിടുത്തേയ്ക്ക് വിവാഹസമ്മാനമായി നൽകുകയുണ്ടായി. അതുകൊണ്ട് തന്നെ അവിടുത്തെ നിതംബബിംബങ്ങൾ ഭാരവും വിസ്തൃതവുമേറിയവയായി ഈ ഭൂമിയെ ആസകലം മറയ്ക്കുകയും, വെല്ലുകയും ചെയ്യുന്നു.

**കരീന്ദ്രാണാം ശുണ്ഡാൻ കനകകദലീകാണ്ഡപടലീം**
**ഉഭാഭ്യാമൂരുഭ്യാമുഭയമപി നിര്ജിത്യ ഭവതി,**
**സുവൃത്താഭ്യാം പത്യുഃ പ്രണതി കഠിനാഭ്യാം ഗിരിസുതേ**
**വിധിജ്ഞേ ജാനുഭ്യാം വിബുധകരികുംഭദ്വയമസി 82**

അല്ലയോ ഹിമഗിരിതനയേ! കർത്തവ്യജ്ഞയായ ദേവി! അവിടുത്തെ തുടകളാൽ ഗജശ്രേഷ്ഠന്മാരുടെ തുമ്പിക്കൈകളെയും, സ്വർണ്ണമയമായ വാഴത്തണ്ടുകളെയും വിജയിച്ചിട്ട്, എന്നും പതിയുടെ മുമ്പിൽ നമസ്കരിക്കുന്നതുമൂലം കഠിനമായവയും, വൃത്താകാരമുള്ളവയുമായ കാൽമുട്ടുകളാൽ ഐരാവതത്തിന്റെ മസ്തകങ്ങളെയും വെല്ലുന്നു.

**പരാജേതും രുദ്രം ദ്വിഗുണശരഗർഭൗ ഗിരിസുതേ**
**നിഷംഗൌ ജംഘേ തേ വിഷമവിശിഖോ ബാഢമകൃത,**
**യദഗ്രേ ദൃശ്യന്തേ ദശശരഫലാഃ പാദയുഗലീ-**
**നഖാഗ്രച്ഛദ്മാനഃ സുരമകുടശാണൈകനിശിതാഃ 83**

അല്ലയോ ഗിരിസുതേ! രുദ്രനെ പരാജയപ്പെടുത്തുവാനായി കാമൻ തന്റെ ബാണങ്ങളെ ഇരട്ടിപ്പിച്ച് നിറച്ചുവെച്ച ആവനാഴികളായി അവിടുത്തെ മുഴങ്കാലുകളെ നിർമ്മിച്ചു വെന്നത് നിശ്ചയമാണ്. എന്തെന്നാൽ അവയുടെ അഗ്ര ഭാഗത്ത് അവിടുത്തെ കാൽനഖങ്ങളുടെ അഗ്രങ്ങളെന്ന വ്യാജേന, ദേവന്മാരുടെ കിരീടങ്ങളാകുന്ന ചാണക്കല്ലുകളി ലുരച്ച് മൂർച്ചകൂട്ടിയ പത്തു ശരങ്ങളുടെ അഗ്രങ്ങൾ കാണ പ്പെടുന്നു.

**ശ്രുതീനാം മൂർധാനോ ദധതി തവ യൌ ശേഖരതയാ**
**മമാപ്യേതൌ മാതഃ ശിരസി ദയയാ ധേഹി ചരണൌ,**
**യയോഃ പാദ്യം പാഥഃ പശുപതിജടാജൂടതടിനീ**
**യയോർലാക്ഷാലക്ഷ്മീരരുണഹരിചൂഡാമണിരുചിഃ 84**

അല്ലയോ ജഗന്മാതാവേ! യാതൊന്നിനെ ഉപനിഷത്തു ക്കൾ ശിരോഭൂഷണങ്ങളായി തലയിലേറ്റുന്നുവോ, യാതൊ ന്നിന് പരമശിവന്റെ ജടയിൽ തങ്ങുന്ന ഗംഗാനദി പാദപൂജയ്ക്കുള്ള ജലമായും, മഹാവിഷ്ണുവിന്റെ കിരീടത്തിലെ രത്നങ്ങളുടെ കാന്തി ചെമ്പഞ്ഞിച്ചാറായും വർത്തിക്കു ന്നുവോ അങ്ങനെയുള്ള അവിടുത്തെ ഈ ചരണങ്ങൾ

അവിടുന്ന് ദയാപൂർവ്വം എന്റെയും ശിരസ്സിൽ വെയ്ക്കേണമേ.

(പരമശിവൻ പ്രണയകോപശാന്തിയ്ക്കായി ദേവിയുടെ പാദങ്ങളെ വണങ്ങുമ്പോൾ ഗംഗാജലം ദേവിയുടെ ചരണങ്ങളിൽ പതിച്ച് അവയുടെ പാദ്യജലമായി ത്തീരുന്നു. മഹാവിഷ്ണു നിത്യവും ദേവിയെ പ്രണമി ക്കുമ്പോൾ കിരീടത്തിലെ രത്നങ്ങളുടെ കാന്തി ദേവിയുടെ പാദങ്ങളിൽ പുരട്ടുന്ന ചെമ്പഞ്ഞിച്ചാറായും ഭവിക്കുന്നു).

**നമോവാകം ബ്രൂമോ നയനരമണീയായ പദയോഃ**
**തവാസ്മൈ ദ്വന്ദ്വായ സ്ഫുടരുചിരസാലക്തകവതേ,**
**അസൂയത്യത്യന്തം യദഭിഹനനായ സ്പൃഹയതേ**
**പശൂനാമീശാനഃ പ്രമദവനകങ്കേലിതരവേ 85**

അല്ലയോ ദേവി! കണ്ണുകൾക്കാനന്ദം നൽകുന്നവയും, അത്യന്തം ശോഭയുള്ള ചെമ്പഞ്ഞിച്ചാറ് പുരണ്ടവയുമായ അവിടുത്തെ ഈ തൃപ്പാദങ്ങളിൽ ഞങ്ങൾ പ്രണാമ മർപ്പിക്കട്ടെ. ഇവയുടെ (തൃപ്പാദങ്ങൾ കൊണ്ടുള്ള) താഡനത്തെ കാംക്ഷിക്കുന്നതായ ക്രീഡോദ്യാനത്തിലെ അശോകവൃക്ഷത്തിനെ പരമശിവൻ അത്യന്തം അസൂയ പ്പെടുന്നു.

(സുന്ദരീരത്നങ്ങളുടെ കാൽചവിട്ടേറ്റാൽ മാത്രമേ അശോക വൃക്ഷം പൂക്കുകയുള്ളൂ എന്നൊരു വിശ്വാസമുണ്ട്).

**മൃഷാ കൃത്വാ ഗോത്രസ്ഖലനമഥ വൈലക്ഷ്യനമിതം**
**ലലാടേ ഭർതാരം ചരണകമലേ താഡയതി തേ,**
**ചിരാദന്തഃ ശല്യം ദഹനകൃതമുന്മൂലിതവതാ**
**തുലാകോടിക്വാണൈഃ കിലികിലിതമീശാനരിപുണാ 86**

അല്ലയോ ദേവി! പെട്ടെന്ന് അവിടുത്തെ തെറ്റായ പേരുകൊണ്ട് (സപത്നിയുടെ പേരുകൊണ്ട്) വിളിച്ചതു മൂലം ഇതികർത്തവ്യതാമൂഢനായി തലകുനിച്ച നിന്ന പരമശിവനെ അവിടുന്ന് (പ്രണയകോപത്താൽ) പദകമലങ്ങൾ കൊണ്ട് നെറ്റിയിൽ ചവിട്ടിയപ്പോൾ കാൽച്ചിലങ്കകൾ പുറപ്പെടുവിച്ച കിലികിലി ശബ്ദത്തിലൂടെ, പണ്ടുതന്നെ ദഹിപ്പിച്ചതുമൂലം ചിരകാലമായി മനസ്സിലുണ്ടായിരുന്ന വൈരത്തെ തീർത്തുകൊണ്ട് പരമശിവന്റെ ശത്രുവായ കാമദേവൻ ജയജയാരവം മുഴക്കി.

(മുൻ ശ്ലോകത്തിൽ സൂചിപ്പിച്ചതുപോലെ ദേവിയുടെ പാദതാഡനമേൽക്കാൻ കൊതിച്ചിരുന്ന പരമശിവൻ ദേവിയെ പ്രകോപിപ്പിക്കാനായി ദേവിയെ സപത്നിയുടെ (ഗംഗാദേവിയുടെ) പേരു പറഞ്ഞ് വിളിച്ചതാണെന്ന് താത്പര്യം).

**ഹിമാനീഹന്തവ്യം ഹിമഗിരിനിവാസൈകചതുരൌ**
**നിശായാം നിദ്രാണം നിശി ചരമഭാഗേ ച വിശദൌ,**
**വരം ലക്ഷ്മീപാത്രം ശ്രിയമതിസൃജന്തൌ സമയിനാം**
**സരോജം ത്വത്പാദൌ ജനനി ജയതശ്ചിത്രമിഹ കിം 87**

അല്ലയോ ജഗജ്ജനനി! സദാ ഹിമഗിരിയിൽ തന്നെ വസിക്കുന്നവയും, പകലും രാത്രിയും പ്രസന്നങ്ങളായിരിക്കുന്നവയും, ഭക്തന്മാർക്ക് ലക്ഷ്മിയെക്കൊടുക്കുന്നവയുമായ അവിടുത്തെ തൃപ്പാദങ്ങൾ മഞ്ഞുകൊണ്ട് വാടുന്നതും, രാത്രിയിൽ കൂമ്പുന്നതും, ലക്ഷ്മിയുടെ ഇഷ്ടവാസസ്ഥലവുമായ താമരപ്പൂവിനെ വെല്ലുന്നതിൽ എന്താണതിശയം?

(താമരപ്പൂ ലക്ഷ്മീദേവിയെ തന്നുള്ളിൽ മാത്രം വെയ്ക്കുമ്പോൾ, ദേവിയുടെ തൃപ്പാദങ്ങൾ അനുനിമിഷം ലക്ഷ്മിയെ ഭക്തർക്ക് വിതരണം ചെയ്യുന്നുവെന്നും അതുകൊണ്ട് തന്നെ അവ താമരപ്പൂവിനെ വെല്ലുന്നുവെന്നും താത്പര്യം).

**പദം തേ കീർതീനാം പ്രപദമപദം ദേവി വിപദാം**
**കഥം നീതം സദ്ഭിഃ കഠിനകമഠീകർപരതുലാം,**
**കഥം വാ ബാഹുഭ്യാമുപയമനകാലേ പുരഭിദാ**
**യദാദായ ന്യസ്തം ദൃഷദി ദയമാനേന മനസാ 88**

അല്ലയോ ദേവി! എല്ലാവിധ ആപത്തുക്കളെയും നീക്കുന്നതും, അതുകൊണ്ട് തന്നെ കീർത്തിയുടെ ഇരിപ്പിടവുമായ അവിടുത്തെ പുറങ്കാലുകളെ സത്കവികൾ എങ്ങനെയാണ് കഠിനമായ ആമത്തോടിനോട് ഉപമിച്ചത്? അതുപോലെ തന്നെ വിവാഹവേളയിൽ അവിടുത്തെ ചരണങ്ങൾ ദയാമയനായ പരമശിവനാൽ കഠിനമായ പാറയിൽ വെയ്ക്കപ്പെട്ടതെങ്ങനെ?

(അത്യന്തം മൃദുവായ ദേവിയുടെ പാദങ്ങളെ കവികൾ ആമയുടെ പൃഷ്ഠത്തിനോടുപമിക്കുന്നതിലും, പരമശിവൻ അവയെ കഠിനമായ ശിലയിൽ വെച്ചതിലും അനൗചിത്യമുണ്ടെന്ന് താത്പര്യം. വിവാഹസമയത്ത് വരൻ വധുവിന്റെ പാദങ്ങളെ ശിലയിൽ വെയ്ക്കുന്ന ഒരു ചടങ്ങുണ്ട്).

**നഖൈർനാകസ്ത്രീണാം കരകമലസങ്കോചശശിഭിഃ**
**തരൂണാം ദിവ്യാനാം ഹസത ഇവ തേ ചണ്ഡി ചരണൌ,**
**ഫലാനി സ്വഃസ്ഥേഭ്യഃ കിസലയകരാഗ്രേണ ദദതാം**
**ദരിദ്രേഭ്യോ ഭദ്രാം ശ്രിയമനിശമഹ്നായ ദദതൌ 89**

അല്ലയോ ചണ്ഡീദേവി! ദരിദ്രന്മാർക്ക് എന്നും സകലവിധസമ്പത്തുക്കളെയും വേഗം തന്നെ നൽകുന്നവയായ അവിടുത്തെ പദതളിരുകൾ, ദേവസ്ത്രീകളുടെ കൈകളാകുന്ന താമരകളെ സങ്കോചിപ്പിക്കുന്ന കാൽനഖങ്ങളാകുന്ന ചന്ദ്രികയാൽ, കരതളിരുകൾ കൊണ്ട് സ്വർഗ്ഗവാസികൾക്കു മാത്രം ഇഷ്ടഫലത്തെ നൽകുന്ന കൽപകവൃക്ഷങ്ങളെ പരിഹസിക്കുന്നുവോ എന്നു തോന്നുന്നു.

(ദേവസ്ത്രീകൾ ദേവീചരണങ്ങളിൽ നമസ്കരിച്ച് കൈ കൂപ്പുമ്പോൾ അവരുടെ കൈപ്പത്തികളാകുന്ന താമരപ്പൂക്കൾ നഖചന്ദ്രികയിൽ കൂമ്പിപ്പോകുന്നതായി കവി ഭാവന ചെയ്യുന്നു).

**ദദാനേ ദീനേഭ്യഃ ശ്രിയമനിശമാശാനുസദൃശീം**
**അമന്ദം സൌന്ദര്യപ്രകരമകരന്ദം വികിരതി,**
**തവാസ്മിന്മന്ദാരസ്തബകസുഭഗേ യാതു ചരണേ**
**നിമജ്ജന്മജ്ജീവഃ കരണചരണഃ ഷട്ചരണതാം 90**

അല്ലയോ ദേവി! ദരിദ്രന്മാർക്ക് എന്നും ഇഷ്ടാനുസരണം ഐശ്വര്യത്തെക്കൊടുക്കുന്നവയും, ധാരാളമായുള്ള സൗന്ദര്യ പ്രകർഷമാകുന്ന പൂന്തേൻ ഒഴുക്കുന്ന മനോഹരമായ കല്പക വൃക്ഷപ്പൂങ്കുല പോലെയുള്ള അവിടുത്തെ ഈ ചരണങ്ങളിൽ മനസ്സും, പഞ്ചേന്ദ്രിയങ്ങളുമാകുന്ന ആറു ചരണങ്ങളുള്ള എന്റെ ജീവൻ ആഴ്ന്നിറങ്ങിയിട്ട് ഷട്പദമായിത്തീരട്ടെ.

(ആറു ചരണങ്ങളുള്ള തന്റെ ജീവൻ ദേവിയുടെ തൃപ്പാദങ്ങളാകുന്ന കല്പകപ്പൂങ്കുലയിലെ ദിവ്യസൗന്ദര്യ മാകുന്ന പൂന്തേനുണ്ണുന്ന വണ്ടായിത്തീരട്ടെ എന്നു കവി പ്രാർത്ഥിക്കുന്നു).

**പദന്യാസക്രീഡാപരിചയമിവാരബ്ധുമനസഃ**
**സ്ഖലന്തസ്തേ ഖേലം ഭവനകലഹംസാ ന ജഹതി,**
**അതസ്തേഷാം ശിക്ഷാം സുഭഗമണിമഞ്ജീരരണിത-**
**ച്ഛലാദാചക്ഷാണം ചരണകമലം ചാരുചരിതേ 91**

അല്ലയോ ശോഭനഗമനേ (സുന്ദരമായി സഞ്ചരിക്കുന്ന വളെ)! അവിടുത്തെപ്പോലെ നടക്കുവാനായി പരിശീലി ക്കുവാൻ തുടങ്ങുന്നവരും, അവിടുത്തെ ഗൃഹത്തിൽ

വളരുന്നവരുമായ ഈ അരയന്നങ്ങൾ (അവയുടെ നട) തെല്ലൊന്ന് തെറ്റിയാലും അവിടുത്തെ വിലാസഗമനത്തെ അനുഗമിക്കുന്നത് വേണ്ടെന്നു വെയ്ക്കുന്നില്ല. അതുകൊണ്ട് അവിടുത്തെ ചരണകമലങ്ങൾ മനോഹരങ്ങളായ രത്നങ്ങളാൽ നിർമ്മിക്കപ്പെട്ട പാദസരങ്ങൾ കിലുങ്ങു മ്പോഴുണ്ടാകുന്ന മഞ്ജുസ്വരമെന്ന വ്യാജേന ഈ അരയന്നങ്ങളെ (വിലാസഗമനം ചെയ്യുന്നതെങ്ങനെ യെന്ന്) ഉപദേശിക്കുന്നു.

**ഗതാസ്തേ മഞ്ചത്വം ദ്രുഹിണഹരിരുദ്രേശ്വരഭൃതഃ**
**ശിവഃ സ്വച്ഛച്ഛായാഘടിതകപടപ്രച്ഛദപടഃ,**
**ത്വദീയാനാം ഭാസാം പ്രതിഫലനരാഗാരുണതയാ**
**ശരീരീ ശൃംഗാരോ രസ ഇവ ദൃശാം ദോഗ്ധി കുതുകം 92**

അല്ലയോ ദേവി! ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, ഈശ്വരൻ എന്നിവർ അവിടുത്തെ കട്ടിലിന്റെ നാലുകാലുകളായി ത്തീർന്ന് അവിടുത്തെ സേവിക്കുന്നു. ശിവനാകട്ടെ, തൂവെള്ളനിറമുള്ള വിരിപ്പായിത്തീർന്ന് അവിടുത്തെ അരുണകാന്തി പ്രതിഫലിച്ച് രക്തവർണ്ണം പൂണ്ട് ശൃംഗാരരസം ശരീമെടുത്തതു പോലെയായി അവിടുത്തെ കണ്ണുകൾക്ക് കൗതുകമേകുന്നു.

**അരാലാ കേശേഷു പ്രകൃതിസരലാ മന്ദഹസിതേ**
**ശിരീഷാഭാ ചിത്തേ ദൃഷദുപലശോഭാ കുചതടേ,**

**ഭൃശം തന്വീ മധ്യേ പൃഥുരുരസിജാരോഹവിഷയേ**
**ജഗത്ത്രാതും ശംഭോര്ജയതി കരുണാ കാചിദരുണാ 93**

അല്ലയോ ദേവി! ചുരുണ്ട കാർകുന്തലും, സ്വതവേ സരള മായ മന്ദഹാസവും, നെൻമേനി വാകപ്പൂവിന്റെ മാർദ്ദവം ചിത്തവും, ശില പോലെ കഠിനമായ മാർത്തടവും, ഇടുങ്ങിയ അരക്കെട്ടും, വിരിഞ്ഞ മാറും, നിതംബങ്ങളുമുള്ള ശംഭുവിന്റെ ഏതോ ഒരു അരുണവർണ്ണമാർന്ന കരുണാ ശക്തി ജഗത്തിനെ രക്ഷിക്കുവാനായി വിജയിച്ചരുളുന്നു.

**കലങ്കഃ കസ്തൂരീ രജനികരബിംബം ജലമയം**
**കലാഭിഃ കർപൂരൈർമരകതകരണ്ഡം നിബിഡിതം,**
**അതസ്ത്വദ്ഭോഗേന പ്രതിദിനമിദം രിക്തകുഹരം**
**വിധിർഭൂയോ ഭൂയോ നിബിഡയതി നൂനം തവ കൃതേ 94**

അല്ലയോ ദേവി! ചന്ദ്രന്റെ കളങ്കം കസ്തൂരിയും, ചന്ദ്രന്റെ ജലമയമായ ബിംബം കലകളാകുന്ന കർപ്പൂരക്കഷ്ണങ്ങൾ കൊണ്ടു നിറയ്ക്കപ്പെട്ട മരതകനിർമ്മിതമായ പെട്ടിയുമാകുന്നു. അവിടുന്ന് ദിവസവും ഈ അലങ്കാരവസ്തുക്കളെ ഉപയോഗിച്ച് പാത്രം ഒഴിയുന്നതനുസരിച്ച് ബ്രഹ്മാവ് അതിനെ വീണ്ടും അവിടുത്തേയ്ക്കായി നിറയ്ക്കുന്നു.

(ദേവിയ്ക്കായി ബ്രഹ്മാവ് വിലാസദ്രവ്യങ്ങളെ നിറച്ചുവെച്ച ഒരു മരതകപ്പെട്ടിയായി ചന്ദ്രബിംബത്തെ കവി ഭാവന ചെയ്യുന്നു).

**പുരാരാതേരന്തഃ പുരമസി തതസ്ത്വച്ചരണയോഃ**
**സപര്യാമര്യാദാ തരലകരണാനാമസുലഭാ,**
**തഥാ ഹ്യേതേ നീതാഃ ശതമഖമുഖാഃ സിദ്ധിമതുലാം**
**തവ ദ്വാരോപാന്തസ്ഥിതിഭിരണിമാദ്യാഭിരമരാഃ 95**

അല്ലയോ ദേവി! അവിടുന്ന് ത്രിപുരാന്തകനായ ശിവന്റെ അന്തഃപുരസ്ത്രീയായതുകൊണ്ട് അവിടുത്തെ ചരണങ്ങളുടെ പൂജാവിധികൾ ചഞ്ചലമനസ്കർക്ക് സുകരമല്ല. അതു കൊണ്ടുതന്നെയാണ് ഇന്ദ്രാദി ദേവന്മാർ അവിടുത്തെ ദ്വാരപാലികകളായിരിക്കുന്ന അണിമാദികളോടുകൂടി അനന്തമങ്ങളായ സിദ്ധികളെ പ്രാപിച്ചിട്ടുള്ളത്.

(സാധാരണയായി ചഞ്ചലചിത്തന്മാരെ അന്തഃപുരത്തിൽ പ്രവേശിപ്പിക്കുകയില്ല. അവർക്ക് വാതിൽക്കൽ വരെ ചെല്ലുവാനേ അനുമതിയുള്ളൂ. അതുപോലെ ചഞ്ചല ചിത്തരായ സാധകന്മാർക്കും - അവർ ഇന്ദ്രാദി ദേവന്മാരാ യാലും - ദേവിയുടെ അന്തഃപുരവാതിൽക്കൽ വരെ മാത്രമേ എത്തുവാൻ കഴിയുകയുള്ളൂ. അവിടെ കാവൽ നിൽക്കുന്ന അണിമാദി സിദ്ധികളോടൊപ്പം അനേകം സിദ്ധികൾ ചിലപ്പോൾ അവർക്ക് ലഭിച്ചെന്നിരിക്കാം. നിർമ്മല ചിത്തന്മാരായ സമയികൾ - ഉത്തമസാധകർ - മാത്രമാണ് ദേവീചരണങ്ങളുടെ പൂജാ വിധിപ്രകാരമനുഷ്ഠിച്ച് തത്സ വിധത്തിലെത്തിച്ചേരുന്നത്. ജിതേന്ദ്രിയന്മാർക്ക് മാത്രമേ ദേവ്യാരാധനയ്ക്ക് യോഗ്യതയുള്ളൂ എന്ന് താത്പര്യം).

**കലത്രം വൈധാത്രം കതികതി ഭജന്തേ ന കവയഃ**
**ശ്രിയോ ദേവ്യാഃ കോ വാ ന ഭവതി പതിഃ കൈരപി ധനൈഃ,**
**മഹാദേവം ഹിത്വാ തവ സതി സതീനാമചരമേ**
**കുചാഭ്യാമാസംഗഃ കുരവകതരോരപ്യസുലഭഃ 96**

അല്ലയോ പതിവ്രതയായ ദേവി! ബ്രഹ്മാവിന്റെ പത്നിയും വിദ്യാദേവതയുമായ സരസ്വതിയ്ക്ക് എത്രയോ കവികൾ സ്വാമിമാരാകുന്നു. വിഷ്ണുപത്നിയും ഐശ്വര്യദേവതയുമായ ലക്ഷ്മീദേവിയ്ക്കും എത്രയോ ധനികന്മാർ സ്വാമിമാരായി ത്തീരുന്നു. എന്നാൽ പതിവ്രതമാരിൽ അഗ്രഗണ്യയായ അവിടുത്തെ മാറോട് ചേർന്നുള്ള ആലിംഗനം അവിടുത്തെ പതിയായ ശിവനല്ലാതെ ചെങ്കുറുഞ്ഞിമരത്തിനുപോലും സുലഭമല്ല.

(വസന്തകാലത്ത് ചെങ്കുറുഞ്ഞിമരത്തിനെ സുന്ദരിമാർ ആശ്ലേഷിച്ചാൽ അത് പൂക്കും എന്നൊരു വിശ്വാസമുണ്ട്. പാർവ്വതീദേവി പതിവ്രതാഗ്രഗണ്യയായതിനാൽ സ്വന്തം ഭർത്താവിനെയല്ലാതെ ഒരു മരത്തിനെപ്പോലും ആശ്ലേഷി ക്കുകയില്ല എന്നു താത്പര്യം. ശ്രേഷ്ഠകവികളെ സരസ്വതീവല്ലഭന്മാരെന്നും, വലിയ ധനികന്മാരെ ലക്ഷ്മീപതിമാരെന്നും വിളിക്കുന്ന പതിവിനെ കണക്കി ലെടുത്ത് കവി ലക്ഷ്മീസരസ്വതിമാരുടെ പാതിവ്രത്യത്തിൽ ന്യൂനത കല്പിക്കുന്നു).

**ഗിരാമാഹുർദേവീം ദ്രുഹിണഗൃഹിണീമാഗമവിദോ
ഹരേഃ പത്നീം പദ്മാം ഹരസഹചരീമദ്രിതനയാം,
തുരീയാ കാപി ത്വം ദുരധിഗമനിഃസീമമഹിമാ
മഹാമായാ വിശ്വം ഭ്രമയസി പരബ്രഹ്മമഹിഷി 97**

അല്ലയോ പരബ്രഹ്മമായ ശിവന്റെ പട്ടമഹിഷിയായവളെ! വേദതത്വജ്ഞന്മാർ നിന്തിരുവടിയെത്തന്നെ ബ്രഹ്മാവിന്റെ പത്നിയായ സരസ്വതിയെന്നും, വിഷ്ണുപത്നിയായ ലക്ഷ്മിയെന്നും, ശിവപത്നിയായ പാർവ്വതിയെന്നും വിളിക്കുന്നു. എന്നാൽ അവിടുന്ന് ആരാലും അറിയപ്പെടാത്ത അപാരമാഹാത്മ്യത്തോടുകൂടിയവളും, നാലാമതുമായ മഹാമായയായിരുന്ന് വിശ്വത്തെ ഭ്രമിപ്പിക്കുന്നു.

**കദാ കാലേ മാതഃ കഥയ കലിതാലക്തകരസം
പിബേയം വിദ്യാർഥീ തവ ചരണ നിർണേജനജലം,
പ്രകൃത്യാ മൂകാനാമപി ച കവിതാകാരണതയാ
കദാ ധത്തേ വാണീമുഖകമലതാംബൂലരസതാം 98**

അല്ലയോ ജഗന്മാതേ! ചെമ്പഞ്ഞിച്ചാറു കലർന്ന അവിടുത്തെ പാദതീർത്ഥത്തെ അറിവിനെ ആഗ്രഹിക്കുന്ന ഈ ഞാൻ എന്നാണ് കുടിക്കുക എന്ന് ദയവായി അരുളിച്ചെയ്താലും. ജന്മനാ മൂകന്മാരായവർക്കു പോലും കവിത്വത്തിനു കാരണമാകുന്ന ആ തീർത്ഥം എനിക്ക് സരസ്വതിയുടെ പ്രസാദമായ താംബൂലരസമായിത്തീരുന്നതെന്നായിരിക്കും?

(അവിടുത്തെ പാദതീർത്ഥം കുടിക്കുന്ന എന്റെ നാവിൽ സരസ്വതി വിളയാടുന്നതെന്നായിരിക്കും എന്നു ചോദിക്കുന്ന കവി പാദതീർത്ഥം സേവച്ചതിന്റെ ഫലമായി താൻ കവിശ്രേഷ്ഠനായിത്തീർന്ന് പുരുഷാകാരം പൂണ്ട സരസ്വതി തന്നെയായി മാറുമെന്നും ഭാവന ചെയ്യുന്നു).

**സരസ്വത്യാ ലക്ഷ്മ്യാ വിധിഹരിസപത്നോ വിഹരതേ**
**രതേഃ പാതിവ്രത്യം ശിഥിലയതി രമ്യേണ വപുഷാ,**
**ചിരം ജീവന്നേവ ക്ഷപിതപശുപാശവ്യതികരഃ**
**പരാനന്ദാഭിഖ്യം രസയതി രസം ത്വദ്ഭജനവാൻ 99**

അല്ലയോ ദേവി! അവിടുത്തെ ഭജിക്കുന്നവൻ ലക്ഷ്മീസരസ്വതിമാരോടൊത്ത് വിഹരിച്ച് ബ്രഹ്മാവിനെയും വിഷ്ണുവിനെയും അസൂയപ്പെടുത്തുകയും, തന്റെ രമ്യമായ ശരീരകാന്തിയാൽ കാമദേവന്റെ പത്നിയായ രതീദേവിയുടെ പാതിവ്രത്യനിഷ്ഠയെ ശിഥിലമാക്കുകയും, ജീവന്റെ അവിദ്യാസംബന്ധത്തെ നശിപ്പിച്ച് മരണത്തെ അതിവർത്തിച്ച് നിത്യനായിത്തീർന്ന് പരാനന്ദമാകുന്ന രസത്തെ അനുഭവിക്കുകയും ചെയ്യുന്നു.

(ദേവീഭക്തൻ തന്റെ കലാവൈദുഷ്യത്താൽ ബ്രഹ്മാവിലും, ഐശ്വര്യാതിശയത്താൽ വിഷ്ണുവിലും അസൂയയെ ജനിപ്പിക്കുന്നുവെന്ന് കവിഭാവന).

**പ്രദീപജ്വാലാഭിർദിവസകരനീരാജനവിധിഃ**
**സുധാസൂതേശ്ചന്ദ്രോപലജലലവൈരർഘ്യരചനാ,**
**സ്വകീയൈരംഭോഭിഃ സലിലനിധിസൌഹിത്യകരണം**
**ത്വദീയാഭിർവാഗ്ഭിസ്തവ ജനനി വാചാം സ്തുതിരിയം 100**

അല്ലയോ ജഗജ്ജനനി! നിന്തിരുവടിയിൽ നിന്നുണ്ടായ വാക്കുകളെക്കൊണ്ടു നിർമ്മിച്ച അവിടുത്തെക്കുറിച്ചുള്ള ഈ സ്തോത്രം, ദീപത്തിന്റെ ജ്വാലയാൽ സൂര്യന് നീരാജനം ചെയ്യുന്നതു പോലെയും, ചന്ദ്രകാന്തക്കല്ലിൽ നിന്നൊഴുകുന്ന ജലം കൊണ്ട് ചന്ദ്രന് അർഘ്യം നല്കുന്നതുപോലെയും, സമുദ്രത്തിലെ തന്നെ ജലമെടുത്ത് സമുദ്രത്തെ തൃപ്തിപ്പെടുത്താൻ തർപ്പണം ചെയ്യുന്നതുപോലെയുമാകുന്നു.

(വാക്കുകളുടെ ഉറവിടമായ ദേവിയിൽ നിന്നുദ്ഭവിച്ച വാക്കുകൾ ദേവിയുടെ ചരണങ്ങളിൽ സമർപ്പിക്കുക മാത്രമേ കവി ഈ സ്തോത്രരചനയിലൂടെ ചെയ്തിട്ടുള്ളൂ എന്നു താത്പര്യം).

**ഇതി ശ്രീശങ്കരാചാര്യവിരചിതാ സൌന്ദര്യലഹരീ സമാപ്താ**
**ഇതോടെ ശ്രീശങ്കരാചാര്യവിരചിതമായ സൌന്ദര്യലഹരി സമാപിച്ചു.**

# സൗന്ദര്യലഹരി

## കുമാരനാശാൻ രചിച്ച പദ്യപരിഭാഷ

### അവതരണിക

സൗന്ദര്യലഹരി ലോകഗുരുവായ ശങ്കരാചാര്യസ്വാമികളുടെ കൃതികളിൽവെച്ച് അശേഷം അപ്രധാനം അല്ലാത്ത ഒരു ഗ്രന്ഥവും കൗളസിദ്ധാന്തികൾക്കു വിശേഷിച്ചും ആരാധനീയമായ ഒരു പ്രമാണവും ആകുന്നു. മാന്ത്രികതാന്ത്രികങ്ങളായ വിഷയങ്ങളെ അന്തർവഹിച്ചിട്ടാണെങ്കിലും കർണ്ണാനന്ദകരങ്ങളായ സ്തോത്രങ്ങളായി ഹ്ഗ്രെഅതിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഈ പ്രബന്ധത്തോളം പ്രചാരത്തിൽ വ്യാപകത്വം ആചാര്യസ്വാമികളുടെ വേദാന്തവിഷയകങ്ങളായ ഇതരഗ്രന്ഥങ്ങൾക്കുപോലും ഇല്ലെന്നുള്ള വാസ്തവവും ഇതിനെ വിശേഷിപ്പിക്കുന്നുണ്ട്.

ആസേതുഹിമാചലം സംസ്കൃതഭാഷയിൽ ഈഷദ്ജ്ഞാനമെങ്കിലും ഉള്ള ഒരുവനും സൗന്ദര്യലഹരിയിൽ പരിശേഷാൽ ഒരു പദ്യമെങ്കിലും വശമായിരിക്കും. ഭാഷാജ്ഞാനം ലേശം ഇല്ലാത്തവർ പോലും ചിലപ്പോൾ അതിന്റെ പദാനുപൂർവ്വിയുടെ അതിമോഹനയായ പരിപാടിയാൽ ആകൃഷ്ടന്മാരോ എന്നു തോന്നുമാറ് അപഭ്രംശമായിട്ടെങ്കിലും അതിലെ പദ്യങ്ങളെ ഗാനം ചെയ്ത് ആനന്ദമഗ്നന്മാരായിരിക്കുന്നതും നാം കാണുന്നു.

സംസ്കൃതത്തിൽ ബഹുക്കളായ സ്തോത്രപ്രബന്ധങ്ങളിൽ നിന്നും ഇതിനുള്ള ഗുണവിശേഷത്തിന് ഇവ സ്ഥൂല നിദർശനങ്ങളാകുന്നു.

ആർത്ഥികമായും ശാബ്ദികമായും ഉള്ള മാധുര്യങ്ങൾ അല്ലെങ്കിൽ സൗന്ദര്യങ്ങൾ സർവ്വത്ര അഭിന്നമായി ഒഴുകിക്കൊണ്ടിരിക്കുന്ന ഈ പ്രബന്ധത്തിനു സ്വതഃസിദ്ധ മായ മനോഹരത്വംകൊണ്ടുതന്നെയാണ് പൂജ്യപാദനായ ഗ്രന്ഥകർത്തവിനാൽ "സൗന്ദര്യലഹരി" എന്നു നാമകരണം ചെയ്യപ്പെട്ടു എങ്കിൽ അത് എത്ര സമുചിത മായിരിക്കുന്നു.

സ്വഭാഷയിൽ ഗ്രന്ഥനിർമ്മാണത്തിനു സാമാന്യം വാസനയും ശക്തിയും ഉള്ള ഒരുവന് ഇതരഭാഷകളിൽ അത്യന്തം സുഖപ്രദങ്ങളായ ഗ്രന്ഥങ്ങളെ കാണുമ്പോൾ അവയെ സ്വഭാഷയിൽ പരിണമിപ്പിക്കണം എന്നു പ്രായേണ ഒരു മോഹം ഉണ്ടാകുന്നതു സ്വാഭാവികമാ ണെങ്കിൽ എനിക്കും ഇതിന്റെ ഭാഷാന്തരാനയനത്തിൽ പ്രവർത്തിക്കുന്നതിന് കാരണാന്തരം ഉണ്ടായിരുന്നില്ല.

സൗന്ദര്യലഹരി സമ്പൂർണ്ണം ഭാഷാന്തരം ചെയ്ത് അവസാ നിച്ചിട്ട് ഇപ്പോൾ സംവത്സരം നാലിൽ അധികമാ യിരിക്കും. എന്നാൽ എഴുപത്തിമൂന്നാമാണ്ടിടയ്ക്ക് ഇത് വിദ്യാവിലാസിനിയിൽ അല്പാല്പമായി പ്രസിദ്ധപ്പെടുത്തി വന്നിരുന്നു. എങ്കിലും ആ മാസിക തൽക്കാലം നിന്നു

പോകയാലും എന്റെ ദേശാന്തരനിവാസം നിമിത്തവും മുഴുവൻ അച്ചടിച്ചു പ്രസിദ്ധപ്പെടുത്താൻ ഇപ്പോഴാണ സാധിച്ചത്.

മൂലത്തിൽ ഗഹനങ്ങളും വിശാലങ്ങളും ആയ അർത്ഥങ്ങളെ സമുചിതമായ സന്ദർഭഭംഗിയോടുകൂടെ ഭാഷയിൽ പ്രതിഫലിപ്പിപ്പാൻ ഞാൻ കഴിയുന്നതും ശ്രമിച്ചിട്ടുണ്ട്. എന്നാൽ ചില പദ്യങ്ങൾക്കു ശ്രവണ മാത്രത്തിൽ അർത്ഥബോധം ഉണ്ടാകുന്നില്ല എങ്കിൽ വിഷയവിശേഷോപാധികമായ ആ വിളംബം മൂലത്തിലും അപ്രകാരം ഉള്ളതാണ്. അപൂർവ്വം ചില സാങ്കേതിക പദങ്ങളെ യഥോക്തമായിത്തന്നെ പ്രയോഗിക്കേണ്ടി വന്നിട്ടുള്ളത് അന്യഥാകരിപ്പാൻ പാടില്ലാത്തവയും ആകു ന്നു. ഇതു പണ്ഡിതന്മാരോടു പൂർവ്വനിവേദനം ചെയ്യുന്നതു സാഹസമാണെങ്കിലും മദ്ധ്യമന്മാരെ സംബന്ധി ച്ചിടത്തോളം ഇവിടെ പ്രസ്താവിച്ചത് അസന്ദർഭോചിത മായിരിക്കുമെന്നു തോന്നുന്നില്ല.

"ദക്ഷിണം" അല്ലെങ്കിൽ സമയിമതത്തെ അവലംബി ക്കുന്ന കേരളകൗളന്മാർക്കും സാധാരണക്കാർക്കും സനാതനിയായ ചിച്ഛക്തിയെ സ്തോത്രം ചെയ്യുന്നതിൽ ഈ "ഭാഷാസൗന്ദര്യലഹരി" അത്യല്പമായിട്ടെങ്കിലും ഉപയുക്ത മാകുന്നപക്ഷം ഏതദ്വിഷയകമായ എന്റെ ശ്രമം സഫലമായെന്നു വിചാരിക്കുകയും വക്തവ്യശേഷത്തിന് ഇതിന്റെ തർജ്ജമ സമാപിച്ച കാലത്തുതന്നെ ഞാൻ

എഴുതീട്ടുണ്ടായിരുന്ന ഒരു സംസ്കൃതപദ്യത്തെ താഴെ ചേർത്തുംകൊണ്ട് ഈ അവതരണികയെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുകയും ചെയ്യുന്നു.

**വിശുദ്ധാ വാഗ്വേണീ വിഹിതസുകൃതാ ശങ്കരഗുരോ-**
**ർഗ്ഗഭീരാ ഗുഢാർത്ഥൈർഭുവി ഗഗനഗംഗേവ ജയതി**
**തദീയേയം ഭാഷാ മമ ഭവതു സൗന്ദര്യലഹരീ**
**യഥാ ദൈവീ മൂർത്തിഃ പരിണമതി മൃത്സ്നാപ്രതികൃതിഃ**

**എൻ. കുമാരനാശാൻ**

അരുവിപ്പുറം
12-6-1901

## പൂർവ്വഭാഗം

ചൊല്ലേറും ശക്തിയോടൊത്തിഹ ശിവനഖിലം
    ചെയ്യുവാൻ ശക്തനാകു-
ന്നല്ലെന്നാൽ ചെറ്റനങ്ങുന്നതിനുമറികിലാ-
    ദ്ദേവനാളല്ലയല്ലോ
മല്ലാക്ഷൻ ശംഭുമുമ്പാം മഹിതവിബുധരാൽ
    മാന്യയാം നിന്നെ വാഴ്ത്തി
ചൊല്ലാനും കുമ്പിടാനും ജനനി പുനരിതാ-
    ർക്കാവു പുണ്യം പെറാഞ്ഞാൽ (1)

നിമ്പാദാംഭോരുഹത്തീന്നിളകിയ നിതരാം
    സൂക്ഷ്മമാം ധൂളിജാലം
സമ്പാദിച്ചിട്ടു ധാതാവഖിലഭുവനവും
    ദേവി! സൃഷ്ടിച്ചിടുന്നു;
അംഭോജാക്ഷൻ പണിപ്പെട്ടതിനെയഥ ശിര
    സ്സായിരംകൊണ്ടുമാളു-
ന്നമ്പിൽ ധൂളീകരിച്ചിട്ടമലഭസിതമാ-
    യീശനും പൂശിടുന്നു. (2)

ആദിത്യദീപമല്ലോ ഭവതിയിരുളക-
    റ്റാനവിദ്യാവശന്നും
ചൈതന്യപ്പൂംകുലയ്ക്കുള്ളൊഴുകിയ ചെറുതേൻ-
    കേണിയല്ലോ ജഡന്നും

ഏതാനും സ്വത്തുമില്ലാത്തവനുമരിയ ചി-
    ന്താമണിശ്രേണിയല്ലോ
മാതാ ജന്മാബ്ധിയാഴുന്നവനുമിഹ മഹാ
    ദംഷ്ട്രിതൻ ദംഷ്ട്രയല്ലോ (3)

ആമോദം പൂണ്ടു കൈകൊണ്ടമരരഭയമോ
    ടൊത്തഭീഷ്ടം കൊടുക്കും
നീമാത്രം ദേവി!യെന്നാൽ നലമൊടവയെ ന
    ൽകുന്നതമ്മട്ടിലല്ലാ;
ഭീ മാറ്റിപ്പാലനം ചെയ്‌വതിനുമുടനഭീ-
    ഷ്ടാധികം നൽകുവാനും
സാമർത്ഥ്യം പൂണ്ടതോർക്കിൽ തവ കഴലിണയാ-
    കുന്നു ലോകൈകനാഥേ (4)

പണ്ടംഭോജാക്ഷനാര്യേ! പ്രണതനു ബഹുസൌ-
    ഭാഗ്യമേകുന്ന നിന്നെ-
ത്തെണ്ടിസ്ത്രീവേഷമാർന്നാ ത്രിപുരഹരനുമു
    ണ്ടാക്കി പാരം വികാരം
തണ്ടാരമ്പൻ ഭജിച്ചും രതിയുടെ നയനം
    നക്കുവാന്തക്ക മേനി-
ത്തണ്ടാർന്നുംകൊണ്ടു തത്തന്മുനികൾമനമിള
    ക്കാനുമൂക്കാർന്നിടുന്നു. (5)

ഒക്കെപ്പൂവാണു വില്ലും, ശരമതു വെറുമ-
    ഞ്ചാണു, വണ്ടാണു ഞാണും

തെക്കൻ കാറ്റാണു തേരും, സുരഭിസമയമൊ-
    ന്നാണു കാണും സുഹൃത്തും
നിൽക്കട്ടേകാകിയാണെങ്കിലുമയി ഗിരിജേ
    നിൻ കടാക്ഷത്തിലേതോ
കൈക്കൊണ്ടുംകൊണ്ടനംഗൻ ഭുവനമഖിലവും
    നിന്നു വെല്ലുന്നുവല്ലോ (6)

കാഞ്ചീനാദം പൊഴിഞ്ഞും കഠിനകുചഭരം
    കൊണ്ടു മെല്ലെക്കുനിഞ്ഞും
ചഞ്ചന്മദ്ധ്യം മെലിഞ്ഞും ചതുരതരശര-
    ച്ചന്ദ്രതുണ്ഡം കനിഞ്ഞും
പൂഞ്ചാപം പുഷ്പബാണം ഭുജമതിലഥ പാ-
    ശാങ്കുശം പൂണ്ടുമമ്പാ-
ർന്നെൻ ചാരത്തായ് വരട്ടേ പുരരിപുഭഗവാൻ
    തന്റെ തന്റേടദംഭം (7)

ആ പീയൂഷാർണ്ണവത്തിൻ നടുവിലമരദാ
    രുക്കൾ ചൂഴുന്ന രത്ന-
ദ്വീപത്തിൽ പൂംകടമ്പിന്നിടയിലരിയ ചി-
    ന്താശ്മവേശ്മോദരത്തിൽ
ശോഭിക്കും ശൈവമഞ്ചോപരി പരമശിവൻ
    തന്റെ പര്യങ്കമേലും
ദീപാനന്ദോർമ്മിയാകും ഭവതിയെ നിയതം
    കുമ്പിടും പുണ്യവാന്മാർ (8)

ഒന്നാമാധാരചക്രം നടുവിലവനിര-
    ണ്ടാമതുള്ളഗ്നിതത്ത്വം
മൂന്നാമത്തേതിലംഭസ്സതിനുപരി മരു-
    ത്തപ്പുറത്തഭ്രമേവം
പിന്നെ ഭ്രൂമദ്ധ്യമേലും മനമൊടു കളമാർഗ്ഗ-
    ങ്ങളെല്ലാം കടന്നാ-
പ്പൊന്നംഭോജാകാരത്തിൽ ഭവതി പതിയൊടും
    ഗൂഢമായ് ക്രീഡയല്ലീ (9)

തൃപ്പാദത്തീന്നൊലിക്കുന്നമൃതലഹരികൊ-
    ണ്ടൊക്കെ മുക്കി പ്രപഞ്ചം
പിൽപ്പാടും ചന്ദ്രബിംബം പരിചിനൊടു വെടി-
    ഞ്ഞിട്ടു കീഴോട്ടിറങ്ങി
അപ്പൂർവ്വസ്ഥാനമെത്തീട്ടവിടെയഹികണ-
    ക്കൊട്ടു ചുറ്റീട്ടു രന്ധ്രം
മേല്പൊങ്ങും മൂലകുണ്ഡോപരി ഭവതിയുറ-
    ങ്ങുന്നു തങ്ങുന്ന മോദാൽ (10)

ശ്രീകണ്ഠീയങ്ങൾ നാലും ശിവയുടെ പരി-
    ഭിന്നങ്ങൾ ചക്രങ്ങളഞ്ചും
സാകം ബ്രഹ്മാണ്ഡമൂലപ്രകൃതിപദമിയ-
    ന്നമ്പിടുന്നൊമ്പതോടും
ആകെച്ചേർന്നെട്ടൊടീരെട്ടിതളിതയൊടെഴും
    വൃത്തരേഖാത്രയം ചേ-

ർന്നാകം നാല്പത്തിനാലാണരിയ വസതിയോ-
ടൊത്ത നിൻ ചിത്രകോണം (11)

ത്വത്സൌന്ദര്യാതിരേകം തുഹിനഗിരിസുതേ!
തുല്യമായൊന്നിനോതി-
സ്സത്സാഹിത്യം ചമപ്പാൻ വിധിമുതൽ വിബുധ-
ന്മാരുമിന്നാരുമാകാ;
ഔത്സുക്യത്താലതല്ലേയമരികളതു കാ-
ണ്മാനലഭ്യത്വമോർക്കാ-
തുത്സാഹിക്കുന്നു കേറുന്നതിനിഹ ശിവസാ-
യൂജ്യമാം പൂജ്യമാർഗ്ഗേ (12)

ചന്തം കാഴ്ചയ്ക്കു വേണ്ട, ചതുരത ചടുവാ-
ക്കോതുവാൻ വേണ്ട ചെറ്റും
ചിന്തിച്ചാൽ നിൻ കടാക്ഷം തടവിയ ജരഠൻ-
തന്നെയും തന്വി കണ്ടാൽ
കുന്തൽക്കെട്ടൊട്ടഴിഞ്ഞും കുചകലശദുകു-
ലാഞ്ചലം വീണിഴഞ്ഞും
ബന്ധം കാഞ്ചിക്കിഴിഞ്ഞും വിഗതവസനയാ-
യോടിയെത്തീടുമാര്യേ! (13)

അമ്പത്താറാകുമർച്ചിസ്സവനിയിലുദകം-
തന്നിലമ്പത്തിരണ്ടാ-
മംഭസ്സിൻ ശത്രുമിത്രങ്ങളിലൊരറുപതും
രണ്ടുമമ്പത്തിനാലും

തൻഭ്രൂമദ്ധ്യാംബരത്തിൽ തരമൊടെഴുപതും
    രണ്ടുമുണ്ടുന്നി നിൽക്കു-
ന്നമ്പുന്നൊട്ടു ചേതസ്സിലുമതിനുമ-
    ങ്ങപ്പുറം ത്വൽപദാബ്ജം (14)

തേനോലും വെണ്ണിലാവിൻ ധവളതനുവൊടും
    തിങ്കൾ ചൂടും കിരീടം
ധ്യാനിച്ചും തൃക്കരങ്ങൾക്കഭയവരദവി-
    ദ്യാക്ഷസൂത്രങ്ങളോർത്തും
നൂനം നിന്നെത്തൊഴതങ്ങനെ കവി നിപുണ
    ന്മാർക്കുദിക്കുന്ന വാക്യം
തേനും പാലും നറുംമുന്തിരിയുടെ കനിയും
    തോറ്റ ചട്ടറ്റമട്ടിൽ (15)

കത്തും കാന്ത്യാ വിളങ്ങും കവിവരഹൃദയാം-
    ഭോജബാലാതപം പോൽ
ചിത്തത്തിൽ ചേർത്തിടുന്നു ചിലരുമരുണയാം
    നിന്നെയദ്ധന്യരെല്ലാം
മെത്തും വാഗ്ദേവിതന്നുജ്ജ്വലരസലഹരീ-
    ചാരുഗംഭീരവാണീ-
നൃത്തത്തിൻ വൈഭവത്താൽ സഹൃദയഹൃദയാ-
    ഹ്ലാദനം ചെയ്തിടുന്നു (16)

ചേതസ്സിൽ ചന്ദ്രകാന്തോപലദലവിശദ-
    ശ്രീനിറഞ്ഞുള്ള ശബ്ദ-

വ്രാതത്തിൻ മാതൃഭാവം കലരുമൊരു വശി-
    ന്യാദിയോടൊത്തു നിന്നെ
ബോധിച്ചീടുന്ന മർത്ത്യൻ ബഹുവിധരചനാ-
    സ്വാദ്യമാം പദ്യജാലം
ചെയ്തീടും ചാരുവാണീവദനകമലസൌ-
    രഭ്യസൌലഭ്യമോടും (17)

ദേവി! ത്വദ്ദേഹകാന്തിപ്രചുരിമ ദിനനാ-
    ഥന്റെ ബാലാതപം പോൽ
ദ്യോവും ഭൂവും നിറഞ്ഞുള്ളരുണനിറമൊടും
    ഭാവനം ചെയ്‌വവന്ന്
ആവിർഭീത്യാ വലഞ്ഞോടിയ വനവരിമാൻ
    പോലെ വല്ലാത്തനാണം
താവും കമ്രാക്ഷിമാരുർവശിമുതലെവരും
    വശ്യരാം വേശ്യമാരും (18)

ബിന്ദുസ്ഥാനത്തിലാസ്യത്തെയുമഥ കുചയു-
    ഗ്മത്തെയും നിന്നെയും നിൻ
കന്ദർപ്പൻ തന്റെ ധാമത്തെയുമടിയിൽ മഹാ-
    ദേവി! ഭാവിക്കുമെന്നാൽ
അന്നേരത്തുദ്ഭ്രമിക്കുന്നബലകളതു നി-
    സ്സാരമാദിത്യചന്ദ്ര-
ദ്വന്ദ്വം വക്ഷോജമാകും ജഗതി മുഴുവനും
    സാമ്പ്രതം സംഭ്രമിക്കും (19)

കായത്തിൻ കാന്തിസന്താനകരസമൊഴകി-
    ച്ചായുമച്ചന്ദ്രകാന്ത-
സ്ഥായിശ്രീചേർന്നമട്ടിൽ ഭവതിയുടെ വപു-
    സ്സന്തരാ ചിന്തചെയ്താൽ
പായിക്കാം സർപ്പദർപ്പം പെരിയ ഖഗപതി-
    ക്കൊത്തുടൻ നേത്രനാഡീ-
പീയൂഷസ്രാവശക്ത്യാ ജ്വരിതപരിഭവം
    നോക്കിയും സൌഖ്യമാക്കാം (20)

വിദ്യുത്തോടൊത്ത സൂക്ഷ്മാകൃതിയിൽ മിഹിരച-
    ന്ദ്രാഗ്നിരൂപത്തിലെന്നും
വിദ്യോതിയ്ക്കും ഷഡാധാരവുമധിഗതമായ്
    നിന്റെ തേജോവിശേഷം
ഉദ്യത്പത്മാകരത്തിന്നിടയിലതിനെയു-
    ദ്ധൂതമായാമലന്മാർ
വിദ്വാന്മാർ കണ്ടുകൈക്കൊണ്ടിടുമൊരു പരമാ-
    നന്ദനിഷ്യന്ദപൂരം (21)

ദാസൻ ഞാൻ ഗൌരി! നീ മാം പ്രതി
കരുണാകല-
    ർന്നൊന്നു നോക്കെന്നുരയ്ക്കാ-
നാസംഗപ്പെട്ടൊരുമ്പെട്ടരമൊഴി മമ ഗൌ-
    രീതി വാഴ്ത്തും ക്ഷണത്തിൽ
നീ സായൂജ്യം കൊടുക്കുന്നവനു ഹരിവിരി-
    ഞ്ചാദി ചൂഡാഞ്ചലത്തിൽ

ഭാസിക്കും രത്നദീപാവലി പദകമലാ-
    രാധനം ചെയ്തിടുന്നു. (22)

ചെന്താർബാണാരി മെയ്യിൽ പകുതിയപഹരി-
    ച്ചാദ്യമേയദ്യപോരാ-
ഞ്ഞന്തർമ്മോദേന മറ്റേ പകുതിയുമഗജേ!
    നീ ഹരിച്ചെന്നു തോന്നും
എന്തെന്നാൽ നിൻ ശരീരം മുഴുവനരുണമായ്
    കണ്ണു മൂന്നായി കൊങ്ക-
പ്പന്തിനു ഭാരേണ കുന്നും പനിമതിയൊടു ചൂ-
    ടുന്ന കോടീരമാർന്നും (23)

സ്രഷ്ടാ സൃഷ്ടിച്ചിടുന്നു ഹരിയതു പരിപാ-
    ലിച്ചിടുന്നിന്ദുചൂഡൻ
നഷ്ടം ചെയ്യുന്നു തന്നോടഖിലമഥ മറ-
    യ്ക്കുന്നു ലോകം മഹേശൻ
സൃഷ്ടിപ്പാനായ് സദാ പൂർവകനുപരി ശിവൻ
    സ്വീകരിക്കുന്നതും നിൻ-
കഷ്ടാതീതം ഭ്രമിക്കും ഭ്രുകുടിഘടനതൻ
    സംജ്ഞയാമാജ്ഞയാലേ (24)

ചിന്തിച്ചാൽ മൂർത്തി മൂന്നായ് ത്രിഗുണമതിലെഴും-
    മൂന്നിനും നിന്റെ പാദ-
ച്ചെന്താരിൽ ചെയ്തുകൊള്ളും ചതുരതകലരും
    പൂജയേ പൂജയാകൂ

എന്തെന്നാൽ നിന്റെ പാദാവഹനവിഹിതര-
താസനാസന്നദേശ-
ത്തന്തം കൂടാതെ ഹസ്താഞ്ജലി മുടിയിലണി-
ഞ്ഞമ്പുമീയുമ്പർകോന്മാർ (25)

ബ്രഹ്മാവും വേർപെടുന്നൂ വിധുവുമുപരമി-
ക്കുന്നുവൈവസ്വതന്നും
തന്മൂർത്തിത്വം കെടുന്നൂ ധനദനുമുടനേ-
തന്നെ നാശം വരുന്നു
മേന്മെൽ നിൽക്കും മഹേന്ദ്രാവലിയുമഥ മിഴി
ക്കുന്നു സംഹാരകാല
ത്തമ്മട്ടും ക്രീഡയല്ലോ ഭഗവതി സതിയാം
നിന്റെ ഭർത്താവിനോർത്താൽ (26)

സംസാരിക്കുന്നതെല്ലാം ജപമഖിലകര-
ന്യാസവും മുദ്രയേവം
സഞ്ചാരം ദക്ഷിണാവർത്തനവുമശനപാ-
നങ്ങൾ ഹോമങ്ങളും മേ
സംവേശം തന്നെ സാഷ്ടാംഗവുമഖിലസുഖം
താനമാത്മാർപ്പണത്തിൻ
സംവിത്താൽ നിൻ സപര്യാവിധിയിൽ വരിക
ഞാൻ കാട്ടിടും ചേഷ്ടയെല്ലാം (27)

വാർദ്ധക്യം മൃത്യുവെന്നീ വലിയഭയമക-
റ്റുന്ന പീയൂഷപാനം

മെത്തും മോദേന ചെയ്യും മൃതരിഹ വിധിമു-
    ഖ്യായിടും വിണ്ണവന്മാർ
അത്യുഗ്രക്ഷ്വേളഭുക്കാം തവ പതിയറിയു-
    ന്നില്ലഹോ കാലഭേദം
കത്തും നിൻ കാതിലോലയ്ക്കുടയ മഹിമയാ-
    കുന്നതിൻ മൂലമമ്മേ (28)

മാറ്റൂ മല്ലാസനന തൻ മുടി മധുമഥനൻ-
    തന്റെ കോടീരകോടി-
ക്കേറ്റൂ ഹേ! താൻ തടഞ്ഞൂ സുരപതിമകുട-
    ത്തെപ്പുറത്തോട്ടു തള്ളൂ
മുറ്റും കുമ്പിട്ടിടുമ്പോളിവർ ഭവതിയെഴീ-
    ക്കുമ്പൊളീശൻ വരുമ്പോൾ
തെറ്റെന്നേവം തുടങ്ങുന്നരികിൽ നിജഭടാ-
    ലാപകോലാഹലങ്ങൾ (29)

മെത്തും മെയ്യീന്നു പൊങ്ങുന്നണിമ മഹിമയി-
    ത്യാദിയൊത്താഭ ചൂഴും
നിത്യേ! നിന്നേ നിരൂപിച്ചഹമിതി നിതരാ-
    മേവർ ഭാവിച്ചിടുന്നു
തത്താദൃക്കാം ത്രിണേത്രന്നുടയ പടിമയും
    ധിക്കരിക്കുന്നവർക്കായ്
കത്തും കാലാഗ്നി നീരാജനമരുളുവതോ
    പാർക്കിലാശ്ചര്യമാര്യേ! (30)

ഓരോരോ സിദ്ധി നൽകുമ്പടിയൊരറുപതും
    നാലുമുണ്ടാക്കി തന്ത്രം
പാരെല്ലാവും ചതിച്ചപ്പശുപതി പരമാ-
    നന്ദമുൾക്കൊണ്ടിരിക്കെ
പാരം നിർബന്ധമോതിപ്പുനരിഹ പുരുഷാ-
    ർത്ഥങ്ങൾ നാലും കൊടുപ്പാൻ
പോരുന്നിത്തന്ത്രമേവം ക്ഷിതിയിലവതരി-
    പ്പിച്ചു നീ സ്വച്ഛമാര്യേ! (31)

പാരിൽ ക്ലിപ്തം ശിവൻ ശക്തിയുമലർശരനും
    ഭൂമിയും പിന്നെയർക്കൻ
താരാധീശൻ സ്മരൻ ഹംസവുമഥ ഹരിയും
    പിൻപരാ കാമനിന്ദ്രൻ
ഓരോ ഹ്രീങ്കാരമീ മൂന്നിനുമൊടുവിലുദി-
    ക്കുമ്പൊഴീ വർണ്ണജാലം
നേരേ നിൻ നാമധേയത്തിനു ജനനി! പെട്ട-
    ന്നംഗമായ് ഭംഗമെന്യേ (32)

നിത്യേ! നിൻ മന്ത്രരത്നം മുടിയിലലർശരൻ-
    തന്നെയും നിന്നെയും ശ്രീ-
തത്ത്വത്തെയും നിനച്ചും സപദി ചില മഹാ-
    ഭോഗയോഗോത്സുകന്മാർ
ചിത്തം ചേർക്കുന്നു ചിന്താമണിജപപടമേ-
    ന്തിശ്ശിവാവഹ്നിതന്നെ-

ക്കത്തിച്ചക്കാമധുക്കിൻ ഘൃതലഹരി ഹവി-
    സ്സാക്കി ഹോമിച്ചിടുന്നു (33)

സോമാർക്കദ്വന്ദ്വമാകും സ്തനയുഗളമെഴും
    നീ ശിവൻ തൻ ശരീരം
ശ്രീമാനാകും നവാത്മാവതുമിഹ ഭവദാ-
    ത്മാവതാം ദേവിയോർത്താൽ
ഈമട്ടിൽ ശേഷശേഷിത്വവുമുരുപരമാ-
    നന്ദസംസൃഷ്ടസമ്പദ്-
ധാമത്വം പൂണ്ട നിങ്ങള്‍ക്കിവിടെയുഭയസാ-
    മാന്യസംബന്ധമത്രേ (34)

നീയേ ചേതസ്സു നീയേ പവനപദവി നീ-
    യേ മരുത്തും ഹവിസ്സും
നീയാണംഭസ്സു നീയാണവനി വിവൃതയാം
    നിന്നെവിട്ടന്യമില്ലാ
നീയേ നിന്നെജ്ജഗത്തായ് ജനനി പരിണമി-
    പ്പിക്കുവാൻ ചിത്സുഖാത്മാ-
വായും തീരുന്നു പാർക്കിൽ പരമശിവനൊടും
    പേരെഴും ദാരഭാവാൽ (35)

ഭ്രൂമദ്ധ്യത്തിങ്കലബ്ജാസ്കരഹിമകരകോ-
    ടിപ്രഭാധാടിയോടും
ശ്രീമച്ചിച്ഛക്തി ചേരും തനുവുടയ ശിവൻ
    തൻ പദം കുമ്പിടുന്നേൻ

സാമോദം ഹന്ത തത്സേവകനു സകലതേ-
ജസ്സിനും ഭാസ്സിനും മേൽ
സോമസ്തോമപ്രകാശം തവ ജനനി ലഭി-
ക്കുന്നു നിർല്ലോകലോകം (36)

നണ്ണീടുന്നേൻ നഭസ്സിന്നുദയനിലയമായ്
ശ്ശുദ്ധിയിൽ ശ്ശുദ്ധവെള്ള
ക്കണ്ണാടിക്കാന്തികാളും ശിവനെയുമതുപോൽ
കേവലം ദേവിയേയും
എണ്ണുമ്പോഴിന്ദുരമ്യദ്യുതിയൊടെതിർപൊരും-
പോലവർക്കുള്ള കാന്ത്യാ
ചണ്ഡാന്തദ്ധ്വാന്തവും പോയ് ജഗതി സുഖമൊട-
ന്യുന്നു ചെമ്പോത്തുപോലെ (37)

ചാലെ പൊങ്ങും ചിദംബോരുഹമധു നുകരാൻ
ചാരു ചാതുര്യഭാരം
കോലും സന്മാനസത്തിൽ കുടിയെഴുമരയ-
ന്നദ്വയം കുമ്പിടുന്നേൻ
ആലാപംകൊണ്ടതഷ്ടാദശകലകൾ പെറു-
ന്നാവഹിക്കുന്നശേഷം
പാലും പാനീയവും പോൽ പ്രകലിതഗുണഭാ-
വത്തെ ദോഷത്തിൽ നിന്നും (38)

സ്വാധിഷ്ഠാഗ്നിതന്നിൽ സതതമഭിരമി-
ക്കുന്ന സംവർത്തസംജ്ഞൻ

ഭൂതേശൻ തന്നെയും തത്സമയയവളെയും
    മാതൃകേ! കൈതൊഴുന്നേൻ
ക്രോധത്തീകത്തിയെത്തുന്നവനുടെ മിഴി ലോ-
    കം ദഹിപ്പിച്ചിടുമ്പോൾ
ജാതപ്രേമാർദ്ദ്രദൃഷ്ട്യാ ജഗതിയവളു ചെ-
    യ്യുന്ന ശീതോപചാരം (39)

ധാമം തേടുന്ന ശക്ത്യാ തിമിരഭരമക-
    റ്റും തടില്ലേഖയോടും
ശ്രീമന്നാനാമണി ശ്രേണികളണിതിരളു-
    ന്നിന്ദ്രചാപാങ്കമോടും
ശ്യാമശ്യാമാഭയോടും ശിവരവിഹതമാം
    വിഷ്ടപം തന്നിൽ വൃഷ്ടി-
സ്തോമം പെയ്യുന്ന ധാരാധരമതു മണിപൂ-
    രത്തിൽ ഞാൻ വാഴ്ത്തിടുന്നേൻ (40)

മൂലാധാരത്തിൽ മേവും ഭഗവതി സമയേ
    കിം നവാത്മാവതല്ലേ
നീ ലാസ്യം ചെയ്തിടുമ്പോൾ നവരസനടമാ-
    ടുന്ന ദേവൻ നടേശൻ
കാലേ കാരുണ്യമോടൊത്തവിടെയരുളിടും
    നിങ്ങൾ സൃഷ്ടിക്കയാലി-
ന്നീ ലോകങ്ങൾക്കശേഷം ജനകജനനിമാ-
    രുണ്ടഹോ രണ്ടുപേരും (41)

കുന്നിന്മാതേ! ഭവൽ കുന്തളമതിൽ മിഹിര
    ശ്രേണിമാണിക്യമായ് സ്വ-
ച്ഛന്ദം ചേർത്തുള്ള ചാമീകരമകുടമെട്ടു-
    ത്തെണ്ണി വർണ്ണിച്ചിടുമ്പോൾ
ചന്ദ്രച്ഛേദത്തെയമ്മണ്ഡലതിരണമടി-
    ച്ചാശ്ശു ചിത്രീഭവിച്ചി-
ട്ടിന്ദ്രൻ തൻ ചാപമാണെന്നവനെഴുതുമഭി-
    പ്രായമന്യായമാമോ (42)

മുറ്റും തിങ്ങിത്തഴച്ചമ്മിന്നമിന്നസമതാം
    നിന്റെ നീലോല്പലപ്പൂ-
ങ്കറ്റക്കാർക്കുന്തലന്തസ്തിമിരഭരമക-
    റ്റട്ടെ ഞങ്ങൾക്കു ഭദ്രേ!
ചുറ്റും ചേരുന്നതിൽ പൂനിരകൾ സഹജമാം
    തൽ സുഗന്ധത്തെ നിത്യം
പറ്റിപ്പോവാൻ വലദ്വേഷിയുടെ മലർവന-
    ത്തീന്നു വന്നെന്നപോലെ (43)

ക്ഷേമം നൽകട്ടെ ഞങ്ങൾക്കയി തവ മുഖസൌ-
    ന്ദര്യനിര്യത്നവേണി-
ക്കോമസ്രോതഃപ്രണാളിക്കുരുസമതപെറും
    നിന്റെ സീമന്തമാർഗം
കാമം തത്രത്യമാം കുങ്കുമനിരയരിയാം
    കുന്തളക്കുരിരുട്ടി-

ന്നാമത്തിൽ പെട്ടിരിക്കുന്നരുണകരകിശോ-
    രങ്ങളാണെന്നു തോന്നും (44)

കുട്ടിക്കാർവണ്ടിനൊക്കും കുടിലകുറുനിര-
    ക്കൂട്ടമാളും തവാസ്യം
ചട്ടറ്റീടുന്നചെന്താമരയെയുപഹസി-
    ക്കുന്നു സുസ്മേരമാര്യേ
മൃഷ്ടം സൌരഭ്യമുണ്ടാ മൃദുഹസിതരുചി-
    ത്തൊങ്ങലുണ്ടുന്മദത്താൽ
മട്ടൂറുന്നുണ്ടു മാരാരിയുടെ മിഴികളാ-
    കും മിളിന്ദങ്ങൾ മൂന്നും (45)

കത്തും തേജോവിലാസത്തൊടു തവ നിറുക-
    ക്കാന്തി കണ്ടൽ കിരീടം
പ്രത്യാരോപിച്ച മറ്റേപ്പകുതി വിധുവതാ-
    ണെന്നു തോന്നുന്നു ഗൌരീ
വ്യത്യസ്തത്വേന വയ്ക്കപ്പെട്ടുമിതു സമമായ്
    രണ്ടുമൊന്നിക്കുമെന്നാൽ
പുത്തൻ പൂവെണ്ണിലാവിൻ പുടിക പരിണമി-
    ക്കുന്നു പൂർണ്ണേന്ദുവായും (46)

തെറ്റെന്നാത്രാസമെല്ലാം ത്രിഭുവനമതിലും
    നീക്കുവാൻ വ്യഗ്രയാം നിൻ
ചെറ്റുൾക്കുനാർന്ന ചില്ലിക്കൊടികൾ ചടുലവ-
    ണ്ടൊത്ത കണ്ണാം ഗുണത്താൽ

കുറ്റം കൂടാതിടത്തേക്കരമതിൽ മണിബ-
ന്ധത്തിനാൽ മുഷ്ടിയാലും
മുറ്റും മദ്ധ്യം മറച്ചാ മലർവിശിഖനെട്ടു-
ക്കുന്ന വില്ലെന്നു തോന്നും (47)

അല്ലിത്താർബന്ധുവല്ലോ തവ ജനനി! വലം-
കണ്ണതിന്നാണഹസ്സും
ചൊല്ലേറും ചന്ദ്രനല്ലോ ചടുലമിഴി!യിടം
കണ്ണതിനാണു രാവും
ഫുല്ലത്വം പൂർണ്ണമാകാതൊരു ചെറുതുപുടം
വിട്ട പൊന്താമരപ്പൂ
വെല്ലും ശ്രീയാർന്ന മൂന്നാം തിരുമിഴിയതിലാ-
ണന്തരാ സന്ധ്യതാനും (48)

ചൊല്ലേറീടും വിശാലാ, ചപലകുവലയ-
ത്താലയോദ്ധ്യാ, നിനച്ചാൽ
കല്യാണീ കാൺകിലാ ഭോഗവതി മധുര ക-
ല്ലോല കാരുണ്യധാരാ
കില്ലെന്യേ മാമവന്തീ ബഹുപുരവിജയാ
കേവലം വൈഭവത്താ-
ലെല്ലാ നീവൃത്തുകൾക്കുള്ളഭിധയോടുമിണ-
ങ്ങുന്നു നിൻ ദൃഷ്ടിയാര്യേ! (49)

കൊണ്ടാടിക്കാവ്യമോതും കവികളുടെ വചോ-
വല്ലരീസാരഭാരം

തെണ്ടീടും കാതിലെത്തിക്കടമിഴിയിണയാം
    രണ്ടുവണ്ടിൻ കിടാങ്ങൾ
ഉണ്ടീടുന്മുഖപ്പെട്ടുരുനവരസമെ-
    ന്നുള്ളിലീർഷ്യാസുബന്ധം-
കൊണ്ടാണല്ലീ ചുവന്നൂ ജനനി! കൊതിയൊടും
    ചെറ്റു നിൻനെറ്റി നേത്രം. (50)

## ഉത്തരഭാഗം

കാതോളവും മിഴി കരുങ്കമലത്തിനുള്ള
ചേതോഹരപ്രഭ കലർന്നൊരു ചാരുമേനി
ശീതാംശുപൂണ്ട ചികുരാവലിയെന്നിതുള്ള
ഭൂതേശപത്നിയുടെ പാദയുഗം തൊഴുന്നേൻ[1] (1)

ശൃംഗാരശ്രീവിലേപം ശിവനിതരജന-
    ങ്ങൾക്കു ബീഭത്സകുത്സം
ഗംഗാദേവിയ്ക്കു രൗദ്രം ഗിരിശനടുമിഴി-
    ക്കദ്ഭുതൈകാന്തകാന്തം
അംഗാരാക്ഷാഹികൾക്കാബ്ഭയയുതമരവി-
    ന്ദത്തിനാവീരമാളീ-
സംഘത്തിന്നംബ! ഹാസം രസമടിയനു നിൻ
    കണ്ണു കാരുണ്യപൂർണ്ണം (2)

[1] മൂലത്തിലില്ലാത്തത്, ആശാന്റെ സ്വന്തമായിരിക്കും എന്ന് ഊഹിക്കുന്നു.

കർണ്ണാന്തത്തോളമെത്തുന്നഴകിയ കഴുകൻ-
    ളുവലൊത്തക്ഷിരോമം
തിണ്ണം ചേരുന്ന സാക്ഷാത് ത്രിപുരരിപുമന-
    ക്കാമ്പിളക്കുന്നിതഗ്രാൽ
കണ്ണേവം നിന്റേതോർക്കിൽ കുലഗിരികുല ചൂ-
    ഡാമണേ! കാമദേവൻ
കർണ്ണത്തോളം വലിച്ചേറ്റിയ കണകളതിൻ
    കൌതുകം ചെയ്തിടുന്നു (3)

ലീലാനീലാഞ്ജനത്താൽ നലമൊടു നിറഭേ-
    ദങ്ങൾ മൂന്നും തെളിഞ്ഞി-
ട്ടാലോലം നിന്റെ നേത്രത്രിതയമതഖിലലോ-
    കനാഥൈകനാഥേ!
കാലാഗ്നിപ്ലുഷ്ടരാകുന്നജഹരിഹരരേ-
    പ്പിന്നെയും സൃഷ്ടിചെയ്‌വാൻ
നീ ലാളിക്കുന്ന സത്ത്വപ്രഭൃതി നിജഗുണം
    മൂന്നുമായ് തോന്നുമാര്യേ! (4)

ഇക്കണ്ടോർക്കാത്മശുദ്ധിക്കിടയിലിഹ ചുവ-
    പ്പും വെളുപ്പും കറുപ്പും
കൈക്കൊണ്ടാക്കണ്ണു മൂന്നും കനിവൊടുമിയലും
    നീ ശിവായത്തചിത്തേ!
ചൊൽക്കൊള്ളും ശോണമാകും നദമരിയമഹാ-
    ഗംഗ കാളിന്ദിയെന്നാ-
യിക്കാണും മൂന്നു തീർത്ഥത്തിനുമരുളുകയോ

സംഗമം മംഗളാഢ്യം (5)
ഉന്മീലിപ്പും നിമീലിപ്പതുമുദയലയ-
ങ്ങൾക്കു ഹേതുക്കളെന്നായ്
ചെമ്മേ ശൈലെന്ദ്രകന്യേ ജഗതി സപദി സ-
ത്തുക്കൾ ചൊല്ലുന്നവല്ലോ
ഉന്മേഷത്തിന്നുദിക്കും ഭുവനമഖിലവും
ഘോരസംഹാരതാപം
തന്മേൽനിന്നുദ്ധരിപ്പാൻ തവ മിഴിയിമവെ-
ട്ടാത്തതാണോർത്തിടുമ്പോൾ (6)

കർണ്ണത്തിൽ പൂക്കു നിന്നോടിഹ കുരള കഥി-
ക്കുന്നു കണ്ണെന്നു നീരിൽ
കണ്ണും പൂട്ടാതൊളിക്കുന്നിതു ശരി കരിമീൻ -
പേടമാർ പേടിമൂലം
ചണ്ഡി! നീലാബ്ജഗർഭച്ഛദമരരമട-
ച്ചാശു കാലത്തിറങ്ങി-
ത്തിണ്ണെന്നെത്തുന്ന രാവിൽ തിരിയെയതു തുറ-
ന്നുള്ളിലാക്കുള്ളലക്ഷ്മി (7)

ഫുല്ലിച്ചീടുന്ന നീലാംബുജമുകുളനിറം
പൂണ്ടു നീണ്ടുള്ള കണ്ണാൽ
തെല്ലീ ദൂരസ്ഥനാം ദീനനിലുമലിവു നീ
ത്തുവണം ദേവദേവി
ഇല്ലല്ലോ ചേതമമ്മയ്ക്കിതിലടിയനുടൻ
ധന്യനായ് ത്തീരുമല്ലോ

തുല്യം ളുവുന്ന ചന്ദ്രൻ കരമടവിയിലും
    മോടിയാം മേടമേലും (8)

ആവക്രം നിന്റെ പാളീയിണകളിവകളെ-
    ന്നദ്രിരാജകന്യേ!
പൂവമ്പൻ പൂണ്ട വില്ലിൻ പുതുമയഭിനയി-
    ക്കാത്തതാർക്കാണരയ്ക്കിൽ
ഏവം തത്കർണ്ണമാർഗം വിരവിനൊടു കട-
    ന്നീ വിലങ്ങത്തിലേറി-
പ്പോവും പീലിക്കടക്കണ്മുനകൾ കണതൊടു-
    ക്കുന്നപോൽ തോന്നിടുന്നു (9)

രണ്ടും ബിംബിച്ച തങ്കക്കവിളിണ വിരവിൽ
    തക്കചക്രങ്ങൾ നാലായ്-
തണ്ടാരമ്പന്റെ തേരായ് തവ മുഖകമലം-
    തന്നെ ഞാനുന്നിടുന്നു
ചണ്ഡത്വത്തോടിതേറിജ്ഝടിതി വിരുതിൽ വെ-
    ല്ലുന്നു ചന്ദ്രാർക്കചക്രം
പൂണ്ടീടും ഭ്രരഥം പൂട്ടിയ പുരഹരനെ-
    പ്പോരിൽ നേരിട്ടു മാരൻ (10)

പുത്തൻ പീയൂഷധാരയ്ക്കുടയ പടിമ ക-
    യ്ക്കൊണ്ടു വാഗ്ദേവിയോതും
ചിത്രശ്ലോകങ്ങൾ കാതാം പരപുടമതുകൊ
    ണ്ടേറ്റു മുറ്റും നുകർന്നു

ചിത്താഹ്ലാദപ്രയോഗത്തിനു ഭവതി ശിരഃ
    കമ്പനം ചെയ്തിടുമ്പോൾ
പ്രത്യാമോദിക്കയല്ലീ ഝണഝണജ്ഝണിതം
    ചണ്ഡി! നിൻ കുണ്ഡലങ്ങൾ (11)

ചൊൽപ്പൊങ്ങുന്നെന്റെ ശൈലാധിപഭവനപതാ-
    കേ! നമുക്കൊക്കെയും നി-
ന്മൂക്കായിട്ടും മുളക്കാമ്പിതു മുഹുരിഹ ന-
    ല്കട്ടെ വേണ്ടും വരങ്ങൾ
ഉൾക്കൊണ്ടീടുന്ന മുക്താമണികളധികമായ്
    ശീതനിശ്വാസമേറ്റു-
ന്മുക്തീഭൂതങ്ങളത്രേ വെളിയിലതു വഹി
    ക്കുന്ന മുക്താഫലങ്ങൾ (12)

ചോരചെഞ്ചുണ്ടതിൽ തേ സുമുഖി സഹജമാ-
    യുള്ള ശോഭയ്ക്കു തുല്യം
പോരും സാദൃശ്യമോതാം പവിഴലതികമെൽ
    നല്ല പക്വം ജനിക്കിൽ
പോരാ ബിംബം സമാനം പറവതിനതു ബിം-
    ബിച്ചു സിദ്ധിച്ച കാന്ത്യാ
നേരിട്ടാൽ തെല്ലിനോട്ടം ത്രപവരുമധികം
    ത്രാസമാം ത്രാസിലേറാൻ (13)

മന്ദസ്മേരാഖ്യമാം നിന്മുഖവിധുവിനെഴും
    വെണ്ണിലാവുണ്ടു ചുണ്ടും

മന്ദിച്ചേറ്റം ചെടിച്ചു മധുരമധികമാ-
    യിച്ചകോരത്തിനെല്ലാം
പിന്നെപ്പാരം പുളിപ്പിൽ പ്രിയമൊടിവ ശശാ-
    ങ്കന്റെ പീയൂഷവർഷം
തന്നെസ്സേവിച്ചിടുന്നു നിശി നിശി നിയതം
    മോടിയായ് കാടി പോലെ (14)

പ്രാണപ്രേയാനെ നിത്യം പലവുരുവു പുക-
    ഴ്ത്തുന്ന ജിഹ്വാഞ്ചലം തേ
ചേണൊക്കും ചെമ്പരുത്തിക്കുസുമമൊടു സമം
    ദേവി! ശോഭിച്ചിടുന്നു
വാണിക്കുള്ളോരു ശുദ്ധസ്ഫടികസദൃശമാ-
    യുള്ള വെള്ളശ്ശരീരം
മാണിക്യംപോലെയാകുന്നവിടെ മരുവിടും-
    മൂലമക്കാലമെല്ലാം (15)

തോത്പിച്ചാദൈത്യയൂഥം സപദി പടകഴി-
    ഞ്ഞാത്തലപ്പാവു പൊക്കി
ക്കുപ്പായത്തോടുമാരാൽ വരുമളവു കുമാ-
    രേന്ദ്രനാരായണന്മാർ
ത്വദ്ഭർത്തൃച്ഛിഷ്ടമോർക്കിൽ പ്രമഥനിതി വെറു
    ത്തും മുറുക്കുന്നു വാങ്ങി-
ക്കർപ്പൂരച്ഛേദമോടും തവ കവിളിനക
    ത്തമ്പിടും തമ്പലങ്ങൾ (16)

ചെന്താർബാണാരിചിത്രസ്തുതികൾ പലതുമാ-
    വാണി വായിച്ചിടുമ്പോൾ
ചിന്തും മോദേന നീയും ചെറുതു തല കുലു-
    ക്കീട്ടു ചൊല്ലാൻ തുടർന്നാൽ
പൈന്തേനിൻ വാണി! നിൻ വാങ്മാധുരിമയതിനാൽ
    ശബ്ദമേറായ്കമൂലം
സ്വന്തം കൈവീണതന്നെക്കവിയണയിലെടു-
    ത്തിട്ടു കെട്ടുന്നു വേഗം (17)

ഉണ്ണിക്കാലത്തു കൈകൊണ്ടഗപതിയനന്മോ-
    ദിച്ചതായും സദാ മു-
ക്കണ്ണൻ മോഹാന്ധനായ് വന്നധരമതു കുടി
    പ്പാനുയർത്തുന്നതായും
വർണ്ണിപ്പാൻ വസ്തുകിട്ടാത്തൊരു കരഗതമാം
    വാമദേവന്റെ വക്ത്ര-
ക്കണ്ണാടിത്തണ്ടതാം നിൻ ചിബുകമടിയനി-
    ന്നോർക്കിലെന്തൊന്നുരയ്ക്കും (18)

കണ്ടീടാം ദേവി! നിത്യം ഹരകരപരിരംഭത്തി-
    ലുദ്ധൂതമാം നിൻ
കണ്ഠത്തിൽ കണ്ടകമ്പുണ്ടൊരു മുഖകമല-
    ത്തിന്റെ തണ്ടിന്റെ ലക്ഷ്മി
ഉണ്ടേവം കാരകിൽച്ചേറുരുവിയഥ കറു-
    ത്തും സ്വഗത്യാ വെളുത്തും

തണ്ടിൻ താഴത്തു തണ്ടാർ വലയവടിവിലും
ചാരുവാം ഹാരവല്ലി (19)

പണ്ടാവേളിക്കു ബന്ധിച്ചൊരു ചരടുകൾ തൻ
ലഗ്നകം പോൽ കഴുത്തിൽ-
ക്കണ്ടീടും രേഖ മൂന്നും ഗതിഗമകമഹാ
ഗീത ചാതുര്യവാസേ!
കൊണ്ടാട്ടും ശോഭതേടുന്നിതമിതമധുരമാം
രാഗരത്നാകരത്വം
തെണ്ടും ഗ്രാമത്രയത്തിൻ സ്ഥിതിയെ നിലനിറു-
ത്തുന്ന കാഷ്ഠാത്രയം പോൽ (20)

ലോലത്വം പൂണ്ട തണ്ടാർവലയമൃദുലമാം
നിന്റെ കൈനാലുമേലും
ലാലിത്യം വാഴ്ത്തിടുന്നു നളിനനിലയനൻ
നാലുവക്ത്രങ്ങൾ കൊണ്ടും
കാലപ്രദ്ധ്വംസിതൻ കൈനഖനിരയിലലം
പേടിയായ് ശിഷ്ടശീർഷം
നാലിന്നും ദേവിയൊന്നായഭയകരമുയ-
ർത്തീടുമെന്നുഢബുദ്ധ്യാ (21)

പുത്തൻ ചെന്താമരപ്പൂനിറമരിയ നഖം
കൊണ്ടു നിന്ദിച്ചിട്ടും നിൻ -
കൈത്താരിൻ കാന്തി ഞാനെങ്ങനെ പറയുമുമേ
ഹന്ത നീ തന്നെ ചൊൽക

നൃത്തംചെയ്യും മഹാലക്ഷ്മിയുടെ കഴലിണ-
    യ്ക്കേലുമാലക്തകം പൂ-
ണ്ടത്യർത്ഥം നിൽക്കിലപ്പങ്കജമൊരു ലവലേ-
    ശത്തിനോടൊത്തിടട്ടേ (22)

അമ്പൊത്തൊന്നിച്ചു ലംബോദരനമനുജനും
    വന്നു പാലുണ്ടിടും നിൻ
തുമ്പെപ്പോഴും നനഞ്ഞുള്ള കുചയുഗളം
    തീർക്കുമെൻ ദുഃഖമെല്ലാം
മുൻപിൽ കണ്ടായതിന്നും ദ്വീപവദനനമ്മേ!
    ഹാസ്യമമ്മാറു മോഹാൽ
തുമ്പിക്കൈകൊണ്ടു ളുർണ്ണം ശിരസി തടവി നോ-
    ക്കുന്നു തത് കുംഭയുഗ്മം (23)

മാണിക്യത്തോൽക്കുടംതാനമൃതഭരിതമാ-
    കുന്നതാകുന്നു രണ്ടി-
ക്കാണും നിൻ കൊങ്ക കുന്നിൻകൊടി!യടിയനിതി-
    നില്ല തെല്ലും വിവാദം
ചേണൊക്കുന്നായതുണ്ടിഹ ഗണപതിയും
    സ്കന്ദനും നാരിമാരെ
ഘ്രാണിച്ചീടാതെയിന്നും തവ മുലകുടി മാ-
    റാത്ത കൈത്തോകകങ്ങൾ (24)

ചണ്ഡത്വം പൂണ്ട നാഗാസുരനുടെ തല കീ-
    റീട്ടെടുത്തുള്ള മുത്തിൻ -

ഷണ്ഡത്തെക്കോർത്തു കൊങ്കത്തടമതിലനിയും
    മുഗ്ദ്ധമുക്താരസം തേ
ചണ്ഡീ! ചെന്തൊണ്ടിതോൽക്കുന്നധരരുചികളാൽ
    ചിത്രമായാ പ്രതാപോ-
ദ്ദണ്ഡശ്രീയിൽ കലർന്നീടിന പുരരിപുവിൻ
    മൂർത്തയാം കീർത്തിപോലെ (25)

പാലെന്നുള്ളോരു കള്ളത്തൊടുമയി ജനനീ!
    വൈഖരീശബ്ദജാല-
പ്പാലംഭോരാശിയല്ലോ തവ ഹൃദയമതീ-
    ന്നൂർന്നു പായുന്നതോർത്താൽ
കോലും വാത്സല്യമോടും ദ്രവിഡശിശുവിനായ്
    നീ കൊടുത്താസ്വദിച്ചാ-
ബാലൻ സംവൃത്തനായാൻ പ്രഥിതകവികളിൽ
    ദിവ്യനാം കാവ്യകർത്താ (26)

ദേവൻ തൻ ക്രോധമാകും ദഹനശിഖകളിൽ
    ദ്ദേഹമാഹന്ത വെന്താ-
പ്പൂവമ്പൻ വന്നു വീണാൻ ഝടിതി ഭവതിതൻ
    നാഭിയാം വാപിതന്നിൽ
ആവിശ്ശ്യാമാഭമപ്പോൾ ചെറിയ പുക പുറ-
    പ്പെട്ടു മേൽപ്പോട്ടതിന്നും
ഭാവിച്ചീടുന്നു ലോകം ജനനി ഭവതിതൻ
    രോമദാമാഭയെന്നും (27)

കണ്ടാൽ കാളിന്ദിനീരിൻ ചെറിയ ക-
    ല്ലോലകമ്പോലെയേതാ-
ണ്ടുണ്ടല്ലോ നിന്റെ നാളോദരമതിലഗജേ
    ബുദ്ധിമാന്മാർക്കതോർക്കിൽ
കണ്ഠിച്ചേറ്റം ഞെരുങ്ങും കുചഗിരികളിട
    യ്ക്കുള്ള സൂക്ഷ്മാന്തരീക്ഷം
തെണ്ടും ദിക്കറ്റു നാഭീഗുഹയിൽ വരികയാ-
    ണെന്നു തോന്നീടുമാര്യേ (28)

മാറിപ്പോകാത്ത മന്ദാകിനിയുടെ ച്ചുഴിയോ
    മൊട്ടു രണ്ടിട്ടു രോമ-
ത്താരൊക്കും തൈലതയ്ക്കുള്ളരിയൊരു തടമോ
    താർശരക്കർശനത്തീ
നീറീടും കുണ്ഡമോ നാഭികയിതു രതിതൻ
    നിത്യമാം കുത്തരങ്ങോ
ദ്വാരോ സിദ്ധിക്കു ഗൌരീ ഗിരീശമിഴികൾതൻ
    വീക്ഷ്യമാം ലക്ഷ്യമെന്നോ (29)

പണ്ടേ പാരം ക്ഷയിച്ചും പെരിയ കുചഭരം
    കൊണ്ടുപിന്നെ ശ്രമിച്ചും
കണ്ടാലാനമ്രയാം നിൻ കടിലതികയൊടി-
    ഞ്ഞീടുമിന്നെന്നു തോന്നും
കണ്ടിക്കാർവേണിമൌലേ നദിയുടെ കരനി-
    ൽക്കും മരത്തിന്റെ വേരിൻ

തണ്ടോളം സ്ഥൈര്യമേയുള്ളതിനു ധരസുതേ
　　നന്മ മേന്മേൽ വരട്ടേ (30)

അപ്പപ്പോൾ വിയർത്തും വിരവിനൊടു വിജൃം
　　ഭിച്ചും കക്ഷം കവിഞ്ഞും
കുപ്പായത്തിൻ കുഴഞ്ഞുള്ളൊരു കവിളു മുറി-
　　ക്കുന്ന കൊങ്കക്കുടങ്ങൾ
കല്പിച്ചിട്ടാശുകാമൻ ജനനിയൊടിയുമെ
　　ന്നോർത്തു നിൻ മദ്ധ്യദേശം
കെൽപ്പോടും മൂന്നുവട്ടം ലവലിലതകളാൽ
　　കെട്ടിനാൻ തിട്ടമാര്യേ (31)

ഭാരം വിസ്താരമെന്നീവകയെ നിജ നിതം-
　　ബത്തിൽ നിന്നദ്രിരാജൻ
വാരിത്തന്നായിരിക്കാം തവ ജനനി വധൂ-
　　ശ്രുൽക്കമായുള്ളതെല്ലാം
നേരോർക്കുമ്പോഴതല്ലേയതിവിപുലഭരം
　　നിന്റെ നൈതംബബിംബം
പാരാകത്താൻ മറയ്ക്കുന്നതിനെ ലഘുവതായ്
　　ചെയ്കയും ചെയ്തിടുന്നു (32)

തത്തൽ കുംഭീന്ദ്രർ തേടും കരനിരകളതും
　　തങ്കവാഴത്തരത്തിൻ
പുത്തൻ കാണ്ഡങ്ങളും പോർത്തുടകളിവകളാൽ
　　നിന്നു നീ വെന്നു രണ്ടും

ഭർത്താവിൻ മുമ്പു കുമ്പിട്ടധികപരുഷമാം
    വൃത്തജാനദ്വയത്താൽ
കർത്തവ്യജ്ഞേ ജയിക്കുന്നമരകരിവരൻ
    കുംഭവും ശംഭുജായേ (33)

യുദ്ധേ തോത്പിച്ചിടേണം ശിവനെ നിയതമെ-
    ന്നാശ്ശരശ്രേണിയിപ്പോൾ
പത്താക്കിപ്പഞ്ചബാണൻ ഭവതിയുടെ കണ-
   ങ്കാലു ത്തുണീരമാക്കി
പ്രത്യക്ഷിക്കുന്നിതെൻ കീഴ്നഖരകപടമായ്
    പത്തുമസ്ത്രാഗ്രമാര്യേ
നിത്യം വാനോർകിരീടോപലനികഷമതിൽ
    തേച്ചെഴും മൂർച്ചയോടും (34)

വേദങ്ങൾക്കുള്ള മൂർദ്ധാക്കളിൽ മുടികൾസമം
    ചേരുമച്ചാരുവാം നിൻ
പാദദ്വന്ദ്വം കനിഞ്ഞെൻ ജനനി മമ ശിരോ-
    ദിക്കിലും വയ്ക്കണം നീ
യാതൊന്നിൻ പാദതീർത്ഥം ഹരനുടെ ജടയിൽ
    തങ്ങിടും ഗംഗയല്ലോ
യാതൊന്നിൻ ലാക്ഷ സാക്ഷാൽ നൃഹരിമകുടമാ-
    ണിക്യവിഖ്യാതയല്ലോ (35)

നാമിന്നോതാം നമസ്സിൻനിരകൾ നയനര-
    മ്യാഭമായ് നല്ലരക്കിൽ

താവും കമ്രാഭിരാമദ്യുതിയധികമെഴും
    നിന്നടിത്താരിനാര്യേ!
ഭാവിച്ചീടുന്നതിൻ താഡനരസമിവനെ-
    ന്നെന്നുമന്തഃപുരപ്പൂം-
കാവിൽ കാണുന്ന കങ്കേളിയൊടു പശുപതി-
    ക്കെപ്പൊഴില്ലഭ്യസൂയ (36)

പേരല്പം മാറിയോതിപ്പുനരടിപണിവാൻ
    വന്നുടൻ കള്ളലജ്ജാ-
ഭാരം കാണിച്ചു വീഴും പതിയുടെ നിടിലം
    തന്നിൽ നിൻ ധന്യപാദം
പാരം തല്ലുന്ന നേരം ദഹനപരിഭവം
    വീണ്ടതെങ്ങും ജയത്താൽ
ചേരും പാദാംഗദത്തിന്നൊലി കിലികിലിതം
    ചെയ്തതാം ചൂതബാണൻ (37)

മഞ്ഞിൽപ്പെട്ടെങ്കിൽ മങ്ങും മുഴുവനിരവിലും
    നിന്നുറങ്ങും വിശേഷാൽ
കഞ്ജത്താരേകലക്ഷ്മീനിലയമിതു കഴൽ-
    ത്താമരത്താരു രണ്ടും
മഞ്ഞേലും കുന്നിലാടും പകലുമിരവിലും
    ശോഭതേടും ഭജിച്ചാൽ
മഞ്ജുശ്രീ വേണ്ടതേകും പുനരിതിനു ജയം
    ചിത്രമോ ഗോത്രകന്യേ! (38)

ചൊല്ലിന്നസ്ഥാനമാം നിൻ ചരണമഴലിന-
    സ്ഥാനമാമായതിന്നും
തുല്യം വല്ലാത്തൊരാമപ്പിടയുടെ മുതുകെ-
    ന്നോതിയാൽ സാധുവാമോ
മെല്ലെന്നാ വേളിനാളിൽ പദമലരു കരം
    രണ്ടുകൊണ്ടും പിടിച്ചാ-
ക്കല്ലിന്മേൽ വച്ച കാലാരിയുടെ കടുമന-
    സ്സിന്നു കാരുണ്യമുണ്ടോ (39)

വാനിൽ തങ്ങുന്ന വാർകേശികൾ കരകമലം
    കുമ്പുമാറമ്പിളിക്കൊ-
ത്തുനം വിട്ടീ നഖമ്പുണ്ടടികളുപഹസി-
    ക്കുന്നതാം നന്ദനത്തെ
വാനോർമാത്രം വരിച്ചാൽ കരതളിരതിനാൽ
    കല്പകം ഭിക്ഷയേകും
ദീനന്മാർക്കേകിടും നിൻ പദതളിരനിശം
    ഭവ്യമാം ദ്രവ്യമാര്യേ! (40)

ഭാവം കണ്ടിട്ടു വേണ്ടും പദവി പരവശ-
    ന്മാർക്കു ചേർക്കുന്നതായും
താവും സൌന്ദര്യസാരദ്യുതിയെ മധുവൊഴു-
    ക്കായൊഴുക്കുന്നതായും
ദേവി ത്വത്പാദമെന്നുള്ളമരലതികതൻ
    പൂംകുലയ്ക്കുള്ളിലിന്നെൻ

ജീവൻ ജീവിക്കുമാറിന്ദ്രിയമൊട്ടുമറുകാൽ
    പൂണ്ടു വണ്ടായ് വരട്ടെ (41)

തെറ്റിപ്പോയിട്ടുപോലും തവ നടയെ മുതി-
    ർന്നഭ്യസിക്കുന്നപോൽ നിൻ
മുറ്റത്തുള്ളോരു ഹംസപ്പിടകൾ വെടിയുമാ
    റില്ലഹൊ തുല്യയാനം
മറ്റെന്തോതുന്നതോർത്താൽ തവ കഴൽമണിമ-
    ഞ്ജീരമഞ്ജുസ്വരത്തിൽ
കുറ്റം കൂടാതവയ്ക്കും ഗതിമുറയുപദേ-
    ശിക്കയാം ശ്ലാഘ്യയാനേ! (42)

സേവാസന്നദ്ധരാകും ദ്രുഹിണഹരിഹര-
    ന്മാർഭവന്മഞ്ചമായാർ
മേൽവസ്ത്രം മൂടുകെന്നായതിനു ശിവനുമാ-
    സ്വച്ഛകാന്തിച്ഛലത്താൽ
ദേവി! ത്വദ്ദേഹദിവ്യപ്രഭകളുടനതിൽ -
    പ്പെട്ടു രക്താഭനായാ-
ദ്ദേവൻ ശൃംഗാരമൂർത്തിദ്യുതിസദൃശമഹോ
    കണ്ണിനാനന്ദമായാൻ (43)

മല്ലിക്കാർകുന്തൽതന്നിൽ കുടിലത മൃദുഹാ-
    സത്തിലത്യാർജ്ജവം വൻ
കല്ലിൻ ദാർഢ്യം കുചത്തിൽ കുസുമസഹജ-
    സൌഭാഗ്യമന്തർഗ്ഗതത്തിൽ

സ്ഥൌല്യം ശ്രോണീഭരത്തിൽ സ്ഫുടതരമരയിൽ
    സൌക്ഷ്മ്യമേവം ജഗത്തി-
ന്നെല്ലാമാലംബമാകും ശിവകരുണ ജയി
    ക്കുന്നു ശോണാഭിരാമാ (44)

അങ്കം കസ്തൂരിയാണങ്ങതിധവളകലാ-
    രാശി കർപ്പൂരമാണാ-
ത്തിങ്കൾബിംബം ജലാഢ്യം മരതകമരവി-
    ത്തട്ടമാണിട്ടുവയ്പ്പാൻ
ശങ്കിപ്പാനില്ലതിങ്കൽ ഭവതിയതുപയോ-
    ഗിച്ചു പാത്രം വെടിഞ്ഞാൽ
സങ്കേതിക്കുന്നു വീണ്ടും വിധിയതിലഖിലം
    ദേവി! നിൻ സേവനാർത്ഥം (45)

അമ്പോടോർക്കുമ്പൊഴാര്യേ! ഭഗവതി പുരഭി
    ത്തിന്റെയന്തപുരം നീ
നിൻ പൂജാവൃത്തി പിന്നീയനിയതകരണ-
    ന്മാർക്കു സിദ്ധിക്കുമോവാൻ
ജംഭാരിപ്രഖ്യരാകും വലിയ വിബുധരും
    തുല്യമില്ലാത്ത സിദ്ധ്യാ
സമ്പന്നന്മാരതായിട്ടണിമമുതലൊട്ടും
    ദ്വാരചാരത്തിലല്ലേ (46)

ധാതാവിൻ പതിതന്നെക്കവികളനുഭവി-
    ക്കാത്തതാരാണുരക്ഷിൽ

ശ്രീദേവിയ്ക്കും നിനച്ചാലിഹ പതിയെവനാ-
ക്കില്ലരക്കാശിരിക്കിൽ
ഭ്രതേശന്തന്നെ വിട്ടേൻഭഗവതി സതികൾ
ക്കുത്തമോത്തംസമേ നീ
ചൂതേലും കൊങ്കചേരാൻ കുരവകതരുവും
ഗോത്രജേ പാത്രമല്ലാ (47)

പാലോലും വാണി പദ്മാസനന്ന രമണിയാ-
പ്പത്മനാഭന്നു പദ്മാ
ഫാലാക്ഷൻപത്നിയാൾ പാർവതിയിതി പറയു-
ന്നുണ്ടഹോ പണ്ഡിതന്മാർ
നാലാമത്തേതിതേതാണ്ടവിദിതമഹിമാ
ഹാ മഹാമായേ ഹാ നി-
ർവേലാ വിശ്വം ഭ്രമിപ്പിപ്പവൾ ഭവതി പര-
ബ്രഹ്മപട്ടാഭിഷിക്ത (48)

എപ്പോഴാണംബ ലാക്ഷാരസകലിതമതാം
നിന്റെ പൊൻതാമരപ്പൂം-
തൃപ്പാദക്ഷാളതീർത്ഥോദകമതുൾക കുടി-
ക്കുന്ന വിദ്യാർത്ഥിയായ് ഞാൻ
ഉല്പത്ത്യാമൂകനും നിന്നരുകവിത പൊഴി-
പ്പിക്കുമത്തീർത്ഥമേതു-
ന്നെപ്പോഴാണംബ വാണീവദനകമലതാം-
ബൂലലീലാരസത്വം (49)

ബ്ര്യഹ്മാണിക്കും രമയ്ക്കും വിധിഹരിസമനായ്
    തന്നെ വാണുല്ലസിക്കും
രമ്യം സൌഭാഗ്യമാർന്നാ രതിയുടയ സതീ-
    നിഷ്ഠയും ഭ്രഷ്ടയാക്കും
ചെമ്മേ ജീവിച്ചിരിക്കും ചിരമിഹ പശുപാ-
    ശങ്ങളെല്ലാമറുക്കും
ബ്ര്യഹ്മാനന്ദാഭിധാനം രസവുമനുഭവി
    ക്കും ഭവദ്ഭക്തനാര്യേ! (50)

ദീപത്തിൻ ജ്വാലതന്നാൽ ദിനകരനു സമാ-
    രാധനം ദേവി, യിന്ദു-
ഗ്രാവത്തിൽ ശീകരത്താൽ ഹിമകരനു വിധി
    ക്കുന്ന പൂജാവിധാനം
ആപം തന്റേതെടുത്തംബുധിയതിനരുളും
    തർപ്പണം തന്നെ നിന്നെ
ബ്ഭാവിച്ചീ നിന്റെ വാക്കാൽ ജനനി! ലിപിമയീ!
    തീർത്തൊരിസ്തോത്രജാലം. (51)

**സൌന്ദര്യലഹരി ഭാഷ സമാപ്തം.**

ആദിശങ്കരകൃത

# സൗന്ദര്യലഹരി

## പരിഭാഷാ

**Published by**
http://hinduebooks.blogspot.com

# ആമുഖം

സൗന്ദര്യത്തിന്റെ അലകൾ എന്നാണ് സൗന്ദര്യലഹരി എന്ന സ്തോത്രത്തിന്റെ പേര് അർഥമാക്കുന്നത്. ഇതിലെ ആദ്യത്തെ 41 ശ്ലോകങ്ങൾ ആനന്ദലഹരി എന്നും പിന്നീടുള്ള 59 ശ്ലോകങ്ങൾ സൗന്ദര്യലഹരി എന്നും അറിയപ്പെടുന്നു. ഒരിക്കൽ ആദിശങ്കരാചാര്യർ കൈലാസം സന്ദർശിച്ചപ്പോൾ അവിടെ ഒരു ചുമരിൽ കൊത്തിവെച്ചതായി അദ്ദേഹം കണ്ടവയാണ് ആദ്യത്തെ ഭാഗമെന്നും ബാക്കിയുള്ള ശ്ലോകങ്ങൾ കൂട്ടിച്ചേർത്ത് അദ്ദേഹം സ്തോത്രം പൂർത്തിയാക്കിയെന്നു ഐതിഹ്യമുണ്ട്.

ദേവിഭക്തരുടെയിൽ സഹസ്രാബ്ദങ്ങളായി പ്രചാരത്തിലിരിക്കുന്ന ഈ സ്തോത്രത്തിന് സംസ്കൃതത്തിൽ തന്നെ മുപ്പത്തിയാറിലധികം വ്യാഖ്യാനങ്ങളുണ്ട്. അവയിൽ ലക്ഷ്മീധരന്റെ വ്യാഖ്യാനമാണ് ഏറ്റവും പ്രശസ്തം. മലയാളത്തിലും ഈ സ്തോത്രത്തിന് അനവധി ഗദ്യ, പദ്യപരിഭാഷകളും, വ്യാഖ്യാനങ്ങളും നിലവിലുണ്ടെങ്കിലും അവയ്ക്കെല്ലാം പകർപ്പവകാശമുള്ളതിനാൽ ഇന്റർനെറ്റിൽ സൗജന്യമായി ലഭ്യമാക്കാൻ അസാദ്ധ്യമായതുകൊണ്ടാണ് വിവർത്തകൻ ലളിതമായ ഈ ഗദ്യ പരിഭാഷയ്ക്ക് മുതിർന്നത്.

## സൗന്ദര്യലഹരി പരിഭാഷാ

മഹാകവി കുമാരനാശാൻ സൗന്ദര്യലഹരിയ്ക്ക് രചിച്ച പദ്യപരിഭാഷ സുപ്രസിദ്ധമാണ്. വായനക്കാരുടെ സൗകര്യത്തിനായി അതും ഈ ഇ-ബുക്കിന്റെ അവസാനം ചേർത്തിട്ടുണ്ട്.

ഇതു വായിക്കുന്നവരുടെ മനസ്സുകളെ ഈ സ്തോത്രം ആനന്ദലഹരിയിലാറാടിക്കട്ടെയെന്ന് പ്രാർത്ഥിച്ചു കൊണ്ട് മലയാളികളായ ദേവീഭക്തന്മാർക്കായി സമർപ്പിക്കുന്നു. പരിഭാഷയിലുള്ള തെറ്റുകുറ്റങ്ങൾ ഇ-മെയിൽ വഴി എന്നെ അറിയിക്കുവാൻ വായനക്കാരോട് അപേക്ഷിക്കുന്നു.

**- വിവർത്തകൻ**

# ആനന്ദലഹരി

**ശിവഃ ശക്ത്യാ യുക്തോ യദി ഭവതി ശക്തഃ പ്രഭവിതും**
**ന ചേദേവം ദേവോ ന ഖലു കുശലഃ സ്പന്ദിതുമപി,**
**അതസ്ത്വാമാരാധ്യാം ഹരിഹര വിരിഞ്ചാദിഭിരപി**
**പ്രണന്തും സ്തോതും വാ കഥമകൃത പുണ്യഃ പ്രഭവതി 1**

ശക്തിയോട് ചേർന്നിരിക്കുമ്പോൾ മാത്രമാണ് ശിവൻ സൃഷ്ടി മുതലായ കൃത്യങ്ങൾ ചെയ്യുവാൻ പ്രാപ്തനാകുന്നുള്ളൂ. അല്ലെങ്കിൽ ശിവന് അനങ്ങുവാൻ പോലും കെല്പുണ്ടാകുകയില്ല. അപ്പോൾ എങ്ങനെയാണ് പുണ്യശാലിയല്ലാത്ത ഒരാൾക്ക് ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരാൽ പൂജിതയായ അവിടുത്തെ (ശക്തിയെ) പ്രണമിക്കുവാനും സ്തുതിക്കുവാനും സാധിക്കുക?

**തനീയാംസം പാംസും തവ ചരണ പംകേരുഹഭവം**
**വിരിഞ്ചിഃ സഞ്ചിന്വൻ വിരചയതി ലോകാനവികലം,**
**വഹത്യേനം ശൌരിഃ കഥമപി സഹസ്രേണ ശിരസാം**
**ഹരഃ സംക്ഷുദ്യൈനം ഭജതി ഭസിതോദ്ധൂലന വിധിം 2**

അവിടുത്തെ പാദപത്മങ്ങളിൽ നിന്നുള്ള ശകലം ധൂളികൊണ്ട് ബ്രഹ്മാവ് ലോകങ്ങളെയെല്ലാം യാതൊരു കുറവും കൂടാതെ സൃഷ്ടിക്കുന്നു. അതിനെ വിഷ്ണു തന്റെ ആയിരം ശിരസ്സുകളാൽ വളരെ പണിപ്പെട്ട് ചുമക്കുന്നു. ഹരനാകട്ടെ അതിനെ ഒന്നു കൂടി ധൂളീകരിച്ച് ഭസ്മമെന്ന

പോലെ അതിനെ സ്വശരീരത്തിൽ ധരിക്കുകയും ചെയ്യുന്നു.

**അവിദ്യാനാമന്തസ്തിമിര മിഹിര ദ്വീപനഗരീ**
**ജഡാനാം ചൈതന്യ സ്തബക മകരന്ദ സ്രുതിഝരീ,**
**ദരിദ്രാണാം ചിന്താമണി ഗുണനികാ ജന്മജലധൌ**
**നിമഗ്നാനാം ദംഷ്ട്രാ മുരരിപു വരാഹസ്യ ഭവതി 3**

അവിടുന്ന് (അഥവാ അവിടുത്തെ പാദപാംസുക്കൾ) അജ്ഞാനികളുടെ ഹൃദയത്തിലെ അന്ധകാരത്തിന് ജ്ഞാനസൂര്യനുദിച്ചുനിൽക്കുന്ന ദ്വീപനഗരി പോലെയും, മൂഢന്മാർക്ക് ശുദ്ധബുദ്ധിയാകുന്ന പൂങ്കുലയിൽ നിന്നൊഴുകുന്ന തേനരുവി പോലെയും, ദരിദ്രന്മാർക്ക് ചിന്താമണി (സകലകാമങ്ങളെയും നല്കുന്ന സ്വർഗ്ഗീയമായ രത്നം) രത്നഹാരം പോലെയും, സംസാരസാഗരത്തിൽ മുങ്ങിത്താഴുന്നവർക്ക് വരാഹാവതാരം പൂണ്ട വിഷ്ണുവിന്റെ തേറ്റ പോലെയുമാകുന്നു.

**ത്വദന്യഃ പാണിഭ്യാമഭയവരദോ ദൈവതഗണഃ**
**ത്വമേകാ നൈവാസി പ്രകടിത വരാഭീത്യഭിനയാ,**
**ഭയാത് ത്രാതും ദാതും ഫലമപി ച വാഞ്ഛാസമധികം**
**ശരണ്യേ ലോകാനാം തവ ഹി ചരണാവേവ നിപുണൌ 4**

സകലലോകങ്ങൾക്കും ശരണ്യയായ ദേവി, മറ്റെല്ലാ ദേവീദേവന്മാരും സ്വഹസ്തങ്ങളാൽ അഭയവരദമുദ്രകൾ

പ്രദർശിപ്പിക്കുന്നു. അവിടുന്നു മാത്രമാണ് ഇത്തരം ചേഷ്ടകളൊന്നും കാണിക്കാതിരിക്കുന്നത്. അവിടുത്തെ തൃച്ചേവടികൾ തന്നെ സകലരുടെയും ഭീതികളെ അകറ്റാനും ആഗ്രഹിച്ചതിലുമധികം വരം നല്കുവാനും സാമർഥ്യമുള്ളവയാണ്.

**ഹരിസ്ത്വാമാരാധ്യ പ്രണത ജന സൌഭാഗ്യ ജനനീം**
**പുരാ നാരീ ഭൂത്വാ പുരരിപുമപി ക്ഷോഭമനയത്,**
**സ്മരോഽപി ത്വാം നത്വാ രതി നയന ലേഹ്യേന വപുഷാ**
**മുനീനാമപ്യന്തഃ പ്രഭവതി ഹി മോഹായ മഹതാം 5**

തന്നെ നമിക്കുന്നവർക്കു സൗഭാഗ്യമരുളുന്ന അവിടുത്തെ ആരാധിച്ചതിന്റെ ഫലമായി വിഷ്ണു നാരീരൂപമെടുത്ത് ത്രിപുരാരിയായ ശിവന്റെ മനസ്സിനെയിളക്കി. അവിടുത്തെ പ്രണമിച്ചതിന്റെ ഫലമായി, രതീദേവിയുടെ കണ്ണുകൾക്ക് ലേഹ്യമായ ഉടലിന്നുടമയായ കാമദേവന് മുനിമാരുടെ പോലും മനസ്സിൽ ശക്തമായ മോഹം ജനിപ്പിക്കുവാൻ സാധിക്കുന്നു.

**ധനുഃ പൌഷ്പം മൌർവ്വീ മധുകരമയീ പഞ്ചവിശിഖാഃ**
**വസന്തഃ സാമന്തോ മലയമരദായോധന രഥഃ,**
**തഥാപ്യേകഃ സർവ്വം ഹിമഗിരിസുതേ കാമപികൃപാം**
**അപാംഗാത്തേ ലബ്ധ്വാ ജഗദിദമനംഗോ വിജയതേ 6**

അല്ലയോ ഹിമഗിരിതനയേ! പുഷ്പനിർമ്മിതമായ വില്ലും, തേനീച്ചകളെക്കൊണ്ടുള്ള ഞാണും, വെറും അഞ്ചുശരങ്ങളും വസന്ത ഋതുവാകുന്ന മിത്രവും, മലയമാരുതനാകുന്ന (തെക്കൻ കാറ്റ്) യുദ്ധരഥവും മാത്രം കൈമുതലായുള്ള കാമദേവൻ അവിടുത്തെ കൃപാകടാക്ഷം തെല്ലൊന്നു സമ്പാദിച്ചതിന്റെ ഫലമായി ഈയുലകത്തെയാകമാനം ജയിക്കുന്നു (കീഴടക്കുന്നു).

**ക്വണത്കാഞ്ചീ ദാമാ കരികലഭ കുംഭസ്തന നതാ**
**പരിക്ഷീണാ മധ്യേ പരിണത ശരച്ചന്ദ്രവദനാ,**
**ധനുർബാണാൻ പാശം സൃണിമപി ദധനാ കരതലൈഃ**
**പുരസ്താദാസ്താം നഃ പുരമഥിതുരാഹോ പുരുഷികാ 7**

കാഞ്ചീ (അരഞ്ഞാൺ) നാദം പൊഴിച്ചും, ഗജമസ്തകം പോലെയുള്ള സ്തനങ്ങളുടെ ഭാരം കൊണ്ടു കുനിഞ്ഞും, മെലിഞ്ഞുള്ള അരക്കെട്ടോടെയും, ശരത്കാലത്തെ പൂർണ്ണചന്ദ്രനെപ്പോലെ പ്രകാശിക്കുന്ന മുഖത്തോടെയും, വില്ലും, ശരവും, പാശവും അങ്കുശവും തൃക്കൈകളി ലേന്തിയും ത്രിപുരഭഞ്ജകനായ ശിവന്റെ അഭിമാന ഭാജനമായ ദേവി എന്റെ മുൻപിൽ എന്നും വിളങ്ങട്ടെ.

**സുധാ സിന്ധോർമധ്യേ സുരവിടപി വാടീ പരിവൃതേ**
**മണിദ്വീപേ നീപോപവനവതീ ചിന്താമണിഗൃഹേ,**
**ശിവാകാരേ മഞ്ചേ പരമശിവപര്യങ്കനിലയാം**
**ഭജന്തി ത്വാം ധന്യാഃ കതിചന ചിദാനന്ദലഹരീം 8**

സുധാസാഗരമധ്യത്തിൽ കല്പവൃക്ഷത്തോപ്പുകളാൽ ചുറ്റപ്പെട്ട രത്നദ്വീപിൽ കദംബവൃക്ഷങ്ങൾക്കിടയിലുള്ള ചിന്താമണിനിർമ്മിതമായ ഹർമ്യത്തിൽ ശിവാകാരമായ (ശ്രീചക്രത്തിലെ ശക്തിത്രികോണത്തിന്റെ ആകൃതി യിലുള്ള) മഞ്ചത്തിൽ പരമശിവനാകുന്ന മെത്തയി ലിരിക്കുന്ന ചിദാനന്ദലഹരിയാകുന്ന അവിടുത്തെ ധ്യാനിക്കുന്ന വിരളം ചില ധന്യാത്മാക്കൾ മാത്രമാണ്.

**മഹീം മൂലാധാരേ കമപി മണിപൂരേ ഹുതവഹം**
**സ്ഥിതം സ്വാധിഷ്ഠാനേ ഹൃദിമരുതമാകാശമുപരി,**
**മനോഽപി ഭ്രൂമധ്യേ സകലമപി ഭിത്വാ കുലപഥം**
**സഹസ്രാരേ പദ്മേ സഹ രഹസി പത്യാ വിഹരസേ 9**

മൂലാധാരത്തിലെ ഭൂ (ഭൂമി) തത്വത്തിനെയും, മണിപൂര ത്തിലെ ജലതത്വത്തിനെയും, സ്വാധിഷ്ഠാനത്തിലെ അഗ്നി തത്വത്തിനെയും, ഹൃദയപത്മത്തിലെ (അനാഹത ചക്ര ത്തിലെ) വായുതത്വത്തിനെയും, അതിനുമുകളിലെ (വിശുദ്ധിചക്രത്തിലെ) ആകാശതത്വത്തിനെയും, ഭ്രൂമദ്ധ്യ ത്തിലെ (ആജ്ഞാചക്രത്തിലെ) മനസ്തത്വത്തിനെയും മറികടന്ന് അവിടുന്ന് സഹസ്രാരപത്മത്തിൽ അവിടുത്തെ പതിയായ ശിവനുമായി രഹസ്യമായി വിഹരി ക്കുകയാണ്.

**സുധാധാരാസാരൈശ്ചരണയുഗലാന്തർവിഗലിതൈഃ**
**പ്രപഞ്ചം സിഞ്ചന്തീ പുനരപി രസാമ്നായമഹസഃ,**

**അവാപ്യ സ്വാം ഭൂമിം ഭുജഗനിഭമധ്യുഷ്ടവലയം**
**സ്വമാത്മാനം കൃത്വാ സ്വപിഷി കുലകുണ്ഡേ കുഹരിണി 10**

സഹസ്രാരപത്മത്തിലിരിക്കുന്ന അവിടുത്തെ തൃപ്പാദങ്ങളിൽ നിന്ന് ശക്തമായി ഒഴുകുന്ന അമൃതധാരയാൽ (സാധകന്റെ) ശരീരത്തെയാകമാനം നനച്ച്, വീണ്ടും തന്റെ വാസസ്ഥാനമായ മൂലാധാരചക്രത്തിൽ ചെന്ന് ഒരു സർപ്പത്തെപ്പോലെ മൂന്നരചുറ്റായി കുണ്ഡലിനിയായി, ഒരു സൂക്ഷ്മദ്വാരമുള്ള കുലകുണ്ഡത്തിൽ (താമരക്കിഴങ്ങിന്റെ ആകൃതിയുള്ള) അവിടുന്ന് നിദ്ര ചെയ്യുന്നു.

**ചതുർഭിഃ ശ്രീകണ്ഠൈഃ ശിവയുവതിഭിഃ പഞ്ചഭിരപി**
**പ്രഭിന്നാഭിഃ ശംഭോർനവഭിരപി മൂലപ്രകൃതിഭിഃ,**
**ചതുശ്ചത്വാരിംശദ് വസുദല കലാശ്രത്രിവലയ**
**ത്രിരേഖാഭിഃ സാർധം തവ ശരണകോണാഃ പരിണതാഃ 11**

അല്ലയോ മഹാത്രിപുരസുന്ദരി! നാലു ശ്രീഖണ്ഡങ്ങളും (ശിവാത്മകങ്ങളായ ചക്രങ്ങളും), അവയിൽ നിന്നു ഭിന്നങ്ങളായ അഞ്ചു ശിവയുവതികളും (ശക്ത്യാത്മകങ്ങളായ ചക്രങ്ങളും) ചേർന്ന് പ്രകൃതിയുടെ മൂലകാരണമായ ഒമ്പതു ചക്രങ്ങളിൽ അഷ്ടദളപത്മവും, ഷോഡശദളപത്മവും, മൂന്നു വൃത്തങ്ങളും, ഭൂപുരത്രയവും (മൂന്നു രേഖകളും) ചേർന്ന് നാല്പത്തിനാലു കോണങ്ങളുള്ളതാകുന്നു നിന്തിരുവടിയുടെ നിവാസസ്ഥാനം.

**ത്വദീയം സൌന്ദര്യം തുഹിനഗിരികന്യേ തുലയിതും**
**കവീന്ദ്രാഃ കല്പന്തേ കഥമപി വിരിഞ്ചിപ്രഭൃതയഃ,**
**യദാലോകൌത്സുക്യാദമരലലനാ യാന്തി മനസാ**
**തപോഭിര്ദുഷ്പ്രാപാമപി ഗിരിശസായുജ്യപദവീം 12**

അല്ലയോ ഹിമഗിരികന്യേ, ബ്രഹ്മാവ് തുടങ്ങിയ കവിശ്രേഷ്ഠന്മാർ പോലും അവിടുത്തെ സൗന്ദര്യത്തെ ഉപമിക്കുവാൻ വേറൊരു വസ്തുവിനെയും സങ്കല്പിക്കുവാൻ പോലും ശക്തരാകുന്നില്ല. അവിടുത്തെ സൗന്ദര്യം ദർശിക്കുവാൻ ഇച്ഛിക്കുന്ന അപ്സരസ്ത്രീകൾ തപസ്സു കൊണ്ടുപോലും നേടുവാൻ കഴിയാത്തതായ ശിവ സായൂജ്യപദവി (ശിവനുമായുള്ള താദാത്മ്യം) മനസ്സു കൊണ്ട് നേടുന്നു (ദേവിയുടെ സൗന്ദര്യം ശിവനു മാത്രം അറിയുവാൻ കഴിയുന്നതാകയാൽ ആ സൗന്ദര്യത്തെ അറിയുവാൻ അപ്സരസ്ത്രീകൾക്ക് ശിവനുമായി മനസാ താദാത്മ്യം പ്രാപിക്കേണ്ടിവരുന്നു).

**നരം വർഷീയാംസം നയനവിരസം നർമസു ജഡം**
**തവാപാംഗാലോകേ പതിതമനുധാവന്തി ശതശഃ**
**ഗലദ്വേണീബന്ധാഃ കുചകലശ-വിസ്രസ്ത-സിചയാ**
**ഹഠാത് ത്രുട്യത്കാഞ്ച്യോ വിഗലിത-ദുകൂലാ യുവതയഃ 13**

അല്ലയോ ദേവി! അത്യന്തം വൃദ്ധനും, സൗന്ദര്യ മില്ലാത്തവനും, രതിക്രീഡാദികളിലറിവില്ലാത്തവനു മാണെങ്കിലും അവിടുത്തെ കടാക്ഷത്തിനു പാത്രമായ

പുരുഷനെ നൂറുകണക്കിനു യൗവ്വനയുക്തകളായ സ്ത്രീകൾ അഴിഞ്ഞുവീഴുന്ന തലമുടിയോടും, ഉയർന്ന മാറിൽ നിന്നു വഴുതിവീഴുന്ന മേൽവസ്ത്രത്തോടും, പെട്ടെന്നു പൊട്ടി ത്തെറിക്കുന്ന അരപ്പട്ടയോടും, അഴിഞ്ഞുവീഴുന്ന പട്ടുവസ്ത്ര ത്തോടും കൂടി (അവനിൽ ആകൃഷ്ടരായി സ്വയം മറന്ന്) പിന്തുടരുന്നു.

**ക്ഷിതൌ ഷട്പഞ്ചാശദ് ദ്വിസമധിക പഞ്ചാശദുദകേ**
**ഹുതാശേ ദ്വാഷഷ്ടിശ്ചതുരധിക പഞ്ചാശദനിലേ,**
**ദിവി ദ്വിഃഷട്ത്രിംശന്മനസി ച ചതുഃഷഷ്ടിരിതി യേ**
**മയൂഖാസ്തേഷാമപ്യുപരി തവപദാംബുജയുഗം 14**

ഭൂതത്വത്തോടുകൂടിയ മൂലാധാരത്തിൽ അൻപത്തിയാറും, ജലതത്വത്തോടുകൂടിയ മണിപൂരത്തിൽ അൻപത്തിരണ്ടും, അഗ്നിതത്വത്തോടുകൂടിയ സ്വാധിഷ്ഠാനത്തിൽ അറുപത്തി രണ്ടും, വായു തത്വത്തോടുകൂടിയ അനാഹതചക്രത്തിൽ അൻപത്തിനാലും, ആകാശതത്വത്തോടുകൂടിയ വിശുദ്ധി ചക്രത്തിൽ എഴുപത്തിരണ്ടും, മനസ്തത്വത്തോടുകൂടിയ ആജ്ഞാചക്രത്തിൽ അറുപത്തിനാലും വീതമുള്ള കിരണ ങ്ങൾക്കുമുപരിയായി (അതായത് സഹസ്രദളപത്മമാകുന്ന ബിന്ദുസ്ഥാനത്ത്) അവിടുത്തെ പദാബ്ജങ്ങൾ പരിലസി ക്കുന്നു.

**ശരജ്ജ്യോത്സ്നാശുദ്ധാം ശശിയുത-ജടാജൂടമകുടാം**
**വരത്രാസ-ത്രാണ സ്ഫടിക-ഘുടികാ-പുസ്തകകരാം,**

**സകൃന്ന ത്വാ നത്വാ കഥമിവ സതാം സന്നിദധതേ**
**മധു-ക്ഷീര-ദ്രാക്ഷാ മധുരിമധുരിണാഃ ഫണിതയഃ 15**

ശരത്ക്കാലത്തെ വെണ്ണിലാവിനൊത്ത ശുഭ്രവർണ്ണത്തോടു കൂടിയവളും, ജടാമകുടത്തിൽ ചന്ദ്രബിംബത്തെച്ചൂടിയവളും, വരാഭയമുദ്രകളും, സ്ഫടികമാലയും, പുസ്തകവും കൈകളിൽ ധരിച്ചവളുമായ നിന്തിരുവടിയെ ഒരിക്കലെങ്കിലും പ്രണമിച്ചവരായ സത്പുരുഷന്മാർക്ക് തേൻ, പാൽ, മുന്തിരി എന്നിവയുടെ മാധുര്യത്തിനൊക്കുന്ന മധുരമായ വാക്കുകൾ സ്വാധീനമാകാതിരിക്കുന്നതെങ്ങനെ? (ദേവിയെ ഒരിക്കലെങ്കിലും പ്രണമിച്ചയാൾ മഹാകവി യായിത്തീരുന്നു എന്നർത്ഥം).

**കവീന്ദ്രാണാം ചേതഃകമലവന-ബാലാതപ-രുചിം**
**ഭജന്തേ യേ സന്തഃ കതിചിദരുണാമേവ ഭവതീം,**
**വിരിഞ്ചി-പ്രേയസ്യാസ്തരുണതര-ശൃംഗാരലഹരീ**
**ഗഭീരാഭിർവാഗ്ഭിർവിദധതി സതാം രഞ്ജനമമീ 16**

അല്ലയോ ദേവി! കവിശ്രേഷ്ഠന്മാരുടെ മനസ്സുകളാകുന്ന താമരക്കൂട്ടത്തിന് ഉദയസൂര്യന്റെ പ്രഭ പോലെയായവളും അരുണയെന്നറിയപ്പെടുന്നവളുമായ നിന്തിരുവടിയെ ഭജി ക്കുന്ന ഭക്തന്മാർ സരസ്വതീ ദേവിയുടെ താരുണ്യ ത്തോടുകൂടിയ ശൃംഗാരപ്രവാഹം പോലെയുള്ള ഗംഭീരങ്ങളായ വചസ്സുകളാൽ സഹൃദയഹൃദയങ്ങളെ ആഹ്ലാദിപ്പിക്കുന്നു.

**സവിത്രീഭിർവാചാം ശശിമണി-ശിലാഭംഗ-രുചിഭിഃ**
**വശിന്യാദ്യാഭിസ്ത്വാം സഹ ജനനി സഞ്ചിന്തയതി യഃ,**
**സ കര്ത്താ കാവ്യാനാം ഭവതി മഹതാം ഭംഗിരുചിഭിഃ**
**വചോഭിർവാഗ്ദേവീ-വദനകമലാമോദ-മധുരൈഃ 17**

അല്ലയോ ദേവി! ചന്ദ്രകാന്തമണി പോലെ ധവള വർണ്ണത്തോടുകൂടിയവരും, വാക്കുകളെ ജനിപ്പിക്കുന്ന വരുമായ വശിന്യാദി ദേവതകളോടൊത്തുള്ള നിന്തിരുവടിയെ ധ്യാനിക്കുന്നവൻ മഹാകവികളുടെ വാഗ്വിലാസം പോലെ ആകർഷണീയങ്ങളും വാഗ്ദേവിയുടെ മുഖകമല പരിമളം കൊണ്ട് അതിരുചികരങ്ങളുമായ വാക്കുകളെ ക്കൊണ്ട് കാവ്യങ്ങൾ രചിക്കുന്നവനായിത്തീരുന്നു.

**തനുച്ഛായാഭിസ്തേ തരുണതരണിശ്രീസരണിഭിർ**
**ദിവം സർവ്വാമുർവ്വീമരുണിമനിമഗ്നാം സ്മരതി യഃ,**
**ഭവന്ത്യസ്യ ത്രസ്യദ്വനഹരിണശാലീനനയനാഃ**
**സഹോർവ്വശ്യാ വശ്യാഃ കതി കതി ന ഗീർവ്വാണഗണികാഃ 18**

അല്ലയോ ദേവി! ഉദയസൂര്യന്റെ ശോഭ പൂണ്ട അവിടുത്തെ ദേഹകാന്തിയാകുന്ന അരുണിമയിൽ (ചുവന്ന കാന്തിയിൽ) മണ്ണും വിണ്ണും (ഭൂമിയും ആകാശവും) പൂർണ്ണമായി മുങ്ങിയതായി യാതൊരുവൻ ഭാവന ചെയ്യുന്നുവോ അവന് ഭീതിപൂണ്ട വനമാനുകളുടേതുപോലെ ശാലീനമായ നയനങ്ങളുള്ള ഉർവ്വശി തുടങ്ങിയ അസംഖ്യം ദേവസ്ത്രീകൾ വശ്യകളായിത്തീരുന്നു.

**മുഖം ബിന്ദും കൃത്വാ കുചയുഗമധസ്തസ്യ തദധോ**
**ഹരാര്ധം ധ്യായേദ്യോ ഹരമഹിഷി തേ മന്മഥകലാം,**
**സ സദ്യഃ സംക്ഷോഭം നയതി വനിതാ ഇത്യതി ലഘു**
**ത്രിലോകീമപ്യാശു ഭ്രമയതി രവീന്ദുസ്തനയുഗാം 19**

അല്ലയോ ദേവി! ശ്രീചക്രത്തിന്റെ ബിന്ദുസ്ഥാനത്ത് (കേന്ദ്രത്തിൽ) മുഖവും (താനാഗ്രഹിക്കുന്ന ഏതെങ്കിലും സ്ത്രീയുടേത്) അതിന്നടിയിൽ അവളുടെ സ്തനങ്ങളെയും, അതിനും താഴെ ഹരാർദ്ധത്തെയും (അവളുടെ യോനിയെയും), ഈ സ്ഥാനങ്ങളിൽ അവിടുത്തെ മന്മഥകലയെയും യാതൊരുവനാണോ ഭാവന ചെയ്യുന്നത് (തദ്വാരാ ആ കാമിനിയുമായി താദാത്മ്യം നേടുന്നത്) അവൻ ഉടനടി തന്നെ ആ സ്ത്രീയെ ഭ്രമിപ്പിക്കുന്നുവെന്നത് അത്യന്തം നിസ്സാരമാണ്. അയാൾ സൂര്യചന്ദ്രന്മാരാകുന്ന സ്തനങ്ങളോടുകൂടിയ ത്രിലോകി (മൂന്നു ലോകങ്ങൾ) എന്ന സ്ത്രീയെയും കൂടി വളരെ വേഗം തന്നെ ഭ്രമിപ്പിക്കുന്നു.

**കിരന്തീമംഗേഭ്യഃ കിരണ-നികുരുംബാമൃതരസം**
**ഹൃദി ത്വാമാധത്തേ ഹിമകരശിലാമൂര്ത്തിമിവ യഃ,**
**സ സർപാണാം ദർപം ശമയതി ശകുന്താധിപ ഇവ**
**ജ്വരപ്ലുഷ്ടാൻ ദൃഷ്ട്യാ സുഖയതി സുധാധാരസിരയാ 20**

അല്ലയോ ദേവി, തന്റെ കാന്തിസമൂഹത്തിൽ നിന്നുണ്ടായ അമൃതരസത്തെ ഓരോ അവയവങ്ങളിലൂടെയും വർഷിക്കുന്നവളും, ചന്ദ്രകന്തമണി കൊണ്ട് നിർമ്മിക്കപ്പെട്ട വിഗ്രഹം

പോലിരിക്കുന്നവളുമായ നിന്തിരുവടിയെ യാതൊരുവൻ തന്റെ ഹൃദയത്തിൽ ധ്യാനിക്കുന്നുവോ, അവൻ ഗരുഡനെ പ്പോലെ സർപ്പങ്ങളുടെ ഗർവ്വ് ശമിപ്പിക്കുകയും (സർപ്പ വിഷബാധയെ നീക്കുകയും), ജ്വരപീഢിതരെ അമൃതം വർഷിക്കുന്ന സിരയോടു കൂടിയ നോട്ടം കൊണ്ട് മാത്രം സുഖിപ്പിക്കുകയും ചെയ്യുന്നു.

**തടില്ലേഖാതന്വീം തപനശശിവൈശ്വാനരമയീം**
**നിഷണ്ണാം ഷണ്ണാമപ്യുപരി കമലാനാം തവ കലാം,**
**മഹാപദ്മാടവ്യാം മൃദിതമലമായേന മനസാ**
**മഹാന്തഃ പശ്യന്തോ ദധതി പരമാഹ്ലാദലഹരീം 21**

അല്ലയോ ദേവി! മിന്നൽക്കൊടി പോലെ കൃശഗാത്രി യായും, സൂര്യചന്ദ്രാഗ്നിരൂപിണിയുമായി മൂലാധാരാദി ആറു പത്മങ്ങൾക്കും മേലെയുള്ള മഹപത്മവനത്തിൽ (സഹസ്രാരപത്മത്തിൽ) സ്ഥിതിചെയ്യുന്ന അവിടുത്തെ "സാദാഖ്യ" എന്ന കലയെ, കാമക്രോധങ്ങളും അജ്ഞാന വുമകന്ന മനസ്സു കൊണ്ട് സാക്ഷാത്ക്കരിക്കുന്ന മഹത്തു ക്കൾ നിസ്സീമമായ ആഹ്ലാദലഹരിയിലാമഗ്നരാകുന്നു.

**ഭവാനി ത്വം ദാസേ മയി വിതര ദൃഷ്ടിം സകരുണാം**
**ഇതി സ്തോതും വാഞ്ഛൻ കഥയതി ഭവാനി ത്വമിതി യഃ,**
**തദൈവ ത്വം തസ്മൈ ദിശസി നിജസായുജ്യപദവീം**
**മുകുന്ദബ്രഹ്മേന്ദ്രസ്ഫുടമകുടനീരാജിതപദാം 22**

"അല്ലയോ ഭവാനി! ഈ ദാസനിൽ അവിടുത്തെ കരുണാകടാക്ഷമുണ്ടാകണേ" എന്നു പറയുവാനുദ്ദേശിച്ച് ഒരുവൻ "ഭവാനി ത്വം" എന്നു പറയുമ്പോഴേക്കും അവിടുന്ന് അവന് ബ്രഹ്മാവ്, വിഷ്ണു, ഇന്ദ്രൻ എന്നിവർ സ്വന്തം കിരീടങ്ങൾ കൊണ്ട് (അവയുടെ ഉജ്ജ്വലപ്രഭ കൊണ്ട്) ആരതിയുഴിഞ്ഞിട്ടുള്ള അവിടുത്തെ തൃപ്പാദങ്ങളുമായി താദാത്മ്യത്തെ (ആത്മസായൂജ്യ പദവിയെ) കൊടുക്കുന്നു.

(ആ ഭക്തൻ ദേവിയുമായി ഐക്യം പ്രാപിക്കുന്നു വെന്നർത്ഥം. "ഭവാനി ത്വം" എന്നതിന് "അല്ലയോ ഭവാനി! അവിടുന്ന്" എന്നും "ഞാൻ അവിടുന്നായി ത്തീരട്ടെ" എന്നിങ്ങനെ രണ്ടർത്ഥങ്ങളുണ്ട്.)

**ത്വയാ ഹൃത്വാ വാമം വപുരപരിതൃപ്തേന മനസാ**
**ശരീരാർധം ശംഭോരപരമപി ശങ്കേ ഹൃതമഭൂത്,**
**യദേതത് ത്വദ്രൂപം സകലമരുണാഭം ത്രിണയനം**
**കുചാഭ്യാമാനമ്രം കുടില ശശി ചൂഡാല മകുടം 23**

അല്ലയോ ദേവി! ശംഭുവിന്റെ (ശിവന്റെ) ശരീരത്തിന്റെ വാമാർദ്ധം അപഹരിച്ചിട്ടും അവിടുത്തെ മനസ്സിന് തൃപ്തി വരാത്തതിനാൽ വലത്തേ പകുതി കൂടി അവിടുന്ന് അപഹരിച്ചുവോ എന്ന് ഞാൻ ശങ്കിക്കുന്നു. എന്തെന്നാൽ എന്റെ ഹൃദയകമലത്തിൽ ഇരിക്കുന്ന നിന്തിരുവടിയുടെ ഈ രൂപം പൂർണ്ണമായും അരുണവർണ്ണമായിട്ടും, മൂന്നു

കണ്ണുകളുള്ളതായിട്ടും, സ്തനഭാരത്താൽ കുനിഞ്ഞിരിക്കുന്ന തായിട്ടും, ചന്ദ്രക്കല ചൂടിയ കിരീടത്തോടു കൂടിയ തായിട്ടുമാണ് കാണപ്പെടുന്നത്. (മേൽ പറഞ്ഞ വിശേഷതകൾ ദേവിയുടെ രൂപത്തിൽ കാണപ്പെടു ന്നവയാണ്. അവ താൻ ദര്ശിക്കുന്ന അർദ്ധനാരീശ്വര രൂപത്തിലും കാണുന്നതിനാലാണ് ശിവന്റെ വലത്തേ പകുതിയും ദേവി കൈയ്യടക്കിയോ എന്നു കവി സംശയിച്ചത്).

**ജഗത്സൂതേ ധാതാ ഹരിരവതി രുദ്രഃ ക്ഷപയതേ**
**തിരസ്കുർവ്വന്നേതത് സ്വമപി വപുരീശസ്തിരയതി,**
**സദാ പൂർവ്വഃ സർവ്വം തദിദമനുഗൃഹ്ണാതി ച ശിവ**
**സ്തവാജ്ഞാമാലംബ്യ ക്ഷണചലിതയോഃ ഭ്രൂലതികയോഃ 24**

ബ്രഹ്മാവ് ജഗത്തിനെ സൃഷ്ടിക്കുകയും, വിഷ്ണു അതിനെ സംരക്ഷിക്കുകയും, രുദ്രൻ അതിനെ സംഹരിക്കുകയും, ഈശൻ സകലതിനെയും തന്നിൽ ലയിപ്പിച്ചിട്ട് തന്നെയും മറയ്ക്കുകയും ചെയ്യുന്നു. ശിവനാകട്ടെ അവിടുത്തെ പുരികക്കൊടി തെല്ലൊന്നനങ്ങിയതിനെ ആജ്ഞയായി കരുതി ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, ഈശൻ എന്നിവരെയെല്ലാം പഴയതുപോലെ വീണ്ടും സൃഷ്ടിക്കുകയും ചെയ്യുന്നു.

**ത്രയാണാം ദേവാനാം ത്രിഗുണ ജനിതാനാം തവ ശിവേ**
**ഭവേത് പൂജാ പൂജാ തവ ചരണയോര്യാ വിരചിതാ,**

**തഥാ ഹി ത്വത്പാദോദ്വഹന മണിപീഠസ്യ നികടേ**
**സ്ഥിതാ ഹ്യേതേ ശശ്വന്മുകുളിത കരോത്തംസ മകുടാഃ 25**

അല്ലയോ ദേവി! അവിടുത്തെ ചരണങ്ങളിൽ ചെയ്യപ്പെട്ട പൂജ, അവിടുത്തെ സത്വം, രജസ്സ്, തമസ്സ് എന്നീ ഗുണങ്ങളിൽ നിന്ന് ഉദ്ഭവിച്ച ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ എന്നീ മൂന്നു ദേവന്മാർക്കുമുള്ള പൂജ തന്നെയായിത്തീരുന്നു. ഇത് ഉചിതം തന്നെയാണ് എന്തെന്നാൽ ഈ ഈ മൂന്നു ദേവന്മാരും കൂപ്പിയ കൈകൾ കിരീടത്തിനോട് ചേർത്തു പിടിച്ച് അവിടുത്തെ ചരണങ്ങൾ വിശ്രമിക്കുന്ന രത്നപീഠത്തിനരികിൽ തന്നെ എന്നും നിൽക്കുന്നവരാണ്.

**വിരിഞ്ചിഃ പഞ്ചത്വം വ്രജതി ഹരിരാപ്നോതി വിരതിം**
**വിനാശം കീനാശോ ഭജതി ധനദോ യാതി നിധനം,**
**വിതന്ദ്രീ മാഹേന്ദ്രീ വിതതിരപി സമ്മീലിതദൃശാ**
**മഹാസംഹാരേഽസ്മിൻ വിഹരതി സതി ത്വത്പതിരസൌ 26**

അല്ലയോ ദേവി! മഹാപ്രളയകാലത്ത് ബ്രഹ്മാവ് മരണമടയുന്നു. വിഷ്ണുവും, യമനും, കുബേരനും നാശമടയുന്നു. ജാഡ്യരഹിതരായ പതിനാലുമനുക്കളുടെ കൂട്ടവും അന്നേരം കണ്ണുചിമ്മുന്നു. എന്നാൽ അല്ലയോ സതീദേവി! അവിടുത്തെ പാതിവ്രത്യമഹിമകൊണ്ട് അവിടുത്തെ പതിയായ ശിവൻ മാത്രം മഹാപ്രളയകാലത്തും സ്വച്ഛന്ദം വിഹരിക്കുന്നു.

**ജപോ ജല്പഃ ശില്പം സകലമപി മുദ്രാവിരചനാ**
**ഗതിഃ പ്രാദക്ഷിണ്യക്രമണമശനാദ്യാഹുതി വിധിഃ,**
**പ്രണാമഃ സംവേശഃ സുഖമഖിലമാത്മാർപണദൃശാ**
**സപര്യാ പര്യായസ്തവ ഭവതു യന്മേ വിലസിതം 27**

അല്ലയോ ദേവി! ഞാൻ ആത്മാർപ്പണബുദ്ധ്യാ ചെയ്യുന്ന ജല്പനങ്ങൾ മന്ത്രജപമായും, പ്രവൃത്തികളെല്ലാം മുദ്രാകരണമായും, സഞ്ചാരം നിന്തിരുവടിയുടെ പ്രദക്ഷിണമായും, ആഹാരാദി ക്രിയകൾ ആഹുതിയായിട്ടും, കിടപ്പ് നമസ്കാരമായിട്ടും തീരട്ടെ. ഇപ്രകാരം എന്റെ എല്ലാ സുഖാനുഭവങ്ങളും, സകലചേഷ്ടകളും അവിടുത്തേയ്ക്കുള്ള പൂജയായിത്തീരട്ടെ.

**സുധാമപ്യാസ്വാദ്യ പ്രതിഭയ ജരാ മൃത്യു ഹരിണീം**
**വിപദ്യന്തേ വിശ്വേ വിധിശതമഖാദ്യാ ദിവിഷദഃ,**
**കരാലം യത് ക്ഷ്വേലം കബലിതവതഃ കാലകലനാ**
**ന ശംഭോസ്തന്മൂലം തവ ജനനി താടങ്കമഹിമാ 28**

അല്ലയോ ദേവി! ജരാ, മരണം എന്നീ മഹാഭയത്തെയകറ്റുന്ന അമൃത് ഭക്ഷിച്ചിട്ടും ബ്രഹ്മാവ്, ഇന്ദ്രൻ തുടങ്ങിയ ദേവന്മാർ മരിക്കുക തന്നെ ചെയ്യുന്നു. എന്നാൽ കാളകൂടവിഷം ഭുജിച്ചിട്ടും ശിവൻ കാലത്തിനധീനനാകാത്തത് അവിടുത്തെ കർണ്ണഭരണങ്ങളുടെ മഹത്ത്വം കൊണ്ടാണ്.

(ഭർതൃവിഹീനയായ നാരിക്ക് തന്റെ കർണ്ണാഭരണങ്ങൾ അഴിച്ചുവെയ്ക്കേണ്ടതായി വരും. കാലം ദേവിയുടെ കർണ്ണാഭരണങ്ങളായ സൂര്യചന്ദ്രന്മാരുടെ അധീനതയിലാകയാൽ, ദേവിയുടെ മാംഗല്യത്തെ ഹരിക്കാൻ അതിന് സാമർത്ഥ്യമില്ലെന്നർത്ഥം).

**കിരീടം വൈരിഞ്ചം പരിഹര പുരഃ കൈടഭഭിദഃ**
**കഠോരേ കോടീരേ സ്ഖലസി ജഹി ജംഭാരി മകുടം,**
**പ്രണമ്രേഷ്വേതേഷു പ്രസഭമുപയാതസ്യ ഭവനം**
**ഭവസ്യാഭ്യുത്ഥാനേ തവ പരിജനോക്തിർവിജയതേ 29**

അല്ലയോ ദേവി! നിന്തിരുവടിയെ ബ്രഹ്മാവ്, വിഷ്ണു, ഇന്ദ്രൻ എന്നിവർ പ്രണമിച്ചുകൊണ്ടിരിക്കുന്ന സമയത്ത് അവിടുത്തെ ഭവനത്തിൽ വന്നെത്തിയ ശ്രീ പരമേശ്വരനെ കണ്ട് അവിടുന്ന് പെട്ടെന്ന് എഴുന്നേൽക്കുമ്പോൾ അവിടുത്തെ സേവകർ പറയുന്നതായ "അവിടുത്തെ മുന്നിൽ തന്നെയുള്ള ബ്രഹ്മാവിന്റെ കിരീടത്തെ ഒഴിവാക്കിയാലും", "വിഷ്ണുവിന്റെ കഠിനമായ കിരീടത്തിൽ അവിടുത്തെ കാൽ തട്ടിവീഴുന്നു" എന്നും "ഇന്ദ്രന്റെ കിരീടത്തെയും ഒഴിവാക്കണേ" എന്നുമുള്ള വാക്കുകൾ വിജയിക്കട്ടെ. (അഖിലലോകനായികയായ ദേവിയെ സകല ദേവന്മാരും സദാ പ്രണമിച്ചുകൊണ്ടിരിക്കുന്നു എന്നു താത്പര്യം).

**സ്വദേഹോദ്ഭൂതാഭിർ ഘൃണിഭിരണിമാദ്യാഭിരഭിതോ**
**നിഷേവ്യേ നിത്യേ ത്വാമഹമിതി സദാ ഭാവയതി യഃ,**
**കിമാശ്ചര്യം തസ്യ ത്രിനയന സമൃദ്ധിം തൃണയതോ**
**മഹാസംവര്ത്താഗ്നിർവിരചയതി നീരാജനവിധിം** 30

അല്ലയോ ദേവി! അവിടുത്തെ ശരീരത്തിൽ നിന്നുദ്ഭവിച്ച കിരണങ്ങളായ അണിമാദി ദേവതകളാൽ പരിവൃതയായ നിത്യയായ നിന്തിരുവടിയെ യാതൊരുവൻ "ഞാൻ അവിടുന്നു തന്നെ" എന്നു സദാ ഭാവന ചെയ്യുന്നുവോ, ഐശ്വര്യത്തിൽ പരമശിവനെയും തൃണവത്കരിക്കുന്ന അവന് പ്രളയകാലാഗ്നി നീരാജനം ചെയ്യുന്നുവെങ്കിൽ അതിൽ എന്താണാശ്ചര്യം?

(മേൽപറഞ്ഞ രീതിയിൽ ഭാവനചെയ്യുന്നവൻ ദേവി യുമായി താദാത്മ്യം പ്രാപിക്കുന്നുവെന്നും, സർവ്വ ജഗത്തിനെയും ഭസ്മീകരിക്കുന്ന പ്രളയകാലാഗ്നി അവന് നീരാജനക്രിയയായിത്തീരുന്നുവെന്നും താത്പര്യം)

**ചതുഃഷഷ്ട്യാ തന്ത്രൈഃ സകലമതിസന്ധായ ഭുവനം**
**സ്ഥിതസ്തത്തത്സിദ്ധിപ്രസവപരതന്ത്രൈഃ പശുപതിഃ,**
**പുനസ്ത്വന്നിർബന്ധാദഖിലപുരുഷാർത്ഥൈകഘടനാ**
**സ്വതന്ത്രം തേ തന്ത്രം ക്ഷിതിതലമവാതീതരദിദം** 31

അല്ലയോ ദേവി! പരമശിവൻ പരിമിതങ്ങളായ വിവിധ സിദ്ധികളെ മാത്രം നൽകുവാൻ കഴിവുള്ള അറുപത്തിനാലു

തന്ത്രങ്ങളെ നല്കി ലോകത്തിനെ മോഹിപ്പിച്ചിട്ട് തൃപ്തിയടഞ്ഞെങ്കിലും പിന്നീട് നിന്തിരുവടിയുടെ നിർബന്ധത്തിന് വഴങ്ങി അഖിലപുരുഷാർഥങ്ങളെയും കൊടുക്കുവാൻ സ്വതന്ത്രമായ അവിടുത്തെ ഈ തന്ത്രത്തെ (ശ്രീവിദ്യോപാസനാരൂപമായ ദേവീതന്ത്രത്തെ) ലോകത്തിലവതരിപ്പിച്ചു.

**ശിവഃ ശക്തിഃ കാമഃ ക്ഷിതിരഥ രവിഃ ശീതകിരണഃ**
**സ്മരോ ഹംസഃ ശക്രസ്തദനു ച പരാ മാരഹരയഃ,**
**അമീ ഹൃല്ലേഖാഭിസ്തിസൃഭിരവസാനേഷു ഘടിതാ**
**ഭജന്തേ വര്ണാസ്തേ തവ ജനനി നാമാവയവതാം 32**

അല്ലയോ ദേവി! ശിവൻ, ശക്തി, കാമൻ, ക്ഷിതി (ഭൂമി) എന്നിവയാൽ നിർദ്ദിഷ്ടമായ ക, ഏ, ഈ, ള എന്നീ വർണ്ണങ്ങളുടെയും, സൂര്യൻ, ചന്ദ്രൻ, സ്മരൻ (കാമൻ), ഹംസം, ശക്രൻ (ഇന്ദ്രൻ) എന്നിവയാൽ നിർദ്ദിഷ്ടമായ ഹ, സ, ക, ഹ, ള എന്നീ വർണ്ണങ്ങളുടെയും, പരാ, മാരൻ, ഹരി എന്നിവയാൽ നിർദ്ദിഷ്ടമായ സ, ക, ള എന്നീ വർണ്ണങ്ങളുടെയും അന്ത്യത്തിൽ ഹ്രീങ്കാരം യോജിപ്പിക്കുകയാണെങ്കിൽ, അല്ലയോ മാതാവേ, നിന്തിരുവടിയുടെ നാമമന്ത്രത്തിന്റെ (പഞ്ചദശാക്ഷരീ മന്ത്രത്തിന്റെ) അവയവങ്ങളായിത്തീരുന്നു.

**സ്മരം യോനിം ലക്ഷ്മീം ത്രിതയമിദമാദൌ തവ മനോര്**
**നിധായൈകേ നിത്യേ നിരവധി മഹാഭോഗരസികാഃ,**

**ഭജന്തി ത്വാം ചിന്താമണിഗുണനിബദ്ധാക്ഷവലയാഃ**
**ശിവാഗ്നൌ ജുഹ്വന്തഃ സുരഭിഘൃതധാരാഹുതിശതൈഃ 33**

അല്ലയോ ആദ്യന്തരഹിതയായ ദേവി! മഹത്തായ ആനന്ദത്തെ അനുഭവിച്ച രസിച്ചുകൊണ്ടിരിക്കുന്നവരും, ചിന്താമണി കൊണ്ടുണ്ടാക്കപ്പെട്ട ജപമാല ധരിച്ചിരിക്കുന്നവരുമായ ചില മഹാന്മാർ നിന്തിരുവടിയുടെ മന്ത്രത്തിന്റെ തുടക്കത്തിൽ സ്മരൻ, യോനി, ലക്ഷ്മി എന്നിവയാൽ സൂചിപ്പിക്കപ്പെട്ടതായ ഐം, ഹ്രീം, ശ്രീം എന്നീ ബീജാക്ഷരങ്ങളെ ചേർത്തുകൊണ്ട് കാമധേനുവിന്റെ നെയ്യ് കൊണ്ട് ശിവാഗ്നിയിൽ (ശക്തിരൂപമായ ത്രികോണത്തിൽ സംസ്കരിക്കപ്പെട്ട അഗ്നിയിൽ) നൂറുകണക്കിന് ആഹുതി ചെയ്തുകൊണ്ട് നിന്തിരുവടിയെ ഭജിക്കുന്നു.

**ശരീരം ത്വം ശംഭോഃ ശശിമിഹിരവക്ഷോരുഹയുഗം**
**തവാത്മാനം മന്യേ ഭഗവതി നവാത്മാനമനഘം,**
**അതഃ ശേഷഃ ശേഷീത്യയമുഭയസാധാരണതയാ**
**സ്ഥിതഃ സംബന്ധോ വാം സമരസപരാനന്ദപരയോഃ 34**

അല്ലയോ ദേവി! സൂര്യചന്ദ്രന്മാർ സ്തനങ്ങളായുള്ള ശംഭുവിന്റെ ശരീരം അവിടുന്നും, അവിടുത്തെ അനവദ്യമായ ശരീരം ശിവന്റെയുമാണെന്നു ഞാനറിയുന്നു. അതുകൊണ്ട് ശിവശക്തിസ്വരൂപികളായ നിങ്ങൾക്കു രണ്ടുപേർക്കും ശേഷ-ശേഷീ സംബന്ധം (പ്രധാനവും അപ്രധാനവും

തമ്മിലുള്ള ബന്ധം) ഒരു പോലെ ബാധകമായതിനാൽ സമരസതയെ പ്രാപിക്കുന്നു.

(പൂർവ്വകൗളമതമനുസരിച്ച് സൃഷ്ടികർമ്മത്തിൽ ശക്തി പ്രധാനവും, ശിവൻ അപ്രധാനവും, സംഹാരകർമ്മത്തിൽ നേരെ മറിച്ചുമാണ് എന്നാണ്. ഈ സംബന്ധം പരിഗണിച്ചാൽ രണ്ടു പേരും സമന്മാരാണെന്നു താത്പര്യം).

**മനസ്ത്വം വ്യോമ ത്വം മരുദസി മരുത്സാരഥിരസി**
**ത്വമാപസ്ത്വം ഭൂമിസ്ത്വയി പരിണതായാം ന ഹി പരം,**
**ത്വമേവ സ്വാത്മാനം പരിണമയിതും വിശ്വവപുഷാ**
**ചിദാനന്ദാകാരം ശിവയുവതിഭാവേന ബിഭൃഷേ 35**

അല്ലയോ ദേവി! മനസ്സും, ആകാശവും, വായുവും, അഗ്നിയും, ജലവും, പൃഥിവിയും എല്ലാം അവിടുന്നു തന്നെ. നിന്നിൽ നിന്നന്യമായി യാതൊന്നും തന്നെയില്ല. തന്നെ സ്വയം ഈ പ്രപഞ്ചാകാരമായി പരിണമിപ്പിക്കുന്നതിനു വേണ്ടിയാണല്ലോ അവിടുന്നു ശിവപത്നീഭാവേന ചിദാനന്ദരൂപത്തെ ധരിക്കുന്നത്.

**തവാജ്ഞാചക്രസ്ഥം തപനശശികോടിദ്യുതിധരം**
**പരം ശംഭും വന്ദേ പരിമിലിതപാര്ശ്വം പരചിതാ,**
**യമാരാധ്യൻ ഭക്ത്യാ രവിശശിശുചീനാമവിഷയേ**
**നിരാലോകേƒലോകേ നിവസതി ഹി ഭാലോക ഭുവനേ 36**

അല്ലയോ ദേവി! അവിടുത്തെ ആജ്ഞാചക്രത്തിലിരിക്കുന്നവനും, കോടി സൂര്യചന്ദ്രന്മാരുടെ പ്രഭയുള്ളവനും, പരയായ ചിച്ഛക്തിയോടു കൂടിയവനുമായ പരമശിവനെ ഞാൻ വന്ദിക്കുന്നു. ആ പരമശിവനെ ഭക്തിയോടെ ആരാധിക്കുന്നവൻ സൂര്യൻ, ചന്ദ്രൻ, അഗ്നി എന്നിവർക്ക് വിഷയമല്ലാത്തതും മറ്റൊന്നിനാലും പ്രകാശിക്കപ്പെടാത്തതും (സ്വയം പ്രകാശിക്കുന്നതും), ചന്ദ്രികാമയവുമായ ലോകത്തിൽ (സഹസ്രാരത്തിൽ) നിവസിക്കുന്നു.

**വിശുദ്ധൌ തേ ശുദ്ധസ്ഫടികവിശദം വ്യോമജനകം**
**ശിവം സേവേ ദേവീമപി ശിവസമാനവ്യവസിതാം,**
**യയോഃ കാന്ത്യാ യാന്ത്യാഃ ശശികിരണസാരൂപ്യസരണേഃ**
**വിധൂതാന്തർധ്വാന്താ വിലസതി ചകോരീവ ജഗതീ 37**

അല്ലയോ ദേവി! അവിടുത്തെ വിശുദ്ധിചക്രത്തിൽ ശുദ്ധസ്ഫടികം പോലെ നിർമ്മലനായും, ആകാശതത്വത്തിന്റെ ജനയിതാവായുമിരിക്കുന്ന ശിവനെയും, സർവ്വഥാ ശിവനു സമയായ ദേവിയേയും ഞാൻ ഭജിക്കുന്നു. ഈ രണ്ടുപേരിൽ നിന്നുദ്ഗമിക്കുന്ന ചന്ദ്രന്റെ കിരണങ്ങൾ പോലെയുള്ള കാന്തിയാൽ, ചന്ദ്രകിരണങ്ങളാൽ സന്തുഷ്ടയാകുന്ന ഒരു ചകോരിയെപ്പോലെ ഈ ജഗത്തു മുഴുവൻ, അജ്ഞാനാന്ധകാരത്തിൽ നിന്ന് മുക്തമായി സന്തോഷിച്ച് ഉല്ലസിക്കുന്നു.

(കുണ്ഡലിനീ ശക്തി വിശുദ്ധിചക്രത്തിലെത്തിയാൽ സാധകൻ അജ്ഞാനത്തിൽ നിന്ന് മുക്തനായി, ആനന്ദ മനുഭവിക്കുന്നുവെന്നു താത്പര്യം)

**സമുന്മീലത്സംവിത്കമലമകരന്ദൈകരസികം**
**ഭജേ ഹംസദ്വന്ദ്വം കിമപി മഹതാം മാനസചരം,**
**യദാലാപാദഷ്ടാദശഗുണിതവിദ്യാപരിണതിഃ**
**യദാദത്തേ ദോഷാദ് ഗുണമഖിലമദ്ഭ്യഃ പയ ഇവ 38**

അല്ലയോ ദേവി! വിടർന്ന ജ്ഞാനകമലത്തിലെ പൂന്തേൻ മാത്രം നുകരുകയും, അസംഖ്യം മഹത്തുക്കളുടെ മാനസ സരസ്സിൽ വിഹരിക്കുകയും, വെള്ളത്തിൽ നിന്നു പാലിനെ യെന്ന പോലെ ദോഷങ്ങളിൽ നിന്നും ഗുണങ്ങളെയെല്ലാം വേർതിരിച്ചെടുക്കുകയും ചെയ്യുന്ന ആരുടെ പരസ്പര സംവാദമാണോ പതിനെട്ടു വിദ്യകളായി പരിണമി ച്ചിരിക്കുന്നത്, ആ ഹംസമിഥുനത്തിനെ (ശിവനെയും ശക്തിയെയും) ഞാൻ വന്ദിക്കുന്നു.

(കുണ്ഡലിനീ ശക്തി അനാഹതചക്രത്തിൽ പ്രവേശിക്കു മ്പോൾ സാധകന് സകലവിദ്യകളും, ഗുണങ്ങളും സ്വായത്തമാകുന്നുവെന്നു താത്പര്യം)

**തവ സ്വാധിഷ്ഠാനേ ഹുതവഹമധിഷ്ഠായ നിരതം**
**തമീഡേ സംവർതം ജനനി മഹതീം താം ച സമയാം,**
**യദാലോകേ ലോകാൻ ദഹതി മഹതി ക്രോധ കലിതേ**

**ദയാർദ്രാ യാ ദൃഷ്ടിഃ ശിശിരമുപചാരം രചയതി 39**

അല്ലയോ ജഗജ്ജനനി! അവിടുത്തെ (ശ്രീലളിതാ ത്രിപുരസുന്ദരിയുടെ) സ്വാധിഷ്ഠാനചക്രത്തിൽ അഗ്നിതത്വ ത്തിന് അധിഷ്ഠാനമായിരിക്കുന്നവനും തന്റെ അത്യുഗ്ര മായ ക്രോധത്തോടെയുള്ള നോട്ടം കൊണ്ട് ലോകങ്ങ ളെയെല്ലാം ചുട്ടെരിക്കുന്നവനുമായ കാലാഗ്നിരുദ്രനെയും, തന്റെ ദയാർദ്രദൃഷ്ടി കൊണ്ട് മാത്രം ആ ലോകങ്ങ ൾക്കെല്ലാം ശീതോപചാരം ചെയ്യുന്ന മഹതിയായ സമയയെയും ഞാൻ സദാ ആരാധിക്കുന്നു.

(സംഹാരരുദ്രനാൽ ദഹിപ്പിക്കപ്പെടുന്ന ബ്രഹ്മാണ്ഡത്തിന്റെ പുനരുത്പത്തിയ്ക്ക് കാരണം ദേവിയാകുന്നുവെന്നു താത്പര്യം)

**തടിത്വന്തം ശക്ത്യാ തിമിരപരിപന്ഥിസ്ഫുരണയാ**
**സ്ഫുരന്നാനാരത്നാഭരണപരിണദ്ധേന്ദ്രധനുഷം,**
**തവ ശ്യാമം മേഘം കമപി മണിപൂരൈകശരണം**
**നിഷേവേ വര്ഷന്തം ഹരമിഹിരതപ്തം ത്രിഭുവനം 40**

അല്ലയോ ദേവി! അന്ധകാരത്തെയകറ്റുന്ന മിന്നൽക്കൊടി യുടെ രൂപത്തിലുള്ള ശക്തിയോടു കൂടിയതും, നാനാവിധത്തിലുള്ള രത്നാഭരണങ്ങളാൽ നിർമ്മിതമായ മഴവില്ലോടു കൂടിയതും, അവിടുത്തെ മണിപൂരചക്രത്തിൽ സദാ നിവസിക്കുന്നതും, സംഹാരരുദ്രനാകുന്ന സൂര്യനാൽ

തപിപ്പിക്കപ്പെട്ട മൂന്നു ലോകങ്ങളെയും മഴയാൽ തണുപ്പിക്കുന്നവനുമായ കാർമേഘത്തിനെ (ശിവശക്തി സ്വരൂപത്തിനെ) ഞാൻ ഭജിക്കുന്നു.

(ദേവി തന്റെ ദയാർദ്രദൃഷ്ടിയാൽ ഭുവനത്രയത്തെയും ശീതോപചാരം ചെയ്യുന്നുവെന്നു മുൻശ്ലോകത്തിൽ പറഞ്ഞതിനെ ഈ ശ്ലോകത്തിൽ വർണ്ണിച്ചിരിക്കുകയാണ്)

**തവാധാരേ മൂലേ സഹ സമയയാ ലാസ്യപരയാ**
**നവാത്മാനം മന്യേ നവരസമഹാതാണ്ഡവനടം,**
**ഉഭാഭ്യാമേതാഭ്യാമുദയവിധിമുദ്ദിശ്യ ദയയാ**
**സനാഥാഭ്യാം ജജ്ഞേ ജനകജനനീമത് ജഗദിദം** 41

അല്ലയോ ദേവി! അവിടുത്തെ മൂലാധാരചക്രത്തിൽ ലാസ്യപ്രിയയായ (ലാസ്യം ഒരു നൃത്തരൂപമാണ്) സമയയെന്ന ദേവിയോടൊത്ത് നവരസപൂർണ്ണമായ മഹാതാണ്ഡവനൃത്തമാടുന്ന ആനന്ദഭൈരവനെ ഞാൻ ധ്യാനിക്കുന്നു. മഹാപ്രളയത്തിൽ നശിച്ചുപോയ ഈ ജഗത്തിനെ ഉത്പത്തിയെക്കുറിച്ചുള്ള ദയയോടെ ഇവർ ഇരുവരും ഒരുമിച്ചപ്പോൾ ഈ ജഗത്ത് മാതാപിതാക്കളോടുകൂടിയതായി ഭവിച്ചു.

**ഇതി ശ്രീസൌന്ദര്യലഹര്യാം ആനന്ദലഹര്യാഖ്യഃ പ്രഥമോഭാഗഃ സമാപ്തഃ**

**ശ്രീസൗന്ദര്യലഹരിയിലെ ആദ്യഭാഗമായ ആനന്ദലഹരി ഇതോടെ സമാപിച്ചു.**

## സൗന്ദര്യലഹരി

**ഗതൈർമാണിക്യത്വം ഗഗനമണിഭിഃ സാന്ദ്രഘടിതം**
**കിരീടം തേ ഹൈമം ഹിമഗിരിസുതേ കീർതയതി യഃ,**
**സ നീഡേയച്ഛായാച്ഛുരണശബലം ചന്ദ്രശകലം**
**ധനുഃ ശൌനാസീരം കിമിതി ന നിബധ്നാതി ധിഷണാം 42**

അല്ലയോ ഹിമഗിരിപുത്രി! പന്ത്രണ്ട് ആദിത്യന്മാരാകുന്ന മാണിക്യങ്ങളെ ചേർത്ത് നിർമ്മിച്ച അവിടുത്തെ സ്വർണ്ണകിരീടത്തെ യാതൊരുവൻ വർണ്ണിക്കുന്നുവോ, ആ രത്നങ്ങളുടെ നാനാവിധത്തിലുള്ള പ്രഭയേറ്റു വിലസുന്ന ചന്ദ്രക്കലയെ ഇന്ദ്രചാപമാണെന്ന (മഴവില്ലാണെന്ന്) ആ കവിവരൻ വർണ്ണിക്കുകയാണെങ്കിൽ തന്നെ അതിൽ എന്താണ് അതിശയം?

**ധുനോതു ധ്വാന്തം നസ്തുലിതദലിതേന്ദീവരവനം**
**ഘനസ്നിഗ്ധശ്ലക്ഷ്ണം ചികുരനികുരുംബം തവ ശിവേ,**
**യദീയം സൌരഭ്യം സഹജമുപലബ്ധും സുമനസോ**
**വസന്ത്യസ്മിന്മന്യേ വലമഥനവാടീവിടപിനാം 43**

അല്ലയോ ശിവേ, വിടർന്നുനിൽക്കുന്ന കരിങ്കുവളപ്പൂക്കൂട്ടത്തിനെപ്പോലെയുള്ളതും, ഇടതിങ്ങിയതും, മിനുസമുള്ളതും, മൃദുവുമായ അവിടുത്തെ കാർകുന്തളം (തലമുടി) ഞങ്ങളുടെ അന്ധകാരത്തെ (അജ്ഞാനത്തെ) അകറ്റട്ടെ. അതിന്റെ സഹജമായ സൗരഭ്യത്തെ പ്രാപിക്കുന്നതിനായി

ഇന്ദ്രോദ്യാനത്തിലുള്ള വൃക്ഷങ്ങളുടെ പുഷ്പങ്ങൾ പോലും ഈ കാർകുന്തലിൽ വസിക്കുന്നുവെന്ന് ഞാൻ കരുതുന്നു.

**തനോതു ക്ഷേമം നസ്തവ വദനസൗന്ദര്യലഹരീ-**
**പരീവാഹസ്രോതഃസരണിരിവ സീമന്തസരണിഃ,**
**വഹന്തീ സിന്ദൂരം പ്രബലകബരീഭാരതിമിര-**
**ദ്വിഷാം വൃന്ദൈർബന്ദീകൃതമിവ നവീനാർക്കകിരണം 44**

അല്ലയോ ദേവി! അവിടുത്തെ മുഖസൗന്ദര്യമാകുന്ന നദീപ്രവാഹം കരകവിഞ്ഞൊഴുകുന്ന മാർഗ്ഗത്തിനോട് സാദൃശ്യമുള്ളതും, ഇടതിങ്ങിനിൽക്കുന്ന കേശപാശങ്ങളുടെ രൂപത്തിലുള്ള അന്ധകാരമാകുന്ന ശത്രുസമൂഹത്തിനാൽ ബദ്ധനായ ബാലാദിത്യകാന്തിയെപ്പോലെയുള്ള സിന്ദൂരത്തെ വഹിക്കുന്നതുമായ സീമന്തരേഖ ഞങ്ങൾക്കു ക്ഷേമം വരുത്തട്ടെ.

**അരാളൈഃ സ്വാഭാവ്യാദലികലഭ-സശ്രീഭിരലകൈഃ**
**പരീതം തേ വക്ത്രം പരിഹസതി പങ്കേരുഹരുചിം,**
**ദരസ്മേരേ യസ്മിൻ ദശനരുചി കിഞ്ജല്കരുചിരേ**
**സുഗന്ധൗ മാദ്യന്തി സ്മരദഹനചക്ഷുർമധുലിഹഃ 45**

അല്ലയോ ദേവി! സ്വാഭാവികമായി ചുരുണ്ടിരിക്കുന്നതും, വണ്ടിൻ കുഞ്ഞുങ്ങളെപ്പോലിരിക്കുന്നതുമായ കുറുനിരകളാൽ ചുറ്റപ്പെട്ട അവിടുത്തെ മുഖം താമരപ്പൂവിന്റെ സൗന്ദര്യത്തെ പരിഹസിക്കുന്നു. മന്ദഹാസത്താൽ ചെറുതായി

വിടർന്നിരിക്കുന്നതും, ദന്തകാന്തിയാകുന്ന കേസരങ്ങളാൽ ഭംഗിയാർന്നതും, സൗരഭ്യമുള്ളതുമായ അവിടുത്തെ മുഖമാകുന്ന താമരപ്പൂവിൽ പരമശിവന്റെ നയനങ്ങളാകുന്ന വണ്ടുകൾ ആനന്ദം നുകരുന്നു.

**ലലാടം ലാവണ്യദ്യുതിവിമലമാഭാതി തവ യത്**
**ദ്വിതീയം തന്മന്യേ മകുടഘടിതം ചന്ദ്രശകലം,**
**വിപര്യാസന്യാസാദുഭയമപി സംഭൂയ ച മിഥഃ**
**സുധാലേപസ്യൂതിഃ പരിണമതി രാകാ ഹിമകരഃ 46**

അല്ലയോ ദേവി! സൗന്ദര്യകാന്തിയുടെ വിശുദ്ധിപൂണ്ടു ശോഭിക്കുന്ന അവിടുത്തെ നെറ്റിത്തടം അവിടുന്ന് കിരീടത്തിലണിഞ്ഞ രണ്ടാമത്തെ ചന്ദ്രക്കലയാണെന്ന് എനിക്ക് തോന്നുന്നു. ഈ രണ്ടിനെയും (ദേവിയുടെ നെറ്റിത്തടത്തെയും കിരീടത്തിലണിഞ്ഞ ചന്ദ്രക്കലെ യെയും) തിരിച്ചുവെച്ചാൽ രണ്ടും കൂടിച്ചേർന്ന് സുധാരസം വഴിയുന്ന പൂർണ്ണചന്ദ്രനായി പരിണമിക്കും.

**ഭ്രുവൌ ഭുഗ്നേ കിഞ്ചിദ് ഭുവനഭയഭംഗവ്യസനിനി**
**ത്വദീയേ നേത്രാഭ്യാം മധുകരരുചിഭ്യാം ധൃതഗുണം,**
**ധനുർമന്യേ സവ്യേതരകരഗൃഹീതം രതിപതേഃ**
**പ്രകോഷ്ഠേ മുഷ്ടൌ ച സ്ഥഗയതി നിഗൂഢാന്തരമുമേ 47**

ഈ ലോകത്തിലെ എല്ലാ ജീവികളുടെയും ഭയത്തെ നീക്കുന്നതിൽ വ്യഗ്രയായ അല്ലയോ ഉമേ!

നിന്തിരുവടിയുടെ തെല്ല വളഞ്ഞ് ചേർന്നിരിക്കുന്ന പുരികക്കൊടികൾ കരിവണ്ടുകളെപ്പോലെ കാന്തിയുറ്റ കണ്ണുകളാകുന്ന ഞാണോട്ടുകൂടിയതും, കാമദേവൻ തന്റെ വലതുകൈയ്യിൽ ധരിച്ചിരിക്കുന്നതും, അവിടുത്തെ നാസാദണ്ഡമാകുന്ന മുഷ്ടിയാൽ മധ്യഭാഗം മറയ്ക്കപ്പെട്ടതുമായ കാമന്റെ വില്ലാണെന്ന് എനിക്ക് തോന്നുന്നു.

(കാമന്റെ വില്ലിലെ ഞാൺ കരിവണ്ടുകളെക്കൊണ്ട് നിർമ്മിതമാണെന്ന് പുരാണപ്രസിദ്ധമാണ്.)

**അഹഃ സൂതേഽസവ്യം തവ നയനമർകാത്മകതയാ**
**ത്രിയാമം വാമം തേ സൃജതി രജനീനായകതയാ,**
**തൃതീയാ തേ ദൃഷ്ടിർദരദലിതഹേമാംബുജരുചിഃ**
**സമാധത്തേ സന്ധ്യാം ദിവസ നിശയോരന്തരചരീം 48**

അല്ലയോ ദേവി! അവിടുത്തെ വലതു കണ്ണ് സൂര്യാത്മകനായി പകലും, ഇടതു കണ്ണ് ചന്ദ്രാത്മനായി രാത്രിയും സൃഷ്ടിക്കുന്നു. തെല്ല വിടർന്നിരിക്കുന്ന സ്വർണ്ണത്താമരപ്പൂപോലെയുള്ള മൂന്നാം കണ്ണാകട്ടെ പകലിനും രാത്രിയ്ക്കുമിടയ്ക്കുള്ള സന്ധ്യയെ സൃഷ്ടിക്കുകയും ചെയ്യുന്നു.

**വിശാലാ കല്യാണീ സ്ഫുടരുചിരയോധ്യാ കുവലയൈഃ**
**കൃപാധാരാധാരാ കിമപി മധുരാഭോഗവതികാ,**
**അവന്തീ ദൃഷ്ടിസ്തേ ബഹുനഗര വിസ്താര വിജയാ**
**ധ്രുവം തത്തന്നാമവ്യവഹരണയോഗ്യാ വിജയതേ 49**

അല്ലയോ ദേവി! അവിടുത്തെ ദൃഷ്ടി വിസ്താരമുള്ളതും (വിശാലാ), സ്ഫുടകാന്തിയാൽ മംഗളകരവും (കല്യാണീ), കരിങ്കുവളപ്പൂക്കൾക്കു പോലും വെല്ലുവാനാകാത്തതും (അയോദ്ധ്യാ), കാരുണ്യപ്രവാഹത്തിനാധാരവും (ധാരാ), അത്യന്തം മധുരപൂർണ്ണവും (മധുരാ), നീണ്ടതും (ഭോഗവതീ), രക്ഷിക്കുന്നതും (അവന്തീ), ഈ പേരുകളുള്ള നഗരങ്ങളെയെല്ലാം വെല്ലുന്നതും (വിജയാ) ആകയാൽ ഈ നാമങ്ങളെല്ലാം കൊണ്ട് അറിയപ്പെടാൻ നിശ്ചയ മായും യോഗ്യയുമാണ്. അങ്ങനെയുള്ള അവിടുത്തെ ദൃഷ്ടി സദാ വിജയിക്കട്ടെ.

(ദേവിയുടെ ദൃഷ്ടി വിശാലാ, കല്യാണീ, എന്നിങ്ങനെ എട്ടു പ്രകാരത്തിലുണ്ടെന്നു പറയപ്പെടുന്നു. പുരാണപ്രസിദ്ധ ങ്ങളായ എട്ടു നഗരങ്ങൾക്കും ഈ പേരുകളുണ്ട്. ദേവിയുടെ വിവിധ ദൃഷ്ടികളുമായി ബന്ധപ്പെട്ടാണ് ഈ നഗരങ്ങൾക്ക് ഈ പേരുകൾ ലഭിച്ചതെന്നും വിശ്വസിക്ക പ്പെടുന്നുണ്ട്).

**കവീനാം സന്ദർഭസ്തബകമകരന്ദൈകരസികം**
**കടാക്ഷവ്യാക്ഷേപഭ്രമരകലഭൌ കർണയുഗലം,**
**അമുഞ്ചന്തൌ ദൃഷ്ട്വാ തവ നവരസാസ്വാദതരലൌ**
**അസൂയാ സംസർഗാദലികനയനം കിഞ്ചിദരുണം 50**

അല്ലയോ ദേവി! കടാക്ഷിക്കുവാനെന്ന വ്യാജേന, കവികളുടെ കാവ്യരചനകളാകുന്ന പൂങ്കുലകളിലെ തേനുണ്ണു

ന്നതിൽ മാത്രം രസിച്ചിരിക്കുന്ന അവിടുത്തെ കാതുകളെ വിട്ടുപിരിയാതെ, അവയോട് ചേർന്നിരുന്ന് നവരസങ്ങളാസ്വദിക്കുന്നതിൽ തല്പരരായ അവിടുത്തെ കണ്ണുകളാകുന്ന ചെറുവണ്ടുകളെ കണ്ടിട്ട് അസൂയ ബാധിച്ച് അവിടുത്തെ നെറ്റിത്തടത്തിലുള്ള മൂന്നാം കണ്ണ് തെല്ല് അരുണവർണ്ണമായിത്തീർന്നിരിക്കുന്നു.

(ദേവിയുടെ കണ്ണുകൾ വളരെ നീളമുള്ളവയും ചെവിയുടെ അടുത്തുവരെ എത്തുന്നവയുമാണെന്നു താത്പര്യം).

**ശിവേ ശൃംഗാരാർദ്രാ തദിതരജനേ കുത്സപരാ**
**സരോഷാ ഗംഗായാം ഗിരിശചരിതേ വിസ്മയവതീ,**
**ഹരാഹിഭ്യോ ഭീതാ സരസിരുഹസൌഭാഗ്യജനനീ**
**സഖീഷു സ്മേരാ തേ മയി ജനനി ദൃഷ്ടിഃ സകരുണാ 51**

അല്ലയോ ജഗന്മാതാവേ! അവിടുത്തെ ദൃഷ്ടി ശിവനിൽ കാരുണ്യരസം നിറഞ്ഞതും, ശിവനൊഴികെയുള്ള അന്യപുരുഷന്മാരിൽ ജുഗുപ്സയോടു കൂടിയതും, സപത്നിയായ ഗംഗാദേവിയിൽ രോഷപൂർണ്ണവും, ശ്രീപരമേശ്വരന്റെ ലീലകളിൽ വിസ്മയം നിറഞ്ഞതും, ശിവകണ്ഠത്തിലുള്ള സർപ്പങ്ങളിൽ ഭീതിയുള്ളതും, താമരപ്പൂവിനു തന്നെ സൗന്ദര്യമേകുന്നതും, സ്വസഖികളിൽ ഹാസപൂർണ്ണവും, എന്നിൽ കാരുണ്യപൂർണ്ണവുമാകുന്നു.

(വിവിധ സാഹചര്യങ്ങളിൽ ദേവിയുടെ ദൃഷ്ടിയിൽ നവരസങ്ങളിൽ ശാന്തം ഒഴികെയുള്ള മറ്റ് അഷ്ടരസങ്ങളും പ്രകടമാകുന്നുവെന്നു താത്പര്യം)

**ഗതേ കർണാഭ്യർണം ഗരുത ഇവ പക്ഷ്മാണി ദധതീ**
**പുരാം ഭേത്തുശ്ചിത്തപ്രശമരസവിദ്രാവണഫലേ,**
**ഇമേ നേത്രേ ഗോത്രാധരപതികുലോത്തംസകലികേ**
**തവാകർണാകൃഷ്ടസ്മരശരവിലാസം കലയതഃ 52**

അല്ലയോ ഹിമഗിരിതനയേ! കാതുകൾ വരെ നീണ്ടിരിക്കുന്നതും, ബാണത്തിനു പിന്നിൽ ചേർക്കുന്ന പരുന്തിൻ തൂവലുകൾ പോലെയുള്ള നേത്രരോമങ്ങളോടുകൂടിയതും, ശിവന്റെ ശാന്തമായ മനസ്സിൽ ശൃംഗാരവികാരങ്ങളുൽപാദിപ്പിച്ച് വിക്ഷേപം ജനിപ്പിക്കുന്നതുമായ അവിടുത്തെ നയനങ്ങൾ കർണ്ണപര്യന്തം വലിച്ചുപിടിക്കപ്പെട്ട മന്മഥബാണം പോലെ കാണപ്പെടുന്നു.

**വിഭക്തത്രൈവർണ്യം വ്യതികരിതലീലാഞ്ജനതയാ**
**വിഭാതി ത്വന്നേത്രത്രിതയമിദമീശാനദയിതേ,**
**പുനഃ സ്രഷ്ടും ദേവാൻ ദ്രുഹിണഹരിരുദ്രാനുപരതാൻ**
**രജഃ സത്വം ബിഭ്രത്തമ ഇതി ഗുണാനാം ത്രയമിവ 53**

അല്ലയോ ശിവപ്രിയേ! വിവിധനിറങ്ങളിലുള്ള അഞ്ജനത്താൽ അലങ്കരിക്കപ്പെട്ട നിന്തിരുവടിയുടെ മൂന്നു കണ്ണുകൾ, മഹാപ്രളയത്തിൽ വിലീനരായ ബ്രഹ്മാവ്, വിഷ്ണു,

മഹേശ്വരൻ എന്നീ ദേവന്മാരെ വീണ്ടും സൃഷ്ടിക്കുവാനായി സത്വം, രജസ്സ്, തമസ്സ് എന്നീ ഗുണത്രയങ്ങളെ ധരിക്കുന്നുവോ എന്നു തോന്നുമാറ് വെളുപ്പ്, ചുവപ്പ്, കറുപ്പ് എന്നീ വ്യത്യസ്തനിറങ്ങളോടെ ശോഭിക്കുന്നു.

**പവിത്രീകർത്തും നഃ പശുപതിപരാധീനഹൃദയേ**
**ദയാ മിത്രൈർനേത്രൈരരുണധവലശ്യാമരുചിഭിഃ,**
**നദഃ ശോണോ ഗംഗാ തപനതനയേതി ധ്രുവമമും**
**ത്രയാണാം തീർഥാനാമുപനയസി സംഭേദമനഘം** 54

അല്ലയോ ശിവനു സമർപ്പിക്കപ്പെട്ട ഹൃദയത്തോടുകൂടിയ ദേവി! ഞങ്ങളെ ശുദ്ധീകരിക്കുവാനായി, കാരുണ്യപൂർണ്ണങ്ങളും, ചുവപ്പ്, വെളുപ്പ്, കറുപ്പ് എന്നീ നിറങ്ങളോടുകൂടിയതുമായ അവിടുത്തെ നേത്രത്രയങ്ങളിലൂടെ ശോണാ, ഗംഗാ, യമുനാ എന്നീ തീർഥങ്ങളുടെ പവിത്രമായ സംഗമത്തെ സൃഷ്ടിക്കുന്നു.

(ശോണാ, ഗംഗാ, യമുനാ എന്നീ നദികൾ യഥാക്രമം ചുവപ്പ്, വെളുപ്പ്, കറുപ്പ് എന്നീ നിറത്തോടുകൂടിയവയാണ്).

**നിമേഷോന്മേഷാഭ്യാം പ്രലയമുദയം യാതി ജഗതീ**
**തവേത്യാഹുഃ സംതോ ധരണിധരരാജന്യതനയേ,**
**ത്വദുന്മേഷാജ്ജാതം ജഗദിദമശേഷം പ്രലയതഃ**
**പരിത്രാതും ശംകേ പരിഹൃത നിമേഷാസ്തവ ദൃശഃ** 55

അല്ലയോ പർവ്വതരാജകുമാരി, അവിടുത്തെ കണ്ണുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്യുമ്പോൾ ജഗത്ത് വിലയിക്കുകയും, ഉദിക്കുകയും ചെയ്യുന്നുവെന്ന് സജ്ജനങ്ങൾ പറയുന്നു. അവിടുന്ന് കണ്ണു തുറക്കുമ്പോൾ ഉദയംകൊള്ളുന്ന ഈ ജഗത്ത് പൂർണ്ണമായി വിലയിച്ചു പോകാതെ അതിനെ രക്ഷിക്കാനായിട്ടാണ് അവിടുത്തെ കണ്ണുകൾ സദാ തുറന്നു തന്നെയിരിക്കുന്നത് എന്നു ഞാൻ സംശയിക്കുന്നു.

**തവാപർണേ കർണേജപനയനപൈശുന്യചകിതാ**
**നിലീയന്തേ തോയേ നിയതമനിമേഷാഃ ശഫരികാഃ,**
**ഇയം ച ശ്രീർബദ്ധച്ഛദപുടകവാടം കുവലയം**
**ജഹാതി പ്രത്യൂഷേ നിശി ച വിഘടയ്യ പ്രവിശതി 56**

അല്ലയോ പാർവ്വതി! കർണ്ണങ്ങൾ വരെ നീണ്ടിരിക്കുന്ന അവിടുത്തെ നയനങ്ങൾ (തങ്ങളെക്കുറിച്ച്) ഏഷണി പറയുമെന്ന് പേടിച്ച് പെൺമീനുകൾ കൺചിമ്മാതെ വെള്ളത്തിൽ ഒളിച്ചുകിടക്കുന്നു. ഈ ലക്ഷ്മീദേവിയും പ്രഭാതത്തിൽ അടയുന്ന കവാടം പോലെയുള്ള, കൂമ്പുന്ന ഇതളുകളോട്ടുകൂടിയ കരിങ്കുവളപ്പൂവിനെ ഉപേക്ഷിക്കുകയും, രാത്രി അതു വിടരുമ്പോൾ വീണ്ടും അതിൽ പ്രവേശിക്കുകയും ചെയ്യുന്നു.

(കരിങ്കുവളപ്പൂവ് രാത്രി വിടരുന്നതും, മത്സ്യം വെള്ളത്തിൽ കഴിയുന്നതും സ്വാഭാവികമാണ്. എന്നാൽ ഇവ രണ്ടിനും ദേവിയുടെ കണ്ണുകളുമായുള്ള സാദൃശ്യം കണക്കിലെടുത്ത്

കവി ഈ രണ്ടു പ്രതിഭാസങ്ങളെയും ദേവിയുമായി ബന്ധപ്പെടുത്തി ഉത്പ്രേക്ഷിക്കുന്നു. ദേവി ഉറങ്ങുകയും അവിടുത്തെ നേത്രങ്ങൾ അടയുകയും ചെയ്യുമ്പോൾ മാത്രമാണ് ലക്ഷ്മീദേവി ആ നയനോത്പലങ്ങളെ വിട്ട് രാത്രിയിൽ കരിങ്കുവളപ്പൂവിനെ ആശ്രയിക്കുന്നത് എന്നാണ് കവി കരുതുന്നത്).

**ദൃശാ ദ്രാഘീയസ്യാ ദരദലിതനീലോത്പലരുചാ**
**ദവീയാംസം ദീനം സ്നപയ കൃപയാ മാമപി ശിവേ,**
**അനേനായം ധന്യോ ഭവതി ന ച തേ ഹാനിരിയതാ**
**വനേ വാ ഹർമ്യേ വാ സമകരനിപാതോ ഹിമകരഃ 57**

അല്ലയോ ശിവേ! തെല്ലവിടർന്ന നീലോത്പലം പോലെ കാന്തിയുള്ള അവിടുത്തെ കണ്ണുകളുടെ അതിദീർഘമായ കടാക്ഷദൃഷ്ടിയാൽ വളരെ ദൂരെയിരിക്കുന്ന ഈ ദീനനായ എന്നെ ദയവായി സ്നാനം ചെയ്താലും. ഇതുകൊണ്ട് ഞാൻ ധന്യനായിത്തീരുന്നു. അവിടുത്തേയ്ക്ക് യാതൊരു ചേതവു മില്ല. ചന്ദ്രൻ തന്റെ ശീതരശ്മികൾ വനത്തിലും, കൊട്ടാര ത്തിലും ഒരു പോലെ പരത്തുന്നുണ്ടല്ലോ.

**അരാലം തേ പാലീയുഗലമഗരാജന്യതനയേ**
**ന കേഷാമാധത്തേ കുസുമശരകോദണ്ഡകുതുകം,**
**തിരശ്ചീനോ യത്ര ശ്രവണപഥമുല്ലംഘ്യ വിലസൻ**
**അപാംഗവ്യാസംഗോ ദിശതി ശരസന്ധാനധിഷണാം 58**

അല്ലയോ പർവ്വതരാജപുത്രി! അവിടുത്തെ ചെവികൾക്കും കണ്ണുകൾക്കുമിടയിലുള്ള വക്രാകാരമായിരിക്കുന്ന ഭാഗം കണ്ടാൽ അത് കാമദേവന്റെ വില്ലാണെന്ന് ആർക്കാണ് തോന്നാത്തത്. എന്തെന്നാൽ അവിടുത്തെ കാതുകളെ അതിക്രമിച്ച് വിലങ്ങനെ വിലസിക്കുന്ന അവിടുത്തെ കടാക്ഷദൃഷ്ടി (മേൽപറഞ്ഞ) ഈ വില്ലിൽ തൊടുത്ത ശരമാണെന്ന തോന്നലുളവാക്കുകയും ചെയ്യും.

**സ്ഫുരദ്ഗണ്ഡാഭോഗപ്രതിഫലിതതാടങ്കയുഗലം**
**ചതുശ്ചക്രം മന്യേ തവ മുഖമിദം മന്മഥരഥം,**
**യമാരുഹ്യ ദ്രുഹ്യത്യവനിരഥമർകേന്ദുചരണം**
**മഹാവീരോ മാരഃ പ്രമഥപതയേ സജ്ജിതവതേ 59**

അല്ലയോ ദേവി! അവിടുത്തെ അത്യന്തം മിന്നുന്ന കവിൾത്തടങ്ങളിൽ പ്രതിഫലിക്കുന്ന കർണ്ണാഭരണങ്ങളോടുകൂടിയ അവിടുത്തെ മുഖം കാമദേവന്റെ നാലു ചക്രങ്ങളോടുകൂടിയ രഥമാണെന്നു ഞാൻ കരുതുന്നു. മഹാവീരനായ കാമദേവൻ അവിടുത്തെ മുഖമാകുന്ന ഈ രഥത്തലേറി, സൂര്യചന്ദ്രന്മാരാകുന്ന രണ്ടു ചക്രങ്ങൾ മാത്രമുള്ള ഭൂമിയാകുന്ന രഥത്തിലിരിക്കുന്ന പരമശിവനെ ആക്രമിക്കുന്നു.

**സരസ്വത്യാഃ സൂക്തിരമൃതലഹരീ കൌശലഹരീഃ**
**പിബന്ത്യാഃ ശർവാണി ശ്രുവണചുലുകാഭ്യാമവിരലം,**
**ചമത്കാരശ്ലാഘാചലിതശിരസഃ കുണ്ഡലഗണോ**
**ഝണത്കാരൈസ്താരൈഃ പ്രതിവചനമാചഷ്ട ഇവ തേ 60**

അല്ലയോ ശർവാണി! അമൃതപ്രവാഹത്തിന്റെ മാധുര്യത്തെ അപഹരിക്കുന്നതായ സരസ്വതീ ദേവിയുടെ മധുരവചസ്സുകളെ കാതുകളാകുന്ന പാനപാത്രങ്ങളാൽ അവിരതം പാനം ചെയ്യുന്ന അവിടുന്ന് ആ വാക്ശ്വരിയെ അനുമോദിച്ചുകൊണ്ട് തലകുലുക്കുമ്പോൾ അതിനു മറുപടി പറയുന്നുവോ എന്നു തോന്നുമാറ് അവിടുത്തെ കുണ്ഡലങ്ങളും കിലുങ്ങി ത്സണത്ക്കാരം പുറപ്പെടുവിക്കുന്നു.

**അസൌ നാസാവംശസ്തുഹിനഗിരിവംശധ്വജപടി**
**ത്വദീയോ നേദീയഃ ഫലതു ഫലമസ്മാകമുചിതം,**
**വഹത്യന്തർമുക്താഃ ശിശിരകരനിശ്വാസഗലിതം**
**സമൃദ്ധ്യാ യത്താസാം ബഹിരപി ച മുക്താമണിധരഃ 61**

അല്ലയോ ഹിമവാന്റെ വംശത്തിന്റെ പതാകയായവളെ! അവിടുത്തെ ഈ നാസാദണ്ഡമാകുന്ന മുളന്തണ്ട് ഞങ്ങൾക്ക് ഉടനടി തന്നെ ഇഷ്ടഫലത്തെ നല്കട്ടെ. അവിടുത്തെ നാസികയാകുന്ന മുളന്തണ്ടിനുള്ളിൽ സമൃദ്ധമായുള്ള മുത്തുകളിൽ ശീതനിശ്വാസമേറ്റ്, അതിലൊരു മുത്ത് പുറത്തേയ്ക്ക് വഴുതിവന്ന് അവിടുത്തെ നാസാഭരണമായിത്തീർന്നിരിക്കുന്നു.

(ഇടതു നാസാദ്വാരത്തിലൂടെയുള്ള ശ്വാസോച്ഛ്വാസം ചന്ദ്രനാഡിയുടെ (ഇഡാനാഡി) നിയന്ത്രണത്തിലായതുകൊണ്ട് അത് ശീതമായിരിക്കും. ഈ ശീതനിശ്വാസത്തിനെയാണ് കവി ശിശിരകരനിശ്വാസം എന്നതു

കൊണ്ടുദ്ദേശിച്ചത്. ഒൻപതു തരം മുത്തുകളുണ്ടെന്ന് പുരാണങ്ങൾ പറയുന്നു. മുളന്തണ്ടിനകത്തു കാണപ്പെടുന്ന മുത്ത് അതിലൊന്നാണ്).

**പ്രകൃത്യാ//രക്തായാസ്തവ സുദതി ദന്തച്ഛദരുചേഃ**
**പ്രവക്ഷ്യേ സാദൃശ്യം ജനയതു ഫലം വിദ്രുമലതാ,**
**ന ബിംബം തദ്ബിംബപ്രതിഫലനരാഗാദരുണിതം**
**തുലാമധ്യാരോഢും കഥമിവ വിലജ്ജേത കലയാ 62**

അല്ലയോ സുന്ദരിയായ ദേവി! സ്വാഭാവികമായും ചുവന്നിരിക്കുന്ന അവിടുത്തെ ചുണ്ടുകളുടെ കാന്തിയ്ക്ക് ഏതിനോടാണ് സാദൃശ്യമെന്ന് ഞാൻ പറയട്ടെ. പവിഴക്കൊടിയിൽ ഒരു പഴമുണ്ടാവട്ടെ (എന്നാൽ അതിനെ അവിടുത്തെ ചുണ്ടുകളോടുപമിക്കാം). തൊണ്ടിപ്പഴത്തിന് എന്തായാലും അവിടുത്തെ ചുണ്ടുകളോട് സാദൃശ്യമില്ല. അവിടുത്തെ ചുണ്ടുകളുടെ പ്രതിഫലനത്താലുണ്ടായ ചുവപ്പുനിറത്തോടുകൂടിയ തൊണ്ടിപ്പഴം, അവിടുത്തെ ചുണ്ടുകളോടൊപ്പം അല്പം പോലും താരതമ്യം ചെയ്യപ്പെടുന്നതിന് എങ്ങനെ ലജ്ജിക്കാതിരിക്കും.

**സ്മിതജ്യോത്സ്നാജാലം തവ വദനചന്ദ്രസ്യ പിബതാം**
**ചകോരാണാമാസീദതിരസതയാ ചഞ്ചുജഡിമാ,**
**അതസ്തേ ശീതാംശോരമൃതലഹരീമാമ്ലരുചയഃ**
**പിബന്തി സ്വച്ഛന്ദം നിശി നിശി ഭൃശം കാഞ്ജികധിയാ 63**

അല്ലയോ ദേവി! അവിടുത്തെ മുഖചന്ദ്രന്റെ മന്ദഹാസമാകുന്ന വെണ്ണിലാവുണ്ടിട്ട് ചകോരങ്ങളുടെ ചുണ്ടുകൾക്ക് രുചി നഷ്ടപ്പെട്ടുപോയി. അതുകൊണ്ട് അവ പുളിരസമുള്ളതെന്തെങ്കിലും ഭക്ഷിക്കുവാനാഗ്രഹിച്ച് രാത്രി തോറും ചന്ദ്രന്റെ അമൃതപ്രവാഹത്തെ കാടിയാണെന്നു കരുതി യഥേഷ്ടം പാനം ചെയ്യുന്നു.

**അവിശ്രാന്തം പത്യുര്ഗുണഗണകഥാമ്രേഡനജപാ**
**ജപാപുഷ്പച്ഛായാ തവ ജനനി ജിഹ്വാ ജയതി സാ,**
**യദഗ്രാസീനായാഃ സ്ഫടികദൃഷദച്ഛച്ഛവിമയീ**
**സരസ്വത്യാ മൂർതിഃ പരിണമതി മാണിക്യവപുഷാ 64**

അല്ലയോ ജനനി! അവിടുത്തെ പതിയുടെ ഗുണഗണങ്ങളെ സദാ പുകഴ്ത്തിക്കൊണ്ടിരിക്കുന്നതും, ചെമ്പരത്തിപ്പൂ പോലെ ചുവന്നിരിക്കുന്നതുമായ അവിടുത്തെ നാവ് എന്നും ജയിക്കട്ടെ. അവിടുത്തെ ആ നാവിന്റെ അഗ്രത്തിലിരിക്കുന്ന സരസ്വതീദേവിയുടെ സ്ഫടികം പോലെ അതിനിർമ്മലമായ ശരീരം മാണിക്യവർണ്ണമുള്ളതായിത്തീരുന്നു.

**രണേ ജിത്വാ ദൈത്യാനപഹൃതശിരസ്ത്രൈഃ കവചിഭിഃ**
**നിവൃത്തൈശ്ചണ്ഡാംശത്രിപുരഹരനിർമാല്യവിമുഖൈഃ,**
**വിശാഖേന്ദ്രോപേന്ദ്രൈഃ ശശിവിശദകർപൂരശകലാ**
**വിലീയന്തേ മാതസ്തവ വദനതാംബൂലകബലാഃ 65**

അല്ലയോ ജഗജ്ജനനി! യുദ്ധത്തിൽ അസുരന്മാരെ ജയിച്ചിട്ട് അവിടുത്തെ മുന്നിൽ വന്ന് ശിരോവസ്ത്രം അഴിച്ചുവെച്ച് കവചം മാത്രം ധരിച്ചിരിക്കുന്നവരും, ചണ്ഡൻ എന്ന ശിവപാർഷദന് അവകാശപ്പെട്ട ശിവ നിർമ്മാല്യത്തിൽ താല്പര്യമില്ലാത്തവരുമായ സുബ്രഹ്മ ണ്യൻ, ഇന്ദ്രൻ, വിഷ്ണു എന്നിവർ അവിടുന്ന് പ്രസാദിച്ചു കൊടുത്തതും അവിടുത്തെ ഉച്ഛിഷ്ടവുമായ കർപ്പൂര ശകലങ്ങളോടുകൂടിയ താംബൂലത്തെ അലിഞ്ഞുതീരുന്നതു വരെ ചവച്ചു ഭക്ഷിക്കുന്നു.

**വിപഞ്ച്യാ ഗായന്തീ വിവിധമപദാനം പശുപതേ-**
**സ്ത്വയാരബ്ധേ വക്തും ചലിതശിരസാ സാധുവചനേ,**
**തദീയൈർമാധുര്യൈരപലപിതതന്ത്രീകലരവാം**
**നിജാം വീണാം വാണീ നിചുലയതി ചോലേന നിഭൃതം 66**

അല്ലയോ ദേവി! പരമശിവന്റെ വിവിധങ്ങളായ അപദാനങ്ങളെ സരസ്വതീദേവി വീണവായിച്ചു പാടിപ്പുകഴ്ത്തുന്നതുകേട്ട് തലകുലുക്കിക്കൊണ്ട് അവിടുന്ന് അനുമോദിച്ച് പ്രശംസിക്കുമ്പോൾ അവിടുത്തെ വാങ്മാധുര്യത്താൽ പരിഹസിക്കപ്പെട്ട തന്ത്രീരവത്തോടു കൂടിയ തന്റെ വീണയെ സരസ്വതീദേവി മൂടുപടം കൊണ്ട് മൂടുന്നു.

**കരാഗ്രേണ സ്പൃഷ്ടം തുഹിനഗിരിണാ വത്സലതയാ**
**ഗിരിശേനോദസ്തം മുഹുരധരപാനാകുലതയാ,**

**കരഗ്രാഹ്യം ശംഭോർമുഖമുകുരവൃന്തം ഗിരിസുതേ**
**കഥംകാരം ബ്രൂമസ്തവ ചുബുകമൌപമ്യരഹിതം 67**

അല്ലയോ ഗിരിസുതേ! ഹിമവാൻ വാത്സല്യപൂർവ്വം കൈ കൊണ്ടു സ്പർശിച്ചിട്ടുള്ളതും, പരമശിവൻ അധരപാനം ചെയ്യുവാനാഗ്രഹിച്ചുകൊണ്ട് വീണ്ടും വീണ്ടും പിടിച്ചു യർത്തിയിട്ടുള്ളതും, അവിടുത്തെ മുഖമാകുന്ന കണ്ണാടിയുടെ പിടിയെന്ന പോലെ ശിവന് കൈകൾ കൊണ്ട് പിടിക്കു വാൻ കഴിയുന്നതും, അനുപമവുമായ അവിടുത്തെ ചിബുക ത്തെ ഞങ്ങൾ എങ്ങനെയാണ് വർണ്ണിക്കുന്നത്?

**ഭുജാശ്ലേഷാന്നിത്യം പുരദമയിതുഃ കണ്ടകവതീ**
**തവ ഗ്രീവാ ധത്തേ മുഖകമലനാലശ്രിയമിയം,**
**സ്വതഃ ശ്വേതാ കാലാഗരുബഹുലജംബാലമലിനാ**
**മൃണാലീലാലിത്യം വഹതി യദധോ ഹാരലതികാ 68**

അല്ലയോ ദേവി! പരമശിവന്റെ കരാശ്ലേഷത്തിനാൽ എന്നും രോമാഞ്ചമണിഞ്ഞിരിക്കുന്ന അവിടുത്തെ കണ്ഠം അവിടുത്തെ മുഖമാകുന്ന താമരയുടെ തണ്ടു പോലെ ശോഭിക്കുന്നു (രോമഹർഷം കാരണം എഴുന്നിരിക്കുന്ന കണ്ഠത്തിലെ രോമങ്ങളെ കവി താമരത്തണ്ടിലെ മുള്ളു കളോട് ഉപമിക്കുന്നു). എന്തെന്നാൽ അതിനു താഴെയുള്ള സ്വതവേ വെളുത്തിരിക്കുന്നതും മാറിൽ പുരട്ടിയ കാരകിൽ ചാറ് പുരണ്ടതുകാരണം കറുത്തിരിക്കുന്നതുമായ മുത്തുമാല താമരവലയം പോലെയും കാണപ്പെടുന്നു.

**ഗലേ രേഖാസ്തിസ്രോ ഗതിഗമകഗീതൈകനിപുണേ**
**വിവാഹവ്യാനദ്ധപ്രഗുണഗുണസംഖ്യാപ്രതിഭുവഃ,**
**വിരാജന്തേ നാനാവിധമധുരരാഗാകരഭുവാം**
**ത്രയാണാം ഗ്രാമാണാം സ്ഥിതിനിയമസീമാന ഇവ തേ 69**

ഗതി, ഗമകം, ഗീതം എന്നിവയിൽ നിപുണയായ അല്ലയോ ദേവി! പണ്ട് വിവാഹവേളയിൽ പരമശിവൻ അവിടുത്തെ കഴുത്തിൽ കെട്ടിയ ചരടുകളുടെ എണ്ണം സൂചിപ്പിക്കുവാനെന്ന പോലെ അവിടുത്തെ കഴുത്തിൽ കാണപ്പെടുന്ന മൂന്നു വരകൾ (ത്രിവലി), വിവിധങ്ങളായ മധുരരാഗങ്ങൾക്കു ജന്മമേകുന്ന സംഗീതഗ്രാമങ്ങളെ വേർതിരിക്കുന്ന മൂന്നു അതിർവരമ്പുകളെ പോലെ വിരാജിക്കുന്നു.

(ഉത്തരഭാരതത്തിൽ ചിലയിടത്ത് വിവാഹവേളയിൽ വരൻ വധുവിന്റെ കഴുത്തിൽ മൂന്നു ചരടുകൾ കെട്ടുന്ന പതിവുണ്ട്).

**മൃണാലീമൃദ്വീനാം തവ ഭുജലതാനാം ചതസൃണാം**
**ചതുർഭിഃ സൌന്ദര്യം സരസിജഭവഃ സ്തൌതി വദനൈഃ,**
**നഖേഭ്യഃ സംത്രസ്യൻ പ്രഥമമഥനാദന്ധകരിപോഃ**
**ചതുർണാം ശീർഷാണാം സമമഭയഹസ്താർപണധിയാ 70**

അല്ലയോ ദേവി! പണ്ട് പരമശിവൻ ബ്രഹ്മാവിന്റെ ഒരു ശിരസ്സ് പിച്ചിയെടുത്തതുകാരണം ശിവന്റെ നഖങ്ങ

ളോടുള്ള ഭയത്താൽ, തന്റെ നാലു ശിരസ്സുകളെയും അവിടുന്ന് (ദേവി) ഒരേ സമയം തന്നെ അഭയ ഹസ്തങ്ങളാൽ അനുഗ്രഹിക്കുമെന്ന് ആഗ്രഹിച്ചുകൊണ്ട്, താമരവളയം പോലെ അതിമൃദുവായിരിക്കുന്ന അവിടുത്തെ (ദേവിയുടെ) നാലു കൈകളുടെയും സൗന്ദര്യത്തെ, ബ്രഹ്മാവ് നാലുവക്ത്രങ്ങൾ കൊണ്ടും വാഴ്ത്തുന്നു.

**നഖാനാമുദ്യോതൈർനവനലിനരാഗം വിഹസതാം**
**കരാണാം തേ കാന്തിം കഥയ കഥയാമഃ കഥമുമേ,**
**കയാചിദ്വാ സാമ്യം ഭജതു കലയാ ഹന്ത കമലം**
**യദി ക്രീഡല്ലക്ഷ്മീചരണതലലാക്ഷാരസചണം** 71

അല്ലയോ ഉമേ! നഖങ്ങളുടെ കാന്തിയാൽ പ്രശോഭിക്കുന്നതും, പുതുതായി വിടർന്ന താമരപ്പൂവിന്റെ ചുവപ്പു നിറത്തെ വെല്ലുന്ന നിറമുള്ളതുമായ അവിടുത്തെ കൈകളുടെ സൗന്ദര്യത്തെ ഞങ്ങൾക്ക് എങ്ങനെ വർണ്ണിക്കുവാൻ കഴിയും? താമരപ്പൂവിൽ ക്രീഡിക്കുന്ന ലക്ഷ്മീദേവിയുടെ ചരണതലങ്ങളിൽ പുരട്ടിയിട്ടുള്ള ചെമ്പഞ്ഞിച്ചാറ് പൂവിൽ പറ്റുകയാണെങ്കിൽ, ഒരു പക്ഷേ താമരപ്പൂവിന് (അവിടുത്തെ കരങ്ങളോട്) ചെറുതായ സാദൃശ്യം വന്നെന്നിരിക്കാം.

**സമം ദേവി സ്കന്ദദ്വിപവദനപീതം സ്തനയുഗം**
**തദേവം നഃ ഖേദം ഹരതു സതതം പ്രസ്നുതമുഖം,**

**യദാലോക്യാശങ്കാകുലിതഹൃദയോ ഹാസജനകഃ**
**സ്വകുംഭൌ ഹേരംബഃ പരിമൃശതി ഹസ്തേന ഝടിതി** 72

അല്ലയോ ദേവി! സുബ്രഹ്മണ്യനും ഗണപതിയും ഒരുമിച്ച് പാനം ചെയ്തിട്ടുള്ളതും, സദാ സ്തന്യം സ്രവിക്കുന്നതുമായ അവിടുത്തെ സ്തനയുഗം ഞങ്ങളുടെ ദുഃഖത്തെ ഇല്ലാതാക്കട്ടെ. ഈ സ്തനങ്ങളെ കണ്ടിട്ട് ഗജമുഖൻ (തന്റെ മസ്തകങ്ങളെ ദേവി അപഹരിച്ചുവോ എന്ന്) സംശയം പൂണ്ട് വ്യാകുലഹൃദയനായി പെട്ടെന്നു തന്റെ മസ്തകങ്ങളെ കൈ കൊണ്ട് തൊട്ടുനോക്കി (തന്റെ മാതപിതാക്കളിലും മറ്റും) ഹാസം ഉളവാക്കുന്നു.

**അമൂ തേ വക്ഷോജാവമൃതരസമാണിക്യകുതുപൌ**
**ന സന്ദേഹസ്പന്ദോ നഗപതിപതാകേ മനസി,**
**പിബന്തൗ തൌ യസ്മാദവിദിതവധൂസംഗരസികൌ**
**കുമാരാവദ്യാപി ദ്വിരദവദനക്രൌഞ്ചദലനൌ** 73

അല്ലയോ ഹിമഗിരിയുടെ പതാകയായവളെ! അവിടുത്തെ ഈ സ്തനങ്ങൾ അമൃതത്തെ വഹിക്കുന്ന മാണിക്യ ത്തോൽക്കുടങ്ങളാണ് എന്നുള്ളതിൽ എന്റെ മനസ്സിൽ യാതൊരു സന്ദേഹവുമില്ല. എന്തെന്നാൽ അവയെ പാനം ചെയ്യുന്ന സുബ്രഹ്മണ്യനും ഗണേശനും ഇന്നും സ്ത്രീസംഗ രസമറിയാത്ത കുമാരന്മാരായിത്തന്നെ വർത്തിക്കുന്നു.

**വഹത്യംബ സ്തംബേരമദനുജകുംഭപ്രകൃതിഭിഃ**
**സമാരബ്ധാം മുക്താമണിഭിരമലാം ഹാരലതികാം,**

**കുചാഭോഗോ ബിംബാധരരുചിഭിരന്തഃ ശബലിതാം**
**പ്രതാപവ്യാമിശ്രാം പുരദമയിതുഃ കീര്ത്തിമിവ തേ 74**

അല്ലയോ ജനജ്ജനനി! (പരമശിവനാൽ വധിക്കപ്പെട്ട) ഗജാസുരന്റെ മസ്തകത്തിൽ നിന്നു ലഭിച്ച മുത്തുമണികളാൽ ഉണ്ടാക്കപ്പെട്ടതും, അവിടുത്തെ അധരബിംബങ്ങളുടെ കാന്തിയാലുണ്ടാകുന്ന വർണ്ണവൈവിധ്യത്തോടു കൂടിയതും, അവിടുത്തെ മാറിലിണിഞ്ഞിരിക്കുന്നതുമായ നിർമ്മലമായ മുത്തുമാല ത്രിപുരാന്തകന്റെ പ്രതാപത്തോട് (ശൗര്യത്തോട്) കലർന്ന അവിടുത്തെ കീർത്തിയോ എന്നു തോന്നിപ്പിക്കുന്നതാണ്.
(ഉത്തമഗജങ്ങളുടെ മസ്തകങ്ങളിൽ മുത്തുണ്ടെന്ന് ഒരു വിശ്വാസമുണ്ട്. ശൗര്യത്തിന് ചുവപ്പും, കീർത്തിയ്ക്ക് വെളുപ്പും പ്രതീകങ്ങളായി കവികൾ പ്രയോഗിക്കാറുണ്ട്. ദേവിയുടെ ചുവന്ന അധരകാന്തിയും മുത്തുമണികളുടെ ശുഭ്രവർണ്ണവും ചേർന്നുള്ള ഹാരത്തെ കവി പരമശിവന്റെ ശൗര്യവും കലർന്ന കീർത്തിയായി ഉത്പ്രേക്ഷിക്കുന്നു).

**തവ സ്തന്യം മന്യേ ധരണിധരകന്യേ ഹൃദയതഃ**
**പയഃ പാരാവാരഃ പരിവഹതി സാരസ്വതമിവ,**
**ദയാവത്യാ ദത്തം ദ്രവിഡശിശുരാസ്വാദ്യ തവ യത്**
**കവീനാം പ്രൗഢാനാമജനി കമനീയഃ കവയിതാ 75**

അല്ലയോ ഗിരിതനയേ! അവിടുത്തെ ഹൃദയത്തിൽ നിന്നും ഒഴുകുന്ന മുലപ്പാൽ സരസ്വതീമയമായ പാൽക്കടൽ

തന്നെയാണെന്ന് ഞാൻ കരുതുന്നു. എന്തെന്നാൽ ദയാമയിയായ അവിടുന്ന് നല്കിയ മുലപ്പാൽ ആസ്വദിച്ച ദ്രവിഡശിശു പ്രശസ്തരായ കവികളുടെയിടയിൽ ശ്രേഷ്ഠനായ കവിയായിത്തീർന്നു.

(ഇതിൽ പറഞ്ഞിരിക്കുന്ന ദ്രവിഡശിശു ആദിശങ്കരൻ തന്നെയാണെന്നും, അതല്ല തിരുജ്ഞാനസംബന്ധ രാണെന്നു മറ്റും വ്യാഖ്യാതാക്കളുടെയിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്).

**ഹരക്രോധജ്വാലാവലിഭിരവലീഢേന വപുഷാ**
**ഗഭീരേ തേ നാഭീസരസി കൃതസംഗോ മനസിജഃ,**
**സമുത്തസ്ഥൌ തസ്മാദചലതനയേ ധൂമലതികാ**
**ജനസ്താം ജാനീതേ തവ ജനനി രോമാവലിരിതി** 76

അല്ലയോ ഹിമഗിരിസുതേ! പരമശിവന്റെ ക്രോധാഗ്നി ജ്വാലയിൽ വെന്ത ശരീരത്തോടെ കാമദേവൻ അവിടു ത്തെ ആഴമേറിയ നാഭിയാകുന്ന സരസ്സിൽ വന്നു മുങ്ങിയ പ്പോൾ, അതിൽ നിന്നുയർന്ന ചെറുവള്ളി പോലെയുള്ള പുകക്കൂട്ടത്തിനെ ലോകർ അവിടുത്തെ രോമാവലി എന്നു ഭാവിക്കുന്നു.

**യദേതത്കാലിന്ദീതനുതരതരംഗാകൃതി ശിവേ**
**കൃശേ മധ്യേ കിഞ്ചിജ്ജനനി തവ യദ്ഭാതി സുധിയാം,**
**വിമർദാന്യോന്യം കുചകലശയോരന്തരഗതം**

**തന്വൃഭ്രതം വ്യോമ പ്രവിശദിവ നാഭിം കുഹരിണീം 77**

അല്ലയോ ശിവേ! കാളിന്ദീനദിയുടെ കല്ലോലകം (ചെറുതിരമാല) പോലെയുള്ള യാതൊന്ന് (രോമാവലി) അവിടുത്തെ കൃശതരമായ ഉദരഭാഗത്ത് സജ്ജനങ്ങൾക്ക് കാണപ്പെടുന്നുവോ, അത് അവിടുത്തെ കുചകലശങ്ങളുടെ പരസ്പരമുള്ള ഞെരുക്കം കൊണ്ട് അവയ്ക്കിടയിലുള്ള ആകാശം നേർമ്മയുള്ളതായിത്തീർന്ന് നാഭീഗുഹയിൽ പ്രവേശിക്കുന്നതാണെന്നു തോന്നുന്നു.

**സ്ഥിരോ ഗംഗാവ ർതഃ സ്തനമുകുലരോമാവലിലതാ**
**കലാവാലം കുണ്ഡം കുസുമശരതേജോഹുതഭുജഃ,**
**രതേർലീലാഗാരം കിമപി തവ നാഭിർഗിരിസുതേ**
**ബിലദ്വാരം സിദ്ധേര്ഗിരിശ നയനാനാം വിജയതേ 78**

അല്ലയോ ഹിമഗിരിതനയേ! അവിടുത്തെ നാഭി ഗംഗാനദിയിലെ സ്ഥിരമായ ചുഴിയായും, സ്തനങ്ങളാകുന്ന രണ്ടുമൊട്ടുകളുള്ള വള്ളിയാകുന്ന അവിടുത്തെ രോമാവലിയ്ക്കുള്ള തടമായും, കാമദേവന്റെ തേജസ്സാകുന്ന അഗ്നിയ്ക്ക് കുണ്ഡമായും, രതീദേവിയുടെ കേളീഗൃഹമായും, പരമശിവന്റെ മിഴികൾക്ക് തപസ്സിദ്ധിയ്ക്കുള്ള ഗുഹാദ്വാരം പോലെയും വിജയിക്കുന്നു.

**നിസർഗക്ഷീണസ്യ സ്തനതടഭരേണ ക്ലമജുഷോ**
**നമന്മൂർതേർനാരീതിലക ശനകൈസ്ത്രുട്യത ഇവ,**

**ചിരം തേ മധ്യസ്യ ത്രുടിതതടിനീതീരതരുണാ**
**സമാവസ്ഥാസ്ഥേമ്നോ ഭവതു കുശലം ശൈലതനയേ 79**

അല്ലയോ നാരീരത്നമായ ശൈലതനയേ! സ്വതവേ മെലിഞ്ഞിരിക്കുന്നതും, സ്തനഭാരം കൊണ്ട് ക്ഷീണിച്ചതും, മുൻപോട്ടു കുനിഞ്ഞതും, പതുക്കെ ഒടിഞ്ഞുപോകുമോ എന്നു തോന്നിപ്പിക്കുന്നതും, കരയിടിഞ്ഞ നദിക്കരയിൽ നിൽക്കുന്ന വൃക്ഷത്തോളം സ്ഥിരതയുള്ളതുമായ അവിടു ത്തെ മദ്ധ്യഭാഗത്തിന് മേന്മേൽ കുശലം ഭവിക്കട്ടെ.

**കുചൌ സദ്യഃസ്വിദ്യത്തടഘടിതകൂർപാസഭിദുരൌ**
**കഷന്തൌ ദോർമൂലേ കനകകലശാഭൌ കലയതാ,**
**തവ ത്രാതും ഭംഗാദലമിതി വലഗ്നം തനുഭുവാ**
**ത്രിധാ നദ്ധം ദേവി ത്രിവലി ലവലീവല്ലിഭിരിവ 80**

അല്ലയോ ദേവി! അപ്പപ്പോൾ വിയർക്കുന്ന മാർത്തടത്തിൽ കെട്ടപ്പെട്ട സ്തനവസ്ത്രത്തെ പിളർക്കുന്നവയും, കക്ഷം വരെ യെത്തുന്നവയും, സ്വർണ്ണകലശങ്ങൾ പോലെ ശോഭിക്കുന്ന വയുമായ അവിടുത്തെ സ്തനങ്ങളെ കല്പിച്ച കാമദേവൻ, (സ്തനഭാരത്താൽ) അവിടുത്തെ കൃശമായ മദ്ധ്യദേശം ഒടിഞ്ഞുപോകാതെ രക്ഷിക്കുന്നതിനായി ത്രിവലിക ളാകുന്ന ലവലീവല്ലികൊണ്ട് മൂന്നു വട്ടം ചുറ്റിക്കെട്ടിയിരി ക്കുന്നുവോ എന്നു തോന്നുന്നു.

**ഗുരുത്വം വിസ്താരം ക്ഷിതിധരപതിഃ പാർവ്വതി നിജാത്**
**നിതംബാദാച്ഛിദ്യ ത്വയി ഹരണരൂപേണ നിദധേ,**
**അതസ്തേ വിസ്തീർണോ ഗുരുരയമശേഷാം വസുമതീം**
**നിതംബ പ്രാഗ്ഭാരഃ സ്ഥഗയതി ലഘുത്വം നയതി ച 81**

അല്ലയോ പാർവ്വതീ ദേവി! (അവിടുത്തെ വിവാഹവേളയിൽ) പിതാവായ ഹിമവാൻ സ്വന്തം നിതംബത്തിൽ നിന്ന് ഗുരുത്വവും, വിസ്താരവുമുള്ള ഒരു ഭാഗം അവിടുത്തേയ്ക്ക് വിവാഹസമ്മാനമായി നൽകുകയുണ്ടായി. അതുകൊണ്ട് തന്നെ അവിടുത്തെ നിതംബബിംബങ്ങൾ ഭാരവും വിസ്തൃതവുമേറിയവയായി ഈ ഭൂമിയെ ആസകലം മറയ്ക്കുകയും, വെല്ലുകയും ചെയ്യുന്നു.

**കരീന്ദ്രാണാം ശുണ്ഡാൻ കനകകദലീകാണ്ഡപടലീം**
**ഉഭാഭ്യാമൂരുഭ്യാമുഭയമപി നിര്ജിത്യ ഭവതി,**
**സുവൃത്താഭ്യാം പത്യുഃ പ്രണതി കഠിനാഭ്യാം ഗിരിസുതേ**
**വിധിജ്ഞേ ജാനുഭ്യാം വിബുധകരികുംഭദ്വയമസി 82**

അല്ലയോ ഹിമഗിരിതനയേ! കർത്തവ്യജ്ഞയായ ദേവി! അവിടുത്തെ തുടകളാൽ ഗജശ്രേഷ്ഠന്മാരുടെ തുമ്പിക്കൈകളെയും, സ്വർണ്ണമയമായ വാഴത്തണ്ടുകളെയും വിജയിച്ചിട്ട്, എന്നും പതിയുടെ മുമ്പിൽ നമസ്കരിക്കുന്നതുമൂലം കഠിനമായവയും, വൃത്താകാരമുള്ളവയുമായ കാൽമുട്ടുകളാൽ ഐരാവതത്തിന്റെ മസ്തകങ്ങളെയും വെല്ലുന്നു.

**പരാജേതും രുദ്രം ദ്വിഗുണശരഗർഭൗ ഗിരിസുതേ**
**നിഷംഗൌ ജംഘേ തേ വിഷമവിശിഖോ ബാഢമകൃത,**
**യദഗ്രേ ദൃശ്യന്തേ ദശശരഫലാഃ പാദയുഗലീ-**
**നഖാഗ്രച്ഛദ്മാനഃ സുരമകുടശാണൈകനിശിതാഃ 83**

അല്ലയോ ഗിരിസുതേ! രുദ്രനെ പരാജയപ്പെടുത്തുവാനായി കാമൻ തന്റെ ബാണങ്ങളെ ഇരട്ടിപ്പിച്ച് നിറച്ചുവെച്ച ആവനാഴികളായി അവിടുത്തെ മുഴങ്കാലുകളെ നിർമ്മിച്ചു വെന്നത് നിശ്ചയമാണ്. എന്തെന്നാൽ അവയുടെ അഗ്ര ഭാഗത്ത് അവിടുത്തെ കാൽനഖങ്ങളുടെ അഗ്രങ്ങളെന്ന വ്യാജേന, ദേവന്മാരുടെ കിരീടങ്ങളാകുന്ന ചാണക്കല്ലുകളി ലുരച്ച് മൂർച്ചകൂട്ടിയ പത്തു ശരങ്ങളുടെ അഗ്രങ്ങൾ കാണ പ്പെടുന്നു.

**ശ്രുതീനാം മൂർധാനോ ദധതി തവ യൗ ശേഖരതയാ**
**മമാപ്യേതൌ മാതഃ ശിരസി ദയയാ ധേഹി ചരണൌ,**
**യയോഃ പാദ്യം പാഥഃ പശുപതിജടാജൂടതടിനീ**
**യയോർലാക്ഷാലക്ഷ്മീരരുണഹരിചൂഡാമണിരുചിഃ 84**

അല്ലയോ ജഗന്മാതാവേ! യാതൊന്നിനെ ഉപനിഷത്തു ക്കൾ ശിരോഭൂഷണങ്ങളായി തലയിലേറ്റുന്നുവോ, യാതൊ ന്നിന് പരമശിവന്റെ ജടയിൽ തങ്ങുന്ന ഗംഗാനദി പാദപൂജയ്ക്കുള്ള ജലമായും, മഹാവിഷ്ണുവിന്റെ കിരീടത്തിലെ രത്നങ്ങളുടെ കാന്തി ചെമ്പഞ്ഞിച്ചാറായും വർത്തിക്കു ന്നുവോ അങ്ങനെയുള്ള അവിടുത്തെ ഈ ചരണങ്ങൾ

അവിടുന്ന് ദയാപൂർവ്വം എന്റെയും ശിരസ്സിൽ വെയ്ക്കേണമേ.

(പരമശിവൻ പ്രണയകോപശാന്തിയ്ക്കായി ദേവിയുടെ പാദങ്ങളെ വണങ്ങുമ്പോൾ ഗംഗാജലം ദേവിയുടെ ചരണങ്ങളിൽ പതിച്ച് അവയുടെ പാദ്യജലമായി ത്തീരുന്നു. മഹാവിഷ്ണു നിത്യവും ദേവിയെ പ്രണമി ക്കുമ്പോൾ കിരീടത്തിലെ രത്നങ്ങളുടെ കാന്തി ദേവിയുടെ പാദങ്ങളിൽ പുരട്ടുന്ന ചെമ്പഞ്ഞിച്ചാറായും ഭവിക്കുന്നു).

**നമോവാകം ബ്രൂമോ നയനരമണീയായ പദയോഃ**
**തവാസ്മൈ ദ്വന്ദ്വായ സ്ഫുടരുചിരസാലക്തകവതേ,**
**അസൂയത്യത്യന്തം യദഭിഹനനായ സ്പൃഹയതേ**
**പശൂനാമീശാനഃ പ്രമദവനകങ്കേലിതരവേ 85**

അല്ലയോ ദേവി! കണ്ണുകൾക്കാനന്ദം നൽകുന്നവയും, അത്യന്തം ശോഭയുള്ള ചെമ്പഞ്ഞിച്ചാറ് പുരണ്ടവയുമായ അവിടുത്തെ ഈ തൃപ്പാദങ്ങളിൽ ഞങ്ങൾ പ്രണാമ മർപ്പിക്കട്ടെ. ഇവയുടെ (തൃപ്പാദങ്ങൾ കൊണ്ടുള്ള) താഡനത്തെ കാംക്ഷിക്കുന്നതായ ക്രീഡോദ്യാനത്തിലെ അശോകവൃക്ഷത്തിനെ പരമശിവൻ അത്യന്തം അസൂയ പ്പെടുന്നു.

(സുന്ദരീരത്നങ്ങളുടെ കാൽചവിട്ടേറ്റാൽ മാത്രമേ അശോക വൃക്ഷം പൂക്കുകയുള്ളൂ എന്നൊരു വിശ്വാസമുണ്ട്).

**മൃഷാ കൃത്വാ ഗോത്രസ്ഖലനമഥ വൈലക്ഷ്യനമിതം**
**ലലാടേ ഭർതാരം ചരണകമലേ താഡയതി തേ,**
**ചിരാദന്തഃ ശല്യം ദഹനകൃതമുന്മൂലിതവതാ**
**തുലാകോടിക്വാണൈഃ കിലികിലിതമീശാനരിപുണാ 86**

അല്ലയോ ദേവി! പെട്ടെന്ന് അവിടുത്തെ തെറ്റായ പേരുകൊണ്ട് (സപത്നിയുടെ പേരുകൊണ്ട്) വിളിച്ചതു മൂലം ഇതികർത്തവ്യതാമൂഢനായി തലകുനിച്ചു നിന്ന പരമശിവനെ അവിടുന്ന് (പ്രണയകോപത്താൽ) പദകമലങ്ങൾ കൊണ്ട് നെറ്റിയിൽ ചവിട്ടിയപ്പോൾ കാൽച്ചിലങ്കകൾ പുറപ്പെടുവിച്ച കിലികിലി ശബ്ദത്തിലൂടെ, പണ്ടുതന്നെ ദഹിപ്പിച്ചതുമൂലം ചിരകാലമായി മനസ്സിലുണ്ടായിരുന്ന വൈരത്തെ തീർത്തുകൊണ്ട് പരമശിവന്റെ ശത്രുവായ കാമദേവൻ ജയജയാരവം മുഴക്കി.

(മുൻ ശ്ലോകത്തിൽ സൂചിപ്പിച്ചതുപോലെ ദേവിയുടെ പാദതാഡനമേൽക്കാൻ കൊതിച്ചിരുന്ന പരമശിവൻ ദേവിയെ പ്രകോപിപ്പിക്കാനായി ദേവിയെ സപത്നിയുടെ (ഗംഗാദേവിയുടെ) പേരു പറഞ്ഞ് വിളിച്ചതാണെന്ന് താത്പര്യം).

**ഹിമാനീഹന്തവ്യം ഹിമഗിരിനിവാസൈകചതുരൌ**
**നിശായാം നിദ്രാണം നിശി ചരമഭാഗേ ച വിശദൌ,**
**വരം ലക്ഷ്മീപാത്രം ശ്രിയമതിസൃജന്തൌ സമയിനാം**
**സരോജം ത്വത്പാദൌ ജനനി ജയതശ്ചിത്രമിഹ കിം 87**

അല്ലയോ ജഗജ്ജനനി! സദാ ഹിമഗിരിയിൽ തന്നെ വസിക്കുന്നവയും, പകലും രാത്രിയും പ്രസന്നങ്ങളായിരിക്കുന്നവയും, ഭക്തന്മാർക്ക് ലക്ഷ്മിയെക്കൊടുക്കുന്നവയുമായ അവിടുത്തെ തൃപ്പാദങ്ങൾ മഞ്ഞുകൊണ്ട് വാടുന്നതും, രാത്രിയിൽ കൂമ്പുന്നതും, ലക്ഷ്മിയുടെ ഇഷ്ടവാസസ്ഥലവുമായ താമരപ്പൂവിനെ വെല്ലുന്നതിൽ എന്താണതിശയം?

(താമരപ്പൂ ലക്ഷ്മീദേവിയെ തന്നുള്ളിൽ മാത്രം വെയ്ക്കുമ്പോൾ, ദേവിയുടെ തൃപ്പാദങ്ങൾ അനുനിമിഷം ലക്ഷ്മിയെ ഭക്തർക്ക് വിതരണം ചെയ്യുന്നുവെന്നും അതുകൊണ്ട് തന്നെ അവ താമരപ്പൂവിനെ വെല്ലുന്നുവെന്നും താത്പര്യം).

**പദം തേ കീർതീനാം പ്രപദമപദം ദേവി വിപദാം**
**കഥം നീതം സദ്ഭിഃ കഠിനകമഠീകർപരതുലാം,**
**കഥം വാ ബാഹുഭ്യാമുപയമനകാലേ പുരഭിദാ**
**യദാദായ ന്യസ്തം ദൃഷദി ദയമാനേന മനസാ 88**

അല്ലയോ ദേവി! എല്ലാവിധ ആപത്തുക്കളെയും നീക്കുന്നതും, അതുകൊണ്ട് തന്നെ കീർത്തിയുടെ ഇരിപ്പിടവുമായ അവിടുത്തെ പുറങ്കാലുകളെ സത്കവികൾ എങ്ങനെയാണ് കഠിനമായ ആമത്തോടിനോട് ഉപമിച്ചത്? അതുപോലെ തന്നെ വിവാഹവേളയിൽ അവിടുത്തെ ചരണങ്ങൾ ദയാമയനായ പരമശിവനാൽ കഠിനമായ പാറയിൽ വെയ്ക്കപ്പെട്ടതെങ്ങനെ?

(അത്യന്തം മൃദുവായ ദേവിയുടെ പാദങ്ങളെ കവികൾ ആമയുടെ പൃഷ്ഠത്തിനോടുപമിക്കുന്നതിലും, പരമശിവൻ അവയെ കഠിനമായ ശിലയിൽ വെച്ചതിലും അനൗചിത്യമുണ്ടെന്ന് താത്പര്യം. വിവാഹസമയത്ത് വരൻ വധുവിന്റെ പാദങ്ങളെ ശിലയിൽ വെയ്ക്കുന്ന ഒരു ചടങ്ങുണ്ട്).

**നഖൈർനാകസ്ത്രീണാം കരകമലസങ്കോചശശിഭിഃ**
**തരൂണാം ദിവ്യാനാം ഹസത ഇവ തേ ചണ്ഡി ചരണൌ,**
**ഫലാനി സ്വഃസ്ഥേഭ്യഃ കിസലയകരാഗ്രേണ ദദതാം**
**ദരിദ്രേഭ്യോ ഭദ്രാം ശ്രിയമനിശമഹ്നായ ദദതൌ 89**

അല്ലയോ ചണ്ഡീദേവി! ദരിദ്രന്മാർക്ക് എന്നും സകലവിധസമ്പത്തുക്കളെയും വേഗം തന്നെ നൽകുന്നവയായ അവിടുത്തെ പദതളിരുകൾ, ദേവസ്ത്രീകളുടെ കൈകളാകുന്ന താമരകളെ സങ്കോചിപ്പിക്കുന്ന കാൽനഖങ്ങളാകുന്ന ചന്ദ്രികയാൽ, കരതളിരുകൾ കൊണ്ട് സ്വർഗ്ഗവാസികൾക്കു മാത്രം ഇഷ്ടഫലത്തെ നൽകുന്ന കൽപകവൃക്ഷങ്ങളെ പരിഹസിക്കുന്നുവോ എന്നു തോന്നുന്നു.

(ദേവസ്ത്രീകൾ ദേവീചരണങ്ങളിൽ നമസ്കരിച്ച് കൈ കൂപ്പുമ്പോൾ അവരുടെ കൈപ്പത്തികളാകുന്ന താമരപ്പൂക്കൾ നഖചന്ദ്രികയിൽ കൂമ്പിപ്പോകുന്നതായി കവി ഭാവന ചെയ്യുന്നു).

**ദദാനേ ദീനേഭ്യഃ ശ്രിയമനിശമാശാനുസദൃശീം**
**അമന്ദം സൌന്ദര്യപ്രകരമകരന്ദം വികിരതി,**
**തവാസ്മിന്മന്ദാരസ്തബകസുഭഗേ യാതു ചരണേ**
**നിമജ്ജന്മജ്ജീവഃ കരണചരണഃ ഷട്ചരണതാം 90**

അല്ലയോ ദേവി! ദരിദ്രന്മാർക്ക് എന്നും ഇഷ്ടാനുസരണം ഐശ്വരത്തെക്കൊടുക്കുന്നവയും, ധാരാളമായുള്ള സൗന്ദര്യ പ്രകർഷമാകുന്ന പൂന്തേൻ ഒഴുക്കുന്ന മനോഹരമായ കല്പക വൃക്ഷപ്പൂങ്കുല പോലെയുള്ള അവിടുത്തെ ഈ ചരണങ്ങളിൽ മനസ്സും, പഞ്ചേന്ദ്രിയങ്ങളുമാകുന്ന ആറു ചരണങ്ങളുള്ള എന്റെ ജീവൻ ആഴ്ന്നിറങ്ങിയിട്ട് ഷട്പദമായിത്തീരട്ടെ.

(ആറു ചരണങ്ങളുള്ള തന്റെ ജീവൻ ദേവിയുടെ തൃപ്പാദങ്ങളാകുന്ന കല്പകപ്പൂങ്കുലയിലെ ദിവ്യസൗന്ദര്യ മാകുന്ന പൂന്തേനുണ്ണുന്ന വണ്ടായിത്തീരട്ടെ എന്നു കവി പ്രാർത്ഥിക്കുന്നു).

**പദന്യാസക്രീഡാപരിചയമിവാരബ്ധുമനസഃ**
**സ്ഖലന്തസ്തേ ഖേലം ഭവനകലഹംസാ ന ജഹതി,**
**അതസ്തേഷാം ശിക്ഷാം സുഭഗമണിമഞ്ജീരരണിത-**
**ച്ഛലാദാചക്ഷാണം ചരണകമലം ചാരുചരിതേ 91**

അല്ലയോ ശോഭനഗമനേ (സുന്ദരമായി സഞ്ചരിക്കുന്ന വളെ)! അവിടുത്തെപ്പോലെ നടക്കുവാനായി പരിശീലി ക്കുവാൻ തുടങ്ങുന്നവരും, അവിടുത്തെ ഗൃഹത്തിൽ

വളരുന്നവരുമായ ഈ അരയന്നങ്ങൾ (അവയുടെ നട) തെല്ലൊന്ന് തെറ്റിയാലും അവിടുത്തെ വിലാസഗമനത്തെ അനുഗമിക്കുന്നത് വേണ്ടെന്നു വെയ്ക്കുന്നില്ല. അതുകൊണ്ട് അവിടുത്തെ ചരണകമലങ്ങൾ മനോഹരങ്ങളായ രത്നങ്ങളാൽ നിർമ്മിക്കപ്പെട്ട പാദസരങ്ങൾ കിലുങ്ങുമ്പോഴുണ്ടാകുന്ന മഞ്ജുസ്വരമെന്ന വ്യാജേന ഈ അരയന്നങ്ങളെ (വിലാസഗമനം ചെയ്യുന്നതെങ്ങനെയെന്ന്) ഉപദേശിക്കുന്നു.

**ഗതാസ്തേ മഞ്ചത്വം ദ്രുഹിണഹരിരുദ്രേശ്വരഭൃതഃ**
**ശിവഃ സ്വച്ഛച്ഛായാഘടിതകപടപ്രച്ഛദപടഃ,**
**ത്വദീയാനാം ഭാസാം പ്രതിഫലനരാഗാരുണതയാ**
**ശരീരീ ശൃംഗാരോ രസ ഇവ ദൃശാം ദോഗ്ധി കുതുകം 92**

അല്ലയോ ദേവി! ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, ഈശ്വരൻ എന്നിവർ അവിടുത്തെ കട്ടിലിന്റെ നാലുകാലുകളായിത്തീർന്ന് അവിടുത്തെ സേവിക്കുന്നു. ശിവനാകട്ടെ, ശുവെള്ളനിറമുള്ള വിരിപ്പായിത്തീർന്ന് അവിടുത്തെ അരുണകാന്തി പ്രതിഫലിച്ച് രക്തവർണ്ണം പൂണ്ട് ശൃംഗാരരസം ശരീമെടുത്തതു പോലെയായി അവിടുത്തെ കണ്ണുകൾക്ക് കൗതുകമേകുന്നു.

**അരാലാ കേശേഷു പ്രകൃതിസരലാ മന്ദഹസിതേ**
**ശിരീഷാഭാ ചിത്തേ ദൃഷദുപലശോഭാ കുചതടേ,**

**ഭൃശം തന്വീ മധ്യേ പൃഥുരുരസിജാരോഹവിഷയേ**
**ജഗത്ത്രാതും ശംഭോർജയതി കരുണാ കാചിദരുണാ 93**

അല്ലയോ ദേവി! ചുരുണ്ട കാർക്കുന്തലും, സ്വതവേ സരള മായ മന്ദഹാസവും, നെൻമേനി വാകപ്പൂവിന്റെ മാർദ്ദവം ചിത്തവും, ശില പോലെ കഠിനമായ മാർത്തടവും, ഇടുങ്ങിയ അരക്കെട്ടും, വിരിഞ്ഞ മാറും, നിതംബങ്ങളുമുള്ള ശംഭുവിന്റെ ഏതോ ഒരു അരുണവർണ്ണമാർന്ന കരുണാ ശക്തി ജഗത്തിനെ രക്ഷിക്കുവാനായി വിജയിച്ചരുളുന്നു.

**കലങ്കഃ കസ്തൂരീ രജനികരബിംബം ജലമയം**
**കലാഭിഃ കർപൂരൈർമരകതകരണ്ഡം നിബിഡിതം,**
**അതസ്ത്വദ്ഭോഗേന പ്രതിദിനമിദം രിക്തകുഹരം**
**വിധിർഭൂയോ ഭൂയോ നിബിഡയതി നൂനം തവ കൃതേ 94**

അല്ലയോ ദേവി! ചന്ദ്രന്റെ കളങ്കം കസ്തൂരിയും, ചന്ദ്രന്റെ ജലമയമായ ബിംബം കലകളാകുന്ന കർപ്പൂരക്കഷ്ണങ്ങൾ കൊണ്ടു നിറയ്ക്കപ്പെട്ട മരതകനിർമ്മിതമായ പെട്ടിയുമാകുന്നു. അവിടുന്ന് ദിവസവും ഈ അലങ്കാരവസ്തുക്കളെ ഉപയോഗിച്ച് പാത്രം ഒഴിയുന്നതനുസരിച്ച് ബ്രഹ്മാവ് അതിനെ വീണ്ടും അവിടുത്തേയ്ക്കായി നിറയ്ക്കുന്നു.

(ദേവിയ്ക്കായി ബ്രഹ്മാവ് വിലാസദ്രവ്യങ്ങളെ നിറച്ചുവെച്ച ഒരു മരതകപ്പെട്ടിയായി ചന്ദ്രബിംബത്തെ കവി ഭാവന ചെയ്യുന്നു).

**പുരാരാതേരന്തഃ പുരമസി തതസ്ത്വച്ചരണയോഃ**
**സപര്യാമര്യാദാ തരലകരണാനാമസുലഭാ,**
**തഥാ ഹ്യേതേ നീതാഃ ശതമഖമുഖാഃ സിദ്ധിമതുലാം**
**തവ ദ്വാരോപാന്തസ്ഥിതിഭിരണിമാദ്യാഭിരമരാഃ 95**

അല്ലയോ ദേവി! അവിടുന്ന് ത്രിപുരാന്തകനായ ശിവന്റെ അന്തഃപുരസ്ത്രീയായതുകൊണ്ട് അവിടുത്തെ ചരണങ്ങളുടെ പൂജാവിധികൾ ചഞ്ചലമനസ്കർക്ക് സുകരമല്ല. അതു കൊണ്ടുതന്നെയാണ് ഇന്ദ്രാദി ദേവന്മാർ അവിടുത്തെ ദ്വാരപാലികകളായിരിക്കുന്ന അണിമാദികളോടുകൂടി അനന്തമങ്ങളായ സിദ്ധികളെ പ്രാപിച്ചിട്ടുള്ളത്.

(സാധാരണയായി ചഞ്ചലചിത്തന്മാരെ അന്തഃപുരത്തിൽ പ്രവേശിപ്പിക്കുകയില്ല. അവർക്ക് വാതിൽക്കൽ വരെ ചെല്ലുവാനേ അനുമതിയുള്ളൂ. അതുപോലെ ചഞ്ചല ചിത്തരായ സാധകന്മാർക്കും - അവർ ഇന്ദ്രാദി ദേവന്മാരാ യാലും - ദേവിയുടെ അന്തഃപുരവാതിൽക്കൽ വരെ മാത്രമേ എത്തുവാൻ കഴിയുകയുള്ളൂ. അവിടെ കാവൽ നിൽക്കുന്ന അണിമാദി സിദ്ധികളോടൊപ്പം അനേകം സിദ്ധികൾ ചിലപ്പോൾ അവർക്ക് ലഭിച്ചെന്നിരിക്കാം. നിർമ്മല ചിത്തന്മാരായ സമയികൾ - ഉത്തമസാധകർ - മാത്രമാണ് ദേവീചരണങ്ങളുടെ പൂജാ വിധിപ്രകാരമനുഷ്ഠിച്ച് തത്സ വിധത്തിലെത്തിച്ചേരുന്നത്. ജിതേന്ദ്രിയന്മാർക്ക് മാത്രമേ ദേവ്യാരാധനയ്ക്ക് യോഗ്യതയുള്ളൂ എന്ന് താത്പര്യം).

**കലത്രം വൈധാത്രം കതികതി ഭജന്തേ ന കവയഃ**
**ശ്രിയോ ദേവ്യാഃ കോ വാ ന ഭവതി പതിഃ കൈരപി ധനൈഃ,**
**മഹാദേവം ഹിത്വാ തവ സതി സതീനാമചരമേ**
**കുചാഭ്യാമാസംഗഃ കുരവകതരോരപ്യസുലഭഃ 96**

അല്ലയോ പതിവ്രതയായ ദേവി! ബ്രഹ്മാവിന്റെ പത്നിയും വിദ്യാദേവതയുമായ സരസ്വതിയ്ക്ക് എത്രയോ കവികൾ സ്വാമിമാരാകുന്നു. വിഷ്ണുപത്നിയും ഐശ്വര്യദേവതയുമായ ലക്ഷ്മീദേവിയ്ക്കും എത്രയോ ധനികന്മാർ സ്വാമിമാരായിത്തീരുന്നു. എന്നാൽ പതിവ്രതമാരിൽ അഗ്രഗണ്യയായ അവിടുത്തെ മാറോട് ചേർന്നുള്ള ആലിംഗനം അവിടുത്തെ പതിയായ ശിവനല്ലാതെ ചെങ്കുറുഞ്ഞിമരത്തിനുപോലും സുലഭമല്ല.

(വസന്തകാലത്ത് ചെങ്കുറുഞ്ഞിമരത്തിനെ സുന്ദരിമാർ ആശ്ലേഷിച്ചാൽ അത് പൂക്കും എന്നൊരു വിശ്വാസമുണ്ട്. പാർവ്വതീദേവി പതിവ്രതാഗ്രഗണ്യയായതിനാൽ സ്വന്തം ഭർത്താവിനെയല്ലാതെ ഒരു മരത്തിനെപ്പോലും ആശ്ലേഷിക്കുകയില്ല എന്നു താത്പര്യം. ശ്രേഷ്ഠകവികളെ സരസ്വതീവല്ലഭന്മാരെന്നും, വലിയ ധനികന്മാരെ ലക്ഷ്മീപതിമാരെന്നും വിളിക്കുന്ന പതിവിനെ കണക്കിലെടുത്ത് കവി ലക്ഷ്മീസരസ്വതിമാരുടെ പാതിവ്രത്യത്തിൽ ന്യൂനത കല്പിക്കുന്നു).

**ഗിരാമാഹുർദേവീം ദ്രുഹിണഗൃഹിണീമാഗമവിദോ**
**ഹരേഃ പത്നീം പദ്മാം ഹരസഹചരീമദ്രിതനയാം,**
**തുരീയാ കാപി ത്വം ദുരധിഗമനിഃസീമമഹിമാ**
**മഹാമായാ വിശ്വം ഭ്രമയസി പരബ്രഹ്മമഹിഷി 97**

അല്ലയോ പരബ്രഹ്മമായ ശിവന്റെ പട്ടമഹിഷിയായവളെ! വേദതത്വജ്ഞന്മാർ നിന്തിരുവടിയെത്തന്നെ ബ്രഹ്മാവിന്റെ പത്നിയായ സരസ്വതിയെന്നും, വിഷ്ണുപത്നിയായ ലക്ഷ്മിയെന്നും, ശിവപത്നിയായ പാർവ്വതിയെന്നും വിളിക്കുന്നു. എന്നാൽ അവിടുന്ന് ആരാലും അറിയപ്പെടാത്ത അപാരമാഹാത്മ്യത്തോടുകൂടിയവളും, നാലാമതുമായ മഹാമായയായിരുന്ന് വിശ്വത്തെ ഭ്രമിപ്പിക്കുന്നു.

**കദാ കാലേ മാതഃ കഥയ കലിതാലക്തകരസം**
**പിബേയം വിദ്യാർഥീ തവ ചരണ നിർണേജനജലം,**
**പ്രകൃത്യാ മൂകാനാമപി ച കവിതാകാരണതയാ**
**കദാ ധത്തേ വാണീമുഖകമലതാംബൂലരസതാം 98**

അല്ലയോ ജഗന്മാതേ! ചെമ്പഞ്ഞിച്ചാറു കലർന്ന അവിടുത്തെ പാദതീർത്ഥത്തെ അറിവിനെ ആഗ്രഹിക്കുന്ന ഈ ഞാൻ എന്നാണ് കുടിക്കുക എന്ന് ദയവായി അരുളിച്ചെയ്താലും. ജന്മനാ മൂകന്മാരായവർക്കു പോലും കവിത്വത്തിനു കാരണമാകുന്ന ആ തീർത്ഥം എനിക്ക് സരസ്വതിയുടെ പ്രസാദമായ താംബൂലരസമായിത്തീരുന്നതെന്നായിരിക്കും?

(അവിടുത്തെ പാദതീർത്ഥം കുടിക്കുന്ന എന്റെ നാവിൽ സരസ്വതി വിളയാടുന്നതെന്നായിരിക്കും എന്നു ചോദിക്കുന്ന കവി പാദതീർത്ഥം സേവച്ചതിന്റെ ഫലമായി താൻ കവിശ്രേഷ്ഠനായിത്തീർന്ന് പുരുഷാകാരം പൂണ്ട സരസ്വതി തന്നെയായി മാറുമെന്നും ഭാവന ചെയ്യുന്നു).

**സരസ്വത്യാ ലക്ഷ്മ്യാ വിധിഹരിസപത്നോ വിഹരതേ**
**രതേഃ പാതിവ്രത്യം ശിഥിലയതി രമ്യേണ വപുഷാ,**
**ചിരം ജീവന്നേവ ക്ഷപിതപശുപാശവ്യതികരഃ**
**പരാനന്ദാഭിഖ്യം രസയതി രസം ത്വദ്ഭജനവാൻ 99**

അല്ലയോ ദേവി! അവിടുത്തെ ഭജിക്കുന്നവൻ ലക്ഷ്മീസരസ്വതിമാരോടൊത്ത് വിഹരിച്ച് ബ്രഹ്മാവിനെയും വിഷ്ണുവിനെയും അസൂയപ്പെടുത്തുകയും, തന്റെ രമ്യമായ ശരീരകാന്തിയാൽ കാമദേവന്റെ പത്നിയായ രതീദേവിയുടെ പാതിവ്രത്യനിഷ്ഠയെ ശിഥിലമാക്കുകയും, ജീവന്റെ അവിദ്യാസംബന്ധത്തെ നശിപ്പിച്ച് മരണത്തെ അതിവർത്തിച്ച് നിത്യനായിത്തീർന്ന് പരാനന്ദമാകുന്ന രസത്തെ അനുഭവിക്കുകയും ചെയ്യുന്നു.

(ദേവീഭക്തൻ തന്റെ കലാവൈദുഷ്യത്താൽ ബ്രഹ്മാവിലും, ഐശ്വര്യാതിശയത്താൽ വിഷ്ണുവിലും അസൂയയെ ജനിപ്പിക്കുന്നുവെന്ന് കവിഭാവന).

**പ്രദീപജ്വാലാഭിർദിവസകരനീരാജനവിധിഃ**
**സുധാസൂതേശ്ചന്ദ്രോപലജലലവൈരർഘ്യരചനാ,**
**സ്വകീയൈരംഭോഭിഃ സലിലനിധിസൌഹിത്യകരണം**
**ത്വദീയാഭിർവാഗ്ഭിസ്തവ ജനനി വാചാം സ്തുതിരിയം 100**

അല്ലയോ ജഗജ്ജനനി! നിന്തിരുവടിയിൽ നിന്നുണ്ടായ വാക്കുകളെക്കൊണ്ടു നിർമ്മിച്ച അവിടുത്തെക്കുറിച്ചുള്ള ഈ സ്തോത്രം, ദീപത്തിന്റെ ജ്വാലയാൽ സൂര്യന് നീരാജനം ചെയ്യുന്നതു പോലെയും, ചന്ദ്രകാന്തക്കല്ലിൽ നിന്നൊഴുകുന്ന ജലം കൊണ്ട് ചന്ദ്രന് അർഘ്യം നല്കുന്നതുപോലെയും, സമുദ്രത്തിലെ തന്നെ ജലമെടുത്ത് സമുദ്രത്തെ തൃപ്തിപ്പെടുത്താൻ തർപ്പണം ചെയ്യുന്നതുപോലെയുമാകുന്നു.

(വാക്കുകളുടെ ഉറവിടമായ ദേവിയിൽ നിന്നുദ്ഭവിച്ച വാക്കുകൾ ദേവിയുടെ ചരണങ്ങളിൽ സമർപ്പിക്കുക മാത്രമേ കവി ഈ സ്തോത്രരചനയിലൂടെ ചെയ്തിട്ടുള്ളൂ എന്നു താത്പര്യം).

**ഇതി ശ്രീശങ്കരാചാര്യവിരചിതാ സൌന്ദര്യലഹരീ സമാപ്താ**
**ഇതോടെ ശ്രീശങ്കരാചാര്യവിരചിതമായ സൌന്ദര്യലഹരി സമാപിച്ചു.**

# സൗന്ദര്യലഹരി

## കുമാരനാശാൻ രചിച്ച പദ്യപരിഭാഷ

### അവതരണിക

സൗന്ദര്യലഹരി ലോകഗുരുവായ ശങ്കരാചാര്യസ്വാമികളുടെ കൃതികളിൽവെച്ച് അശേഷം അപ്രധാനം അല്ലാത്ത ഒരു ഗ്രന്ഥവും കൗളസിദ്ധാന്തികൾക്കു വിശേഷിച്ചും ആരാധനീയമായ ഒരു പ്രമാണവും ആകുന്നു. മാന്ത്രികതാന്ത്രികങ്ങളായ വിഷയങ്ങളെ അന്തർവഹിച്ചിട്ടാണെങ്കിലും കർണ്ണാനന്ദകരങ്ങളായ സ്തോത്രങ്ങളായി ഹ്ഗ്രെഅതിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഈ പ്രബന്ധത്തോളം പ്രചാരത്തിൽ വ്യാപകത്വം ആചാര്യസ്വാമികളുടെ വേദാന്തവിഷയകങ്ങളായ ഇതരഗ്രന്ഥങ്ങൾക്കുപോലും ഇല്ലെന്നുള്ള വാസ്തവവും ഇതിനെ വിശേഷിപ്പിക്കുന്നുണ്ട്.

ആസേതുഹിമാചലം സംസ്കൃതഭാഷയിൽ ഈഷദ്ജ്ഞാനമെങ്കിലും ഉള്ള ഒരുവനും സൗന്ദര്യലഹരിയിൽ പരിശേഷാൽ ഒരു പദ്യമെങ്കിലും വശമായിരിക്കും. ഭാഷാജ്ഞാനം ലേശം ഇല്ലാത്തവർ പോലും ചിലപ്പോൾ അതിന്റെ പദാനുപൂർവ്വിയുടെ അതിമോഹനയായ പരിപാടിയാൽ ആകൃഷ്ടന്മാരോ എന്നു തോന്നുമാറ് അപഭ്രംശമായിട്ടെങ്കിലും അതിലെ പദ്യങ്ങളെ ഗാനം ചെയ്ത് ആനന്ദമഗ്നന്മാരായിരിക്കുന്നതും നാം കാണുന്നു.

സംസ്കൃതത്തിൽ ബഹുക്കളായ സ്തോത്രപ്രബന്ധങ്ങളിൽ നിന്നും ഇതിനുള്ള ഗുണവിശേഷത്തിന് ഇവ സ്ഥൂല നിദർശനങ്ങളാകുന്നു.

ആർത്ഥികമായും ശാബ്ദികമായും ഉള്ള മാധുര്യങ്ങൾ അല്ലെങ്കിൽ സൗന്ദര്യങ്ങൾ സർവ്വത്ര അഭിന്നമായി ഒഴുകിക്കൊണ്ടിരിക്കുന്ന ഈ പ്രബന്ധത്തിനു സ്വതഃസിദ്ധ മായ മനോഹരത്വംകൊണ്ടുതന്നെയാണ് പൂജ്യപാദനായ ഗ്രന്ഥകർത്താവിനാൽ "സൗന്ദര്യലഹരി" എന്നു നാമകരണം ചെയ്യപ്പെട്ടു എങ്കിൽ അത് എത്ര സമുചിത മായിരിക്കുന്നു.

സ്വഭാഷയിൽ ഗ്രന്ഥനിർമ്മാണത്തിനു സാമാന്യം വാസനയും ശക്തിയും ഉള്ള ഒരുവന് ഇതരഭാഷകളിൽ അത്യന്തം സുഖപ്രദങ്ങളായ ഗ്രന്ഥങ്ങളെ കാണുമ്പോൾ അവയെ സ്വഭാഷയിൽ പരിണമിപ്പിക്കണം എന്നു പ്രായേണ ഒരു മോഹം ഉണ്ടാകുന്നതു സ്വാഭാവികമാ ണെങ്കിൽ എനിക്കും ഇതിന്റെ ഭാഷാന്തരാനയനത്തിൽ പ്രവർത്തിക്കുന്നതിന് കാരണാന്തരം ഉണ്ടായിരുന്നില്ല.

സൗന്ദര്യലഹരി സമ്പൂർണ്ണം ഭാഷാന്തരം ചെയ്ത് അവസാ നിച്ചിട്ട് ഇപ്പോൾ സംവത്സരം നാലിൽ അധികമാ യിരിക്കും. എന്നാൽ എഴുപത്തിമൂന്നാമാണ്ടിടയ്ക്ക് ഇത് വിദ്യാവിലാസിനിയിൽ അല്പാല്പമായി പ്രസിദ്ധപ്പെടുത്തി വന്നിരുന്നു. എങ്കിലും ആ മാസിക തൽക്കാലം നിന്നു

പോകയാലും എന്റെ ദേശാന്തരനിവാസം നിമിത്തവും മുഴുവൻ അച്ചടിച്ചു പ്രസിദ്ധപ്പെടുത്താൻ ഇപ്പോഴാണ സാധിച്ചത്.

മൂലത്തിൽ ഗഹനങ്ങളും വിശാലങ്ങളും ആയ അർത്ഥങ്ങളെ സമുചിതമായ സന്ദർഭഭംഗിയോടുകൂടെ ഭാഷയിൽ പ്രതിഫലിപ്പിപ്പാൻ ഞാൻ കഴിയുന്നതും ശ്രമിച്ചിട്ടുണ്ട്. എന്നാൽ ചില പദ്യങ്ങൾക്കു ശ്രവണ മാത്രത്തിൽ അർത്ഥബോധം ഉണ്ടാകുന്നില്ല എങ്കിൽ വിഷയവിശേഷോപാധികമായ ആ വിളംബം മൂലത്തിലും അപ്രകാരം ഉള്ളതാണ്. അപൂർവ്വം ചില സാങ്കേതിക പദങ്ങളെ യഥോക്തമായിത്തന്നെ പ്രയോഗിക്കേണ്ടി വന്നിട്ടുള്ളത് അന്യഥാകരിപ്പാൻ പാടില്ലാത്തവയും ആകു ന്നു. ഇതു പണ്ഡിതന്മാരോടു പൂർവ്വനിവേദനം ചെയ്യുന്നതു സാഹസമാണെങ്കിലും മദ്ധ്യമന്മാരെ സംബന്ധി ച്ചിടത്തോളം ഇവിടെ പ്രസ്താവിച്ചത് അസന്ദർഭോചിത മായിരിക്കുമെന്നു തോന്നുന്നില്ല.

"ദക്ഷിണം" അല്ലെങ്കിൽ സമയിമതത്തെ അവലംബി ക്കുന്ന കേരളകൗളന്മാർക്കും സാധാരണക്കാർക്കും സനാതനിയായ ചിച്ഛക്തിയെ സ്തോത്രം ചെയ്യുന്നതിൽ ഈ "ഭാഷാസൗന്ദര്യലഹരി" അത്യല്പമായിട്ടെങ്കിലും ഉപയുക്ത മാകുന്നപക്ഷം ഏതദ്വിഷയകമായ എന്റെ ശ്രമം സഫലമായെന്നു വിചാരിക്കുകയും വക്തവ്യശേഷത്തിന് ഇതിന്റെ തർജ്ജമ സമാപിച്ച കാലത്തുതന്നെ ഞാൻ

എഴുതീട്ടുണ്ടായിരുന്ന ഒരു സംസ്കൃതപദ്യത്തെ താഴെ ചേർത്തുംകൊണ്ട് ഈ അവതരണികയെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുകയും ചെയ്യുന്നു.

**വിശുദ്ധാ വാഗ്വേണീ വിഹിതസുകൃതാ ശങ്കരഗുരോ-**
**ർഗ്ഗഭീരാ ഋദ്ധാർത്ഥൈർഭുവി ഗഗനഗംഗേവ ജയതി**
**തദീയേയം ഭാഷാ മമ ഭവതു സൗന്ദര്യലഹരീ**
**യഥാ ദൈവീ മൂർത്തിഃ പരിണമതി മൃത്സ്നാപ്രതികൃതിഃ**

**എൻ. കുമാരനാശാൻ**

അരുവിപ്പുറം
12-6-1901

## പൂർവ്വഭാഗം

ചൊല്ലേറും ശക്തിയോടൊത്തിഹ ശിവനഖിലം
    ചെയ്യുവാൻ ശക്തനാകു-
ന്നല്ലെന്നാൽ ചെറ്റനങ്ങുന്നതിനുമറികിലാ-
    ദ്ദേവനാളല്ലയല്ലോ
മല്ലാക്ഷൻ ശംഭുമുമ്പാം മഹിതവിബുധരാൽ
    മാന്യയാം നിന്നെ വാഴ്ത്തി
ചൊല്ലാനും കുമ്പിടാനും ജനനി പുനരിതാ-
    ർക്കാവു പുണ്യം പെറാഞ്ഞാൽ (1)

നിമ്പാദാംഭോരുഹത്തീന്നിളകിയ നിതരാം
    സൂക്ഷ്മമാം ധൂളിജാലം
സമ്പാദിച്ചിട്ടു ധാതാവഖിലഭുവനവും
    ദേവി! സൃഷ്ടിച്ചിടുന്നു;
അംഭോജാക്ഷൻ പണിപ്പെട്ടതിനെയഥ ശിര
    സ്സായിരംകൊണ്ടുമാളു-
ന്നമ്പിൽ ധൂളീകരിച്ചിട്ടമലഭസിതമാ-
    യീശനും പൂശിടുന്നു. (2)

ആദിത്യദീപമല്ലോ ഭവതിയിരുളക-
    റ്റാനവിദ്യാവശന്നും
ചൈതന്യപ്പൂംകുലയ്ക്കുള്ളൊഴുകിയ ചെറുതേൻ-
    കേണിയല്ലോ ജഡന്നും

ഏതാനും സ്വത്തുമില്ലാത്തവനമരിയ ചി-
    ന്താമണിശ്രേണിയല്ലോ
മാതാ ജന്മാബ്ധിയാഴുന്നവനമിഹ മഹാ
    ദംഷ്ട്രിതൻ ദംഷ്ട്രയല്ലോ (3)

ആമോദം പൂണ്ടു കൈകൊണ്ടമരരഭയമോ
    ടൊത്തഭീഷ്ടം കൊടുക്കും
നീമാത്രം ദേവി!യെന്നാൽ നലമൊടവയെ ന
    ൽകുന്നതമ്മേട്ടിലല്ലാ;
ഭീ മാറ്റിപ്പാലനം ചെയ്‌വതിനുമുടനഭീ-
    ഷ്ടാധികം നൽകുവാനും
സാമർത്ഥ്യം പൂണ്ടതോർക്കിൽ തവ കഴലിണയാ-
    കുന്നു ലോകൈകനാഥേ (4)

പണ്ടംഭോജാക്ഷനാര്യേ! പ്രണതനു ബഹുസൌ-
    ഭാഗ്യമേകുന്ന നിന്നെ-
ത്തെണ്ടിസ്ത്രീവേഷമാർന്നാ ത്രിപുരഹരനുമു
    ണ്ടാക്കി പാരം വികാരം
തണ്ടാരമ്പൻ ഭജിച്ചും രതിയുടെ നയനം
    നക്കുവാന്തക്ക മേനി-
ത്തണ്ടാർന്നുംകൊണ്ടു തത്തന്മുനികൾമനമിള
    ക്കാനുമൂക്കാർന്നിടുന്നു. (5)

ഒക്കെപ്പൂവാണു വില്ലും, ശരമതു വെറുമ-
    ഞ്ചാണു, വണ്ടാണു ഞാണും

തെക്കൻ കാറ്റാണു തേരും, സുരഭിസമയമൊ-
    ന്നാണു കാണും സുഹൃത്തും
നിൽക്കട്ടേകാകിയാണെങ്കിലുമയി ഗിരിജേ
    നിൻ കടാക്ഷത്തിലേതോ
കൈക്കൊണ്ടുംകൊണ്ടനംഗൻ ഭുവനമഖിലവും
    നിന്നു വെല്ലുന്നവല്ലോ (6)

കാഞ്ചീനാദം പൊഴിഞ്ഞും കഠിനകുചഭരം
    കൊണ്ടു മെല്ലെക്കുനിഞ്ഞും
ചഞ്ചന്മദ്ധ്യം മെലിഞ്ഞും ചതുരതരശര-
    ച്ചന്ദ്രതുണ്ഡം കനിഞ്ഞും
പൂഞ്ചാപം പുഷ്പബാണം ഭുജമതിലഥ പാ-
    ശാങ്കുശം പൂണ്ടുമമ്പാ-
ർന്നെൻ ചാരത്തായ് വരട്ടേ പുരരിപുഭഗവാൻ
    തന്റെ തന്റേടദംഭം (7)

ആ പീയൂഷാർണ്ണവത്തിൻ നടുവിലമരദാ
    രുക്കൾ ചൂഴുന്ന രത്ന-
ദ്വീപത്തിൽ പൂംകടമ്പിന്നിടയിലരിയ ചി-
    ന്താശ്മവേശ്മോദരത്തിൽ
ശോഭിക്കും ശൈവമഞ്ചോപരി പരമശിവൻ
    തന്റെ പര്യങ്കമേലും
ദീപാനന്ദോർമ്മിയാകും ഭവതിയെ നിയതം
    കുമ്പിടും പുണ്യവാന്മാർ (8)

ഒന്നാമാധാരചക്രം നടുവിലവനിര-
    ണ്ടാമതുള്ളഗ്നിതത്ത്വം
മൂന്നാമത്തേതിലംഭസ്സതിനുപരി മരു-
    ത്തപ്പുറത്തഭ്രമേവം
പിന്നെ ഭ്രൂമദ്ധ്യമേലും മനമൊടു കളമാർഗ്ഗ-
    ങ്ങളെല്ലാം കടന്നാ-
പ്പൊന്നംഭോജാകാരത്തിൽ ഭവതി പതിയൊടും
    ഗൂഢമായ് ക്രീഡയല്ലീ (9)

തൃപ്പാദത്തീന്നൊലിക്കുന്നമൃതലഹരികൊ-
    ണ്ടൊക്കെ മുക്കി പ്രപഞ്ചം
പിൽപ്പാടും ചന്ദ്രബിംബം പരിചിനൊടു വെടി-
    ഞ്ഞിട്ടു കീഴോട്ടിറങ്ങി
അപ്പൂർവ്വസ്ഥാനമെത്തീട്ടവിടെയഹികണ-
    ക്കൊട്ടു ചുറ്റീട്ടു രന്ധ്രം
മേല്പൊങ്ങും മൂലകുണ്ഡോപരി ഭവതിയുറ-
    ങ്ങുന്നു തങ്ങുന്ന മോദാൽ (10)

ശ്രീകണ്ഠീയങ്ങൾ നാലും ശിവയുടെ പരി-
    ഭിന്നങ്ങൾ ചക്രങ്ങളഞ്ചും
സാകം ബ്രഹ്മാണ്ഡമൂലപ്രകൃതിപദമിയ-
    ന്നമ്പിടുന്നൊമ്പതോടും
ആകെച്ചേർന്നെട്ടൊടീരെട്ടിതളിതയൊടെഴും
    വൃത്തരേഖാത്രയം ചേ-

ർന്നാകം നാല്പത്തിനാലാണരിയ വസതിയോ-
    ടൊത്ത നിൻ ചിത്രകോണം (11)

ത്വത്സൌന്ദര്യാതിരേകം തുഹിനഗിരിസുതേ!
    തുല്യമായൊന്നിനോതി-
സ്സത്സാഹിത്യം ചമപ്പാൻ വിധിമുതൽ വിബുധ-
    ന്മാരുമിന്നാരുമാകാ;
ഔത്സുക്യത്താലതല്ലേയമരികളതു കാ-
    ണ്മാനലഭ്യത്വമോർക്കാ-
തുത്സാഹിക്കുന്നു കേറുന്നതിനിഹ ശിവസാ-
    യൂജ്യമാം പൂജ്യമാർഗ്ഗേ (12)

ചന്തം കാഴ്ചയ്ക്കു വേണ്ട, ചതുരത ചടുവാ-
    ക്കോതുവാൻ വേണ്ട ചെറ്റും
ചിന്തിച്ചാൽ നിൻ കടാക്ഷം തടവിയ ജരഠൻ-
    തന്നെയും തന്വി കണ്ടാൽ
കുന്തൽക്കെട്ടൊട്ടഴിഞ്ഞും കുചകലശദുകു-
    ലാഞ്ചലം വീണിഴഞ്ഞും
ബന്ധം കാഞ്ചിക്കിഴിഞ്ഞും വിഗതവസനയാ-
    യോടിയെത്തീടുമാര്യേ! (13)

അമ്പത്താറാകുമർച്ചിസ്സവനിയിലുദകം-
    തന്നിലമ്പത്തിരണ്ടാ-
മംഭസ്സിൻ ശത്രുമിത്രങ്ങളിലൊരറുപതും
    രണ്ടുമമ്പത്തിനാലും

തൻഭ്രൂമദ്ധ്യാംബരത്തിൽ തരമൊടെഴുപത്തും
 രണ്ടുമുണ്ടൂന്നി നിൽക്കു-
ന്നമ്പുന്നെട്ടെട്ടു ചേതസ്സിലുമതിനുമ-
 ങ്ങപ്പുറം ത്വൽപദാബ്ജം (14)

തേനോലും വെണ്ണിലാവിൻ ധവളതനുവൊടും
 തിങ്കൾ ചൂടും കിരീടം
ധ്യാനിച്ചും തൃക്കരങ്ങൾക്കഭയവരദവി-
 ദ്യാക്ഷസൂത്രങ്ങളോർത്തും
നൂനം നിന്നെത്തൊഴതങ്ങനെ കവി നിപുണ
 ന്മാർക്കുദിക്കുന്നു വാക്യം
തേനും പാലും നറുംമുന്തിരിയുടെ കനിയും
 തോറ്റ ചട്ടറ്റമട്ടിൽ (15)

കത്തും കാന്ത്യാ വിളങ്ങും കവിവരഹൃദയാം-
 ഭോജബാലാതപം പോൽ
ചിത്തത്തിൽ ചേർത്തിടുന്നു ചിലരുമരുണയാം
 നിന്നെയദ്ധന്യരെല്ലാം
മെത്തും വാഗ്ദേവിതന്നുജ്ജ്വലരസലഹരീ-
 ചാരുഗംഭീരവാണീ-
നൃത്തത്തിൻ വൈഭവത്താൽ സഹൃദയഹൃദയാ-
 ഹ്ലാദനം ചെയ്തിടുന്നു (16)

ചേതസ്സിൽ ചന്ദ്രകാന്തോപലദലവിശദ-
 ശ്രീനിറഞ്ഞുള്ള ശബ്ദ-

വ്രാതത്തിൻ മാതൃഭാവം കലരുമൊരു വശി-
    ന്യാദിയോടൊത്തു നിന്നെ
ബോധിച്ചീടുന്ന മർത്ത്യൻ ബഹുവിധരചനാ-
    സ്വാദ്യമാം പദ്യജാലം
ചെയ്തീടും ചാരുവാണീവദനകമലസൌ-
    രഭ്യസൌലഭ്യമോടും (17)

ദേവി! ത്വദ്ദേഹകാന്തിപ്രചുരിമ ദിനനാ-
    ഥന്റെ ബാലാതപം പോൽ
ദ്യോവും ഭൂവും നിറഞ്ഞുള്ളരുണനിറമൊടും
    ഭാവനം ചെയ്‌വവന്ന്
ആവിർഭീത്യാ വലഞ്ഞോടിയ വനവരിമാൻ
    പോലെ വല്ലാത്തനാണം
താവും കമ്രാക്ഷിമാരുർവശിമുതലെവരും
    വശ്യരാം വേശ്യമാരും (18)

ബിന്ദുസ്ഥാനത്തിലാസ്യത്തെയുമഥ കുചയു-
    ഗ്മത്തെയും നിന്നെയും നിൻ
കന്ദർപ്പൻ തന്റെ ധാമത്തെയുമടിയിൽ മഹാ-
    ദേവി! ഭാവിക്കുമെന്നാൽ
അന്നേരത്തുദ്ഭ്രമിക്കുന്നബലകളതു നി-
    സ്സാരമാദിത്യചന്ദ്ര-
ദ്വന്ദ്വം വക്ഷോജമാകും ജഗതി മുഴുവനും
    സാമ്പ്രതം സംഭ്രമിക്കും (19)

കായത്തിൻ കാന്തിസന്താനകരസമൊഴകി-
    ച്ചായുമച്ചന്ദ്രകാന്ത-
സ്ഥായിശ്രീചേർന്നമട്ടിൽ ഭവതിയുടെ വപു-
    സ്സന്തരാ ചിന്തചെയ്താൽ
പായിക്കാം സർപ്പദർപ്പം പെരിയ ഖഗപതി-
    ക്കൊത്തുടൻ നേത്രനാഡീ-
പീയൂഷസ്രാവശക്ത്യാ ജ്വരിതപരിഭവം
    നോക്കിയും സൌഖ്യമാക്കാം (20)

വിദ്യുത്തോടൊത്ത സൂക്ഷ്മാകൃതിയിൽ മിഹിരച-
    ന്ദ്രാഗ്നിരൂപത്തിലെന്നും
വിദ്യോതിയ്ക്കും ഷഡാധാരവുമധിഗതമായ്
    നിന്റെ തേജോവിശേഷം
ഉദ്യത്പത്മാകരത്തിന്നിടയിലതിനെയു-
    ദ്ധൂതമായാമലന്മാർ
വിദ്വാന്മാർ കണ്ടുകൈക്കൊണ്ടിടുമൊരു പരമാ-
    നന്ദനിഷ്യന്ദപൂരം (21)

ദാസൻ ഞാൻ ഗൌരി! നീ മാം പ്രതി
കരുണാകല-
    ർന്നൊന്നു നോക്കെന്നുരയ്ക്കാ-
നാസംഗപ്പെട്ടൊരുമ്പെട്ടരമൊഴി മമ ഗൌ-
    രീതി വാഴ്ത്തും ക്ഷണത്തിൽ
നീ സായൂജ്യം കൊടുക്കുന്നവനു ഹരിവിരി-
    ഞ്ചാദി ചൂഡാഞ്ചലത്തിൽ

ഭാസിക്കും രത്നദീപാവലി പദകമലാ-
    രാധനം ചെയ്തിടുന്നു. (22)

ചെന്താർബാണാരി മെയ്യിൽ പകുതിയപഹരി-
    ച്ചാദ്യമേയദ്യപോരാ-
ഞ്ഞന്തർമ്മോദേന മറ്റേ പകുതിയുമഗജേ!
    നീ ഹരിച്ചെന്നു തോന്നും
എന്തെന്നാൽ നിൻ ശരീരം മുഴുവനരുണമായ്
    കണ്ണു മൂന്നായി കൊങ്ക-
പ്പന്തിന്നു ഭാരേണ കുന്നും പനിമതിയൊടു ചൂ-
    ടുന്ന കോടീരമാർന്നും (23)

സ്രഷ്ടാ സൃഷ്ടിച്ചിടുന്നു ഹരിയതു പരിപാ-
    ലിച്ചിടുന്നിന്ദുചൂഡൻ
നഷ്ടം ചെയ്യുന്നു തന്നോടഖിലമഥ മറ-
    യ്ക്കുന്നു ലോകം മഹേശൻ
സൃഷ്ടിപ്പാനായ് സദാ പൂർവകനുപരി ശിവൻ
    സ്വീകരിക്കുന്നതും നിൻ-
കഷ്ടാതീതം ഭ്രമിക്കും ഭ്രുകുടിഘടനതൻ
    സംജ്ഞയാമാജ്ഞയാലേ (24)

ചിന്തിച്ചാൽ മൂർത്തി മൂന്നായ് ത്രിഗുണമതിലെഴും-
    മൂന്നിനും നിന്റെ പാദ-
ച്ചെന്താരിൽ ചെയ്തുകൊള്ളും ചതുരതകലരും
    പൂജയേ പൂജയാകൂ

എന്തെന്നാൽ നിന്റെ പാദാവഹനവിഹിതര-
    ത്നാസനാസന്നദേശ-
ത്തന്തം കൂടാതെ ഹസ്താഞ്ജലി മുടിയിലണി-
    ഞ്ഞന്പുമീയുമ്പർകോന്മാർ (25)

ബ്രഹ്മാവും വേർപെട്ടുന്നു വിധുവുമുപരമി-
    ക്കുന്നുവൈവസ്വതന്നും
തന്മൂർത്തിത്വം കെട്ടുന്നു ധനദന്നുമുടനേ-
    തന്നെ നാശം വരുന്നു
മേന്മേൽ നിൽക്കും മഹേന്ദ്രാവലിയുമഥ മിഴി
    ക്കുന്നു സംഹാരകാല
ത്തമ്മട്ടും ക്രീഡയല്ലോ ഭഗവതി സതിയാം
    നിന്റെ ഭർത്താവിനോർത്താൽ (26)

സംസാരിക്കുന്നതെല്ലാം ജപമഖിലകര-
    ന്യാസവും മുദ്രയേവം
സഞ്ചാരം ദക്ഷിണാവർത്തനവുമശനപാ-
    നങ്ങൾ ഹോമങ്ങളും മേ
സംവേശം തന്നെ സാഷ്ടാംഗവുമഖിലസുഖം
    താന്നമാത്മാർപ്പണത്തിൻ
സംവിത്താൽ നിൻ സപര്യാവിധിയിൽ വരിക
    ഞാൻ കാട്ടിടും ചേഷ്ടയെല്ലാം (27)

വാർദ്ധക്യം മൃത്യുവെന്നീ വലിയഭയമക-
    റ്റുന്ന പീയൂഷപാനം

മെത്തും മോദേന ചെയ്യും മൃതരിഹ വിധിമു-
    ന്പായിടും വിണ്ണവന്മാർ
അത്യുഗ്രക്ഷ്വേളഭുക്കാം തവ പതിയറിയു-
    ന്നില്ലഹോ കാലഭേദം
കത്തും നിൻ കാതിലോലയ്ക്കുടയ മഹിമയാ-
    കുന്നതിൻ മൂലമമ്മേ (28)

മാറ്റൂ മല്ലാസനന തൻ മുടി മധുമഥനൻ-
    തന്റെ കോടീരകോടി-
ക്കേറ്റൂ ഹേ! താൻ തടഞ്ഞൂ സുരപതിമകുട-
    ത്തെപ്പുറത്തോട്ടു തള്ളൂ
മുറ്റും കുമ്പിട്ടിടുമ്പോളിവർ ഭവതിയെഴീ-
    ക്കുമ്പൊളീശൻ വരുമ്പോൾ
തെറ്റെന്നേവം തുടങ്ങുന്നരികിൽ നിജഭടാ-
    ലാപകോലാഹലങ്ങൾ (29)

മെത്തും മെയ്യീന്നു പൊങ്ങുന്നണിമ മഹിമയി-
    ത്യാദിയൊത്താഭ ചൂഴും
നിത്യേ! നിന്നേ നിരൂപിച്ചഹമിതി നിതരാ-
    മേവർ ഭാവിച്ചിടുന്നു
തത്താദൃക്കാം ത്രിണേത്രന്നുടയ പടിമയും
    ധിക്കരിക്കുന്നവർക്കായ്
കത്തും കാലാഗ്നി നീരാജനമരുളുവതോ
    പാർക്കിലാശ്ചര്യമാര്യേ! (30)

ഓരോരോ സിദ്ധി നൽകുമ്പടിയൊരറുപതും
    നാലുമുണ്ടാക്കി തന്ത്രം
പാരെല്ലാവും ചതിച്ചപ്പശുപതി പരമാ-
    നന്ദമുൾക്കൊണ്ടിരിക്കെ
പാരം നിർബന്ധമോതിപ്പുനരിഹ പുരുഷാ-
    ർത്ഥങ്ങൾ നാലും കൊടുപ്പാൻ
പോരുന്നിത്തന്ത്രമേവം ക്ഷിതിയിലവതരി-
    പ്പിച്ചു നീ സ്വച്ഛമാര്യേ! (31)

പാരിൽ ക്ലിപ്തം ശിവൻ ശക്തിയുമലർശരനും
    ഭൂമിയും പിന്നെയർക്കൻ
താരാധീശൻ സ്മരൻ ഹംസവുമഥ ഹരിയും
    പിൻപരാ കാമനിന്ദ്രൻ
ഓരോ ഹ്രീങ്കാരമീ മൂന്നിനുമൊട്ടുവില്പദി-
    ക്കുമ്പൊഴീ വർണ്ണജാലം
നേരേ നിൻ നാമധേയത്തിനു ജനനി! പെട്ട-
    ന്നംഗമായ് ഭംഗമെന്യേ (32)

നിത്യേ! നിൻ മന്ത്രരത്നം മുടിയിലലർശരൻ-
    തന്നെയും നിന്നെയും ശ്രീ-
തത്ത്വത്തെയും നിനച്ചും സപദി ചില മഹാ-
    ഭോഗയോഗോത്സുകന്മാർ
ചിത്തം ചേർക്കുന്നു ചിന്താമണിജപപടമേ-
    ന്തിശ്ശിവാവഹ്നിതന്നെ-

ക്കത്തിച്ചക്കാമധുക്കിൻ ഘൃതലഹരി ഹവി-
    സ്സാക്കി ഹോമിച്ചിടുന്നു (33)

സോമാർക്കദ്വന്ദ്വമാകും സ്തനയുഗളമെഴും
    നീ ശിവൻ തൻ ശരീരം
ശ്രീമാനാകും നവാത്മാവതുമിഹ ഭവദാ-
    ത്മാവതാം ദേവിയോർത്താൽ
ഈമട്ടിൽ ശേഷശേഷിത്വവുമുരുപരമാ-
    നന്ദസംസ്പൃഷ്ടസമ്പദ്-
ധാമത്വം പൂണ്ട നിങ്ങള്ക്കിവിടെയുഭയസാ-
    മാന്യസംബന്ധമത്രേ (34)

നീയേ ചേതസ്സു നീയേ പവനപദവി നീ-
    യേ മരുത്തും ഹവിസ്സും
നീയാണംഭസ്സു നീയാണവനി വിവൃതയാം
    നിന്നെവിട്ടന്യമില്ലാ
നീയേ നിന്നെജ്ജഗത്തായ് ജനനി പരിണമി-
    പ്പിക്കുവാൻ ചിത്സുഖാത്മാ-
വായും തീരുന്നു പാർക്കിൽ പരമശിവനൊടും
    പേരെഴും ദാരഭാവാൽ (35)

ഭ്രൂമദ്ധ്യത്തിങ്കലബ്ദ്ഭാസ്കരഹിമകരകോ-
    ടിപ്രഭാധാടിയോടും
ശ്രീമച്ചിച്ഛക്തി ചേരും തനുവുടയ ശിവൻ
    തൻ പദം കുമ്പിടുന്നേൻ

സാമോദം ഹന്ത തത്സേവകനു സകലതേ-
ജസ്സിനും ഭാസ്സിനും മേൽ
സോമസ്തോമപ്രകാശം തവ ജനനി ലഭി-
ക്കുന്നു നിർല്ലോകലോകം (36)

നണ്ണീടുന്നേൻ നഭസ്സിന്നുദയനിലയമായ്
ശുദ്ധിയിൽ ശുദ്ധവെള്ള
ക്കണ്ണാടിക്കാന്തികാളും ശിവനെയുമതുപോൽ
കേവലം ദേവിയേയും
എണ്ണുമ്പോഴിന്ദുരമ്യദ്യുതിയൊടെതിർപൊരും-
പോലവർക്കുള്ള കാന്ത്യാ
ചണ്ഡാന്തദ്ധ്വാന്തവും പോയ് ജഗതി സുഖമൊട-
ന്യുന്നു ചെമ്പോത്തുപോലെ (37)

ചാലെ പൊങ്ങും ചിദംബോരുഹമധു നുകരാൻ
ചാരു ചാതുര്യഭാരം
കോലും സന്മാനസത്തിൽ കുടിയെഴുമരയ-
ന്നദ്വയം കുമ്പിടുന്നേൻ
ആലാപംകൊണ്ടതഷ്ടാദശകലകൾ പെറു-
ന്നാവഹിക്കുന്നശേഷം
പാലും പാനീയവും പോൽ പ്രകലിതഗുണഭാ-
വത്തെ ദോഷത്തിൽ നിന്നും (38)

സ്വാധിഷ്ഠാഗ്നിതന്നിൽ സതതമഭിരമി-
ക്കുന്ന സംവർത്തസംജ്ഞൻ

ഭൂതേശൻ തന്നെയും തത്സമയയവളെയും
    മാതൃകേ! കൈതൊഴുന്നേൻ
ക്രോധത്തീകത്തിയെത്തുന്നവനുടെ മിഴി ലോ-
    കം ദഹിപ്പിച്ചിടുമ്പോൾ
ജാതപ്രേമാർദ്രദൃഷ്ട്യാ ജഗതിയവളു ചെ-
    യ്യുന്നു ശീതോപചാരം (39)

ധാമം തേടുന്ന ശക്ത്യാ തിമിരഭരമക-
    റ്റും തടില്ലേഖയോടും
ശ്രീമന്നാനാമണി ശ്രേണികളണിതിരളു-
    ന്നിന്ദ്രചാപാങ്കമോടും
ശ്യാമശ്യാമാഭയോടും ശിവരവിഹതമാം
    വിഷ്ടപം തന്നിൽ വൃഷ്ടി-
സ്തോമം പെയ്യുന്ന ധാരാധരമതു മണിപൂ-
    രത്തിൽ ഞാൻ വാഴ്ത്തിടുന്നേൻ (40)

മൂലാധാരത്തിൽ മേവും ഭഗവതി സമയേ
    കിം നവാത്മാവതല്ലേ
നീ ലാസ്യം ചെയ്തിടുമ്പോൾ നവരസനടമാ-
    ടുന്ന ദേവൻ നടേശൻ
കാലേ കാരുണ്യമോടൊത്തവിടെയരുളിടും
    നിങ്ങൾ സൃഷ്ടിക്കയാലി-
ന്നീ ലോകങ്ങൾക്കശേഷം ജനകജനനിമാ-
    രുണ്ടഹോ രണ്ടുപേരും (41)

കുന്നിന്മാതേ! ഭവൽ കുന്തളമതിൽ മിഹിര
    ശ്രേണിമാണിക്യമായ് സ്വ-
ച്ഛന്ദം ചേർത്തുള്ള ചാമീകരമകുടമെട്ടു-
    ത്തെണ്ണി വർണ്ണിച്ചിടുമ്പോൾ
ചന്ദ്രച്ഛേദത്തെയമ്മേണ്ഡലതിരണമടി-
    ച്ചാശ്ശു ചിത്രീഭവിച്ചി-
ട്ടിന്ദ്രൻ തൻ ചാപമാണെന്നവനെഴുതുമഭി-
    പ്രായമന്യായമാമോ (42)

മുറ്റും തിങ്ങിത്തഴച്ചമ്മിന്നമിന്നസമതാം
    നിന്റെ നീലോല്പലപ്പൂ-
ങ്കറ്റക്കാർക്കുന്തലന്തസ്തിമിരഭരമക-
    റ്റട്ടെ ഞങ്ങൾക്കു ഭദ്രേ!
ചുറ്റും ചേരുന്നതിൽ പൂനിരകൾ സഹജമാം
    തൽ സുഗന്ധത്തെ നിത്യം
പറ്റിപ്പോവാൻ വലദ്വേഷിയുടെ മലർവന-
    ത്തീന്നു വന്നെന്നപോലെ (43)

ക്ഷേമം നൽകട്ടെ ഞങ്ങൾക്കയി തവ മുഖസൌ-
    ന്ദര്യനിര്യത്നവേണി-
ക്കോമത്സ്രോതഃപ്രണാളിക്കുരുസമതപെറും
    നിന്റെ സീമന്തമാർഗം
കാമം തത്രത്യമാം കുങ്കുമനിരയരിയാം
    കുന്തളക്കുരിരുട്ടി-

ന്നാമത്തിൽ പെട്ടിരിക്കുന്നരുണകരകിശോ-
    രങ്ങളാണെന്നു തോന്നും (44)

കുട്ടിക്കാർവണ്ടിനൊക്കും കുടിലകുറുനിര-
    ക്കൂട്ടമാളും തവാസ്യം
ചട്ടറ്റീടുന്നചെന്താമരയെയുപഹസി-
    ക്കുന്നു സുസ്മേരമാര്യേ
മൃഷ്ടം സൌരഭ്യമുണ്ടാ മൃദുഹസിതരുചി-
    ത്തൊങ്ങലുണ്ടുന്മദത്താൽ
മട്ടുറുന്നുണ്ടു മാരാരിയുടെ മിഴികളാ-
    കും മിളിന്ദങ്ങൾ മൂന്നും (45)

കത്തും തേജോവിലാസത്തൊടു തവ നിറുക-
    ക്കാന്തി കണ്ടൽ കിരീടം
പ്രത്യാരോപിച്ച മറ്റേപ്പകുതി വിധുവതാ-
    ണെന്നു തോന്നുന്നു ഗൌരീ
വ്യത്യസ്തത്വേന വയ്ക്കപ്പെട്ടുമിതു സമമായ്
    രണ്ടുമൊന്നിക്കുമെന്നാൽ
പുത്തൻ പൂവെണ്ണിലാവിൻ പുടിക പരിണമി-
    ക്കുന്നു പൂർണ്ണേന്ദുവായും (46)

തെറ്റെന്നാത്രാസമെല്ലാം ത്രിഭുവനമതിലും
    നീക്കുവാൻ വ്യഗ്രയാം നിൻ
ചെറ്റുൾക്കുനാർന്ന ചില്ലിക്കൊടികൾ ചടുലവ-
    ണ്ടൊത്ത കണ്ണാം ഗുണത്താൽ

കുറ്റം കൂടാതിടത്തേക്കരമതിൽ മണിബ-
    ന്ധത്തിനാൽ മുഷ്ടിയാലും
മുറ്റും മദ്ധ്യം മറച്ചാ മലർവിശിഖനെടു-
    ക്കുന്ന വില്ലെന്നു തോന്നും (47)

അല്ലിത്താർബന്ധുവല്ലോ തവ ജനനി! വലം-
    കണ്ണതിന്നാണഹസ്സും
ചൊല്ലേറും ചന്ദ്രനല്ലോ ചടുലമിഴി!യിടം
    കണ്ണതിനാണു രാവും
ഫുല്ലത്വം പൂർണ്ണമാകാതൊരു ചെറുതുപുടം
    വിട്ട പൊന്താമരപ്പൂ
വെല്ലും ശ്രീയാർന്ന മൂന്നാം തിരുമിഴിയതിലാ-
    ണന്തരാ സന്ധ്യതാനും (48)

ചൊല്ലേറീടും വിശാലാ, ചപലകുവലയ-
    ത്താലയോദ്ധ്യാ, നിനച്ചാൽ
കല്യാണീ കാൺകിലാ ഭോഗവതി മധുര ക-
    ല്ലോല കാരുണ്യധാരാ
കില്ലെന്യേ മാമവന്തീ ബഹുപുരവിജയാ
    കേവലം വൈഭവത്താ-
ലെല്ലാ നീവൃത്തുകൾക്കുള്ളഭിധയോടുമിണ-
    ങ്ങുന്നു നിൻ ദൃഷ്ടിയാര്യേ! (49)

കൊണ്ടാടിക്കാവ്യമോതും കവികളുടെ വചോ-
    വല്ലരീസാരഭാരം

തെണ്ടീടും കാതിലെത്തിക്കടമിഴിയിണയാം
    രണ്ടുവണ്ടിൻ കിടാങ്ങൾ
ഉണ്ടീടുന്മുഖപ്പെട്ടുരുനവരസമെ-
    ന്നുള്ളിലീർഷ്യാസുബന്ധം-
കൊണ്ടാണല്ലീ ചുവന്നൂ ജനനി! കൊതിയൊടും
    ചെറ്റു നിൻനെറ്റി നേത്രം. (50)

## ഉത്തരഭാഗം

കാതോളവും മിഴി കരുങ്കമലത്തിനുള്ള
ചേതോഹരപ്രഭ കലർന്നൊരു ചാരുമേനി
ശീതാംശുപൂണ്ട ചികുരാവലിയെന്നിതുള്ള
ഭൂതേശപത്നിയുടെ പാദയുഗം തൊഴുന്നേൻ[1] (1)

ശൃംഗാരശ്രീവിലേപം ശിവനിതരജന-
    ങ്ങൾക്കു ബീഭത്സകുത്സം
ഗംഗാദേവിയ്ക്കു രൌദ്രം ഗിരിശനടുമിഴി-
    ക്കദ്ഭുതൈകാന്തകാന്തം
അംഗാരാക്ഷാഹികൾക്കാബ്ഭയയുതമരവി-
    ന്ദത്തിനാവീരമാളീ-
സംഘത്തിന്നംബ! ഹാസം രസമടിയനു നിൻ
    കണ്ണു കാരുണ്യപൂർണ്ണം (2)

1 മൂലത്തിലില്ലാത്തത്, ആശാന്റെ സ്വന്തമായിരിക്കും എന്ന് ഊഹിക്കുന്നു.

കർണ്ണാന്തത്തോളമെത്തുന്നഴകിയ കഴുകൻ-
    തൂവലൊത്തക്ഷിരോമം
തിണ്ണം ചേരുന്ന സാക്ഷാത് ത്രിപുരരിപുമന-
    ക്കാമ്പിളക്കുന്നിതഗ്രാൽ
കണ്ണേവം നിന്റേതോർക്കിൽ കുലഗിരികുല ചൂ-
    ഡാമണേ! കാമദേവൻ
കർണ്ണത്തോളം വലിച്ചേറ്റിയ കണകളതിൻ
    കൗതുകം ചെയ്തിടുന്നു (3)

ലീലാനീലാഞ്ജനത്താൽ നലമൊടു നിറഭേ-
    ദങ്ങൾ മൂന്നും തെളിഞ്ഞി-
ട്ടാലോലം നിന്റെ നേത്രത്രിതയമതഖിലലോ-
    കനാഥൈകനാഥേ!
കാലാഗ്നിപ്ലുഷ്ടരാകുന്നജഹരിഹരരേ-
    പ്പിന്നെയും സൃഷ്ടിചെയ്‌വാൻ
നീ ലാളിക്കുന്ന സത്ത്വപ്രഭൃതി നിജഗുണം
    മൂന്നുമായ് തോന്നുമാര്യേ! (4)

ഇക്കണ്ടോർക്കാത്മശുദ്ധിക്കിടയിലിഹ ചുവ-
    പ്പും വെളുപ്പും കറുപ്പും
കൈക്കൊണ്ടാക്കണ്ണു മൂന്നും കനിവൊടുമിയലും
    നീ ശിവായത്തചിത്തേ!
ചൊൽക്കൊള്ളും ശോണമാകും നദമരിയമഹാ-
    ഗംഗ കാളിന്ദിയെന്നാ-
യിക്കാണും മൂന്നു തീർത്ഥത്തിനുമരുളുകയോ

സംഗമം മംഗളാഢ്യം (5)
ഉന്മീലിപ്പും നിമീലിപ്പതുമുദയലയ-
ങ്ങൾക്കു ഹേതുക്കളെന്നായ്
ചെമ്മേ ശൈലെന്ദ്രകന്യേ ജഗതി സപദി സ-
ത്തുക്കൾ ചൊല്ലുന്നവല്ലോ
ഉന്മേഷത്തിന്നുദിക്കും ഭുവനമഖിലവും
ഘോരസംഹാരതാപം
തന്മേൽനിന്നുദ്ധരിപ്പാൻ തവ മിഴിയിമവെ-
ട്ടാത്തതാണോർത്തിടുമ്പോൾ (6)

കർണ്ണത്തിൽ പുക്കു നിന്നോടിഹ കുരള കഥി-
ക്കുന്നു കണ്ണെന്നു നീരിൽ
കണ്ണും പൂട്ടാതൊളിക്കുന്നിതു ശരി കരിമീൻ -
പേടമാർ പേടിമൂലം
ചണ്ഡീ! നീലാബ്ജഗർഭച്ഛദമരരമട-
ച്ചാശു കാലത്തിറങ്ങി-
ത്തിണ്ണെന്നെത്തുന്ന രാവിൽ തിരിയെയതു തുറ-
ന്നുള്ളിലാക്കുള്ളലക്ഷ്മി (7)

ഫുല്ലിച്ചീടുന്ന നീലാംബുജമുകുളനിറം
പൂണ്ടു നീണ്ടുള്ള കണ്ണാൽ
തെല്ലീ ദൂരസ്ഥനാം ദീനനിലുമലിവു നീ
ത്തുവണം ദേവദേവി
ഇല്ലല്ലോ ചേതമമ്മയ്ക്കിതിലടിയനുടൻ
ധന്യനായ് ത്തീരുമല്ലോ

തുല്യം ത്രുവുന്ന ചന്ദ്രൻ കരമടവിയിലും
    മോടിയാം മേടമേലും (8)

ആവക്രം നിന്റെ പാളീയിണകളിവകളെ-
    ന്നദ്രിരാജകന്യേ!
പൂവമ്പൻ പൂണ്ട വില്ലിൻ പുതുമയഭിനയി-
    ക്കാത്തതാർക്കാണരയ്ക്കിൽ
ഏവം തത്കർണ്ണമാർഗം വിരവിനൊടു കട-
    ന്നീ വിലങ്ങത്തിലേറി-
പ്പോവും പീലിക്കടക്കണ്ണുനകൾ കണതൊടു-
    ക്കുന്നപോൽ തോന്നിടുന്നു (9)

രണ്ടും ബിംബിച്ച തങ്കക്കവിളിണ വിരവിൽ
    തക്കചക്രങ്ങൾ നാലായ്-
തണ്ടാരമ്പന്റെ തേരായ് തവ മുഖകമലം-
    തന്നെ ഞാനുന്നിടുന്നു
ചണ്ഡത്വത്തോടിതേറിജ്ഝടിതി വിരുതിൽ വെ-
    ല്ലുന്ന ചന്ദ്രാർക്കചക്രം
പൂണ്ടീടും ഭൂരഥം പൂട്ടിയ പുരഹരനെ-
    പ്പോരിൽ നേരിട്ടു മാരൻ (10)

പുത്തൻ പീയൂഷധാരയ്ക്കുടയ പടിമ ക-
    യ്ക്കൊണ്ടു വാഗ്ദേവിയോതും
ചിത്രശ്ലോകങ്ങൾ കാതാം പരപുടമതുകൊ
    ണ്ടേറ്റു മുറ്റും നുകർന്നു

ചിത്താഹ്ലാദപ്രയോഗത്തിന്ന ഭവതി ശിരഃ
    കമ്പനം ചെയ്തിടുമ്പോൾ
പ്രത്യാമോദിക്കയല്ലീ ഝണഝണജ്ഝണിതം
    ചണ്ഡി! നിൻ കുണ്ഡലങ്ങൾ (11)

ചൊൽപ്പൊങ്ങുന്നെന്റെ ശൈലാധിപഭവനപതാ-
    കേ! നമുക്കൊക്കെയും നി-
ന്നൂക്കായിട്ടും മുളക്കാമ്പിതു മുഹുരിഹ ന-
    ല്കട്ടെ വേണ്ടും വരങ്ങൾ
ഉൾക്കൊണ്ടീടുന്ന മുക്താമണികളധികമായ്
    ശീതനിശ്വാസമേറ്റ-
ന്നുക്തീഭ്രതങ്ങളത്രേ വെളിയിലതു വഹി
    ക്കുന്ന മുക്താഫലങ്ങൾ (12)

ചോരചെഞ്ചുണ്ടതിൽ തേ സുമുഖി സഹജമാ-
    യുള്ള ശോഭയ്ക്കു തുല്യം
പോരും സാദൃശ്യമോതാം പവിഴലതികമെൽ
    നല്ല പക്വം ജനിക്കിൽ
പോരാ ബിംബം സമാനം പറവതിനതു ബിം-
    ബിച്ച സിദ്ധിച്ച കാന്ത്യാ
നേരിട്ടാൽ തെല്ലിനോട്ടും ത്രപവരുമധികം
    ത്രാസമാം ത്രാസിലേറാൻ (13)

മന്ദസ്മേരാഖ്യമാം നിന്മുഖവിധുവിനെഴും
    വെണ്ണിലാവുണ്ടു ചുണ്ടും

മന്ദിച്ചേറ്റം ചെടിച്ചു മധുരമധികമാ-
    യിച്ചകോരത്തിനെല്ലാം
പിന്നെപ്പാരം പുളിപ്പിൽ പ്രിയമൊടിവ ശശാ-
    ങ്കന്റെ പീയൂഷവർഷം
തന്നെസ്സേവിച്ചിടുന്നൂ നിശി നിശി നിയതം
    മോടിയായ് കാടി പോലെ (14)

പ്രാണപ്രേയാനെ നിത്യം പലവുരുവു പുക-
    ഴ്ത്തുന്ന ജിഹ്വാഞ്ചലം തേ
ചേണൊക്കും ചെമ്പരുത്തിക്കുസുമമൊടു സമം
    ദേവി! ശോഭിച്ചിടുന്നൂ
വാണിക്കുള്ളോരു ശുദ്ധസ്ഫടികസദൃശമാ-
    യുള്ള വെള്ളശ്ശരീരം
മാണിക്യമ്പോലെയാകുന്നവിടെ മരുവിടും-
    മൂലമക്കാലമെല്ലാം (15)

തോത്പിച്ചാദൈത്യയൂഥം സപദി പടകഴി-
    ഞ്ഞാത്തലപ്പാവു പൊക്കി
ക്കുപ്പായത്തോടുമാരാൽ വരുമളവു കുമാ-
    രേന്ദ്രനാരായണന്മാർ
ത്വദ്ഭർത്തൃച്ഛിഷ്ടമോർക്കിൽ പ്രമഥനിതി വെറു
    ത്തും മുറുക്കുന്നു വാങ്ങി-
ക്കർപ്പൂരച്ഛേദമോടും തവ കവിളിനക
    ത്തമ്പിടും തമ്പലങ്ങൾ (16)

ചെന്താർബാണാരിചിത്രസ്തുതികൾ പലതുമാ-
വാണി വായിച്ചിടുമ്പോൾ
ചിന്തും മോദേന നീയും ചെറുതു തല കുലു-
ക്കീട്ടു ചൊല്ലാൻ തുടർന്നാൽ
പൈന്തേനിൻ വാണി! നിൻ വാങ്മാധുരിമയതിനാൽ
ശബ്ദമേറായ്കമൂലം
സ്വന്തം കൈവീണതന്നെക്കവിയണയിലെട്ടു-
ത്തിട്ടു കെട്ടുന്നു വേഗം (17)

ഉണ്ണിക്കാലത്തു കൈകൊണ്ടഗപതിയനമോ-
ദിച്ചതായും സദാ മു-
ക്കണ്ണൻ മോഹാന്ധനായ് വന്നധരമതു കുടി
പ്പാനയർത്തുന്നതായും
വർണ്ണിപ്പാൻ വസ്തുകിട്ടാത്തൊരു കരഗതമാം
വാമദേവന്റെ വക്ത്ര-
ക്കണ്ണാടിത്തണ്ടതാം നിൻ ചിബുകമടിയനി-
ന്നോർക്കിലെന്തൊന്നുരയ്ക്കും (18)

കണ്ടീടാം ദേവി! നിത്യം ഹരകരപരിരംഭത്തി-
ലുദ്ധൂതമാം നിൻ
കണ്ഠത്തിൽ കണ്ടകമ്പൂണ്ടൊരു മുഖകമല-
ത്തിന്റെ തണ്ടിന്റെ ലക്ഷ്മി
ഉണ്ടേവം കാരകിൽച്ചേറുരുവിയഥ കറു-
ത്തും സ്വഗത്യാ വെളുത്തും

തണ്ടിൻ താഴത്തു തണ്ടാർ വലയവടിവിലും
    ചാരുവാം ഹാരവല്ലി (19)

പണ്ടാവേളിക്കു ബന്ധിച്ചൊരു ചരടുകൾ തൻ
    ലഗ്നകം പോൽ കഴുത്തിൽ-
ക്കണ്ടീടും രേഖ മൂന്നും ഗതിഗമകമഹാ
    ഗീത ചാതുര്യവാസേ!
കൊണ്ടാടും ശോഭതേടുന്നിതമിതമധുരമാം
    രാഗരത്നാകരത്വം
തെണ്ടും ഗ്രാമത്രയത്തിൻ സ്ഥിതിയെ നിലനിറു-
    ത്തുന്ന കാഷ്ഠാത്രയം പോൽ (20)

ലോലത്വം പൂണ്ട തണ്ടാർവലയമൃദുലമാം
    നിന്റെ കൈനാലുമേലും
ലാലിത്യം വാഴ്ത്തിടുന്ന നളിനനിലയനൻ
    നാലുവക്ത്രങ്ങൾ കൊണ്ടും
കാലപ്രദ്ധ്വംസിതൻ കൈനഖനിരയിലലം
    പേടിയായ് ശിഷ്ടശീർഷം
നാലിന്നും ദേവിയൊന്നായഭയകരമുയ-
    ർത്തീടുമെന്നൂഢബുദ്ധ്യാ (21)

പുത്തൻ ചെന്താമരപ്പൂനിറമരിയ നഖം
    കൊണ്ടു നിന്ദിച്ചിടും നിൻ -
കൈത്താരിൻ കാന്തി ഞാനെങ്ങനെ പറയുമുമേ
    ഹന്ത നീ തന്നെ ചൊൽക

നൃത്തംചെയ്യും മഹാലക്ഷ്മിയുടെ കഴലിണ-
    യ്ക്കേല്പമാലക്തകം പൂ-
ണ്ടത്യർത്ഥം നിൽക്കിലപ്പങ്കജമൊരു ലവലേ-
    ശത്തിനോടൊത്തിടട്ടേ (22)

അമ്പൊത്തൊന്നിച്ച ലംബോദരനമനുജനും
    വന്നു പാലുണ്ടിടും നിൻ
തുമ്പെപ്പോഴും നനഞ്ഞുള്ള കുചയുഗളം
    തീർക്കുമെൻ ദുഃഖമെല്ലാം
മുൻപിൽ കണ്ടായതിന്നും ദ്വീപവദനനമ്മേ!
    ഹാസ്യമമ്മാറു മോഹാൽ
തുമ്പിക്കൈകൊണ്ടു ത്തൂർണ്ണം ശിരസി തടവി നോ-
    ക്കുന്നു തത് കുംഭയുഗ്മം (23)

മാണിക്യത്തോൽക്കുടംതാനമൃതഭരിതമാ-
    കുന്നതാകുന്നു രണ്ടി-
ക്കാണും നിൻ കൊങ്ക കുന്നിൻകൊടി!യടിയനിതി-
    നില്ല തെല്ലും വിവാദം
ചേണൊക്കുന്നായതുണ്ടിഹ ഗണപതിയും
    സ്കന്ദനും നാരിമാരെ
ശ്ലാണിച്ചീടാതെയിന്നും തവ മുലകുടി മാ-
    റാത്ത കൈത്തോകകങ്ങൾ (24)

ചണ്ഡത്വം പൂണ്ട നാഗാസുരനുടെ തല കീ-
    റീട്ടെടുത്തുള്ള മുത്തിൻ -

ഷണ്ഡത്തെക്കോർ<u>ത്തു</u> കൊങ്കത്തടമതിലനിയും
    മുഗ്ദ്ധമുക്താരസം തേ
ചണ്ഡീ! ചെന്തൊണ്ടിതോൽക്കുന്നധരരുചികളാൽ
    ചിത്രമായാ പ്രതാപോ-
ദ്ദണ്ഡശ്രീയിൽ കലർന്നീടിന പുരരിപുവിൻ
    മൂർത്തയാം കീർത്തിപോലെ (25)

പാലെന്നുള്ളോരു കള്ളത്തൊട്ടുമയി ജനനീ!
    വൈഖരീശബ്ദജാല-
പ്പാലംഭോരാശിയല്ലോ തവ ഹൃദയമതീ-
    ന്നൂർന്നു പായുന്നതോർത്താൽ
കോലും വാത്സല്യമോട്ടും ദ്രവിഡശിശുവിനായ്
    നീ കൊടുത്താസ്വദിച്ചാ-
ബാലൻ സംവൃത്തനായാൻ പ്രഥിതകവികളിൽ
    ദിവ്യനാം കാവ്യകർത്താ (26)

ദേവൻ തൻ ക്രോധമാകും ദഹനശിഖകളിൽ
    ദ്ദേഹമാഹന്ത വെന്താ-
പ്പൂവമ്പൻ വന്നു വീണാൻ ഝടിതി ഭവതിതൻ
    നാഭിയാം വാപിതന്നിൽ
ആവിശ്ശ്യാമാഭമപ്പോൾ ചെറിയ പുക പുറ-
    പ്പെട്ടു മേൽപ്പോട്ടതിന്നും
ഭാവിച്ചീടുന്നു ലോകം ജനനി ഭവതിതൻ
    രോമദാമാഭയെന്നും (27)

കണ്ടാൽ കാളിന്ദിനീരിൻ ചെറിയ ക-
    ല്ലോലകമ്പോലെയേതാ-
ണ്ടുണ്ടല്ലോ നിന്റെ നാളോദരമതിലഗജേ
    ബുദ്ധിമാന്മാർക്കതോർക്കിൽ
കണ്ഠിച്ചേറ്റം ഞെരുങ്ങും കുചഗിരികളിട
    യ്ക്കുള്ള സൂക്ഷ്മാന്തരീക്ഷം
തെണ്ടും ദിക്കറ്റു നാഭീഗുഹയിൽ വരികയാ-
    ണെന്നു തോന്നീടുമാര്യേ (28)

മാറിപ്പോകാത്ത മന്ദാകിനിയുടെ ചുഴിയോ
    മൊട്ടു രണ്ടിട്ടു രോമ-
ത്താരൊക്കും തൈലതയ്ക്കുള്ളരിയൊരു തടമോ
    താർശരക്കർശനത്തീ
നീറീടും കുണ്ഡമോ നാഭികയിതു രതിതൻ
    നിത്യമാം കുത്തരങ്ങോ
ദ്വാരോ സിദ്ധിക്കു ഗൌരീ ഗിരീശമിഴികൾതൻ
    വീക്ഷ്യമാം ലക്ഷ്യമെന്നോ (29)

പണ്ടേ പാരം ക്ഷയിച്ചും പെരിയ കുചഭരം
    കൊണ്ടുപിന്നെ ശ്രമിച്ചും
കണ്ടാലാനമ്രയാം നിൻ കടിലതികയൊടി-
    ഞ്ഞീടുമിന്നെന്നു തോന്നും
കണ്ടിക്കാർവേണിമൌലേ നദിയുടെ കരനി-
    ൽക്കും മരത്തിന്റെ വേരിൻ

തണ്ടോളം സൈഥര്യമേയുള്ളതിന്ന ധരസുതേ
നന്മ മേന്മേൽ വരട്ടേ (30)

അപ്പപ്പോൾ വിയർത്തും വിരവിനൊട്ടു വിജൃം
ഭിച്ചും കക്ഷം കവിഞ്ഞും
കുപ്പായത്തിൻ കുഴഞ്ഞുള്ളൊരു കവിളു മുറി-
ക്കുന്ന കൊങ്കക്കുടങ്ങൾ
കല്പിച്ചിട്ടാശുകാമൻ ജനനിയൊടിയുമെ
ന്നോർത്തു നിൻ മദ്ധ്യദേശം
കെൽപ്പോടും മൂന്നുവട്ടം ലവലിലതകളാൽ
കെട്ടിനാൻ തിട്ടമാര്യേ (31)

ഭാരം വിസ്താരമെന്നീവകയെ നിജ നിതം-
ബത്തിൽ നിന്നദ്രിരാജൻ
വാരിത്തന്നായിരിക്കാം തവ ജനനി വധൂ-
ശ്രുൽക്കമായുള്ളതെല്ലാം
നേരോർക്കുമ്പോഴതല്ലേയതിവിപുലഭരം
നിന്റെ നൈതംബബിംബം
പാരാകത്താൻ മറയ്ക്കുന്നതിനെ ലഘുവതായ്
ചെയ്കയും ചെയ്തിടുന്നു (32)

തത്തൽ കുംഭീന്ദ്രർ തേടും കരനിരകളതും
തങ്കവാഴത്തരത്തിൻ
പുത്തൻ കാണ്ഡങ്ങളും പോർത്തുടകളിവകളാൽ
നിന്നു നീ വെന്നു രണ്ടും

ഭർത്താവിൻ മുമ്പു കുമ്പിട്ടധികപരുഷമാം
    വൃത്തജാനദ്വയത്താൽ
കർത്തവ്യജ്ഞേ ജയിക്കുന്നമരകരിവരൻ
    കുംഭവും ശംഭുജായേ (33)

യുദ്ധേ തോത്പിച്ചിടേണം ശിവനെ നിയതമെ-
    ന്നാശ്ശരശ്രേണിയിപ്പോൾ
പത്താക്കിപ്പഞ്ചബാണൻ ഭവതിയുടെ കണ-
    ങ്കാലു തൂണീരമാക്കി
പ്രത്യക്ഷിക്കുന്നിതെൻ കീഴ്നഖരകപടമായ്
    പത്തുമസ്ത്രാഗ്രമാര്യേ
നിത്യം വാനോർകിരീടോപലനികഷമതിൽ
    തേച്ചെഴും മൂർച്ചയോടും (34)

വേദങ്ങൾക്കുള്ള മൂർദ്ധാക്കളിൽ മുടികൾസമം
    ചേരുമച്ചാരുവാം നിൻ
പാദദ്വന്ദ്വം കനിഞ്ഞെൻ ജനനി മമ ശിരോ-
    ദിക്കിലും വയ്ക്കണം നീ
യാതൊന്നിൻ പാദതീർത്ഥം ഹരനുടെ ജടയിൽ
    തങ്ങിടും ഗംഗയല്ലോ
യാതൊന്നിൻ ലാക്ഷ സാക്ഷാൽ നൃഹരിമകുടമാ-
    ണിക്യവിഖ്യാതയല്ലോ (35)

നാമിന്നോതാം നമസ്സിൻനിരകൾ നയനര-
    മ്യാഭമായ് നല്ലരക്കിൽ

താവും കമ്രാഭിരാമദ്യുതിയധികമെഴും
    നിന്നടിത്താരിനാര്യേ!
ഭാവിച്ചീടുന്നതിൻ താഡനരസമിവനെ-
    ന്നെന്നുമന്തഃപുരപ്പും-
കാവിൽ കാണുന്ന കങ്കേളിയൊടു പശുപതി-
    ക്കെപ്പൊഴില്ലഭ്യസൂയ (36)

പേരല്പം മാറിയോതിപ്പുനരടിപണിവാൻ
    വന്നുടൻ കള്ളലജ്ജാ-
ഭാരം കാണിച്ചു വീഴും പതിയുടെ നിടിലം
    തന്നിൽ നിൻ ധന്യപാദം
പാരം തല്ലുന്ന നേരം ദഹനപരിഭവം
    വീണ്ടതെങ്ങും ജയത്താൽ
ചേരും പാദാംഗദത്തിന്നൊലി കിലികിലിതം
    ചെയ്യുതാം ചൂതബാണൻ (37)

മഞ്ഞിൽപ്പെട്ടെങ്കിൽ മങ്ങും മുഴുവനിരവിലും
    നിന്നുറങ്ങും വിശേഷാൽ
കഞ്ജത്താരേകലക്ഷ്മിനിലയമിതു കഴൽ-
    ത്താമരത്താരു രണ്ടും
മഞ്ഞേലും കുന്നിലാട്ടും പകലുമിരവിലും
    ശോഭതേടും ഭജിച്ചാൽ
മഞ്ജുശ്രീ വേണ്ടതേകും പുനരിതിനു ജയം
    ചിത്രമോ ഗോത്രകന്യേ! (38)

ചൊല്ലിന്നസ്ഥാനമാം നിൻ ചരണമഴലിന-
    സ്ഥാനമാമായതിന്നും
തുല്യം വല്ലാത്തൊരാമപ്പിടയുടെ മുതുകെ-
    ന്നോതിയാൽ സാധുവാമോ
മെല്ലെന്നാ വേളിനാളിൽ പദമലരു കരം
    രണ്ടുകൊണ്ടും പിടിച്ചാ-
ക്കല്ലിന്മേൽ വച്ച കാലാരിയുടെ കടുമന-
    സ്സിന്നു കാരുണ്യമുണ്ടോ (39)

വാനിൽ തങ്ങുന്ന വാർകേശികൾ കരകമലം
    കുമ്പമാറമ്പിളിക്കൊ-
ത്തുനം വിട്ടീ നഖമ്പൂണ്ടടികളുപഹസി-
    ക്കുന്നതാം നന്ദനത്തെ
വാനോർമാത്രം വരിച്ചാൽ കരതളിരതിനാൽ
    കല്പകം ഭിക്ഷയേകും
ദീനന്മാർക്കേകിടും നിൻ പദതളിരനിശം
    ഭവ്യമാം ദ്രവ്യമാര്യേ! (40)

ഭാവം കണ്ടിട്ടു വേണ്ടും പദവി പരവശ-
    ന്മാർക്കു ചേർക്കുന്നതായും
താവും സൌന്ദര്യസാരദ്യുതിയെ മധുവൊഴു-
    ക്കായൊഴുക്കുന്നതായും
ദേവി ത്വത്പാദമെന്നുള്ളമരലതികതൻ
    പൂംകുലയ്ക്കുള്ളിലിന്നെൻ

ജീവൻ ജീവിക്കുമാറിന്ദ്രിയമൊട്ടുമറുകാൽ
    പൂണ്ടു വണ്ടായ് വരട്ടെ (41)

തെറ്റിപ്പോയിട്ടുപോലും തവ നടയെ മുതി-
    ർന്നഭ്യസിക്കുന്നപോൽ നിൻ
മുറ്റത്തുള്ളോരു ഹംസപ്പിടകൾ വെടിയുമാ
    റില്ലഹൊ തുല്യയാനം
മറ്റെന്തോതുന്നതോർത്താൽ തവ കഴൽമണിമ-
    ഞ്ജീരമഞ്ജുസ്വരത്തിൽ
കുറ്റം കൂടാതവയ്ക്കും ഗതിമുറയുപദേ-
    ശിക്കയാം ശ്ലാഘ്യയാണേ! (42)

സേവാസന്നദ്ധരാകും ദ്രുഹിണഹരിഹര-
    ന്മാർഭവന്മഞ്ചമായാർ
മേൽവസ്ത്രം മൂടുകെന്നായതിനു ശിവനുമാ-
    സ്വച്ഛകാന്തിച്ഛലത്താൽ
ദേവി! ത്വദ്ദേഹദിവ്യപ്രഭകളുടനതിൽ -
    പ്പെട്ടു രക്താഭനായാ-
ദ്ദേവൻ ശൃംഗാരമൂർത്തിദ്യുതിസദൃശമഹോ
    കണ്ണിനാനന്ദമായാൻ (43)

മല്ലിക്കാർകുന്തൽതന്നിൽ കുടിലത മൃദുഹാ-
    സത്തിലത്യാർജ്ജവം വൻ
കല്ലിൻ ദാർഢ്യം കുചത്തിൽ കുസുമസഹജ-
    സൌഭാഗ്യമന്തർഗ്ഗതത്തിൽ

സ്ഥൌല്യം ശ്രോണീഭരത്തിൽ സ്ഫുടതരമരയിൽ
    സൌക്ഷ്മ്യമേവം ജഗത്തി-
ന്നെല്ലാമാലംബമാകും ശിവകരുണ ജയി
    ക്കുന്നു ശോണാഭിരാമാ (44)

അങ്കം കസ്തൂരിയാണങ്ങതിധവളകലാ-
    രാശി കർപ്പൂരമാണാ-
ത്തിങ്കൾബിംബം ജലാഢ്യം മരതകമരവി-
    ത്തട്ടമാണിട്ടുവയ്പ്പാൻ
ശങ്കിപ്പാനില്ലതിങ്കൽ ഭവതിയതുപയോ-
    ഗിച്ചു പാത്രം വെടിഞ്ഞാൽ
സങ്കേതിക്കുന്നു വീണ്ടും വിധിയതിലഖിലം
    ദേവി! നിൻ സേവനാർത്ഥം (45)

അമ്പോടോർക്കുമ്പൊഴാര്യേ! ഭഗവതി പുരഭി
    ത്തിന്റെയന്തപുരം നീ
നിൻ പൂജാവൃത്തി പിന്നീയനിയതകരണ-
    ന്മാർക്കു സിദ്ധിക്കുമോവാൻ
ജംഭാരിപ്രഖ്യരാകും വലിയ വിബുധരും
    തുല്യമില്ലാത്ത സിദ്ധ്യാ
സമ്പന്നന്മാരതായിട്ടണിമമുതലൊട്ടും
    ദ്വാരചാരത്തിലല്ലേ (46)

ധാതാവിൻ പതിതന്നെക്കവികളനുഭവി-
    ക്കാത്തതാരാണുരയ്ക്കിൽ

ശ്രീദേവിയ്ക്കും നിനച്ചാലിഹ പതിയെവനാ-
    ക്കില്ലരക്കാശിരിക്കിൽ
ഭൂതേശന്തന്നെ വിട്ടെൻഭഗവതി സതികൾ
    ക്കുത്തമോത്തംസമേ നീ
ചൂതേലും കൊങ്കചേരാൻ കുരവകതരുവും
    ഗോത്രജേ പാത്രമല്ലാ (47)

പാലോലും വാണി പദ്മാസനനു രമണിയാ-
    പ്പത്മനാഭന്നു പദ്മാ
ഫാലാക്ഷൻപത്നിയാൾ പാർവതിയിതി പറയു-
    ന്നുണ്ടഹോ പണ്ഡിതന്മാർ
നാലാമത്തേതിതേതാണ്ടവിദിതമഹിമാ
    ഹാ മഹാമായേ ഹാ നി-
ർവേലാ വിശ്വം ഭ്രമിപ്പിപ്പവൾ ഭവതി പര-
    ബ്രഹ്മപട്ടാഭിഷിക്ത (48)

എപ്പോഴാണംബ ലാക്ഷാരസകലിതമതാം
    നിന്റെ പൊൻതാമരപ്പൂം-
തൃപ്പാദക്ഷാളതീർത്ഥോദകമതുൾക കുടി-
    ക്കുന്ന വിദ്യാർത്ഥിയായ് ഞാൻ
ഉല്പത്യാമൂകനും നിന്നരുകവിത പൊഴി-
    പ്പിക്കുമത്തീർത്ഥമേത്തു-
ന്നെപ്പോഴാണംബ വാണീവദനകമലതാം-
    ബൂലലീലാരസത്വം (49)

ബ്രഹ്മാണിക്കും രമയ്ക്കും വിധിഹരിസമനായ്
    തന്നെ വാണുല്ലസിക്കും
രമ്യം സൌഭാഗ്യമാർന്നാ രതിയുടയ സതീ-
    നിഷ്ഠയും ഭ്രഷ്ടയാക്കും
ചെമ്മേ ജീവിച്ചിരിക്കും ചിരമിഹ പശുപാ-
    ശങ്ങളെല്ലാമറുക്കും
ബ്രഹ്മാനന്ദാഭിധാനം രസവുമനുഭവി
    ക്കും ഭവദ്ഭക്തനാര്യേ! (50)

ദീപത്തിൻ ജ്വാലതന്നാൽ ദിനകരനു സമാ-
    രാധനം ദേവി, യിന്ദു-
ഗ്രാവത്തിൽ ശീകരത്താൽ ഹിമകരനു വിധി
    ക്കുന്ന പൂജാവിധാനം
ആപം തന്റേതെടുത്തംബുധിയതിനരുളും
    തർപ്പണം തന്നെ നിന്നെ
ബ്ഭാവിച്ചീ നിന്റെ വാക്കാൽ ജനനി! ലിപിമയീ!
    തീർത്തൊരിസ്തോത്രജാലം. (51)

**സൌന്ദര്യലഹരി ഭാഷ സമാപ്തം.**